ശ്രീ.

ഏകാദശിമാഹാത്മ്യം

കിളിപ്പാട്ട്.

പരിശോധകന്,

താമരക്കുളം ജി. കൊച്ചുശങ്കരൻവൈദ്യൻ.

പ്രകാശകന്മാർ,

എസ്. ററി. റെഡ്യാർ ആൻഡ് സൺസ്;

"വിദ്യാഭിവർദ്ധിനി" അച്ചുക്കൂടം.—കൊല്ലം.

൧-ാം പതിപ്പ് കാപ്പി—൧൦൦൦.

1101

കേരള സാഹിത്യ അക്കാദമി

ശ്രീ.

ഏകാദശിമാഹാത്മ്യം

കിളിപ്പാട്ട്.

പരിശോധകൻ,

താഴത്തേടത്തു, സി. കൊച്ചുശങ്കരൻവൈദ്യൻ.

കേരള സാഹിത്യ അക്കാദമി

പ്രകാശകന്മാർ,

എസ്. റി. റെഡ്യാർ ആൻഡ് സൺസ്,

"വിദ്യാഭിവർദ്ധിനി" അച്ചുക്കൂടം.—കൊല്ലം.

൧-ാം പതിപ്പ് കാപ്പി—൧൦൦൦.

1101

ഏകാദശീമാഹാത്മ്യം.

കിളിപ്പാട്ട്.

ഹരിഃ ശ്രീഗണപതയേ നമഃ
അവിഘ്നമസ്തു.

വിഘ്നരാജനും വാണീദേവിയും ഗിരിശനും വിഘ്നങ്ങൾ പോക്കീടുവാനായിതാ വണങ്ങുന്നേൻ * ശ്രീമന്നാരായണനും മഹാലക്ഷ്മിയും ഭവാനിയും ശ്രീമതി ജനനിയും ശ്രീഗുരുപാദങ്ങളും * ശ്രീമതാം വരന്മാരാം ഭൂസുരശ്രേഷ്ഠന്മാരും ശ്രീവേദവ്യാസനാം മാവേളം തുണയ്ക്കണം * നാലു വേദങ്ങൾക്കെല്ലാമാശ്രയമായുള്ളോരു നാന്മുഖൻ ഭഗവാനും നാരദശ്രേഷ്ഠാദിയും * ബാലഗോപാലകൃഷ്ണസ്വാമിയും സദാ നമ്മെ പ്പാലനം ചെയ്തീടണം ഞാനിതാ വണങ്ങുന്നേൻ * വിപുലമാമലതന്നിൽ വിശ്രമിച്ചുള്ളൊരു വീരരാഘവസ്വാമിദേവനെ ധ്യാനം ചെയ്തു * ചൊല്ലെടോ കിളിപ്പെണ്ണേ വിഷ്ണുദേവൻ്റെ ലോകേ ചെല്ലുവാനെളുപ്പമായുള്ളൊരു പെരുവഴി * ചൊല്ലി നാളതു കേട്ടു മെല്ലവേ കിളിപ്പെണ്ണും ചൊല്ലേറുമേകാദശി നോറ്റുകൊള്ളണം നിങ്ങൾ * നല്ലൊരു മാർഗ്ഗമതു നാളീകനാഭലോകേ ചെല്ലുവാനിതുപോലെ മറ്റൊരു മാർഗ്ഗമില്ല * ഭൂമിപൻ മാന്ധാതാവെന്നുള്ളൊരു മഹീപതി മാമുനി വസിഷ്ഠനോടിങ്ങിനെ ചോദ്യം ചെയ്തു * പാപജാലമായുള്ളൊരിന്ധനം ദഹിപ്പിപ്പാൻ പാവകനേതെന്നരുൾ ചെയ്ക മേ മഹാമുനേ! * പാവനാകൃതേ ഭവാൻ വർത്തമാനവും മേലിൽ ഭവ്യമായതും ഭൂതമായതുമറിയുന്നു * ദുഷ്കൃതപ്രകാരങ്ങൾ രണ്ടല്ലോ മഹീതലേ ശുഷ്കമായിട്ടും പരമാർദ്രമായിട്ടും വരും * പുഷ്കലം പുരാകൃതം ശുഷ്കമെന്നറിയുന്നു മുഷ്കരമിഹജന്മന്യാർദ്രമെന്നതും ബുധ * ബുദ്ധിപൂർവ്വമല്ലാതെ ചെയ്തതു ശുഷ്കം പാപം ബുദ്ധിപൂർവ്വകമായാലാർദ്രമെന്നൊരു മതം * എന്നിവ രണ്ടും നശിച്ചീടുവാനുപദേശമെന്നോടു തെളിഞ്ഞരുളേണമേ മഹാമുനേ! * എന്നതു കേട്ടു മുനിശ്രേഷ്ഠനാം വസിഷ്ഠനും മനുവ! കേൾക്കെന്നരുൾ ചെയ്തിതു മോദത്തോടെ * പാഞ്ഞരയോടേകാദശിനാളുപവാസം ചെയ്താൽ പഞ്ചപാതകങ്ങളും ഭസ്മമായ്‌വരും നൃപ! * ചഞ്ചലമകതാരിലൊട്ടുമേ വേണ്ടാ കടാക്ഷാഞ്ചലം മുകുന്ദൻ്റെ ലഭിപ്പാനിതു നല്ലൂ * ഊണുപേക്ഷിച്ചു നിശി നിദ്രയുമുപേക്ഷിച്ചു വാണുകൊണ്ടഹർനിശം വിഷ്ണുപൂജയും ചെയ്തു * ഏണനേർമിഴിമാരെക്കാണാതെ വസിക്കയും വേണമദ്ദിനങ്ങളിൽ മൗനമുദ്രയും വേണം * തൈലവും താംബൂലവും ത്യജിച്ചു മൂന്നു ദിനം കാലശുദ്ധിയോടേ വസിച്ചു നോറ്റുകൊണ്ടാൽ * മേലിലും കഴിഞ്ഞതും വർത്തമാനവും പാപം മൂലതോ നശിച്ചീടും കേവലം മഹീതലേ * ഏതൊരു നാളിലേകാദശ്യുപവാസവ്രതം ചേതസി ത്യജിക്ക നിങ്ങളിന്നെളുപ്പമാം * പാതകമതി

ള്ളരമില്ലെന്നുധരിച്ചാലും ജാതകമുണ്ടെന്നാകിലതിന്നുയോഗംവരും * ചെയ്തു
തുനശിപ്പാനുംമേലിലില്ലാതാവാനും ചേതസാവിചാരിച്ചാലുത്തമമിതുത
ന്നെ * കൈതവ്യംകഥിക്കമോസത്യസന്ധന്മാരത്തു ഭൂതലാധിപ!ഭവാനാ
സ്ഥയാബോധിക്കണം * രാജസൂയവുംനല്ലോരശ്വമേധവുംപിന്നെ അജ
മേധവുംക്രതുഭേദങ്ങൾബഹുവിധം *യാജകപ്രയോജ്യമാംയജ്ഞകർമ്മത്തെ
ക്കാളുംഭോജനത്യാഗംഹരിവാസരേമഹാഫലം * ഉണ്ണ തുറങ്ങരുതത്രമാത്ര
മേയല്ല പുണ്ഡരീകാക്ഷധ്യാനംപൂജനംനമസ്കാരം * പുണ്യസല്ക്കഥാശ്രു
തിനാമകീർത്തനങ്ങളും പുണ്യവാന്മാരോടൊന്നിച്ചെപ്പൊഴുംവസിക്കയും *
പെണ്ണിൻെറകഥപോലുംസ്മരിക്കാതിരിക്കയും കണ്ണിൻെറയിമകൂട്ടാതദ്ദിനം
കഴിക്കയും * ദണ്ഡിച്ചുധനാജ്ജനവ്യാപാരംകുറയ്ക്കയും ഖണ്ഡിച്ചുപറ
ഞ്ഞോരോതാപമുണ്ടാക്കായ്കയും * ദോഷഭാവങ്ങൾനീക്കിദ്വാദശീമഹാവ്ര
തേ ശോഷിയായ്‌മരുവുന്നമാനുഷജാതിക്കെല്ലാം * ശേഷശായിയാംദേവൻ
വാണരുളുന്നലോകേ തോഷമുൾക്കൊണ്ടുവാണുസുഖിക്കാമെന്നേവേണ്ടു *
ദ്വാദശിവ്രതമെന്നുചൊല്ലുവാൻമൂലംപിന്നെ ദ്വാദശിയായിത്തന്നെസംഗ
തിവരുംനോല്ലാൻ * നിന്ദിതംദേശമീസംബന്ധമെന്നതുകൊണ്ടു വന്നുസം
ഭവിച്ചീടുംദ്വാദശിനാളിൽവ്രതം * ഗംഗയുംയമുനയുംഗോദയുംസരസ്വയും
തുംഗഭദ്രയുംശോണഭദ്രയുംകാവേരിയും * അണ്ണവങ്ങളുംമണികർണ്ണികാകാ
ശിദേശം സുവർണ്ണമെരുപരിതീർത്ഥസേതുവുംഗോകർണ്ണവും * ഇത്തരംപലപ
ലപുണ്യതീർത്ഥത്തെക്കാളുംഉത്തമമേകാദശീസുവ്രതംമഹീപതേ! *അല്പമാം
യത്നത്തെക്കൊണ്ടച്യുതസ്വാമിതൻെറ നല്പദംപ്രവേശിക്കാംനാലുജാതി
ക്കുദ്ധം * സ്വല്പമല്ലേകാദശീമാഹാത്മ്യംമഹാമതേ! മുപ്പതുജനങ്ങൾ
ക്കുമുക്തിയാമേകനാലേ *താതൻെറകുലംതന്നിൽപത്തുപൂരുഷന്മാർക്കുംമാതൃ
വംശത്തിൽപത്തുമാനവന്മാർക്കുംതഥാ * പത്നിതൻവംശംതന്നിൽപത്തുമൂ
ർത്തിമാന്മാർക്കുംതന്നെ നിയേമോക്ഷംവരുത്താമേകൻനോററാൽ കല്പവൃക്ഷ
ത്തെക്കാളുംകാമധേനുവെക്കാളും കല്പകല്പിതമൊക്കുംകർമ്മകാണ്ഡത്തെക്കാളും
* തല്പദേനിക്ഷിപ്തമാംനിക്ഷേപത്തിനെക്കാളും സർവഫലമേകാദശീകർമ്മ
മെന്നറിഞ്ഞാലും * ഭദ്രയാമേകാദശ്യാമാസ്ഥയാഭോഗങ്ങളും നിദ്രയുംസ്ത്രീ
സംഗവുംതൈലവുംതാംബൂലവും * ഒക്കവേയുപേക്ഷിച്ചുനോല്ക്കുന്നമഹാ
ജനം ചക്രവുംശംഖുംഗദാപത്മവുംധരിച്ചുടൻ * ചക്രപാണിയെപ്പോലെ
കൌസ്തുഭംശ്രീവത്സവും സല്ക്കിരീടവുംമണികുണ്ഡലംപീതാംബരം * ഒ
ക്കവേയലങ്കരിച്ചുൾക്കടപ്രഭയോടെ പൊക്കമേറിനവിനതാത്മജാരൂഢ
ന്മാരായ് മുഖ്യമാംവൈകുണ്ഠത്തെപ്രാപിച്ചുസദാനന്ദ സൌഖ്യങ്ങളനുഭവി
ച്ചീടാമേവംനാലും * ഉത്തമംമഹാവിഷ്ണുവാസരംനോററുപുരുഷോത്ത
മപ്രസാദവുംലഭിക്കുംജനങ്ങൾക്കു * മാതൃഗർഭത്തിൽപുക്കുദുഃഖിപ്പാനവകാ
ശം ജാതമാകയുമില്ലെന്നവമാന്ധാതാവ!* നൈമിശാരണ്യേപുണ്യേസ
ത്തതംവാണീടുന്നമാമുനീന്ദ്രന്മാർചണ്ടുസൂതനോടുരചെയ്താർ*ചൊല്ലേടോ
സഖേസൂത! ചൊല്ലേറുംപുരാണങ്ങൾ നല്ലവണ്ണംനീയെല്ലാമെപ്പേരുംപാ
ഠംചെയ്താൻ*മുക്തിസിദ്ധിപ്പാനുള്ളമാർഗ്ഗങ്ങൾബഹുവിധംയുക്തിപൂർണ്ണമാം

വണ്ണംഗ്രഹിച്ചീട്ടനന്തരം * ഭക്തിപൂണ്ടേകാദശിനാളുപവാസത്തോളം യു
ക്തമായുറ്റൊന്നില്ലെന്നല്ലോ നിന്നുമതം * എങ്കിൽ നീ ഏകാദശീമാഹാ
ത്മ്യം പറകെടോ! നിങ്കൽനിന്നുപദേശം ഗ്രഹിച്ചുകൊള്ളാമല്ലോ * എങ്ങി
നെ നിയമവും നിഷ്ഠയും നിവാസവും എങ്ങിനെ പൂജാക്രമമെങ്ങിനെ ഉപ
വാസധർമ്മം * ഭംഗിയോടിതു നീ വാചൊൽക നീ മഹാമതേ! ഭംഗമെന്നിയേ
ഞങ്ങൾക്കാഗ്രഹമനുഷ്ഠിപ്പാൻ * എന്നതുകേട്ടുമുദാ സൂതനുമുരചെയ്തു ന
ന്നിതുമുനീന്ദ്രന്മാർക്കുണ്ടായമനോരഥം * ഇന്ദിരാകാന്തൻ തന്റെ വാസരം
മഹാപുണ്യം മന്ദരാചാരം തന്നെ മോക്ഷസിദ്ധിക്കു മൂലം * ചൊല്ലുന്നു തിഥി
കളിലന്ത്യഭാഗങ്ങൾ നല്ലു ചൊല്ലേറും പുരോഹിതന്മാരതിനാധീശന്മാർ ആദി
ഭാഗങ്ങൾക്കെല്ലാം ദൈവതം പശുക്കളും വേദിജന്മാരിമ്മതം രണ്ടുമാചരി
ക്കുന്നു * മുക്തികാമികൾക്കെല്ലാമന്ത്യഭാഗമേശുഭം ഭുക്തികാമികൾക്കാദി
ഭാഗവുമനുകൂലം * പൂർവപക്ഷത്തോടുള്ള സംബന്ധം കൂടാ ദശം പൌർണ്ണ
മാസിനങ്ങൾക്കും സപ്തമിവിധികൾക്കും * പൈതൃകക്രിയകളെല്ലാം പൂർവസം
ബന്ധം മുഖ്യം പാതകഫലമതിന്നന്ത്യസംബന്ധംകൊണ്ടാൽ * അല്പമേ
ദശമിസംബന്ധമുണ്ടെന്നുവന്നാൽ നോല്പതിന്നേകാദശി കൊള്ളരുതൊരു
നാളും * അതാലേകാദശി സ്വല്പമുണ്ടെന്നാകിൽപോലും ദ്വാദശിതന്നെ നോ
റ്റുകൊള്ളുവിൻ ബുധന്മാരേ * ചെറ്റൊന്നു ദശമിസംബന്ധമുണ്ടേകാദ
ശ്യാം പിറ്റെന്നാളേകാദശി ചെറ്റുമില്ലെന്നുവന്നാൽ * പിറ്റേന്നാളുപ
വാസം ചെയ്തുകൊള്ളണം നിങ്ങൾ കുറ്റമില്ലതുകൊണ്ടു ഗോവിന്ദൻ പ്രസാ
ദിക്കും * മദ്യയുക്തമായുള്ള പഞ്ചഗവ്യത്തെപ്പോലെ വിദ്ധിനേ ദശമിസംബ
ന്ധമെന്നറിഞ്ഞാലും * അദ്ദിനം നോല്ക്കുന്നവർക്കർത്ഥനാശവും വരും വിദ്യ
യും വിനഷ്ടയാം സന്തതിനാശം വരും * പൂർവസംബന്ധമുള്ളദിനത്തെച്ചു
തുർമ്മുഖൻ പൂർവ്വദേവന്മാർക്കായി കൊടുത്തുപോലും പുരാ * ദാനം വാങ്ങുവാ
ൻവിധിയില്ലാത്തവർക്കു ചെയ്യും ദാനങ്ങൾക്കുള്ള ഫലം ദാനവന്മാർക്കു നൽ
കി * കോപമുള്ളവർകൾക്കും കാമിനീസക്തന്മാർക്കും ലോഭമുള്ളവർകൾ
ക്കും ദ്വേഷമുള്ളവർകൾക്കും * വക്രതയുള്ളവർക്കും നല്കീടുന്നഫലം ശു
ക്രശിഷ്യന്മാർക്കെന്നു കല്പിച്ചു പിതാമഹൻ * ദത്തമായുള്ളുകൊണ്ടുകൊണ്ടോ
ട്ടുന്നവർ ചെയ്യുന്നുത്തമദാനങ്ങളും ദാനവന്മാർക്കു വിധി * വേധമുള്ളേകാദ
ശിനോല്ക്കുന്ന ഫലമെല്ലാം വേധനാസുരന്നിന്നും കല്പിതമാകമൂലം * തദ്ദിനം
ത്യജിക്കേണം ദ്വാദശിനോറ്റിടേണം ഭദ്രമാം ത്രയോദശീപാരണമഹാഫ
ലം * ഭക്തവത്സലൻ ദേവൻ ഭാർഗ്ഗവീകാന്തൻ തന്റെ ഭക്തിമാന്മാർക്കു സദാമു
ക്തിയേദാനം ചെയ്യും * ഭക്തികൂടാതെ ഹോമങ്ങളൂട്ടുവാനായി! ഭുക്തിയുമു
പേക്ഷിച്ചുദന്തവും വെളിപ്പിച്ചു * ധ്യാനമെന്നൊരു ഭാവം നടിച്ചുമനക്കാ
മ്പിൽ മാനിനീമുഖാംബുജം ചിന്തിച്ചു വസിക്കുന്ന * മാനവന്മാർക്കു മഹാ
പാതകം ഫലമെന്നു ഞാനുരചെയ്യാമിതു സർവസമ്മതം പോലെ * പിന്നലോക
ത്തെഗ്ഗമിച്ചീടുവാൻ ഭവാന്മാർക്കു തൃഷ്ണയുണ്ടെങ്കിലേകാദശ്യുപവാസം വേണം
* ഉത്തമം ദശമിനാളേകഭോജനം വേണം മെത്തമേൽശയിക്കാതെ ഭൂതലേ
ശയിക്കണം * മത്തകാശിനിമാരെ വേർപെടുത്തിരുത്തണം ചിത്തത്തിൽ

മുകുന്ദനെധ്യാനിച്ചുവസിക്കണം * ശാന്തിമാനേകാദശീവാസരേപുലർകാലേ ശ്രാന്തിഹാരിയാംജലേകുളിച്ചുവിശുദ്ധനായ് * വെള്ളവസ്ത്രവുംധരിച്ചാസ്ഥയാവിനീതനായുള്ളത്തിൽമുകുന്ദന്റെവിഗ്രഹമുറപ്പിച്ചു * ഇന്ദിരാപതിയുടെമന്ദിരേനമസ്കാരംവന്ദനംപ്രദക്ഷിണംനാമകീർത്തനങ്ങളും * ജാതികൾക്കടുത്തതുപോലെയാചരിക്കണം ജാതിനാലിനുമിതുയോഗ്യമെന്നറിഞ്ഞാലും * ഉണ്ണുന്നതുറങ്ങുന്നതെണ്ണയുംതാംബൂലവും പെണ്ണിനോടിണക്കവുംകോപവുംത്യജിക്കണം * ഉത്തമംതുളസിയുംതീർത്ഥവുമുപജീവ്യം ശക്തിയില്ലെങ്കിൽഫലമൂലമെന്നിവമാത്രം * വല്ലതുമൊരുനേരംജീവധാരണംചെയ്യാം നല്ലതുജലംപോലുംത്യജിച്ചുമേവീടുകിൽ * മൌനവുംഭോണംഹരിധ്യാനവുംദിവാരാത്രംദാനവുംമഹാശക്തിബ്രാഹ്മണന്മാക്കുവേണം * ധൂപവുംനിവേദ്യവുംമാലയുംദീപങ്ങളും ശ്രീപതിക്ഷേത്രങ്ങളിലാകുന്നവണ്ണംവേണം * രാത്രിയുംപകലുമഞ്ഞൊട്ടുമേയുറങ്ങാതെ ധാത്രിയിലിരുന്നുകൊണ്ടിങ്ങനെസാധിക്കണം * ദ്വാദശീദിനേ ഉദയേകുളിച്ചുകൃത്യങ്ങളും സാദരംകഴിച്ചുടൻവിഷ്ണുപൂജയുംചെയ്തു * വേദിയന്മാരെപ്പാദക്ഷാളനംചെയ്യിപ്പിച്ചു വേദകല്പിതംപോലെപൂജിച്ചുഭുജിപ്പിച്ചു * ഉദകമപൂപവുംവസ്ത്രവുംസുവർണ്ണവും മോദകാരണംപിന്നെപ്പൂഗവുംതാംബൂലവും * ആരണശ്രേഷ്ഠന്മാക്കുഭക്ത്യാദാനംചെയ്താശു പാരണംചെയ്കകാർവിൻ വിപ്രശേഷത്തെക്കൊണ്ടു * അദ്ദിനംപിന്നെഭുജിച്ചീടുകവേണ്ടതാനും തദ്വിരത്നമേവംസാധിച്ചുകൊള്ളാമെങ്കിൽ * വൈകുണ്ഠലോകേചെന്നുവൈഷ്ണവസാരൂപനായദ്വൈതവംകൂടാതെകണ്ടാനന്ദിച്ചീടാമല്ലോ * ഉത്തമമേകാദശിമാഹാത്മ്യമിതിഹാസം ചിത്തമോദത്തിനൊരുകാരണംമഹാപുണ്യം * മൃത്യുജന്മാദിക്ലേശച്ഛേദനകാരമെന്നത്യാദരംമാമുനിശ്രേഷ്ഠന്മാരരുൾചെയ്തു * പണ്ടുപോലയോധ്യയെന്നുള്ളൊരുമഹാപുരേ ഉണ്ടായിരുന്നുരുക്മാംഗദനെന്നൊരുമഹീപാലൻ * സൂര്യവംശത്തിന്നലങ്കാരമാംമഹാരത്നം വീര്യവാൻവിവേകവാൻവിശ്വവിശ്രുതൻവീരൻ * ധൈര്യവാൻധനാധിപപ്രാഭവൻമഹാരഥൻ കാരുണ്യശാലീകലാസാഗരംകടന്നവൻ * ധാർമ്മികൻമഹാവിദ്വാൻധാതൃസന്നിഭൻശുഭൻ കാമുകപ്രൌഢന്മഹാവിക്രമിമഹാബലൻ * മന്മഥോപമന്മഹീമണ്ഡലപുരന്ദരൻ സന്മനോഹരൻമഹാസുന്ദരൻസുരോപമൻ * ശസ്ത്രകോവിദൻനാനാശാസ്ത്രപാരഗൻ സുധീശത്രുമണ്ഡലീതമോഭാസ്കരൻപ്രിയംവദൻ * മിത്രബാന്ധവോപേതൻമിത്രവംശാധീശ്വരൻ മിത്രവൈരിയെക്കാളുംവിഖ്യാതപ്രഭാവവാൻ * കീർത്തികാമിനീമഹാനായകൻമഹോദയൻ കാർത്തികേയനെക്കാളുംവിക്രമവിശാംപതി * ആർത്തിനാശനൻപുണ്യനാമാനന്ദപ്രദൻജഗൽപൂർത്തികാരണനദാസുപ്രസന്നാത്മാവശീ * ബ്രാഹ്മണപ്രിയംകരൻവിഷ്ണുസേവകൻസുധീബ്രഹ്മചിത്തമൻതമോവർജ്ജിതൻമഹാവീരൻ * ശൈശവേതന്നെവിഷ്ണുഭക്തനാകയാൽമററു ശൈവദുർഗ്ഗാദിസങ്കല്പങ്ങളിൽനിരാദരൻ * ജീവനാദരതുംവിഷ്ണുദേഹമായതുംവിഷ്ണു ദൈവമായതുംവിഷ്ണു വിശ്വമായതുംവിഷ്ണു * ഇങ്ങിനെമനക്കാമ്പിലുറച്ചരുക്മാംഗദൻ തിങ്ങിനഭക്തി

യോടേബാല്യകാലമേമുതാ * മംഗലമേകാദശിനാളുപവാസവ്രതം സംഗവൎജ്ജിതമ്മഹാനീതിമാനാരംഭിച്ചു * ഇങ്ങിനെവളൎന്നിതുവിഷ്ണുഭക്തിയുംതാനംതങ്ങളിൽവിടാസപ്രസ്ഥമായ്വന്നദിനേദിനേ *മന്നിടംതന്നിലുള്ളമനുഷ്യന്മാരെയെല്ലാംമന്നവന്മഹാവ്രതമിങ്ങനെതുടങ്ങിച്ചു * ഉന്നതനായുള്ളൊരുവാരണേന്ദ്രന്റെകണ്ഠേ മന്നിടംമുഴക്കുന്നഭേരിയുംകരമേററി * രാജഭൃത്യനായോരുപൂരുഷൻമഹാശൂരൻ രാജശാസനംപറഞ്ഞിട്ടുവാൻനടകൊണ്ടു * പട്ടണംതോറുംചെന്നഘോരമാംപെരുമ്പറകൊട്ടണം ദശമിനാളസ്തമിപ്പതിൻമുമ്പേ * ഒട്ടുമേമടിക്കാതെനമ്മുടെനിയോഗത്തെ പട്ടടിക്കിലുംചെന്നുചൊല്ലുവിൻഭടന്മാരെ * ഇത്തരംനരേന്ദ്രന്റെശാസനംകേട്ടുഭൃത്യരൊട്ടുമേമടിയാതെഭേരിയുംമുഴക്കിനാർ * മാനവന്മാരേ! നിങ്ങൾമനുവേശ്വരന്റെഏകശാസനംകേട്ടുപരിപാലിക്കവേണം * നാളെ നാം ഹരിവാസരമേകാദശി നീളെയുംനടന്നിരിക്കുന്നിതുമഹീതലേ * പുണ്യവാസരമിതുപുണ്ഡരീകാക്ഷൻതന്റെ പൂൎണ്ണസന്തോഷത്തിന്നുകാരണംമനുഷ്യരേ! * നാലുജാതിയുംമനുഷ്യർക്കണമുപവാസം ബാലരുംവൃദ്ധന്മാരുംഒഴിവായുക്തന്മാരും * ഏവംനന്നാലുമെട്ടുവയസ്സുതുടങ്ങീട്ടു എൺപതാംവയസ്സോളംസ്ത്രീകളുംപുമാൻമാരും * ഉണ്ണരുതുറങ്ങരുതംഗനാസംഗമരുതെണ്ണയുംതാംബൂലവുമെന്നിവവെടിഞ്ഞുടൻ * വിഷ്ണുസേവയുംചെയ്തുഭദ്രിനോവസിക്കണം വിഷ്ണുസായൂജ്യഫലമെന്നതുംഗ്രഹിക്കണം * ശുദ്ധമാമേകാദശീവാസരേഭുജിപ്പവൻ വദ്ധ്യനായ്വരുമെന്നതമ്പുരാൻകല്പിക്കുന്നു * വദ്ധ്യനെവധിച്ചീട്ടുംദണ്ഡ്യനെദണ്ഡിപ്പിക്കും വിധ്യനുക്രമംപരനെ ത്യാജ്യനെത്യജിച്ചീടും * തങ്ങൾക്കുവിധിച്ചൊരുകൎമ്മങ്ങൾയഥാരൂപം നിങ്ങളെല്ലാരുംപരിസേവനംചെയ്തീടണം * ഇങ്ങനെയുപാജ്ഞയാപാരിടംതന്നിലെല്ലാം ഭംഗിയിൽമഹാഹരിവാസരംബോധിപ്പിച്ചു * സഞ്ചരിച്ചുള്ളുപിന്നെ സാദരംദശമിനാൾ ചഞ്ചലംകൂടാതുള്ള കിങ്കരപ്രവരന്മാർ * ഇത്തരംപ്രവൃത്തനാംഭൂപതിരുക്മാംഗദൻ പുത്രനുംമനോജ്ഞനാംകല്പകനെന്നപോലെ * നാമവുംസന്ധ്യാബലിയെന്നവൾക്കധീശനിൽ പ്രേമവുംവിശ്വാസവുംഭക്തിയുംമനോഹരം * പിന്നെയുംപത്തുനൂറംഗനാജനങ്ങളെ മന്നവൻപാണിഗ്രഹംചെയ്തിതുമഹാമതേ * പണ്ടതിൽസന്ധ്യാബലിദേവിതാൻ പ്രസവിച്ചു മന്നവൻധൎമ്മാംഗദൻസംഭവിച്ചിതുതദാ * തേജസാരവിതുല്യൻകാന്തികൊണ്ടിന്ദുതുല്യൻ ഓജസാകാലതുല്യൻപ്രൌഢിക്കൊരിന്ദ്രതുല്യൻ * അംഗസൌന്ദൎയ്യംകൊണ്ടുകാമദേവനെപ്പോലെ തുംഗതാവിശേഷത്താൽമേരുപൎവ്വതംപോലെ * ധൈൎയ്യസംഭാരംകൊണ്ടുഭാൎഗ്ഗവൻതന്നെപ്പോലെ ദാനധൎമ്മങ്ങൾകൊണ്ടുകല്പകവൃക്ഷംപോലെ * മാനസേകൃപകൊണ്ടുവിഷ്ണുദേവനെപ്പോലെ വീൎയ്യവാൻധൎമ്മാംഗദൻവിശ്രുതന്മഹാരഥൻ * സ്വൈരമാംവണ്ണംവളൎന്നീടിനാൻദിനേദിനേ ഭാൎയ്യയാംസന്ധ്യാബലിദേവിയും തനുജനും ധൈൎയ്യവാരിധിയാകുംധാൎമ്മികൻനരേന്ദ്രനും * വിഷ്ണുവാസരവ്രതംകൈക്കൊണ്ടുവഴിപോലെ വിഷ്ണുഭക്തന്മാരാർ മൂവരും വിളങ്ങിനാർ * താദൃശപ്രഭാവനാംഭൂമിപാലകൻതന്റെ താദൃശനിയോ

ഗത്തെക്കേട്ടിതുപ്രജകളും * സാദരമേകാദശീവ്രതവുംതുടങ്ങിനാർ വേദി
യന്മാരുംക്ഷത്രജാതിയുംവൈശ്യന്മാരും * പാദജന്മാരുംമററുസ്ത്രീകളും
നാനാവൎണ്ണഭേദബാഹുല്യംകൊണ്ടുമേദിനീതലേപൂൎണ്ണം * പുല്ക്കസശ്വ
പചചണ്ഡാലപാഷണ്ഡാദികളൊക്കെ ഹരിദിനംനോററുകൊണ്ടഹ
ന്നിശം * സല്ക്കഥാശ്രയപൂൎവ്വംസല്ക്കഥാപ്രവൃത്തരായ് ചക്രപാണിയെത്ത
ന്നെസേവിച്ചുമരിച്ചുടൻ * ചക്രശംഖാബ്ജഗദാശാൎങ്ഗനന്ദകാദിയായ്
ചക്രകായുധങ്ങളാലഞ്ചിതാകാരന്മാരായ് * ഉത്തമശ്വേതദ്വീപംപ്രാപി
ച്ചുമുദാഹന്തി മെത്തമേൽപള്ളികൊള്ളുംപത്മനാഭൻെറപാൎശ്വേ * നി
ത്യവുംനിരാമയയുക്തരായ്വസിക്കയാൽ പ്രത്യഹംപൂൎണ്ണമായിവൈകുണ്ഠലോ
കംതദാ * വിസ്തൃതമായിമാൎഗ്ഗംവിഷ്ണുഭക്തന്മാരുടെനിത്യസഞ്ചാരംകൊ
ണ്ടുനിസ്തുലംമഹാസ്ഥലം * മനസ്സിങ്കൽതന്നിലുള്ള പാപസഞ്ചയമെല്ലാം മ
ന്ദമാശ്രയിക്കുന്നു വിഷ്ണുവാസരങ്ങളിൽ * അന്നഭക്ഷിക്കുന്നോരു മൎത്ത്യൻെറ
ശരീരത്തിൽ ചെന്നുകമ്പുക്കിട്ടുന്നു ചെററുമേകില്ലില്ലഹോ * അന്നപാ
നംചെയ്താൽബ്രഹ്മഹത്യക്കുപോലും അന്തകാലങ്കൽകണ്ടുകപോലുമേ പ
ണ്ടതാനും * ഇന്നതുകൊണ്ടുതദാധൎമ്മരാജൻെറലോകംശൂന്യമായ്വന്നുപാരം
ഖിന്നമാനസ്ഥിനംപ്രതി * ചിത്രഗുപ്തൻെറപത്രവ്യാപാരംനാസ്തിയായി ചി
ത്തത്തിൽവിഷാദവുംവൎദ്ധിച്ചുദിനേദിനേ * അന്തകപുരത്തേക്കുമാൎഗ്ഗവു
മില്ലാതെയായന്ത്യകേപുല്ലുംകാടുംവൎദ്ധിച്ചുവന്നിതു * രൗരവംകുംഭീപാ
കമെന്നിവഘോരങ്ങളാം നാരകസ്ഥലങ്ങളുമൊക്കവേശൂന്യങ്ങളായ് *
ദ്വാദശാദിത്യന്മാരുംതീക്കനൽപ്പുഴകളും താമ്രശംജ്വലിക്കുന്നദിക്കുകൾവ്യ
ഥാതന്നെ * തപ്തനാരാചങ്ങളുംകെട്ടുപോയ്ക്കളകയാൽ ദീപ്തമാംപ്രദേശ
വുംകാണ്മതിനില്ലാതായി * അപ്രകാരമേതന്നെ ദേവലോകവുംജ്ഞാതംനി
ഷ്പ്രകാശമായ്വന്നു നിൎമ്മലംസ്വൎഗ്ഗസ്ഥാനം * വിപ്രന്മാർയാഗംചെയ്തും
നിത്യകൎമ്മങ്ങൾചെയ്തും തൽപ്രദേശത്തെപ്രാപിച്ചീടുകമൂലംമുന്നം * സു
പ്രസന്നമായുള്ളോരാസ്പദംമഹോജ്ജ്വലം കുപ്രദേശമായ്വന്നുകൎമ്മികളില്ലാ
യ്കയാൽ * യാഗവുംവേണ്ടാതായിസാഗരസ്നാനംഗംഗാ സ്നാനവുംവേണ്ടാ
തായിതെന്നതേപറയേണ്ടു * ഏകമാമേകാദശിധൎമ്മത്താൽമുകുന്ദൻെറ
ലോകത്തെപ്രാപിക്കുന്നമൎത്ത്യജാതികളെല്ലാം * പൂരിതംദിനേദിനേ പു
ണ്യമാംവിഷ്ണുസ്ഥാനം കാരിതംനിൎമ്മാനുഷാസ്വൎഗ്ഗവുംനരകവും *
ധീമനാംരുഗ്മാംഗദൻകല്പിച്ചോരനൎത്ഥങ്ങൾ തീരുവാനുപായത്തെച്ചിന്തി
ച്ചുകൃതാന്തനും * ചിത്രഗുപ്തനുംതൻെറകിങ്കരന്മാരുംകൂടി ചിന്തസന്താപ
ത്തോടെതപ്പുമേവുംകാലം * തത്ര വന്നിതുവീണാപാണിയാംമഹാമു
നി മിത്രസന്നിഭപ്രഭൻനാരദൻമഹായോഗി * മിത്രനന്ദനൻശതപത്ര
സംഭവൻതൻെറപുത്രനെ പൂജചെയ്തസല്ക്കരിച്ചിരുത്തിനാൻ * ചോദിച്ചു
മുനിവരൻധൎമ്മരാജാവേ ഭവാൻ ഖേദിച്ചുവാണീടുവാനെന്തുകാരണം?
പ്രഭോ! * കുണ്ഠതമെന്നക്കാമ്പിലുണ്ടെന്നുതോന്നുംകണ്ടാൽ കുണ്ഠമായിതോ
നിൻെറദണ്ഡവുംപാശങ്ങളും * ഉഗ്രമാംനരകത്തിൽവീണുകൊണ്ടുഴലു
ന്ന വിഗ്രഹിജനത്തിൻെറരോദനംകേൾപ്പാനില്ല * സന്തതംജ്വലിക്കു

ന്നതീക്കനൽപുഴകളിൽ നീന്തുന്നനിരീശ്വരന്മാരെയുംകാണ്മാനില്ല * ദുർ
ജ്ജനപ്രാണങ്ങളെചെമ്പുകമ്പിയിലിട്ടു തർജ്ജനംചെയ്യുന്നതുമെങ്ങുമ
കാണ്മാനില്ല * അന്ധതാമിസ്രങ്ങളാമോരോരോരന്ധ്രങ്ങളിൽ ബന്ധപാ
ശങ്ങൾകൊണ്ടുബദ്ധരാംജനങ്ങളും * തപ്തലോഹങ്ങൾകൊണ്ടുതാഡനം
ചെയ്യുന്നേരം ത്രസ്തരാകുന്നഘോഷംകുത്രചിൽകേൾപ്പാനില്ല*വിപ്ര
ദേവസ്വംഹരിച്ചീടുന്നപ്പട്ടുകളും വിപ്രിയംപ്രയോഗിക്കുംവിശ്വാകശ്മല
ന്മാരും ഭേദമെന്നിയേ ജഗദ്ധ്വംസിവാസുലന്മാരും * ഇത്ഥമാദിയാ
യുള്ളപാപികൾമഹീതലേ കുത്രചിൽപോലുമിപ്പോളില്ലെന്നു വരുന്നതോ
* ചിത്രഗുപ്തനുംപിന്നെപത്രലേഖനംവെടി ഞ്ഞെത്രയുംവിഷണ്ണനാ
യ് മിണ്ടാതെമേവീടുന്നു * കിങ്കരന്മാരും തന്റെദണ്ഡുകൾതല
യ്ക്കൽവ ച്ചങ്കണങ്ങളിൽകിടന്നെപ്പൊഴുമുറങ്ങുന്നു * എന്തൊരുകഷ്ടംമ
ഹാവിശ്രുതപ്രദേശമാം അന്തകാലയമതുശ്ശൂന്യമായ്കാണാകുന്നു * എ
ന്തുകാരണംകൊണ്ടുസാമ്പ്രതംമഹാഗ്രഹം ശാന്തതേജസാജാതമെന്നതു
ചൊല്ലീടുക * എന്നതുകേട്ടുടൻഖിന്നനാംവൈവസ്വതൻ തന്നുടെവി
ഷണ്ണതാകാരണമുരചെയ്താൻ*സൂര്യവംശത്തിന്നലങ്കാരഭൂതനാമൊരുപാർത്ഥി
വാനുണ്ടായ്വന്നുഭൂപതിരുഗ്മാംഗദൻ * അത്യുശീലനാമവൻവിഷ്ണുഭക്തരി
ൽമുമ്പൻ ധൈര്യവാൻവിവേകവാൻധാർമ്മികൻമനോഹരൻ *എങ്കിലും
നമ്മോടവൻവിപ്രിയംചെയ്തീടുന്നു എങ്കലസ്ഥാനമാമതൊക്കെവേനാ
സ്തിയാക്കി *കിങ്കരന്മാർക്കുവേലയില്ലാതെയാക്കീടിനാൻ പങ്കജോത്ഭവാത്മ
ജാ! കേട്ടാലുംപരമാർത്ഥം *പൂതമാമേകാദശിനാളുപവാസവ്രതം ഭൂതലേ
വസിക്കുന്നോർക്കൊക്കവേതുടങ്ങിച്ചു * തദ്ദിനേഭുജിക്കുന്നമർത്ത്യരെദണ്ഡി
പ്പിപ്പാൻ ഉദ്യോഗംതുടങ്ങിനാനെപ്പോഴുംരുഗ്മാംഗദൻ *ഭേരീവാദനം
കൊണ്ടുപാരിടമെല്ലാടവും ഭൂരിഘോഷിച്ചുഹരിവാസരംബോധിപ്പിച്ചു *
ഭൂരിപക്ഷത്തെവെടിഞ്ഞാനന്ദപക്ഷംതന്നെ ഭൂമിവാസികളംഗീകരിപ്പാ
ൻകല്പിച്ചിതു * രാജഭീതികൊണ്ടേകാദശ്യുപവാസവ്രതം വ്യാജവർജ്ജിതം
തുടങ്ങീടിനാരെല്ലാവരും * അയ്യരന്ത്യമാംകാലേകായത്തെവെടിഞ്ഞുകൊ
ണ്ടായിരംദിവാകരന്മാരുടെപ്രഭയെക്കാൾ *ഉജ്ജ്വലിച്ചീടുന്നൊരുപാല്ക്കട
ൽനടുവിലങ്ങുച്ചമാംശ്വേതദ്വീപംവിളങ്ങുംവിഷ്ണുസ്ഥാനേ * വിഷ്ണുസ്വ
രൂപംകിട്ടിസ്വൈരമായ്വസിക്കുന്നു വിഷ്ണുഭക്തന്മാരല്ലാതാരുമേകാണ്മാനില്ല
*ബ്രഹ്മഹത്യാദിമഹാപാതകംചെയ്യുന്നോർക്കുംബ്രഹ്മൈക്യംകിട്ടുംവിഷ്ണുവാ
സരംനോറ്റീടിനാൽ * ജന്മവുംവേണ്ടമൃതിദുഃഖവുംവേണ്ടാതായികന്മ
ഷങ്ങൾക്കുമാരുമാശ്രയമില്ലാതായി * നമ്മുടെലോകംനോക്കീട്ടാരുമേവ
രുന്നീല കർമ്മവാസനാബന്ധംമാനുഷന്മാർക്കില്ലിപ്പോൾ *കഷ്ടമായെ
ന്നേവേണ്ടുനഷ്ടമായധികാരം ഭ്രഷ്ടമായ്വന്നുനമുക്കെന്തൊരുഗതിയിനി *
കൊത്തിവച്ചൊരുമരപ്പാവയെപ്പോലെന്താനും ചിത്രഗുപ്തനുമെന്റെകി
ങ്കരന്മാരുമെല്ലാം * നിഷ്ക്രിയന്മാരായല്ലോനിർവിഷാഹിയെപ്പോലെ
നിഷ്ഫലംജീവിക്കുന്നുഹന്തഞാനെന്തുചെയ്വൂ! * ഷണ്ഡനെക്കൊണ്ടു
നാരിമാർക്കൊരുഫലമില്ല കുണ്ഠനാമെന്നെക്കൊണ്ടുതദ്വിധംപ്രജകൾക്കും

* കാലനംഭവിക്കുന്നകാലദോഷമിന്നിതു കാലമിങ്ങുറപ്പിച്ചുകണ്ടാലുംമഹാമുനേ! * സ്വർഗ്ഗമെന്നതുംപിന്നെ ശൂന്യമായ്വന്നുപാൎക്കിൽ മുക്തിമാൎഗ്ഗത്തെമാനിച്ചീടുന്നജനങ്ങൾക്കു * മൈത്ര്യമെളുപ്പമാംദ്വാദശിമഹാവ്രതം മിത്രവംശാധിപൻെറമിത്രരസ്മൽകുലം * മിത്രനന്ദനനാകുമിനിക്കുമാത്രം പിന്നെ ചിത്രഗുപ്തനുംവൃത്തവൈരിക്കുംഹിതമല്ല * കണ്ണനുംഹരിദിനേ നോററുകൊണ്ടുറങ്ങാതെ വിഷ്ണുവാസരമായസുവ്രതംസാധിക്കയാൽ * കുററമില്ലാതെവൈകുണ്ഠാലയംപ്രാപിക്കുന്നു മുററുമിപ്പരിഷയ്ക്കുകണ്ടിതമെന്നോവേണ്ടു * കല്പനനടത്തുവാനാളില്ലാത്തധികാരി തല്ലദേസേവിക്കുന്നതെത്രയുംജുഗുപ്സിതം * സ്വല്പമല്ലിനിക്കുള്ളിൽനാണവുംസന്താപവുംഉല്പന്നംത്യജിച്ചുഞാൻപോകുന്നുമഹാമുനേ! * ബ്രഹ്മദേവനെച്ചെന്നുകണ്ടുപോരണമെൻെറ ജിഹ്മഭാവംകൊണ്ടല്ലെന്നുള്ളതുബോധിക്കണം * അത്രയല്ലെൻെറദണ്ഡുംപാശവുംതിരുമുമ്പിൽ തത്ര ഞാൻസമൎപ്പിച്ചുവന്ദിച്ചുപോന്നീടുന്നേൻ * ചിത്രഗുപ്തൻെറലേഖ്യപുസ്തകംവെയ്ക്കണം ചരത്വമെട്ടന്താശ്ശുനക്കുമദ്രോഹവും * ഇങ്ങിനെനാണംകെട്ടുതോററുനിരിക്കുന്നതെങ്ങനെശിവശിവശൈഷ്യമുള്ളവർങ്ങൾ * വേലകൂടാതെതന്നെകൂലിമേടിച്ചതിനാൽ മേലിലുണ്ടാവുന്നൈന്യേവും ബോധിക്കണം * നാലുവക്ത്രനെക്കാണ്മാൻപോകനാമിരുവരും നാരദമഹാമുനേ! കാലതാമസംവേണ്ടാ * നിന്തിരുവടിയുടെതാതനോടറിയിപ്പാൻ നിന്തിരുവടികൂടെപ്പോരുകിലെളുപ്പമാം * ഇത്തരമുരചെയ്തുധൎമ്മരാജാവുംപിന്നെ ചിത്രഗുപ്തനും തൻെറകിങ്കരപ്പരിഷയും * സത്വരംമുനിയോടുകൂടവേപുറപ്പെട്ടു സത്യലോകത്തെപ്രാപിച്ചീടിനാർവിരവോടെ * ഉത്തമംവിരിഞ്ചൻെറപത്തനംകാണായ്വന്നു ചിത്തസന്തോഷത്തിനുകാരണംമഹാസ്ഥലം * ദേവകൾമുനികളുംസിദ്ധചാരണന്മാരും ദേവകന്യരാംമഹായോഗികൾവസുക്കളും * മുക്തിമാന്മാരായുള്ളശിഷ്യന്മാർബഹുവിധം കീൎത്തിമാന്മാരുംമഹായോഗികൾമററുള്ളോരും * വേദശാസ്ത്രങ്ങൾപുരാണങ്ങളുമിതുക്കളുംതൽസ്വരൂപങ്ങളായിബ്രഹ്മനെസ്സേവിക്കുന്നു * പക്ഷങ്ങൾമാസങ്ങളുംരാശികൾദിവസങ്ങളു ക്ഷണങ്ങൾനിമിഷങ്ങളെന്നിവ ദേഹത്തോടെ * കുത്രചിൽഗുണത്രയംകുത്രചിദ്ദോഷത്രയം കുത്രചിൽകാലത്രയംകുത്രചിൽലോകത്രയം * സൎവ്വദാശരീരത്തെസംവരിച്ചവരെല്ലാം സർവ്വലോകേശന്തൻെറനാലുഭാഗത്തുംനിന്നു* സൎവ്വമന്ത്രങ്ങൾകൊണ്ടുംസർവ്വതന്ത്രങ്ങൾകൊണ്ടും സൎവ്വകാലവുംസേവിച്ചങ്ങിനെവസിക്കുന്നു * സജ്ജനങ്ങളെക്കൊണ്ടുപൂർണ്ണയാംസഭതന്നിൽ ലജ്ജയാമുഖംതാഴ്ത്തിനിന്നിതുകൃതാന്തനും * സജ്ജനങ്ങളുംതദാതൽസഭാവാസികളും തങ്ങളിൽനോക്കിച്ചിരിച്ചിങ്ങനെയുരചെയ്തു * ക്രൂരനാംകൃതാന്തൻെറഭാവമെന്തെടോപാരം ഗൌരവംകുറഞ്ഞുടനെത്രയുംസന്തപ്തമായ് * അത്രമാത്രവുമല്ല ചിത്രഗുപ്തൻെറലേഖാപത്രമാജ്ഞാസംചെയ്വാൻപാത്രമാരുവാനിപ്പോൾ * മിത്രനന്ദനന്താനുമിങ്ങിനെയാവാനെന്തേ ഇത്തരംമഹാജനംതങ്ങളിൽപറയുമ്പോൾ * സത്വരംസമീപത്തെപ്രാപിച്ചുകൃതാന്തനാംകൃത്തമാംമരലോപെം

ഭൂതലേപതിച്ചുടൻ * ചിത്തസന്താപത്തോടെകണ്ണുനീർവാർത്തുവാർത്തു കാ
ൽത്തളിരടിയിണപിടിച്ചുനമസ്കരി ച്ചാർത്തിപൂർവ്വകമിത്ഥംചൊല്ലിനാൻ
സഗദ്ഗദം * ലോകനായകാ! ദയാവാരിധേ! ചതുർമ്മുഖ! പാകശാസ
നാദ്യമരൌഘവന്ദിതജയ * കാത്തുകൊൾകടിയന്റെസ്ഥാനമാനങ്ങളെ
ല്ലാം നാസ്തിയായ്പ്പൂന്നനാഥ! നമ്മുടെയധികാരം * നാണവുംപെരുകുന്നു
നാണിഭക്കേട്ടുംവന്നു പ്രാണികൾബോദ്ധ്യമാനിയാതെയായ്മഹാത്മാവേ! *
ബന്ധുരാകൃതേഭവാൻബന്ധുവായ്പ്പരേണമേ! സന്തതമടിയനുകാരുണ്യവാ
രാന്നിധേ!* നിന്തിരുവടിയുടെപാദപത്മങ്ങളല്ലാ തെന്തൊരുഗതിയുള്ളൂ
ശേഷമുള്ളവർക്കെല്ലാം * ഇങ്ങനെപറഞ്ഞുടൻമോഹിച്ചുവീണുയമൻ മ
ങ്ങിനമ്പൊടുകണ്ടുമാമുനീശ്വരന്മാരും * തങ്ങളിലുരചെയ്തുതങ്ങൾചെയ്യുന്ന
പാപംതങ്ങൾതാനനുഭവിച്ചിടുമെന്നറിഞ്ഞാലും! * ചണ്ഡനാമിവനിങ്ങു
മാനുഷന്മാരെച്ചെന്നു ദണ്ഡുകൊണ്ടടിക്കയും പാശത്താൽബന്ധിക്കയും *
കല്ലിലിട്ടിഴയ്ക്കയുംകണ്ടകേമണ്ടിക്കയും വല്ലികൾകൊണ്ടുവരിഞ്ഞഗ്നിയിൽ
ഹോമിക്കയുംചെമ്പുപാത്രത്തിലിട്ടുവറുത്തുഭസ്മമാക്കി സംഭരിച്ചുമുത്തുകൊണ്ടു
ളപ്പു ഴേജീവിപ്പിച്ചും * പിന്നെയുംകുംഭീപാകംശൂലപ്രോതമെന്നോരോ വ
ൻനരകത്തിലിട്ടുദണ്ഡിപ്പിച്ചീടുന്നവൻ * ഖിന്നനായ്വിഷണ്ണനായ്വ
ന്നിതാരോദിക്കുന്നുതന്നുടെദുർവ്യാപാരംതാൻതന്നെബോധിക്കണം * ക്രന്ദ
നംചെയ്യിപ്പിക്കുംകാലനാമവൻതന്നെ ക്രന്ദനംചെയ്തീടുവാൻകാരണം വ
ന്നുകൂടി* എന്നുള്ളപരിഹാസംകേട്ടുടൻവായുദേവൻചെന്നുടൻകരംപിടി
ച്ചുത്ഥാനംചെയ്യിപ്പിച്ചു *ഹേസഖേമഹാവീര!സൂര്യനന്ദനാഭവാൻഹേതു
ചൊല്ലേണ്ടോവിഷാദത്തിനുംമോഹത്തിനും * നാഥനാംമഹാകുശകേതുഭാ
ഗന്റെപുരോ നാണമെന്നിയേപറഞ്ഞീടുകപരമാർത്ഥം * സർവ്വസന്താപം
തീർത്തുകാത്തുകൊള്ളുമാറീവൻ സർവ്വഥാസമർത്ഥനെന്നോർക്കനീമഹാമതേ!
* ഇങ്ങനെപവനന്റെവാക്കുകൾകേട്ടുയമൻ തിങ്ങിനഖേദമുള്ളിലടക്കി
ച്ചൊല്ലീടിനാൻ * പത്മസംഭവ!വിഭോ!കേട്ടുകൊള്ളേണംഭവാൻചരത്തമെന്നി
യേഭവാനോടുഞാനുണർത്തിക്കാം * ആത്മപൌരുഷഹീനദാരിദ്ര്യംമഹാദുഃ
ഖാത്മനാശത്തെക്കാളുംദുസ്സഹംമഹാദുഃഖം കൂറുകൊണ്ടധീശന്മാർകല്പി
ച്ചുലഭിച്ചോരുചോറുതിന്നിരിക്കുന്നഭൃത്യരാംപുരുഷന്മാർ*കല്പനനടത്താതെ
കാലത്തെക്കഴിക്കുന്നകശ്മലന്മാരാമവർകാഷ്ഠകീടങ്ങളത്രേ സ്വാമികാര്യ
ത്തിനേതുശേഷിയില്ലാതെതന്റെ കാര്യങ്ങൾവരുത്തിയാൽദോഷമായ്ഭ
വിച്ചീടും * പാപിയാമവൻചത്തുപാഷാണസ്ഥലങ്ങളിൽ മൂഷികനായി
പ്പിറന്നീടുമെന്നറിഞ്ഞാലും* ഭൃത്യനാമവൻപിന്നെതാനൊരുമനുഷ്യനെ ഭൃ
ത്യനാക്കിക്കൊണ്ടിങ്ങുസ്വസ്ഥനായിരിപ്പവൻ *മൃത്യുവേപ്രാപിച്ചുണ്ടുപൂച്ച
യായ്പ്പിറന്നീടും കൃത്യദോഷത്താൽവരുംപാപങ്ങളിവയെല്ലാം * പാരിലുള്ള
വരുടെപാപവുംസുകൃതവും പാരാതെവിചാരിപ്പാനെന്നെനീകല്പിച്ചതും *
പൌരുഷമിതിനെല്ലാംനിൻകൃപാബലംതന്നെ പൂരുഷന്മാർക്കാജ്ഞാശാസ
നമല്ലോബലം*കല്പകല്പാന്തത്തോളംനിന്തിരുവടിയുടെ കല്പനനടത്തിനേ
നിത്യകാലവുംവിഭോ! * ഇപ്പോഴുതതിനൊരുവിഘ്നമുണ്ടായിവന്നുതൽപ്രകാ

ത്വയുമിന്നുകേൾപ്പിക്കാംവിധാതാവേ! * ഭൂപതിരുഗ്മാംഗദൻഭൂമിവാസിക
ളുടെഗോപനംചെയ്തീട്ടുന്നശോഭനമെന്നേ:വണ്ടു *പുണ്യമാമേകാദശിനാ
ളുപവാസവ്രതംപുണ്ഡരീകാക്ഷപ്രീതികാരണംമഹാഫലം * ഉണ്ണരുതുറ
ങ്ങരുതദ്ദിനങ്ങളിലാരും എണ്ണയുംതാംബൂലവുംവൎജ്ജിച്ചുവസിക്കണം *സു
ന്ദരീപരിരംഭമെന്നതേചിന്തിക്കേണ്ടമന്നിലീമഹാവ്രതമെല്ലാരുമാരംഭിച്ചു
* ഭീതികൊണ്ടിപ്പോൾവിഷ്ണുവാസരങ്ങളിൽതത്രഭോജനംനിരീശന്മാൎക്കു
മേയെളുതല്ല വ്യാജവുമെളുതല്ലതദ്ദിനങ്ങളിലന്നുരാജകിങ്കരന്മാരുംദ്ദുന്ദുഭിതാ
ഡിക്കുന്നു * മററുള്ളയാഗാദികളൊക്കവേയുപേക്ഷിച്ചുമുററുമീയേകാദശി
ധൎമ്മമെന്നതേവേണ്ടു * അററമില്ലേകാദശീമാഹാത്മ്യങ്ങൾക്കമത്തു മാററു
വാൻമനസ്സില്ലമാനുഷന്മാരിലാൎക്കും * വിഷ്ണുവാസരംനോററുമരിക്കുംമനു
ഷ്യന്മാർ വിഷ്ണുലോകത്തെപ്രാപിച്ചാനന്ദംലഭിക്കുന്നു * വിഷ്ണുലോകത്തേ
ക്കുള്ളമാൎഗ്ഗവുംഇതിനേതിനേ വിശ്രുതമായിട്ടുന്നുവിശപകത്താവേവിഭോ! *
എന്നുടെലോകത്തേക്കു മാൎഗ്ഗവുമില്ലാതെയായെന്നല്ലയമനെന്നനാമവുമി
ല്ലാതെയായി * നമ്മുടെഭടന്മാരുംവിഷ്ണുകിങ്കരന്മാരുംതമ്മിലങ്ങെതിൎക്കുമ്പോ
ൾതോല്ക്കുന്നുമൽഭൃത്യന്മാർ* ദണ്ഡവുംകൊണ്ടുമണ്ടിപ്പോന്നിങ്ങുവസിക്കുന്നു
പെണ്ണന്മാരിവരെൻദൂതന്മാർവിഷണ്ണന്മാർ* പത്രവുംനാരാചവുംതങ്ങ
ളിൽസ്പൎശിക്കാതെ ചിത്രഗുപ്തനുംതത്ര:മരുന്നുബഹുകാലം * എത്രനാളാ
യികഷ്ടം! പൂൎവ്വപുസ്തകങ്ങളുമൊക്കവേപനിത്തുപിച്ചുജീൎണ്ണമായെന്നേവേണ്ടു*
നേർവ്വഴിവരാനുള്ളകാലമില്ലിനിമേലിൽ നേരല്ലിത്തൊഴിലുകൾനാശകാര
ണംലോകേ * നോററവർതന്നെ വിഷ്ണുതുല്യന്മാരാമെന്നല്ലിതിങ്ങേററമുണ്ടന
ൎത്ഥങ്ങളിന്നിതുശിംസ്ഥോരം *പണ്ടുപണ്ടുള്ളപിതൃവൎഗ്ഗങ്ങളെല്ലാമിതുകൊ
ണ്ടുടൻമുക്തരായിവന്നിതുവിധാതാവേ! * രണ്ടുവംശങ്ങൾപിന്നെപത്നിക
ൾവംശങ്ങളും പണ്ടുചത്തവരൊക്കെപത്മനാഭന്റെലോകെ *അച്ഛനുമ്മ
ത്തച്ഛനുമമ്മയുംതൻമാതാവും തുച്ഛമല്ലവരുടെതാതമാതാക്കന്മാരും*തച്ഛി
ശ്ശുഗൎഭസ്ഥവുമീദൃശംപ്രപഞ്ചങ്ങളമൃതസ്വരൂപത്തെ സേവിച്ചുസുഖി
ക്കുന്നു*യാഗകൎമ്മങ്ങൾകൊണ്ടുംതീൎത്ഥസേവനംകൊണ്ടുംയോഗമാൎഗ്ഗങ്ങൾ
കൊണ്ടുംദാനധൎമ്മങ്ങൾകൊണ്ടും *നാമകീൎത്തനംകൊണ്ടുംദുൎല്ലഭമാകുംഹ
രിനാമത്തെഹരിദിനംനോററവൻലഭിക്കുന്നു *ദണ്ഡധാരനാമെന്റെവ്യാ
പാരംവൃഥാഫലംദണ്ഡനാശങ്ങൾരണ്ടുംമേടിച്ചുകൊൾകവാൻ*കൃത്യങ്ങ
ൾനടത്തുവാൻ ശക്തിയില്ലാതെമേവും ഭൃത്യരെക്കൊണ്ടുഫലംസ്വാമികൾ
ക്കില്ലദ്ദൃഢം*മന്നവൻരുഗ്മാംഗദൻതന്നുടെജനയിത്രിധന്യയെന്നറിഞ്ഞാ
ലുംധാതാവേ!മഹാമതേ!* അന്യനാരികൾക്കെല്ലാമാത്മജന്മാരെക്കൊണ്ടുമ
ന്നിലിപ്രസവസന്താപമേഫലമുള്ളു*മന്നിലുള്ളവർകൾക്കുംതന്നുടെബന്ധു
ക്കൾക്കുംഒന്നൊഴിയാതെയുള്ളഭൂതലവാസികൾക്കും* എന്നുമേലയമില്ലാതു
ള്ളനിൎവ്വാണപദംനന്നായിവരാനുള്ള വിഷ്ണുവാസരവ്രതം * പുണ്യവാനനു
ഷ്ഠിച്ചുപുണ്ഡരീകാക്ഷലോകം പൂൎണ്ണമാക്കിനാനെന്നെഭ്രഷ്ടനാക്കിനാന
വൻ* എന്നതുകൊണ്ടുനമുക്കനേഹംവൈരംമുഴുത്തന്യ സൽഗ്ഗുണമൊന്നുമാ
ചരിക്കുന്നീലിവൻ തന്നുടെലയലൂപമെന്നുള്ളതുവരുന്നേരം തന്നേക്കാൾഗു

ണവാനെത്തന്നെയുംദ്വേഷിച്ചീടുംമന്നവൻരുഗ്മാംഗദൻമന്നിടംവാഴുംകാ
ലത്തെന്നുടെകഥപോലുമസ്തമിച്ചീടുംവിഭോ!*നിന്തിരുവടിക്കെന്നിൽസ്നേ
ഹമുണ്ടെങ്കിലിപ്പോളെന്നതുപ്രകാശിപ്പിച്ചീടുവാൻമടിക്കുന്നു *രുഗ്മഭൂഷ
ണൻതന്റെവിഷ്ണുവാസരവ്രതംഭഗ്നമാക്കുവാനെന്തു വൈഷമ്യംഭവാന
ഹോ*കിന്നുവാമഹത്ത്വംകരുസൃഷ്ടികർത്താവേഭവാൻമന്നവനേകാദശ്യാമന്നമ
ങ്ങശിപ്പോളുംഏകാദശ്യുപവാസഭംഗംകൊണ്ടഹോമമ ലോകപുഷ്ടിയുംവ
രുംമാഗ്ഗ്യവുംവിശാലമാം* ചിത്രഗുപ്തന്റെ പത്രവ്യാപാരം പ്രസിദ്ധമായെ
ത്രയുംസുഖംമമസംഭവിച്ചീടുംവിഭോ! *ഭൂപതിയുടെവ്രതഭംഗത്തെവരുത്തു
ക ഭൂതകർത്താവേഭവാനെന്നെരക്ഷിച്ചീടണം*ഇത്തരമുരചെയ്യുംധർമ്മരാജ
നോടേവം ഉത്തരമരുൾചെയ്തുസരോരുഹവിധാതാവും * അത്ഭുതമെന്തി
ങ്ങനെ വിഷ്ണുവാസരംനോററാൽ പത്മനാഭന്റെലോകം ലബ്ധമാമറി
ഞ്ഞാലും *വിഷ്ണുനാമോച്ചാരണമൊന്നുകൊണ്ടനന്തമാം വിഷ്ണുലോകത്തെ
പ്രാപിച്ചീടുന്നുമഹാജനം * വിഷ്ണുഭക്തന്മാരോടുവൈരമെന്തെടോയമ! വി
ഷ്ണുവാസരവ്രതമെങ്ങിനെമുടക്കുന്നു * ദുഷ്ടകർമ്മങ്ങളോരോന്നെത്രയും ജു
ഗുപ്സിതം കഷ്ടമാംരജസ്വലാസംഗമംസുരാപാനം * വിപ്രനിഗ്രഹംപശു
നിഗ്രഹമെന്നിവണ്ണം വിപ്രിയംമഹാദോഷംചെയ്തപൂരുഷൻപോലും *
ഏകദാവിഷ്ണുനാമമുച്ചരിക്കെന്നുവന്നാൽ ഏകമാനന്ദംഹരിമന്ദിരം പ്ര
വേശിക്കും * അശ്വമേധങ്ങൾപത്തുചെയ്തപൂരുഷന്മാക്കും വിശ്രുതംപുന
ജ്ജന്മക്ലേശമെന്നറിഞ്ഞാലും * വിഷ്ണുസേവകന്മാക്കുംവിഷ്ണുസായു
ജ്യംഫലം വിഷ്ണുഭക്തന്മാക്കെങ്ങുമില്ലെടോപുനർജ്ജന്മം * അക്ഷതം
ജിഹ്വാഗ്രംകൊണ്ടുത്തമം ഹരിയെന്നുള്ള അക്ഷരദ്വയംജപിച്ചീടുന്നനൃപന്മാ
ക്കു * കാശിയുംരാമേശ്വരമെന്നിവയൊന്നുംവേണ്ടാ കല്മഷംക്ഷയിച്ചു
ടൻകർമ്മബന്ധവുംനീങ്ങും * ചിന്മയസ്വരൂപനായ്വസിക്കാമെന്നോവേണ്ടു
* സാരമാമേകാദശിനോല്ക്കുന്നനരേന്ദ്രന്റെ ചാരുവാം വ്രതത്തിന്റെഭം
ഗത്തെവരുത്തുവാൻ * പാരമാഗ്രഹിക്കുന്നദുർമ്മതേകൃതാന്ത!നീ അരെടോ
മഹാമൂഢ പോരുമീദുരാഗ്രഹം *ധന്യനാംരുഗ്മാംഗദൻധാർമ്മികൻ മ
ഹാവീരൻ നിന്നുടെഭൃത്യന്മാരെനിഗ്രഹിച്ചിതോ യമാ? * നിന്നുടെനഗ
രങ്ങൾചുട്ടുവൻകരിച്ചിതോ നിന്നുടെദാരങ്ങളെമന്നവൻഹരിച്ചിതോ? *
എന്തുവാനപരാധമാചരിച്ചതുനൃപൻ എന്തുകാരണംഭവാനിങ്ങനെമോ
ഹിക്കുന്നു * വിഷ്ണുവാസരമുപവാസമാംമഹാവ്രതം വിഷ്ണുഭക്തനാ
മവൻചെയ്തുകൊണ്ടെന്തുചേതം? ശങ്കരബ്രഹ്മന്മാരുംനമ്മുടെ ഭക്തന്മാരും
ലംഘനീയന്മാരാകുമേകദാധരിച്ചാലും * പങ്കജാക്ഷന്റെഭക്തന്മാരൊടു
പിണങ്ങുവാൻ പങ്കിലാത്മാവേനമുക്കാർക്കുമേയെളുതല്ല * എന്നതുകേട്ടുയ
മൻപിന്നെയുമുരചെയ്തു നിന്നുടെപാദാംബുജംവന്ദിച്ചുലഭിച്ചോരു * ന
മ്മുടെയധികാരംനഷ്ടമായ്വരുത്തൊല്ല നാന്മുഖഭഗവാനേ! നാഥതേനമ
സ്കാരം * സൂര്യവംശജൻതന്റെസുവ്രതംമുടക്കുവാൻ വീര്യമുള്ളവൻഭവാ
നെന്തിനുമടിക്കുന്നു * മന്നവനൊരുഹരിവാസരേഭുജിക്കണം മന്നിലു
ള്ളവരെല്ലാമായതുകേൾക്കുന്നേരം * നന്ദിപൂണ്ടേകാദശീവാസരേഭുജിച്ചീ

ട്ടും വന്നിതു മമകാൎയ്യമപ്പൊഴേസമസ്തവും * നാരകസ്ഥലങ്ങളുംപാതകിക
ളെക്കൊണ്ടു പൂരിതങ്ങളായ്വരും പൂൎണ്ണമാമെന്റെഗേഹം * ആയതുകൂടാതെ
ഞാൻപോകയില്ലറിഞ്ഞാലും ന്യായമല്ലെന്നുചെന്നാലിജ്ജനംബോധിക്കു
മോ? * ജംഭശാസനൻബ്രഹ്മതാപസശ്രേഷ്ഠന്മാരാൽ സംഭൃതമാകുംത
പോജൃംഭിതംമുടക്കുവാൻ * കുംഭിഗാമിനിമാരെക്കല്പിച്ചങ്ങയച്ചുടൻ വൻ
പിച്ചതപോധനധ്വംസനംചെയ്യിപ്പതും * അന്നന്നുകണ്ടുംകേട്ടുമറി
ഞ്ഞീടുന്നഭവാനെന്നോടു കപടങ്ങൾചൊല്ലുവാനെന്തുമൂലം * വിഷ്ണു
പൂജാവ്രതമിങ്ങിനെ ഘടിക്കുമ്പോൾ വിഷ്ണുഭക്തന്മാരല്ലാതില്ലെന്നുവ
ന്നുകൂടും * മാതൃഗൎഭത്തിൽപതിക്കുന്നവരില്ലാതായാൽ മാതൃകാപിതൃപ്രജാ
സംഭവംനാസ്തിയാകും * നിന്തിരുവടിക്കിനിസൃഷ്ടിയുമില്ലാതായാൽ എ
ന്തിനിപ്രവൃത്തിയെന്നെന്നോടുകല്പിച്ചാലും * ചിന്തിച്ചാൽഭവാനുമിസ്സങ്ക
ടംഭവിച്ചീടും എന്തിനുകാലക്ഷേപംമന്മതംതന്നെനല്ലൂ * നാരദമുനീന്ദ്ര
നംനാഥനോടുരചെയ്തു നീക്ഷോഭവതാത നീരസമല്ലവാക്യം * അന്ത
കൻപറഞ്ഞതുസത്യമായ്വരുംവിഭോ! ചിന്തകൊണ്ടെന്തുഫലംചിന്മയാകാ
രാ!വിധേ! * മന്നവൻരുഗ്മാംഗദൻ മാധവൻതന്റെടിനേ അന്നത്തെ
ഭുജിപ്പതിന്നാഗ്രഹിക്കണംവേഗാൽ * അവരിന്നുപായത്തെചിന്തിച്ചീട
ണംഭവാനായവണ്ണംനീയോൎത്താലൊക്കെസാധിച്ചീടും * ഇങ്ങിനെ കൃ
താനനംനാരദമുനീന്ദ്രനും ഭംഗിയോടിണങ്ങുന്നഭാഷണംഘോഷിക്കയാൽ
* അങ്ങിനെതന്നെയെന്നുബോധിച്ചുവിരിഞ്ചനും അംഗനാരത്നംസൃഷ്ടി
ച്ചീടുവാനൊരുമ്പെട്ടു * സൎവ്വഭൂതങ്ങൾക്കുള്ളിൽസംഭ്രമം നൽകുന്നൊരു
പൎവ്വതാകാരംരൂപംസംഗ്രഹിച്ചിട്ടുടൻ * സൎവ്വകാമിനീമണിമൌലി
യാംകുമാരിയെ സൎവ്വലോകേശൻസൃഷ്ടിച്ചീടിനാൻപിതാമഹൻ * ദുഷ്ട
നാംവിരിഞ്ചനാൽമാനസധ്യാനംകൊണ്ടു സൃഷ്ടയാംകുമാരിയെക്കണ്ടുക
ണ്ടാനന്ദിച്ചാർ * എട്ടുലോകേശന്മാരുംതാപസശ്രേഷ്ഠന്മാരും മട്ടലർബാ
ണാതുരന്മാരായിസഭാന്തരേ * ഇന്ദ്രനീലത്തെക്കാളുംനീലമാംതലമുടി ച
ന്ദ്രബിംബത്തെക്കാൾ സുന്ദരംമുഖാംബുജം * മല്ലികാശരൻതന്റെവില്ലി
നെവെല്ലുന്നൊരു ചില്ലീനപ്രകാശവും നല്ലൊരുവിലാസവും കുഞ്ചി
താളകംനല്ല ചഞ്ചലാപാംഗപ്രഭാസഞ്ചയം വിളങ്ങുന്നചാരുലോചനങ്ങ
ളും * പുഞ്ചിരിപ്രകാശാങ്കാഞ്ചിതാധരസ്ഥലേ കിഞ്ചിദുന്മിഷൽക
ലാദന്തകാന്ത്യാദിപിന്നെ * സ്വൎണ്ണകുണ്ഡലങ്ങളാൽ പൂൎണ്ണശോഭനങ്ങളാം
കൎണ്ണപാശങ്ങൾരണ്ടും കണ്ടുകണ്ടാനന്ദിച്ചു * കണ്ണാടിപോലെചാരുഗണ്ഡ
ഭാഗവുംകണ്ടു വൎണ്ണവൎക്കധീശനുംകണ്ണുകൾതെളിഞ്ഞുള്ളിൽ * പൊ
ണ്ണന്മാരായുള്ളോൎക്കുദണ്ഡമെന്നേവേണ്ടു * പങ്കജദളത്തിനോടങ്കത്തേക്കു
റിച്ചുകൊണ്ടുകുറിച്ചീടുന്നൊരു കൊങ്കകളണിഞ്ഞൊരു * കുങ്കുമാരുണ്യദ
ളാലംകൃതമാകും മഞ്ജുനിസ്തുലംവിളങ്ങുന്ന തങ്കമാലകൾചേരും * മങ്കമാർ
മണിയുടെമാറിടംമനോഹരം പങ്കജാക്ഷന്റെലോകമന്ദിരമെന്നപോലെ
* കങ്കണാംഗുലീയകാലംകൃതകരാഞ്ചലം കിങ്കിണീമണികാഞ്ചീകലിതംകടീ
ടം * മഞ്ജുമഞ്ജീരച്ചയരഞ്ജിതങ്ങളാംപാദ കഞ്ജങ്ങൾകൊണ്ടുമൃദുസ

ഞ്ചാരംമനോഹരം * കഞ്ജനേർമിഴിയുടെകാന്തിയാംപീയൂഷംകൊണ്ടഞ്ജനാ സമ്പൂർണ്ണമായ്വന്നിതുസഭാതലം * പുണ്ഡരീകാക്ഷൻദേവൻതന്നുടെ തനൂജയെ പൂർണ്ണമാംപുണ്യത്തോടെ കണ്ടൊരുദശാന്തരേ * പണ്ഡിതം ധൈര്യമെന്നുചേതസിധരിച്ചുടൻ കണ്ണുകളടച്ചിരുന്നിങ്ങിനെവിചാരിച്ചാൻ * മന്മഥൻമഹാശരൻമാദൃശന്മാർക്കുപോലും കല്മഷംജനിപ്പിപ്പാൻകശ്മലനവൻമതി * സോദരിയുടെമുഖംനന്ദിനിയുടെമുഖംസോദരപ്രിയാമുഖംപുത്രവല്ലഭാമുഖം * സാദരമിവയൊന്നുംസൂക്ഷിച്ചുനോക്കീടരുതാദരാൽ കണ്ടാൽകാമൻമാനസമിളക്കീടും * നാലുമഞ്ചെട്ടുംവയസ്സാകിയതനൂജയെ കാലുശുശ്രൂഷിപ്പാനാക്കീടരുതജ്ഞൻമാരും * തൈലലേപനത്തിനുതാരുണ്യംകലർന്നൊരു ബാലനെക്കൊണ്ടുവേണ്ടാമാതാവിന്നൊരിക്കലും * ഷഷ്ടിവത്സരംകഴിഞ്ഞീടിനസുതനെക്കൊണ്ടിഷ്ടശുശ്രൂഷാവിധിചെയ്യിച്ചാൽദോഷമില്ല * കാമിനീജനമെല്ലാംകാരണംപുരുഷന്മാർക്കാമയക്ലേശകഷ്ടമോഹപാപങ്ങൾക്കെല്ലാം * വൃദ്ധനാംജനകനുംപുത്രന്റെമഹിഷിയെ സ്നിഗ്ദ്ധമാംവണ്ണംനോക്കിക്കാണരുതെന്നുശാസ്ത്രം * ഇത്ഥമെത്രയുംമർത്ത്യൻബോധിച്ചുവസിക്കാതെ ബദ്ധനാകയാലല്ലോപാതകേപതിക്കുന്നു * വസ്തുതവിചാരിച്ചാൽനാരിമാരെന്നുള്ളൊരു വസ്തുതാനഹോകഷ്ടമെത്രയുംജുഗുപ്സിതം * ഉല്പലാക്ഷിമാരുടെവക്ത്രവുംകുചങ്ങളും മല്ലിബന്ധങ്ങളെന്നറിഞ്ഞാവോളംവെറുക്കണം * അസ്ഥിരംദുരാഗ്രഹങ്ങൾക്കൊരുവാസസ്ഥാനം അസ്ഥിമജ്ജാസൃങ്മേദഃശുക്ലസംബദ്ധംദേഹം * ശോണിതംമലമാംസമൂത്രപൂംദുർഗ്ഗന്ധവും കഷ്ടമെന്നിയേനിറച്ചിട്ടുവാനൊരുപാത്രം * ശ്രോത്രനേത്രാദിനവദ്വാരങ്ങളുടയൊരു ഗാത്രപിണ്ഡത്തെക്കണ്ടുകാമിച്ചതരുണന്മാർ * കൃത്യങ്ങളുപേക്ഷിച്ചുദേഹവുംകൂടെവെടിഞ്ഞത്യന്തംനിഗീശന്മാർനിത്യവുംപ്രവർത്തിച്ചു * സത്യവുംവെടിഞ്ഞുടൻ നാസമിഴിമാർക്കടുത്തായ്മരുവുന്നു മർത്ത്യമൂഢന്മാരെല്ലാം * വിൺമയമൂത്രാഗാരംഗുഹ്യമാംപ്രദേശത്തെ ശർമ്മകാരണമെന്നുകല്പിച്ചുരമിക്കുന്നു * ജന്മസാഫല്യംനാരീസംഗമെന്നോർത്തുമർത്ത്യൻ ധർമ്മലോപത്തെ വരുത്തീടുന്നുകഷ്ടം!കഷ്ടം! * ത്വക്കുകൊണ്ടാവരണിച്ചദുർഗ്ഗന്ധപദാർത്ഥങ്ങളൊക്കവേ നിറച്ചുള്ളതോൽക്കുടമെന്നപോലെ * ഓർക്കുമ്പോൾവിരാഗമേ സംഗതിയുള്ളുപാർത്താൽ അക്കാമിപ്പരമാർത്ഥജ്ഞാനമില്ലല്ലോകഷ്ടം * ഇത്തരംവിചാരിച്ചുവൈരാഗ്യംവരുത്തിക്കൊണ്ടെത്രയും പണിപ്പെട്ടുമാനസമുറപ്പിച്ചു * നേത്രവുംമിഴിച്ചുടനത്രമോഹനാംഗിയെ പാർത്തുകൊണ്ടരുൾചെയ്തു പങ്കജോത്ഭവൻമുദാ * മത്തകാശിനീമണേ! ബാലികേസുലോചനേ! മത്തകോകിലവാണി!! മാനിനീമനോരമേ! * ഞാനൊരുകാര്യംസാധിച്ചീടുവാനല്ലോനിന്നെമാനസധ്യാനംകൊണ്ടു നിർമ്മിച്ചുനിരാമയേ * മോഹനീയാംഗീനിന്നെക്കാണുന്നജനമെല്ലാം മോഹവൈവശ്യംപൂണ്ടു വിക്ലബന്മാരാമല്ലോ * എന്നുള്ളവിരിഞ്ചന്റെവാക്കുകൾകേട്ടുമുദാ വന്ദനംചെയ്തുമെല്ലെച്ചൊല്ലിനാൾകൃശോദരി * താതഹേമഹാമതേതാവകപാദാംബുജേ ജാതസന്തോഷംവണങ്ങിടുന്നേനഹം വിഭോ! * ഏതൊ

രുകാൎയ്യംഭവാനെന്നോട്ടുകല്പിക്കുന്നതേതുമേമടിയാതെ ഞാനതുസാധിച്ചീ
ടാം * നിന്നുടെനിയോഗങ്ങളിന്നെസാധിപ്പതി നെന്നുടെശരീരസൌ
ന്ദൎയ്യംകാണുന്നനേരം* മന്നിടംസുരാലയംപന്നഗപുരമെന്നീ മൂന്നുലോക
ത്തിൽമേവും പ്രാണിവൃന്ദങ്ങളെല്ലാം * തന്നെത്താനറിയാതെകാമ
സന്തപ്തന്മാരായ്‌വന്നുമൽപുരോഭാഗേ കിന്നരായ്‌വണങ്ങീടും * ത
ന്വീനാംസ്വഭാവസിദ്ധമായ്ത്തന്നെവുംസാഞ്ചിത്തം സന്നമിപ്പിപ്പാനുള്ള
ശക്തിയുണ്ടല്ലോതുലോം* തന്നുടെഗുണങ്ങളെ രസപിങ്ഗിയാർതാന്തന്നെ
വൎണ്ണിക്കില്ലെതുമറിഞ്ഞീടുക വിധാതാവേ! * സ്ത്രീകളെ ള്ളനാമം
കേൾക്കുന്നനേരംതന്നെ പ്രാകൃതന്മാരാമല്ലോകാമികളശേഷവും *
കണ്ടിവാർകുഴൽമണിമാരുടെവിലാസവും കണ്ടിരിക്കുന്നപുമാന്മാരെയെ
ന്തുരചെയ്‌വൂ * ധൈൎയ്യവുംവിവേകവും ധൎമ്മവുംവിനീതിയുംകാൎയ്യ
ബോധവുംരോഷംകാരുണ്യപ്രബോധവും * വീൎയ്യവുംവിബുദ്ധിയുംവിദ്യയും
വിശുദ്ധിയും നാരിയെക്കാണുന്നേരംനാസ്തിയായ്പോമെന്നാം * കാതരാക്ഷി
മാർമൂലംതന്നുടെസുതൻതന്നെ വീതസന്ദേഹംകൊലചെയ്യുന്നുജനകനും
* താതനാത്മജനെയുമാത്മജൻതാതനെയും ചേതസിമടിക്കാതെഹിംസ
യെച്ചെയ്തീടുന്നു * ജ്യേഷ്ഠനെച്ചതിച്ചുകൊന്നീടുന്നുസഹോദരൻ ജ്യേഷ്ഠനുമ
നുജനെക്കൊല്ലുവാൻകില്ലില്ലല്ലോ * ബന്ധുവെന്നില്ലഗുരുഭൂതനെന്നതുമി
ല്ല ബന്ധവുംവണ്ടാകവഹത്തിനെന്നറിഞ്ഞാലും *ബന്ധുരാംഗിമാരുടെ
പുഞ്ചിരിപ്രപഞ്ചമാം ബന്ധനാഗാരംതന്നിൽബദ്ധനാകിയപുമാൻ * അ
ന്ധനെപ്പോലെകണ്ണുകാണാതെവസിക്കുന്നു ഇന്ധനംകൂടാതുള്ളോരഗ്നിയി
ൽദഹിക്കുന്നു * മൂകനെപ്പോലെമിണ്ടാതായ്പോം പതിതനോ ടേകധൎമ്മാചാ
ൎയ്യരുംഭൃത്യനായിട്ടുംവരും * ഇങ്ങിനെവികൃതികളോരോന്നേജനിപ്പിപ്പാനം
ഗനാജനങ്ങളെപ്പോലെമറ്റാരുംനാസ്തി * സ്ത്രീയുടെമുഖാംബുജംചന്ദ്രനെ
പ്പോലെരമ്യം പ്രായശോഭയെവൎണ്ണിച്ചീടുന്നുകവിജനം * അയതുനേരല്ലെ
ന്നെന്നുടെപക്ഷംശശി ക്കായതാപാംഗവിക്ഷേപാദികളുണ്ടാകുമോ? *
നല്ലൊരുസുഗന്ധവുംനല്ലൊരുസല്ലാപവും നല്ലൊരുചുണ്ടുപല്ലുംനേത്രവി
ല്ലാട്ടങ്ങളും * ഇഗ്ഗുണപ്രപഞ്ചത്തിലൊന്നുപോലുമേനാസ്തി വൽഗുശോഭ
നംശൃംഗാരാംഭോജനംനോക്കുന്നേരം * വൽഗുവാണിമാരുടെവക്ത്രബിംബ
ത്തെപ്പോലെ സദ്ഗുണപ്രവൃത്തമാംവസ്തുമറ്റൊന്നുമില്ല * കാമസന്തപ്ത
ന്മാരാംകാമികൾമഹാവിധം കാമിനീമണിയെന്നുംകഞ്ജനേർമിഴിയെന്നും
* പല്ലവാധരിയെന്നുംപങ്കജമുഖിയെന്നും വല്ലകീവാണിയെന്നുംവല്ലഭാമ
ണിയെന്നും * ഉന്നതസ്തനിയെന്നുംസന്നതാപാംഗിയെന്നും ചന്ദ്രികാസു
ഹാസിനീപാൽമൊഴിമൌലിയെന്നും * തന്നുടെഹിതംപോലെ വൎണ്ണനം
ചെയ്തുകൊണ്ടു തന്വംഗിമാരെത്തന്നെസേവിച്ചുജപിക്കുന്നു *നാരിയെന്നു
ള്ളമന്ത്രമെപ്പൊഴുംജപിക്കുന്നു നാരിമാരെത്തന്നെധ്യാനിച്ചുവസിക്കുന്നു *
നാരിയെലാളിക്കതാൻനാരിയെസേവിക്കതാൻപാരിലിപ്രസംഗമല്ലാതെമ
റ്റെന്തൊന്നുള്ളു * എന്നതുകൊണ്ടുജഗത്തൊക്കവേനാരീവശാൽ തന്നുടെ
യുല്ലാസത്താലൊക്കവേമോഹിക്കുന്നു * നല്ലൊരുവിലാസങ്ങൾഞാനിഹ

തുടങ്ങുമ്പോൾ കല്ലുകൾക്കുടെച്ചലിച്ചീടുമെന്നറിഞ്ഞാലും * ചൊല്ലുകവിധാതാവേയാരുടെവ്രതഭംഗം ചൊല്ലേറുംതരുണിഞാനെങ്ങനെസാധിച്ചീടേണ്ടു * വല്ലതുംഭവൽകൃപകൊണ്ടുഞാനനുഷ്ഠിക്കാംവല്ലഭം നമുക്കില്ലദ്ദൂഷണമതുമില്ല * ഇത്തരംപറയുന്നമത്തകാശിനിയോടഞ്ചുത്തരമരുൾചെയ്തു സാദരംചതുർമ്മുഖൻ * മൽസുതേമനോഹരേമാനിനീശിരോമണേ! മത്സ്യലോചനേ!നിന്റെഭാഷിതംമനോഹരംനിന്നുടെരൂപം കണ്ടാലപ്പൊഴെമോഹിച്ചീടുംമന്നിടേദിവിരഥാപാതാളമേവുംജനം* എന്നുടെമനക്കാമ്പിൽപോലുമുള്ളൊരുധൈര്യം ഭിന്നമായ് വന്നുനിന്നെക്കാൺകയാൽസ്വല്പനേരം * എത്രയുംപണിപ്പെട്ടുമാനസമുറപ്പിച്ചു ഇത്രനേരവുമതുനമ്മുടെപരിശ്രമം * ഇങ്ങിനെമനോജ്ഞമാമംഗനാമണിയാൾ നീ എങ്ങിനെമറ്റുള്ളവർവാഞ്ഛരിയാതിരിക്കുന്നു? * സാമ്പ്രതംസാകേതാഖ്യേമന്ദിരേവസിക്കുന്നു സന്തതാനന്ദംമഹാവിക്രമിരുഗ്മാംഗദൻ * സൂര്യവംശാലംകാരൻസുന്ദരൻസുധാർമ്മികൻ വീര്യവാൻവിദ്യാനിധിവിശ്രുതൻവിശാംപതി * അങ്ങനെവിളങ്ങുന്നരുഗ്മഭൂഷണൻതന്റെ അംഗനാസന്ധ്യാവലിയെന്നുപേരായുള്ളവൾ * കന്നൽനേർമിഴിയാളേകാമിനിനിന്നെപ്പോലെ ധന്യകാമിനിയവൾധർമ്മശാലിനിയവൾ * അവൾ പ്രസവിച്ചുജാതനാംധർമ്മാംഗദൻ അയതേക്ഷണൻമഹാഗംഭീരൻമഹാമതി * വീര്യവാനഷ്ടാദശദ്വീപങ്ങൾക്കധിപതി ധൈര്യവാൻധാതാവേസാമാംരത്നാന്തനെ * നീരസംനാരീസംഗമെന്നൊരുവിയോഗത്താൽ ദാരസംഗ്രഹക്രിയ ചെയ്തീലധർമ്മാംഗദൻ ഇങ്ങിനെജനകനുംപത്നിയുംതനയനും തിങ്ങളിലിരുന്നുപവാസം ചെയ്തീടുന്നൂനം * ഉത്തമമേകാദശീനാളുപവാസവ്രതം യുക്തമെത്രയും വിഷ്ണുപ്രീതികാരണംപരം * ഭേരിതാഡനംചെയ്തങ്ങിനെസംബോധിപ്പിക്കും പാരിലുള്ളവർകൾക്കമന്നവൻരുഗ്മാംഗദൻ * അദ്രിനേഭുജിക്കുന്നദേഹിയെദണ്ഡിപ്പിക്കുമെന്നിനാൽഹരിദിനമെല്ലാരുംനോറ്റീടുന്നു * വിഷ്ണുവാസരംനോറ്റുവിശപവാസികളെല്ലാം വിഷ്ണുലോകത്തെപ്രാപിച്ചീടുന്നുസുലോചനേ! * എന്നതുകൊണ്ടുയമൻതന്നുടെനികേതനം ശൂന്യമായുപാരംഖിന്നനായ്വന്നാനവൻ * ചിത്രഗുപ്തനുമപത്രവ്യാപാരമില്ലാതായി അത്രവന്നവസ്ഥകളെന്നോടുബോധിപ്പിച്ചു * ആയതുകൊണ്ടുനിന്നെസൃഷ്ടിച്ചുവരാനനേ! ആയതുമുടക്കുവാനാരംഭിച്ചീടണം നീ * മന്ദരാചലേചെന്നുവീണയും വായിച്ചുടൻ മന്ദഹാസിനീബാലേ!വാഴ്കനീ യഥാസുഖം * അന്നേരംരുഗ്മാംഗദൻനിന്നുടെനാദംകേട്ടു തന്നുടെകുതിരയുംവെടിഞ്ഞുവേഗംവരും * നിന്നോടുഭാര്യാഭോഗംപ്രാർത്ഥിക്കുമപ്പോളവൻ തന്നോടുരണ്ടുവരംചോദിച്ചുവാങ്ങീടുക * സത്യസന്ധനാമവൻദക്ഷിണകരംകൊണ്ടുസത്യവും ചെയ്യുമപ്പോൾനിങ്കലെപ്രേമവശാൽ * കാന്തനോടൊരുമിച്ചുനീയുംസാകേതംപുക്കുമുദാ കാന്തലീലയുമാചരിച്ചുവാണീടുക * രുഗ്മഭൂഷണൻനൃപൻനിന്നുടെഗുണാംബുധൌമഗ്നനായ്വന്നേരംചോദിക്കാംവരങ്ങളെ * ഏകമാംവരംമുമ്പിൽചോദിക്കാമേകാദശി ഏകവാസരേഭുജിക്കേണമെന്നവനോടു * ഇന്നുഞാൻഭുജിക്കയില്ലെന്നവൻപറഞ്ഞാകിൽ പിന്നെനീരണ്ടാംവരം

ചോദിച്ചീടുകശുഭേ * ഖഡ്ഗമാംവാളുകൊണ്ടുനന്ദനൻതന്റെകണ്ഠം ഖണ്ഡിച്ചുതരേണമെന്നിങ്ങനെചോദിക്കനീ * തന്നുടെകുമാരനെത്താനതന്നെകൊലചെയ്യാ ന്മനവമ്മടിക്കമെന്നോൎക്കനീമമാത്മജേ * അന്നേരമേകാദശ്യാമന്നഭോജനംചെയ്യുമപ്പോഴേവ്രതഭംഗമെന്നതുംസാധിച്ചീടും * അന്തകൻനിരൂപിച്ചകാൎയ്യവുംവന്നുതന്റെ ചന്തമേറിനപുരംപൂൎണ്ണമായ്വന്നുകൂടും* നാസ്തിയാമേകാദശീസുവ്രതംമഹീതലേനാസ്തികന്മാരായ്വരുംമാനുഷന്മാരുമെല്ലാം * പാതകാവലിക്കുമ്പോൾകാലദൂതന്മാർചെന്നുവീതസന്ദേഹംകണ്ഠേപാശബന്ധനംചെയ്യും* താഡനംചെയ്തുനരകങ്ങളിൽപ്പതിപ്പിച്ചുപീഡനംചെയ്യിപ്പിപ്പാനുള്ളോരുവഴിയാകും * ഇങ്ങനെവരുത്തുവാൻപോകനീവിരവോടേ മംഗലാകൃതേസുതേ!മംഗലംഭവിക്കതേ! * ഭാരതീപതിയുടെഭാഷിതംകേട്ടുമുദാ സാരസാക്ഷിയാമവൾചൊല്ലിനാൾമന്ദംമന്ദം * പേറിനിക്കുണ്ടായില്ലപത്മസംഭവ!വിഭോ! നാരിയെന്നതുമാത്രംപോരുമോ!മഹാമതേ! * എന്നതുകേട്ടുവിധിമന്ദഹാസേന ചൊന്നാൻനന്ദിനീനിനക്കൊരുപേരുഞാനരചെയ്യാം * മോഹനംനിന്റെരൂപമെന്നതുകൊണ്ടുബാലേ, മോഹിനിയെന്നുനാമംസംഭവിക്കണംബുധം. ചാരുഭാഷിണിനിന്റെപേരുമിങ്ങിനെയായാൽ ചേരുമിന്നതിനുനീപോരുമെന്നറിഞ്ഞാലും * മോഹമുൾക്കൊണ്ടുതദാമോഹിനിവിരിഞ്ചന്റെപാദവന്ദനംചെയ്തുനടന്നാൾപതുക്കവേ * സുന്ദരാംഗിയാമവൾമെല്ലവേപോന്നുവന്നു മന്ദരാചലംതന്നിലിറങ്ങിനിന്നീടിനാൾ*ഉന്നതമ്മഹാചലം മന്ദരംമനോഹരം മുന്നമേകദാമുനിശാപത്താൽവിഷണ്ണമാം * വാനവർമുതലായിദാനവന്മാരുംകൂടി പീനദീൎഘമായുള്ളവാസുകീപാശംകൊണ്ടു * ബന്ധിച്ചുവിരവോടെമന്ദരക്ഷമാധരം മന്ഥദണ്ഡവുമാക്കിപ്പാലാഴികടഞ്ഞനാൾ*വാരിയിൽമുഴുകിയോരദ്രിരാജനേമുദാ വാരിജാക്ഷനാംവിഷ്ണുകൂൎമ്മരൂപിയായ്വന്നു * കല്പരംകൊണ്ടുതാങ്ങിപൊങ്ങിച്ചുധരാതലംസൎപ്പപാശാലകൎഷണംചെയ്യിച്ചതുള്ളിനാൻ * അപ്രകാരമുള്ളോരുമന്ദരംമഹാശൈലം സുപ്രസന്നയാമവൾകണ്ടുകണ്ടാനന്ദിച്ചാൾ*വൃക്ഷങ്ങൾലതകളുംപക്ഷികൾബഹുവിധം ഋക്ഷങ്ങൾതരക്ഷുക്കളാനകൾസിംഹങ്ങളും*യക്ഷകിന്നരന്മാരുംരാക്ഷസസുരന്മാരുംലക്ഷകോടിയിലേറെംദേവകാമിനിമാരും *ചാരണാവലികളുംഗന്ധൎവ്വാധിപന്മാരും ആരണന്മാരുംമുനിവൃന്ദവുംദേവന്മാരും *കന്ദരാലയങ്ങളിൽസുന്ദരാംഗിമാരുടെ സംഗീതധ്വനികളുംശൃംഗാരലീലകളും* അങ്ങനെമനോഹരംമന്ദരോപരിസ്ഥലേ മംഗലംശിവലിംഗംവജ്രവിഗ്രഹംകണ്ടാൾ * ഉന്നതമായലിംഗമെന്നുംപൎവ്വകണ്ണോരു പന്നഗാഭരണന്റെവിഗ്രഹംവിളങ്ങുന്ന * ഏറ്റവുംവിശാലമാംനീലപാഷാണസ്ഥലേ ചിത്രമാംലിംഗത്തിന്റെസന്നിധൌവസിച്ചവൾ *മോഹനീയമാകുന്ന സംഗീതംതുടങ്ങിനാൻ മോഹിനീമനോരഥം സാധിപ്പാൻമോഹത്തോടെ * തോടിയുംകല്യാണിയുംശങ്കരാഭരണവും പാടിയുംവരാടിയുംമോഹനംസാരംഗവും * ഗൌരിയുംമുഖാരിയുംഗൌഡിയുംസാവേരിയും ഭൈരവികാംബോജിയുംസുരുട്ടികണ്ണാടവും * നാട്ടയുംനവരസമെന്നിവവിപഞ്ചിയിൽ

കുട്ടിമെളിച്ചുകൊണ്ടങ്ങൊസ്ഥയാമേവീടിനാൾമേളവും പലപലതാളവും കേട്ടു
കേട്ടൊളകണ്ഠന്റെതിരുപ്പുള്ളവും പ്രസാദിച്ചു * വജ്ജ്വലംഗാഗ്രേതന്റെവ
ക്രത്തെപ്പ്രകാശിപ്പിച്ചു ജ്വലിച്ചിരുന്നതളിടിനാൻഗൌരീകാന്തൻ * വി
ഗ്രഹംവിരച്ചിച്ചാരുവിശ്വനാഥനമുള്ളി ലാഗ്രഹമുണ്ടായ്വന്നുമാഹിനീദേ
ഹംപൂണ്ടവൻ * അങ്ങിനെവിനോദിച്ചുമോഹിനിവാഴുംകാല മങ്ങയോദ്ധ്യ
യിൽവാഴുംഭൂപതിരുഗ്മാംഗദൻ * മുഖ്യമാമേകാദശീധർമ്മവുമനുഷ്ഠിച്ചു
സൌഖ്യമാംവണ്ണംതന്റെഭാര്യയുംതനൂജനും * മന്ത്രികൾപൌരന്മാരും
മററുള്ളബുധന്മാരും മന്ത്രതന്ത്രജ്ഞർപൂജ്യഭൂസുരവരന്മാരും * ശ്രോത്രിയ
ന്മാരുംനല്ലവൈദികന്മാരുംനാനാ ശാസ്ത്രികൾപുരോഹിതർജ്യോതിഷക്കാ
രന്മാരും * മിത്രബാന്ധവന്മാരുമൊന്നിച്ചുരമിക്കുന്ന മിത്രസന്ത്രാണം
പൻപുത്രനോടരുൾചെയ്തു * നന്ദനാധർമ്മാംഗദ! നമ്മുടെരാജ്യങ്ങളിൽവ
ന്ന്യനാംമുകുന്ദസേവിച്ചുമേവീടുന്ന * ഇക്ഷിതിവാസിജനംവിണ്ണവാ
സരങ്ങളിൽകൂടിനോളുറങ്ങാതെരാപ്പകൽകഴിക്കുന്നു * ജ്ജനംവരുത്തുവാ
നെളുതാൻയത്നംചെയ്തു സദ്ഗതിയുടെമാർഗ്ഗംസാധിച്ചുനമുക്കിപ്പോൾ*
യൌവനംകഴിപോലെവന്നിളനിങ്ങിപ്പോൾ യൌവരാജ്യാഭിഷേകംചെ
യ്വാനുംകാലംവന്നു * മേദിനീതലമെല്ലാംനീയിനിപ്പാലിക്കണം ചെടിയാ
തിരിക്കണംനമുക്കിനിമേലിൽ * അതിനുകേശവസ്വാമിപാദപങ്കജങ്ങളെ
സാദരംഭജിച്ചുഞാൻകാലത്തെക്കഴിക്കുന്നേൻ * പുത്രനെക്കൊണ്ടുരാജ്യം ര
ക്ഷിപ്പിക്കാതെവാഴും ക്ഷത്രിയനുകീർത്തിയുംപാപവുംലഭിച്ചീടും * പുത്ര
നംപിതൃശാസനംമാനിക്കാഞ്ഞാ ലെത്രയുംമഹാപാപം സംഭവി
ച്ചീടുംബാല! * രക്ഷണമുറക്കവുംകൂടാതെതന്നെഭൂമി രക്ഷണം നല്ലകാ
ലംചെയ്യതെന്ധർമ്മാംഗദ! * ഇക്ഷണംഗുണാംബുധേ! നിങ്കലാക്കിട്ടുന്നേൻ
ഞാൻ ലക്ഷണംശുഭമായിക്കാണുന്നു സമസ്തവും * ദേശസഞ്ചാരം ചെയ്ക
മാശയുണ്ടിനിക്കെടോ ക്ലേശമെന്നിയേബഹുതീർത്ഥങ്ങളാടിക്കൊള്ളാം
* കാശിയും പ്രയാഗയും കാവേരിതീർത്ഥങ്ങളും നാശമില്ലാതെബഹു
സ്നാനമുണ്ടോരോതരം * ഗംഗയിൽസ്നാനത്തിനുസംഗതിവരുന്നാകിൽ ലിം
ഗസംബന്ധംപുനരില്ലെന്നുധരിക്കനീ * മംഗലസ്ഥലമ്പലതുണ്ടെടോധ
ർമ്മാംഗദാ തുംഗമാകിനശൈലമന്ദരംമഹാപുണ്യം * മന്ദരഗിരിയുടെക
ന്ദരങ്ങളിലെല്ലാം മന്ദിരങ്ങളിൽപോലെമേവുന്നമഹാജനം * മന്ദരാഹസ്സാ
യുള്ളമാനുഷൻവിചാരിച്ചാ ലൊന്നുമേഫലമില്ലനന്ദനാദയാംബുധേ! *
നല്ലൊരുകുതിരമേലേറിഞാൻഗിരികളിൽചെല്ലുവാ നൊരുമ്പെട്ടേനെന്നു
നീധരിച്ചാലും * കാനനങ്ങളിൽചിലമാമുനിശ്രേഷ്ഠന്മാരും മാനനീയ
തപംപൂണ്ടയോഗികൾ യതികളും * മാനസമുറപ്പിച്ചുമേവുന്നദിവാനി
ശം ഞാനവർകളെച്ചെന്നുവന്ദിച്ചുവന്നീടുവൻ * ജ്ഞാനവുമുണ്ടായ്വരും
പാപവുംനശിച്ചീടും ഞാനെന്നുള്ളഹമ്മതിതീരുമെന്നറിഞ്ഞാലും * കാ
നനേനായാട്ടെന്നകൈതവംകൈക്കൊണ്ടുഞാൻ ദിനമെന്നിയേലോകേ
നടന്നുപോന്നീടുവൻ * എന്നുള്ളജനകന്റെവാക്കുകൾകേട്ടുബാലൻ വ
ന്ദനംചെയ്തുനിന്നുപറഞ്ഞുധർമ്മാംഗദൻ * താതപാദങ്ങൾ നമുക്കാശ്ര

സംവിഭോ! തവ വീതസന്ദേഹംദേഹദേഹിക്കമൂലംഭവാൻ * നിന്നുടെക
ടാക്ഷങ്ങളുണ്ടെങ്കിൽ വഴിപോലെ മന്നിടംമാത്രമല്ല സ്വൎഗ്ഗവുംപാതാളവും*
ദീപുകൾപതിനെട്ടുംപാലനംചെയ്തീടുവൻ ദീപങ്ങൾജ്വലിപ്പതിന്നു ഭ്രം
ശമല്ലോമൂലം * എന്നതുപോലെഭവൽക്കാരുണ്യമുണ്ടെന്നാകിലുന്നതിനമു
ക്കുണ്ടാമതിനുകില്ലില്ലേതും*താതനെ പ്രണാമവുംചെയ്തുടൻധൎമ്മാംഗദൻ ഭൂ
തലവാസികളെവരുത്തിച്ചൊല്ലീടിനാൻ * താതശാസനംകൊണ്ടുഞാനി
ന്നിങ്ങൾക്കെല്ലാം നാഥനെന്നറിയണംമാനവന്മാരേനിങ്ങൾ * താതക
ല്പിതമേകാദശ്യുപവാസവ്രതം പാതകപ്രണാശനംഭംഗമാക്കിടൊല്ലയേ *
വിഷ്ണുവാസരവ്രതം കാരണംഭക്തന്മാൎക്കു വിഷ്ണുസായൂജ്യംഫലംവിശ്വസിക്ക
ണംനിങ്ങൾ *കാലനെപ്പേടിക്കേണ്ടകല്മഷംബന്ധിക്കാഞ്ഞാൽ കാലനും
ഭവാന്മാരെക്കൊണ്ടൊരുഫലംനാസ്തി *വിപ്രരുംക്ഷത്രിയരുംവൈശ്യരുംശൂ
ദ്രന്മാരും സുപ്രസന്നന്മാരായിതന്നെസേവിക്കാതെ *തന്നുടെജാതിധൎമ്മംവി
ധിപോലെല്ലാവരുംപന്നഗാശനധ്വജപ്രീതിയെച്ചെയ്തീടണം*നാലുജാതി
ക്കുമേകാദശ്യുപവാസംയോഗ്യം നാലുവേദങ്ങൾക്കുടിക്കല്പിച്ചകൎമ്മമിതു *
സ്ത്രീകളുംബാലന്മാരുംവൃദ്ധരുംയുവാക്കളും ഒക്കവേയേകാദശിനോല്ക്കണം
മടിയാതെ * സ്ത്രീകൾക്കുരജസ്സ്വലാകാലത്തുനോല്ക്കാമിതിന്നു തൈലവും
താംബൂലവുംനിദ്രയുംസ്ത്രീസംഗവും * നാലുവസ്തുക്കളുപവാസികൾത്യജി
ക്കണം ബാലവൃദ്ധവിപരീതംചെയ്യുന്നജനങ്ങളെ *പാലനംചെയ്തില്ലെന്ന
ല്ലാളുഞാൻദണ്ഡിപ്പിക്കുംദണ്ഡ്യനെ ദണ്ഡിപ്പിക്കും ത്യാജ്യനെത്യജിച്ചീടും
ഖണ്ഡ്യനെഖണ്ഡിച്ചീടുംകണ്ടുകൊള്ളണംനിങ്ങൾ * ഇത്തരമുരചെയ്തുധാ
ൎമ്മികൻധൎമ്മാംഗദൻ സത്വരംജഗത്രാണംചെയ്തിതുയഥാവിധി *മന്നവൻ
രുഗ്മാംഗദൻഭാൎയ്യയോടുരചെയ്തു തന്വംഗി! സന്ധ്യാബലി! കേൾക്ക
മമമനോരഥം * വേട്ടയ്ക്കുവനാന്തരേപോകുന്നേനഹംപ്രിയേ! വേട്ടവൻ
പിരിയുമ്പോൾക്ലേശമുണ്ടെന്നാകിലും * ഏട്ടനാളഹോരാത്രംമാത്രമേക്ഷ
മിക്കേണ്ടു ഒട്ടുമേയതില്ലരം താമസംനമുക്കില്ല * ചൊല്ലിനാൾസന്ധ്യാ
ബലിചൊല്ലേറുംമഹീപതേ! നല്ലൊരുവഴിയല്ലനായാട്ടെന്നറിയണം *
തെല്ലുപോലുമേദോഷംചെയ്യാത്തജന്തുക്കളെ കൊല്ലുവാൻനടക്കുന്നുവില്ലു
മായ്പുറപ്പെട്ടു * നല്ലതേതല്ലനാഥ!ചൊല്ലുള്ളമഹാജനം ചൊല്ലുന്നു
ഹിംസാകൎമ്മമെന്നതുമഹാദോഷം * കൊല്ലുന്നപുരുഷനുംകൊല്ലുവാനാ
നുവദിച്ചീടുന്നപുരുഷനും മാംസഖണ്ഡനംചെയ്തുകൊടുക്കുംപുരുഷനും
മാംസത്തെവിറ്റുപണംനേടുന്നപുരുഷനും കല്മഷംസമമാകുമെന്നതുകൊ
ണ്ടെന്തു * നിൎമ്മലമിദമിനിക്കൊട്ടുമേഹിതമല്ല സമ്മതിക്കാനുമിങ്ങുഭാവ
മില്ലറിഞ്ഞാലും * ധൎമ്മവുംചെയ്തുഹരിപൂജയുംചെയ്തുകൊണ്ടു നമ്മുടെ
പുരേവസിച്ചീടുകതന്നെനല്ലു * എന്നതുകേട്ടുനരനായകനരുൾചെയ്തു
നന്നിതുനിന്റെമതംനായികേ! സന്ധ്യാബലി * കേട്ടുകൊള്ളുകയി
നിൎമ്മതരംപരമാൎത്ഥം വേട്ടയെന്നൊരുവ്യാജംഞാനിതാഘോഷിക്കുന്നു *
നാട്ടിലെവിശേഷങ്ങൾചെന്നുകണ്ടറിയണം കാട്ടിലെമുനികളെച്ചെന്നുട
ൻവന്ദിക്കണം * നാട്ടിലുള്ളവരെയുംവൈരമുള്ളവരെയും പാൎത്തുകണ്ടറി

യണമെന്നമന്മനോരഥം * മന്ദരാചലംകണ്ടുപോരുവാനുണ്ടുമോഹം സുന്ദരാനനേപരമാത്ഭുതമെന്നറിഞ്ഞാലും! * ഇത്ഥമങ്ങുരചെയ്യുന്നപതിരുഗ്മാംഗദൻ ബന്ധുസന്നാഹത്തോടെതൽക്ഷണംപുറപ്പെട്ടു * ഇന്ദ്രവാഹനമാകും വാജിരത്നത്തെപ്പോലെ ചന്ദ്രമണ്ഡലപ്രഭപൂണ്ടെഴുമശ്വത്തിന്മേൽ * സാദരംകരേറിനാനഞ്ജസാരുഗ്മാംഗദൻ വേദിയന്മാൎക്കുവേണ്ടുംദാനങ്ങളതും ചെയ്തു * മങ്കമാരുടെകുചകുംകുമദീപങ്ങളാലഞ്ചിതംസുലക്ഷണംദക്ഷിണഭുജാഞ്ചലം * അംകുശാകൃതിരേഖാസഞ്ചിതംചതുൎക്കവേപങ്കജായുധോപമൻപാൎത്ഥിവനുയൎത്തിനാൻ * ആയതുകൊണ്ടുമഹീദേവരാലനുഗ്രഹംഅടരാൽചെയ്യപ്പെട്ടുഭൂപതിനടകൊണ്ടാൻ * കാട്ടുകളിത്ഥംപലതോട്ടുകൾനദികളുംവീട്ടുകൾകിണറുകളെന്നിവകടന്നുടൻ * വാമദേവാഖ്യൻമുനിവാണരുളീടുന്നൊരുവാമനാശ്രമംപോലെരമ്യമാംതപോവനം * പാവനംമനോഹരംപാവകജ്ജ്വാലാധൂമം പ്രഭവംപുരോഭാഗേവീക്ഷണംചെയ്യുന്നവൻ * താപസസാലങ്ങളുംസാലവൃന്ദരസാലവും നാലുഭാഗത്തുംകൃതമാലവുംതമാലവും * മാലതീജാതിചൂതംകേതകീമന്ദാരവും ബാലചന്ദനംപനസദ്രുമം പലവിധം * കേരവുംക്രമുകവുംകന്ദളീകദളിയും നാരകംനീവാരവുംദൎഭകൾകുശകളും * മല്ലികാമാലതിയുംതുമ്പയുംതുളസിയുംവല്ലികൾപലവിധംവൻപിച്ചുമരങ്ങളും * ഇങ്ങിനെമനോജ്ഞമാമാശ്രമങ്ങളിൽചെന്നിട്ടങ്ങനെമോദത്തോടെമന്നവൻരുഗ്മാംഗദൻ * ഭൂമിപൻകുതിരമേൽനിന്നുടൻവിരവോടെ ഭൂമിയിലിറങ്ങിനാൻഭക്തിമാൻവിനീതിമാൻ * കാമദേവനെപ്പോലെസുന്ദരൻനരാധിപൻ വാമദേവനെച്ചെന്നുവന്ദിച്ചുനിന്നീടിനാൻ * പ്രീതനാംമുനിവരൻസാദരമരുൾചെയ്തു ഭൂതലാധിപവിഭോ!മംഗലംഭവിക്കതേ * അൎഘ്യവുംപാദ്യമ്മധുപൎക്കവുംപരിഗ്രഹിച്ചൎക്കവംശജാ ഭവാനാസനേവസിക്കണം * വിഷ്ണുഭക്തനാംനിന്നെകാൺകയാലെന്റെജന്മം വിശ്രുതംശ്ശുഭംശ്ശുദ്ധമായ്വന്നദ്ധം * ശൌരിവാസരവ്രതംപാരിടംതന്നിൽഭവാൻ ഭേരിവാദനംകൊണ്ടുപൂരിപ്പിച്ചതുമൂലം * ശൌൎയ്യവാൻയമൻതന്റെദശാസനംവൃഥാഫലം പാരിലിവണ്ണമൊരുവിസ്മയമുണ്ടായീല * വിഷ്ണുഭക്തനായുള്ള ചണ്ഡാലൻപോലുംവന്ദ്യൻ വിഷ്ണുഭക്തിയില്ലാത്തമന്നവൻപോലുംനിന്ദ്യൻ * വിഷ്ണുപൂജചെയ്യാത്തമാനവന്മാരെയുണ്ടോ വിഷ്ണുഭാൎയ്യയാംദേവിവീക്ഷണംചെയ്തീടുന്നു * സ്വസ്തിതേമഹീപതേ!സുവ്രതരുഗ്മാംഗദാ അംസ്തിഗംഭീര!ജയിച്ചീടുകചിരംഭവാൻ * സാദരംസന്ധ്യാബലികാന്തനമുരചെയ്തു വേദപാതപോനിധേ!മാമുനേ!നമസ്കാരം * പൂജ്യാനാംഭവാനെന്നെപൂജിപ്പാനനൎഹനാം രാജ്യപാലകൻമഹാനിന്ദിതൻമഹീതലേ * മൂഢനാമഹംഭവൽപാദരേണുവെക്കാളുംലഘുലാഘവംമുനേ! മേദിനീസുരോത്തമ! * ഭൂമിദേവന്മാരല്ലോദൈവതം മഹാമുനെഭൂമിയിലവരോളംശ്രേഷ്ഠതപംമററാൎക്കൊള്ളൂ? * വിപ്രദേവന്മാൎക്കെല്ലാംവിപ്രിയംചരുത്തുന ദുഷ്ടഭൂജനമെല്ലാംക്ഷിപ്രമേനശിച്ചീടും * വിപ്രജന്മത്തെലഭിച്ചീടിനസുകൃതികൾ സുപ്രസന്നന്മാരവർവിഷ്ണുദേവന്മാർതന്നെ വാമദേവനമരുൾചെയ്തിതുനൃപനോടു കാമമെന്തതുധരിച്ചീടുകരുഗ്മാം

ഗദാ! * എന്തൊരുവസ്തുനിനക്കാശു ഞാൻതന്നിടേണ്ടു ചിന്തിതം പറകനീകാലതാമസംവേണ്ടാ * എന്നതുകേട്ടുമുദാ ചോദിച്ചുരുഗ്മാംഗദൻ എന്നുടെമനക്കാമ്പിലുണ്ടൊരുമനോരഥം * എന്തൊരു സുകൃതം ഞാൻപൂർവ്വജന്മത്തിൽചെയ്തേനെന്നതുപരമാർത്ഥമെന്നോടു കഥിക്കണം * മുന്നിലെജ്ജന്മങ്ങളിൽചെയ്തൊരുശുഭങ്ങളാൽ ഉന്നതിഭവിക്കുന്നു സംപ്രതമെന്നത്രേനം * എന്നുടെയനുഭവമെത്രയുംമനോഹരം എന്നുടെഭാര്യ മഹാസുന്ദരീസന്ധ്യാബലി * ശീലവുമൌദാര്യവുംവൃത്തിയുംവിനീതിയും കാലദേശാവസ്ഥാനുകൂലമാംകർമ്മങ്ങളും * അത്ര്യല്പവനിയിൽപാദങ്ങൾ വെയ്ക്കുന്നേരം തത്രവിളവേനിധികുംഭങ്ങൾകാണാകുന്നു * മൽപ്രിയസന്ധ്യാബലിമെല്ലവെതൊടുന്നേരം ക്ഷിപ്രമേവൃദ്ധന്മാർക്കുയൌവനംഭവിക്കുന്നു *അന്നവുംഭക്ഷ്യങ്ങളുമഗ്നികൂടാതെതന്നെ എന്നുടെകുടുംബിനിപാകവുംചെയ്തീടുന്നു *തൽസുതൻധർമ്മാംഗദൻതാനുമത്ഭുതോദയൻ മൽസുഖമനവധിസംഭൃതമാക്കീടിനാൻ *ഏകമാംദ്വീപത്തിനുമാത്രം ഞാനധിപതി എന്മകൻസപ്തദ്വീപങ്ങൾക്കുമിന്നധിപതി * എന്നതുകൊണ്ടുഭവിയിന്നിതുവിചാരിച്ചാലെന്നോളംസുകൃതികൾമറ്റാരുമില്ലദൃഢം * യുദ്ധത്തിലിരുപതിനായിരംനൃപന്മാരെ ബുദ്ധിമാൻമമാത്മജൻ വെല്ലിച്ചുമഹാബലൻ * ആറുമാസത്തെക്കാലമാഹവംചെയ്തബ്ബാലൻക്കൂറുകൊണ്ടതിസ്തുതിയല്ലിതുമഹാമുനേ! * അയതുവെടിഞ്ഞുകൊണ്ടോടിനാർനരേന്ദ്രന്മാ രന്നതുനേരമെന്റെനന്ദനൻചാപംവെച്ചാൻ * അസിതാക്ഷിയാംവിദ്യുല്ലേഖയെന്നൊരുത്തിയെ അയവൻകൊണ്ടുവന്നുവേഗേനസമ്മാനിച്ചാൻ * സ്ത്രീരാജ്യമെന്നുപേരായുള്ളൊരുരാജ്യംതന്നിൽ ധീമാനാംമമാത്മജൻചെന്നുപോയ്മുന്നംമുനേ * സ്ത്രീകളോടമർചെയ്തുജയിച്ചുവേഗാലൊട്ടു സ്ത്രീകളെക്കൊണ്ടുവന്നുനമുക്കേകീടിനാൻ * ദിവ്യവസ്ത്രാലങ്കാരപ്രിയമാമനവധി ദ്രവ്യസഞ്ചയംകൊണ്ടുവന്നിതുധർമ്മാംഗദൻ * ഇങ്ങനെയുള്ളസമ്പത്തൊക്കവേനമുക്കിപ്പോളിങ്ങനെവരാനുള്ളസംഗതിമഹാത്മാവേ! * അധിയില്ലിനിക്കേതുംവ്യാധിയുമില്ലദേഹേ ഭാര്യയുമനുകൂലമെന്നതേപറയേണ്ടു * വിഷ്ണുഭക്തിയുംഞങ്ങൾക്കൊക്കവേഭവിക്കുന്നു വിഷ്ണുവാസരവ്രതത്തിനൊരുഭംഗമില്ല * ഇത്തരംമഹാഭാഗ്യമൊക്കവെവരുവതി നത്രജാതമോ പുരാജാതമോപുണ്യപ്രദം * തൽപ്രകാരങ്ങളെല്ലാമെന്നോടുകഥിക്കണം വിപ്രപുംഗവ!ഭവാൻദിവ്യലോചനനല്ലൊ * ഇങ്ങനെരുഗ്മാംഗദൻവാമദേവനോടെല്ലാം ഭംഗിചേരുന്നപടിചോദിച്ചുശുഭാശുഭം *

ഇതി ഏകാദശിമാഹാത്മ്യം പ്രഥമകാണ്ഡം സമാപ്തം.

ദ്വിതീയകാണ്ഡം.

വിലപാചലാലയേ വാണരുളീടുന്ന വില്ലാളിവീരനാം ജാനകീനാഥന്റെ *ഫുല്ലാംബുജപ്രൗഢിവെല്ലും പദദ്വന്ദ്വ മല്ലാതൊരാധാരമില്ലെടോ ശാരികേ! * ചൊല്ലെടോ തൽപ്രസാദത്തിന്നുഹേതുവാം ചൊല്ലേറുമേകാദശീവ്രതോപാസനം *കല്യാണശീലനാംരുഗ്മാംഗദൻതന്റെ കല്യാണമായുള്ള സൽക്കഥാശേഷവും * സല്ലാപമങ്ങനെകേട്ടോരു ശാരിക ചൊല്ലാമിനിയെന്നു മോദേന ചൊല്ലിനാൾ * ഉല്ലാസമേറുന്നസൂതൻമുനികളോടുള്ളവണ്ണംപറഞ്ഞീടിനാനിങ്ങനെ * കാമദേവോപമനാകിയഭൂപനുംവാമദേവാഖ്യമുനീന്ദ്രനുംതങ്ങളിൽ *പ്രേമാനുരൂപംപ്രശംസിച്ചുവൃത്താന്തമാമോദമുൾക്കൊണ്ടുകേൾപ്പിൻമുനികളെ! *രുഗ്മാംഗദനോടരുൾചെയ്തുസാദരം തിഗ്മാംശുതുല്യനാംവാമദേവൻമുനി * സന്ധ്യാബലീപതേ!രുഗ്മാംഗദാഭവാൻ സന്തോഷമോടുശ്രവിച്ചുകൊൾകസഖേ * നിന്നുടെവംശത്തിനൊക്കവേകാരണംമുന്നിലെജന്മത്തിലുണ്ടായസൽക്രിയാ *ഭൂജന്മത്തിൽ ഭവാനൊരുശൂദ്രനായ് ഭൂതലേജാതനായ്വന്നിതുഭൂപതേ!*താതമാതാക്കൾമരിച്ചോരനന്തരം ഭൂതലംനീളവെസഞ്ചരിച്ചീടിനാൻ* കണ്ടുനീനല്ലൊരുവേശ്യയെക്കാമിച്ചു കണ്ടാലഴകുള്ളവളോടുകൂടവെ* തണ്ടാർശരാനന്ദലീലാവിലാസങ്ങൾ കൊണ്ടാടിമോടിയുംകൂടിവാഴുന്നനാൾ * കയ്യിലുള്ളർത്ഥങ്ങളെല്ലാം ചിലവിട്ടു കയ്യുംകടഞ്ഞുപുറപ്പെട്ടുമെല്ലവെ *അയ്യമിരന്നുനടന്നു പലകാല മയ്യോശിവശിവ! കർമ്മമെന്തോതിനി * നാരിയെവേർപെട്ടുദീനനായോരുനീ പാരിടംതന്നിൽനടന്നുദേശാന്തരേ * തീർത്ഥങ്ങളാടിസ്സുഖമേ നടക്കുന്നതീർത്ഥകബ്രാഹ്മണന്മാരോടുകൂടിനീ * മന്ദരപർവ്വതംതന്നിൽവിളങ്ങുന്ന ചന്ദ്രചൂഡാലയേചെന്നുയദൃച്ഛയാ * പൌരാണികന്മാർപുരാണങ്ങൾവായിച്ചുസാരധർമ്മങ്ങളെവിചാരിക്കുമന്തരേ * നല്ലൊരുശൂന്യശയനവ്രതമെന്നു ചൊല്ലാന്നപുണ്യങ്ങൾകേട്ടുനീയുംമുദാ * വിപ്രരെവന്ദിച്ചുനിന്നു വഴിപോലെ സുപ്രമോദംനിഗ്രഹിച്ചുമഹാവ്രതം * ചിങ്ങമാസത്തിൽദ്വിതീയനാളാരംഭമിങ്ങനെയുള്ളൊരുവിഷ്ണുസേവാവ്രതം *നാലുമാസമുപവാസംനിരന്തരം പാലുംപഴവുമശിക്കാമൊരുകുറി * നാലുജാതിക്കുമനുഷ്ഠിപ്പതിന്നനുകൂലമാംശൂന്യശയനമഹാവ്രതം * ലക്ഷ്മീസമേതനാംലക്ഷ്മീശവിഗ്രഹം ലക്ഷീകരിച്ചങ്ങുപൂജയുംചെയ്തുടൻ * ധൂപദീപാദ്യനിവേദ്യാദിപൂജയെ രൂപവൽബ്രഹ്മസ്വരൂപംനിരൂപിച്ചു * ലോപംവരാതെചാതുർമ്മാസ്യമിങ്ങിനെ പാപക്ഷയവ്രതംസാധിച്ചുകൊള്ളുകിൽ * ദാരിദ്ര്യദുഃഖംശമിക്കുംവിരവോടു ഭൂരിദ്രവിണംലഭിക്കുമരക്ഷണാൽ * ആരോഗ്യവുംനല്ലതേജസ്സുമായുസ്സുമാരംഭശുദ്ധിയുംബുദ്ധിസംശുദ്ധിയും * സന്താനലാഭവുംകീർത്തിയുംപൂർത്തിയും സന്തോഷവുംസദാസംഭവിക്കുംദൃഢം * പന്നഗാരിധ്വജപ്രീതിക്കുകാരണം അന്നദാനംഛത്രവസ്ത്രദാനങ്ങളും * ഗോദാന

യുംസ്വർണ്ണരത്നദാനങ്ങളും അകുന്നവണ്ണംകൊടുത്തു സന്തുഷ്ടരായ് ഉന്നതിക്കാഗ്രഹമുള്ളമർത്ത്യൻമുദാ പന്നഗാധീശശയിക്കുന്നദേവനെ * സർവ്വദാ സേവിച്ചുകൊള്ളണമാദരാൽ സർവ്വജാതിക്കുംസുഖംവരുമഞ്ജസാ * ഏവമാശ്ശൂന്യശയനവ്രതക്രമംസാവധാനംനിന്നുകേട്ടുകൊണ്ടുഭവാ * ന്നന്നുടെമന്ദിരേചെന്നുയഥാശക്തി താനങ്ങുശ്ശൂന്യശയനംതുടങ്ങിനാൻ * ചിങ്ങമാസേ ദ്വിതീയാദൌതുടങ്ങിനീ തിങ്ങൾനാലുംമുദാനോററുമേവീടിനാൻ * വിഷ്ണുപാദാംബുജംചിന്തിച്ചുവന്ദിച്ചു വിഷ്ണുനാമംജപിച്ചാദരാലെപ്പോഴും * വിഷ്ണുദേവാലയംതന്നിൽപ്രദക്ഷിണം വിഷ്ണുഭക്തന്മാരിലാസ്ഥാവിശേഷവും * മൌനവുംഗോവിന്ദനാമാമൃതസ്തുതി ധ്യാനവുംശക്തിക്കുചേരുന്നദാനവും * ഇങ്ങനെനാലുമാസോപവാസവ്രതം മംഗലാത്മാവേഭവാൻചെയ്തുകാരണം * തുംഗമാമാദിത്യവംശേജനിച്ചുനീ സംഗതിസമ്പത്തിനെല്ലാമതുസഖേ * തജ്ജന്മവാസനാമൂലംവിഭോഭവാൻ ഇജ്ജന്മമേകാദശീവ്രതോപാസനം * ജന്മദ്വയംവിഷ്ണുസേവാബലംകൊണ്ടു കല്മഷംനീങ്ങിവിശുദ്ധനായിഭവാൻ * നല്ലോരുഭാര്യയുംനല്ലോരുപുത്രനും നല്ലൊരുസമ്പത്തുമെല്ലാംലഭിച്ചുനീ * ചൊല്ലേറുമീശ്വരവിശ്വാസമെന്നുള്ള തല്ലാതെയെന്തൊരുസന്തോഷകാരണം * വിഷ്ണുദേവങ്കലുംവിപ്രദേവങ്കലും വിശ്വാസമുള്ളൊരുപുണ്യശീലാധിപ! * വിശ്വപ്രസിദ്ധനാംവിദ്യാവിദഗ്ദ്ധനാം നിശ്ശേഷസമ്പത്തിനാധാരഭൂതനാം * ഏകാദശീവ്രതംകൊണ്ടുഭവാൻവിഷ്ണു ദേവാധിവാസംലഭിക്കുംമഹീപതേ! * ഇങ്ങനെനിന്നുടെപൂർവ്വജന്മവ്രതം അങ്ങനെചെയ്കയാലിങ്ങിനെവന്നതും * മറെറന്തുഞാൻപറഞ്ഞീടേണ്ടുഭൂപതേ!മുററുംനിനക്കധീനൻഞാൻമഹാമതേ! എന്നതുകേട്ടുപ്രസാദിച്ചുമന്നവൻ വന്ദനംചെയ്തുപറഞ്ഞുസമീഹിതം * മന്ദരപർവ്വതംകാണ്മാനിനിക്കഹോ മന്ദേതരംമനോവാഞ്ഛിതംമാമുനേ! * കന്ദരംതോറുംസുരസ്ത്രീജനങ്ങടെ മന്ദിരംപോലത്രസുന്ദരംപോലതും * ചന്ദ്രചൂഡാലയംചാരുരംഗങ്ങളിൽ ചന്ദനാരാമങ്ങളേററംമനോഹരം * കന്ദമന്ദാരപുഷ്പാദിലതാവൃന്ദ വല്ലീതരുക്കളുംരത്നസാലങ്ങളും * എന്നുള്ളതൊക്കവെകേൾക്കകൊണ്ടിക്കാല മെന്നുള്ളിലേററംകുതൂഹലംസാമ്പ്രതം * ചെന്നുകണ്ടീടുവാനാഗ്രഹമിന്നിഹ വന്നുനമുക്കന്യചിന്തയുമില്ലഹോ * നന്ദനൻധർമ്മാംഗദാഖ്യമഹാവീര്യവാൻ മന്നവൻരാജ്യഭാരംവഹിച്ചീടുവാൻ * ഒന്നൊഴിയാതുള്ളകാര്യങ്ങളൊക്കവെ നന്നായവങ്കലർപ്പിച്ചുഞാൻമുനേ! * ഇന്നുഞാൻസ്വസ്ഥനായ്സഞ്ചരിച്ചീടുവാൻ പോന്നീടിനേനത്രധാത്രീസുരേശ്വരാ! * എന്നുള്ളവാക്കുകൾകേട്ടുമുനീശ്വരൻ നന്നിതുപോയ്വരികെന്നരുളീടിനാൻ * അച്ഛന്റെശാസനംകേൾക്കുന്നപുത്രരിൽ അച്യുതനേററംപ്രസാദമുണ്ടായ്വരും * സ്വച്ഛന്ദസഞ്ചാരമാഗ്രഹംതാതനെന്നച്ചൊന്നഭാവംഗ്രഹിച്ചുധർമ്മാംഗദൻ * രാജ്യഭാരംവഹിക്കുന്നതുകാരണംപൂജ്യത്വമേററംപ്രകൃഷ്ടമായിദ്ധ്രുവം * ഭംഗംവരാതെജനകന്റെശാസനമംഗീകരിക്കുന്നപുത്രൻമഹാമതി * ഗംഗാജലസ്നാനപുണ്യംലഭിച്ചീടുമെന്നും നടനുടബന്ധിക്കയുംവേണ്ടെടോ * മംഗലംമേലിൽഭവിക്കനിനക്കെന്നു ത-

ങ്ങിനെവാമദേവോപദേശംനൃപൻ * അംഗീകരിച്ചുവണങ്ങിപ്പുത്തുക്കവെ
തുംഗമാമശ്വംകരേറിരുഗ്മാംഗദൻ * ഉത്തരാശാമുഖംയാത്രയായിനൃപൻ
സത്വരംലംഘിച്ചുനാനാദിഗന്തവും * പത്തനഗ്രാമാചലാരണ്യലക്ഷ
ങ്ങളംതത്തന്നദീവനശ്രേണീശതങ്ങളും * മന്ദേതരംകടന്നാശുരുഗ്മാംഗ
ദൻ മന്ദരാധീശനെപ്രാപിച്ചിതാദരാൽ * കാനനായിപവ്വതോപാന്തവ
സിച്ചിട്ടുമേണാദിയായുള്ളനാനാമൃഗങ്ങളും * വൃക്ഷാഗ്രഭാഗവലീമുഖക്കൂ
ട്ടവും പക്ഷിജാലങ്ങളുംപന്നഗക്കൂട്ടവും * കണ്ണെമുന്നത്തിച്ചെവികളുംകൂപ്പി
ച്ചു മിണ്ടാതെനിന്നുശ്രവിക്കുന്നസാദരം * എന്നുവാണെന്നുസൂക്ഷിച്ചുനോ
ക്കീടിനാനേകാന്തഭാവേനരുഗ്മാംഗദൻനൃപൻ * വിസ്താരവത്തോട്ടമേ
ളിച്ചുകൂടിട്ടു മേണാക്ഷിതന്നുടെസംഗീതമാധുര്യ്യം * മംഗല്യഗാനംമനോ
മോഹനൌഷധം ഭംഗിയോടേകേട്ടുമോഹിച്ചുനിന്നവൻ * അശ്വത്തെയും
വെടിഞ്ഞാശുരുഗ്മാംഗദൻ അശ്വത്ഥപത്രോദരീഗാനമൂർഛിതൻ * ആ
രാമമായുള്ളൊട്ടുകേൾക്കുന്നദിക്കിലേ ക്കാരോഹണംചെയ്തുപവ്വതാഗ്രമുടൻ*കാ
മാതുരൻനൃപൻകണ്ടാനപാന്തികേ കാമിനിമാർമൌലിമാലയാംബാലയെ*
നേത്രാമൃതംമനോമോഹനംമോഹിനീ ഗാത്രസൌന്ദര്യ്യവുംഗാനമാധുര്യ്യവും
* നേത്രാന്തലീലാകടാക്ഷസഞ്ചാരവും ശ്രോത്രാഭിരാമംവിപഞ്ചീനിനാദ
വും *ചാരുസൌഭ്രൂവുംചന്ദ്രികാവൈഭവം ചോരണംചെയ്യുന്നമന്ദഹാ
സങ്ങളും*കണ്ടുംശ്രവിച്ചുംജനിച്ചോരുകൌതുകാൽതണ്ടാർശരാതുരഭാവനമ
ന്നവൻ * വണ്ടാർമണിക്കുഴലാളുടെരൂപത്തിലുണ്ടായരാഗേണമോഹിച്ചുട്ട
തലേ * ഛിന്നമാംവൃക്ഷംകണക്കേപതിച്ചിതു ഭിന്നധൈര്യ്യംമഹാ
മോഹിനീദർശനാൽ * ആലോലനേത്രയാംമാനിനീമൌലിതാനാലോക
നംചെയ്തുഭൂപനെസ്സാദരം * ലീലയാചെന്നുസമീപത്തുനിന്നുടൻ ബാലര
ക്താശോകപല്ലവസ്നിഗ്ദ്ധമാം * പാണിപത്മംകൊണ്ടുമെല്ലവേഭൂപനെ
ക്ഷോണിയിൽനിന്നെഴുന്നേല്പിച്ചുചൊല്ലിനാൾ * മോഹനൈവശ്യംതൃജ്ജി
ക്കേടോ!സുന്ദരാ! ബാഹുവീര്യ്യാംബുധേ!ബാഹുജാധീശ്വരാ! * ഭൂലോകപാ
താളദേവലോകങ്ങളെ പ്പാലനംചെയ്വാൻസമത്ഥനാകുംഭവാൻ * ബാല
യാമെന്നുടെരൂപാവലോകനം മൂലംവിമൂഢനായ്വന്നിതോമന്നവാ? * ഇ
ഷ്ടംകഥിക്കണമെന്നോടുമെല്ലവേ കഷ്ടംപരിഭ്രമിച്ചീടൊലാസാമ്പ്രതം *
ഒട്ടുംപ്രതികൂലഭാവംനമുക്കില്ല ചെട്ടന്നുരചെയ്കചോദിതാവിവാഞ്ഛിതം *
അത്യുശീല!ഭവാനെന്നെപ്രസാദേന ഭാര്യയാക്കീടുവാനാഗ്രഹിക്കുന്നിതോ?
* കാര്യ്യമെന്നോടുകഥിക്കമടിയാതെ സൂര്യ്യവംശാധീശവീരചൂഡാമണേ!
* ക്ഷോണീസുരന്മാർക്കുവിത്തദാനംചെയ്തു പാണിഗ്രഹംചെയ്തുകൊണ്ടാലു
മാദരാൽ * ക്ഷോണീപതേരമിച്ചീടാംമുദാഞാനോ വാണീടുകമോദമാപൂവ്വം
മഹാമതേ! * എന്നുള്ളവാക്കുകൾകേട്ടുസന്തോഷിച്ചു മന്നവൻമാനിനി
യോടുചൊല്ലീടിനാൻ * ധന്യശീലേ!മനോമോഹനശോഭനേ തന്വംഗി
മാർമണിമൌലേ!സുലോചനേ! * നിന്നോടുതുല്യമാരായുള്ളനാരിമാർ മ
ന്നിലുംവിണ്ണിലുംമറ്റുള്ളുലകിലും * കണ്ടറിയുന്നീലകേട്ടറിയുന്നിലകണ്ടി
വാർവേണികളിയല്ലെടോശുഭേ!* കണ്ടാലഴകുള്ളകാമിനീരത്നമേ! താരാ

തിൽമാനിനീമാനനീയാകൃതേ!* അംഗനമാർപലരോട്ടംപലവിധം സംഗ
മക്രീഡനംചെയ്തവൻഞാനെടോ! * സംഗീതസൌഖ്യസാരസ്യസൌന്ദ
ൎയ്യമെന്തുംമനോജ്ഞയാംനിന്നോടുതുല്യമാം * അംഗലാവണ്യമാം പീയൂഷ
മിങ്ങനെ എന്റുമേമുന്നംലഭിച്ചീലകണ്ണുകൾ *ശൃംഗാരയോനിതൻബാണ
ജാലങ്ങളാമംഗാരചക്രേദഹിക്കുന്നുമാനസം * അഹന്ത! നിന്മേനികണ്ട
നേരമ്മഹാ മോഹന്തളർച്ചയുംകമ്പരോമാഞ്ചവും * ദേഹവൈവശ്യവും
പൂണ്ടുഞാൻഭൂതലേ മോഹിച്ചുവീണന്നഘോരവവൈഭവാൽ * വേണ്ടാ
വിഷാദംവനികനീയന്തികേ വേണ്ടുന്നതൊക്കെത്തരുന്നുണ്ടുഞാനെടോ! *
ത്രൈലോക്യസാരങ്ങളായുള്ളവസ്തുക്കളാലോകനംചെയ്യുകൊണ്ടാലു മാശ്ശു
നീ * ഭൂലോകമാത്രമല്ലിങ്ങധീനംപ്രിയേ ലീലോദരംസ്വർല്ലോകവുംസമ്മ
തം * ആഴികളാകുന്നവസ്ത്രംധരിച്ചിട്ടു മൂഴിമാംപെണ്ണിനെക്കാൺകനീ
കാമിനീ! * ആകാശമാനന്ദഗേഹംരസാതലംനാകംശിരോഭാഗമെന്നു
ധരിക്കനീ മന്ദരംമേരുവുംരണ്ടുകുചങ്ങളുംചന്ദ്രനമാദിത്യനുംരണ്ടുനേത്രവും
* നക്ഷത്രജാലമാംരത്നാഭരണവും സൂക്ഷ്മത്വയൻഞാനിവളുടെവല്ലഭൻ *
ഇവ്വണ്ണമുള്ളോരുഭൂമിയാംപെണ്ണിനെ കേവലംദാസിയാക്കിത്തരാമിണ്ടു
ഞാൻ * നാട്ടുംനഗരവുംരാജഭോഗങ്ങളും കെട്ടുംധനങ്ങളും ഭണ്ഡാരത
ങ്ങളും * ആന തേർകാലാൾകുതിരപ്പടകളും മാനിനീമൌലേ!നിനക്കു
ഞാൻനൽകുവൻ * എന്നുടെഭാര്യയായ്വാണീടുകമൂഢാ സന്തതംനീശിരോ
മാലികേ ബോധകേ! * ഇത്തരംചൊല്ലുന്ന ഭൂമിപാലേന്ദ്രനോടുത്തരംചൊ
ല്ലിനാളഞ്ജസമോഹിനി * ഇച്ഛയാൽനൊമ്പരമേവേണ്ടാനമ്മളെന്തോ വി
ചരിച്ചായ്വരുംമേലിൽധരാധിപ * ദേഹങ്ങളുള്ളനാൾവേർവ്വിടാതെത
വസ്നേഹമുണ്ടാകിലൊത്തുമതിമന്ന! * ഒന്നുഞാൻചോദിക്കമെന്നാലതുഭവാ
നന്നേമാശ്രുതമേണമെന്നാൾമതി * എന്തെങ്കിലുംനീപറഞ്ഞുകൊൾക
തരാമെന്നിതുസന്ദേഹമെന്നരുഗ്മാംഗദൻ * വാക്കുകൾപോരാവലംക
രംചൊന്നുനീ വൈകാതെസത്യവുംചെയ്കനമോഹിനി * ജ്യേഷ്ഠനീപ
റയുന്നതെന്തെങ്കിലും നീക്കമില്ലാതെതരുന്നരുഗ്മാംഗദൻ * ദക്ഷിണ
ചെയ്യുന്നദക്ഷിണഹസ്തമെൻകയ്യിൽ തരികെന്നുമോഹിനി * അ
ൎജ്ജിതംപുണ്യംചൊല്ലിപറഞ്ഞീടുകിൽ വൎജ്ജിതമായ്വരുമെന്നരുഗ്മാംഗ
ദൻ* രണ്ടുവരമൊരുനാളിലർത്ഥിപ്പതു രണ്ടുമതേകാമൊരാനൊന്നുമോഹിനി
* അത്യന്തമപ്രിയമെന്നുവരികിലുംസത്യംമറന്നീടരുതെന്നുമോഹിനി *
സത്യസന്ധന്മാൎക്കുള്ളപ്രയോക്കാർഭയം സത്യഭംഗംതന്നിലെന്നരുഗ്മാംഗ
ദൻ * പിന്നെയുംമോദിച്ചുചോദിച്ചുമന്നവൻ നിന്നുടെനാമംഗ്രഹിച്ചീല
ഞാനെടോ! * ആരുടെപുത്രിനീചാരുവിലോചനേ! പേരുമെന്തേതുകുല
മിന്നുജനിച്ചുനീ? * എന്നുടെവൃത്താന്തമെല്ലാംഗ്രഹിക്കനീമന്നിടേമാ
ൎത്താണ്ഡവംശജൻഞാനെടോ! രുഗ്മാംഗദനെന്നുപേരുനമുക്കിഹ രുക്മ
ശോഭാംഗൻമനോജ്ഞാംഗിഞാനെടോ! * ധർമ്മപത്നീചമേസന്ധ്യാവലി
യുമാം ധർമ്മാംഗദൻമകനാനന്ദനൻസുന്ദരൻ * നായാട്ടുവാനെന്നുഭാവേനകാ
നനേ നാനാമുനികളെസ്സേവചെയ്തിടുവാൻ * മന്ദരോപാന്തേവരുന്നേര

മാദരാൽ സുന്ദരാംഗി!നിന്റെസംഗീതഭംഗികൾ * കേട്ടുമോഹിച്ചുവെടി
ഞ്ഞിതുവാഹനം കേവലംനിന്നെമോഹിച്ചുവന്നീടിനേൻ * നിന്നുടെരൂ
പാമൃതംകണ്ടുമോഹിച്ചു നിന്നുപോയെന്നല്ലഭ്രമെഴപതിച്ചുഞാൻ * എ
ന്നുള്ളിലേൽക്കുന്നചെന്താർശരാവലി വഹ്നിസന്താപംസഹിക്കാവതല്ലെ
ടോ! * എന്നുള്ളഭൂപാലഭാഷിതംകേട്ടവൻ മന്ദസ്മിതാർദ്രംപറഞ്ഞിതുമോ
ഹിനി * എങ്കിലോകേട്ടാലുമെന്നുടെവാർത്തകൾ പങ്കജവാസന്റെപുത്രി
ഞാൻമന്നവ! * മോഹിനിയെന്നുനമുക്കുനാമംമനോമോഹനംനിന്നെശ്രാ
വിക്കുന്നുഞാൻപുരാ * ഉന്നതപ്രൌഢപ്രഭാവനായുള്ളോരു നിന്നെശ്രവി
ക്കാതെയാരുള്ളുമന്നവാ! * നിന്നുടെഭാര്യയായ്മേവീടുവാനേറ മെന്നുള്ളി
ലാഗ്രഹംവർദ്ധിക്കകാരണം * മന്ദരപർവ്വതംപ്രാപിച്ചുഗൌരീശ മന്ദിരേ
വന്നിങ്ങിരുന്നുഞാൻഭൂപതേ! * സംഗീതസങ്കീർത്തനാദികൾകൊണ്ടുഞാൻ
ഗംഗാധരസ്വാമിദേവനെദ്ധ്യാനിച്ചു * തൽപ്രസാദത്തെലഭിക്കമൂലംന
മുക്കിപ്രകാരംഭവദ്ദർശനംസംഗതം * പ്രത്യക്ഷനായിതുദേവൻപുരാന്തകൻ
പ്രീത്യാവരങ്ങളുംനൽകിമറഞ്ഞിതു * സർവ്വദേവപ്രീതികാരണംഭൂപതേ!
സംഗീതവിദ്യയെന്നോർത്തുകൊൾകഭവാൻ * സർവ്വാത്മനാഗീതഗാനേന
സാമ്പ്രതം സർവ്വേശനേവംപ്രസാദിച്ചുശങ്കരൻ * എങ്കിൽവരികെടോരാജ
ചൂഡാമണേ! ശങ്കാവിഹീനംമഹാരഥേഭൂപതേ! * എന്നുപറഞ്ഞുകരം
പിടിച്ചാദരാൽ മന്ദസ്മിതാദിവിലാസേനമോഹിനി * പാർത്ഥിവാധീശ
നെത്തന്നുടെവക്ഷസി ചേർത്തുനിർത്തിപ്പുണർന്നാശു ചൊല്ലീടിനാൾ * ശങ്ക
കൂടാതെവിവാഹംകഴിക്കനീസങ്കോചസംഗമംഗാന്ധർവ്വമുത്തമം * തന്നെ
വിവാഹംകഴിക്കാത്തകന്യയും തന്നുടെഗോത്രേപിറന്നോരുകന്യയും * ഭി
ന്നജാതിസ്സ്വർണ്ണജാതാംകന്യയും * മൂന്നുവിധംത്യജിക്കേണ്ടുന്നകന്യമാർ
* അങ്ങനെയുള്ളോരുദോഷംനമുക്കില്ല മങ്ങിനവംശത്തിലല്ലുജനി
ച്ചതും * ബ്രഹ്മദേവൻതന്റെപുത്രിഞാൻകന്യക ബ്രാഹ്മണപുത്രിയെ
ക്ഷത്രിയൻവേൾക്കണം * ശാസ്ത്രപ്രസിദ്ധംപ്രശസ്തമെന്നോർക്കണംധാ
ത്രീശശാങ്കനായുള്ളതങ്ങ്മാംഗദ! * എന്നുള്ളമോഹിനിഭാഷിതംകേട്ട
ടൻസന്തോഷപ്രസാദിച്ചുപാണിഗ്രഹംചെയ്തു * കന്ദർപ്പതുല്യനാംരുഗ്മാം
ഗദനൃപൻമന്ദംപറഞ്ഞുമഹിഷിയോടാദരാൽ * ദേവാധിരാജ്യംലഭി
ച്ചുവെന്നാകിലുമേവംപ്രമോദംനമുക്കില്ലവല്ലഭേ! * ദേവനാരീജനത്തെക്കാ
ൾമനോരമേ! ദേവിനിന്നാശ്ലേഷസൌഖ്യംലഭിക്കയാൽ * ഇന്ദ്രനെക്കാളും
മഹാഭാഗ്യശാലിഞാനിന്ദീവരേക്ഷണേസത്യംമയോദിതം * യാതൊരുദിക്കി
ൽനമുക്കുരമിക്കേണ്ടു ചേതോഭിലാഷംകഥിക്കനീമോഹിനി! * മന്ദംതന്നു
ടെകമരംനമ്മുടെ മന്ദിരമാക്കിസ്ഥിതിചെയ്യുന്നല്ലയോ * ചന്ദനാദ്രിമുകളേ
റിവസിക്കയോ നന്ദനാരാമേനമുക്കുരമിക്കയോ * പ്രാലേയശൈലാഗ്രഭാഗേ
വസിക്കയോ കൈലാസസാനുപ്രദേശേഗമിക്കയോ * മേരുശൈലാദ്രിപ്രദേ
ശങ്ങളിൽചെന്നു ചാരുസംക്രീഡനംചെയ്യുതോമോഹിതം * നാകാദിലോക
ത്തിനേക്കാൾമനോഹരം സാകേതമെൻപുരംതന്നിലേപോകയോ * യാ
തൊന്നുനിന്മതംതന്മതംമന്മതം ഏതുമേസന്ദേഹമില്ലകല്യാണിനീ * മോ

ഹിനിതാന്തമുരചെയ്യുമെല്ലവേ മോഹംനമുക്കസാകേതവാസംവിഭോ! *
വൈഷമ്യമുണ്ടായ്വരുംതാനമത്രതേ ശേഷമുള്ളംഗനമാൎക്കുദുഃഖപ്രദം * സ
ന്ധ്യാബലിക്കസഹിക്കയില്ലിന്നിനെ സംഭ്രമമായുള്ളനമ്മുടെസംഗമം *
അന്തഃപുരത്തിലിരിക്കുംമഹിഷിമാരന്തഃപ്രവൃദ്ധമാംകോപവൈരങ്ങളാൽ
*ക്രൂരങ്ങളാകുംകടാക്ഷങ്ങളാകുന്നക്രൂരമ്പുകോടിച്ചൊരിയുംദശാന്തരേ * പാ
രംവിഷണ്ണനായ്നില്ക്കുംഭവാനുടെദാരഭാവേനഞാൻവന്നുചാടീടിനാൽ *
നേരുകല്പിക്കുംഭവാന്റെസുഖമതിനാരംഭകാലേമനോഭംഗവുംവരും * യു
ഷ്മൽപ്രിയാജനംനേത്രപാതാഗ്നിയാൽ ഭസ്മമാക്കീടുംമദീയദേഹംവിഭോ! *
എന്നതുകാരണംമന്ദരപൎവ്വതമന്ദിരംനിൎമ്മിച്ചു വാണുകൊണ്ടാൽസുഖം *
എന്നാലുമുണ്ടായനിരസംഭൂപതേ! നിന്നുള്ളിലാശയാസമെന്നുള്ളതുംവരാ
*തന്നുടെഭാൎയ്യമാൎതന്നെപ്പിരിഞ്ഞെന്നാൽ ഖിന്നമാരായിവസിക്കെന്നതും
വരുംഎന്നോടുകൂടിവസിക്കുന്നതും സുഖമെന്നുവരികയില്ലല്ലോമഹീപതേ!
* ധൎമ്മദാരങ്ങളാംസന്ധ്യാവലിയെയും ധൎമ്മാംഗദനെയുംവേർപിരിഞ്ഞി
ങ്ങിനെ * കാട്ടിൽകളഞ്ഞുകൂട്ടീട്ടുള്ളപെണ്ണിന്റെപാട്ടിലായീടുവാനെന്ന
തുംനന്നിതോ? * യന്നുവന്നുഭവാനുള്ളിലെന്തിഷ്ടമെന്നാലതിഷ്ടം
നമുക്കുംധരാപതേ! * തന്റെകാന്തൻദരിദ്രനെന്നാകിലും തന്നെക്കുറിച്ചു
വിരോധിയെന്നാകിലും * ദുഷ്ടാംഗനാചിത്തസക്തനെന്നാകിലും*വസ്ത്ര
തൈലാശനംപോലുംകൊടുക്കാത്ത * നിഷ്ഠുരലുബ്ധനെന്നാകിലുംമാനസേ
തദ്ഗൃഹംവിട്ടുഗമിക്കയെന്നുള്ളതും * സൽകുലസ്ത്രീകൾക്കുയോഗ്യമല്ലേ
തുമേ * സ്വസ്ഥിരദാരാദിവേർപെട്ടിരിക്കയാൽ സ്വസ്ഥനല്ലാതെഭവിക്കും
ഭവാനഹോ * കത്തുന്നതീയ്യിൽതണുത്തനെയ്വീഴ്ത്തിയാ ലത്യന്തരോ
ഷംജ്വലിച്ചീടുമപ്പോഴേ * പിത്തരോഗാതുരന്മാൎക്കുപയോരയും പ
ഥ്യമെന്നാകിലുംകൈച്ചുപോമോൎക്കനീ * ഇത്തരംമോഹിനിചൊന്നതി
നുത്തരംസത്വരംചൊന്നാൻമഹീപതിരുക്മാംഗദൻ*ജ്യേഷ്ഠമാരാംമമസ്ത്രീ
കളിൽവച്ചുനീ ശ്രേഷ്ഠയായീടുംവരോരുപനായികേ! * ശിഷ്ടയാംസ
ന്ധ്യാവലിക്കുവിശേഷിച്ചു മിഷ്ടനായ്വന്നീടുമിന്ദുബിംബാനനേ! * ധ
ൎമ്മാനുകൂലനാംധൎമ്മാംഗദൻസുതൻതന്മാതൃഭാവേനസേവിക്കുമാദരാൽ *എ
ന്നുടെതാതനൃതുധ്വജൻവീൎയ്യവാൻ മന്നിടമെല്ലാംജയിച്ചോരുമന്നവൻ *
എന്നെയുവരാജനാക്കിത്തപംചെയ്തു തന്നുടെദേഹംവെടിഞ്ഞുദിവംപുക്കു
*എന്നതുപോലെയുവരാജനാക്കിഞാനെന്നുടെപുത്രനാംധൎമ്മാംഗദനെയും
എന്നതുകാരണംരാജ്യഭാരാദികളൊന്നുംനമുക്കില്ലമല്ലായതേക്ഷണേ! * നി
ന്നോടുകൂടവേപാൎത്തുവംചെന്നൊരുമ്മനാംപുരുഷാൎത്ഥമേവംമമാഗ്രഹം * എ
ന്നാലയോധ്യാപുരത്തെത്ത്യജിക്കണമെന്നാൽവരുന്നതാവതൊക്കെവരുത്തുവൻ
* എന്നുപറഞ്ഞുമനോജ്ഞാംഗിതന്നുടെകുന്നുവെല്ലുന്നകുചങ്ങളെത്തന്നു
ടെ * ചന്ദനലിപ്തമാംമാറിലണച്ചുടൻ മന്ദമന്ദംപുണൎന്നീടിനാൻമന്ന
വൻ * പാണിപത്മംകൊണ്ടുപത്മായതാക്ഷിതൻ പാണിപത്മേപിടി
ച്ചീടിനാൻമെല്ലവേ * മന്ദരാഗ്രേനിന്നിറങ്ങിത്തുടങ്ങിനാൻ മന്ദംമഹീശ
നുംതന്നുടെഭാൎയ്യയും * കാട്ടിലുള്ളത്ഭുതംകണ്ടായതാക്ഷിക്കുകാട്ടിക്കൊടുക്ക

യുംകണ്ടുരസിക്കയും * മാണിക്യവിദ്രുമംപത്മരാഗങ്ങളും ക്ഷോണിക്കലങ്കാരമിന്ദ്രനീലങ്ങളും ചന്ദ്രകാന്തങ്ങളുംസൂൎയ്യകാന്തങ്ങളും ചന്ദ്രികാചാരുസ്ഫടികസ്ഥലങ്ങളും * ചന്ദനാരാമവും ചാരുസൌരഭ്യവും നന്ദനാരാമത്തിനെക്കാൾമനോഹരം * മന്ദാരമാകന്ദസിന്ദുവാരങ്ങളുംകുന്ദവൃന്ദാവലീമന്ദസന്ദോഹവും * മന്ദതാലങ്ങളുംനല്ലതമാലവും വന്ദാരുവൃന്ദവുംനല്ലകാരണ്ഡവും * സാലങ്ങൾനല്ലരസാലങ്ങളും പുഷ്പജാലങ്ങളുംകണ്ടുവിസ്മയിച്ചീടിനാൻ * ഭൂമിപാലേന്ദ്രനുംകാമിനീതോവും ഭൂമിസ്ഥലത്തിലിറങ്ങിപ്പുതുക്കവേ * ഉള്ളത്തിലാസ്ഥയാകണ്ടുനൃപന്തന്റെ വെള്ളക്കുതിരയെകാനനാഭ്യന്തരേ * വെള്ളിശൈലത്തിന്റശൃംഗംകണക്കിനെ വെള്ളത്തിരപോലെതുള്ളിവരുന്നതും * കണ്ടുപ്രസാദിച്ചുടൻനൃപൻ കണ്ടുള്ളരഥ്യവുംകാണായിഭൂതലേ * കുഞ്ജരങ്ങളാകുന്നഖുരങ്ങളെക്കൊണ്ടുകുതിരയാലുത്ഭിന്നമാമൊരു * കുണ്ടിൽകിടന്നുഴലുന്നൊരുഗൌളിയെ കണ്ടുകനിവോടെമന്നവൻമെല്ലവെ * രണ്ടുകരങ്ങളെക്കൊണ്ടുമെടുത്തുടൻ മുണ്ടുകൊണ്ടംഗംതുടച്ചുനോക്കുംവിധൌ * ദംഭോളിതീക്ഷ്ണമാംവാളിക്കളമ്പിനാൽ സംഭിന്നഗാത്രിയാംപല്ലിയെപാൎത്ഥിവൻപത്നീകരംകൊണ്ടുപാനീയമാനീയപല്ലീശരീരംതളിച്ചുകുളിപ്പിച്ചു* ബോധമുണ്ടാക്കിനാനാസ്ഥയോടേനൃപൻ ഗോധേയബോധവാനാശ്ശുരുഗ്മാംഗദൻ * പാനീയമല്ലോജനങ്ങൾക്കുജീവനം പ്രാണിനാംപ്രാണങ്ങൾപാനീയമൃതേ * അശപസ്തമാംഗൃഹഗോധികാനേത്രങ്ങളാശ്രുമിഴിച്ചുനൃപനോടുചൊല്ലിനാൾ* തിഗ്മാംശുവംശപ്രധാനശിരോമണേ! രുഗ്മാംഗദാ! ഭവാൻകേട്ടാലുമത്ഭുതം * ശാകലമെന്നപേരായനഗരത്തിലേകൻമഹീസുരനുണ്ടായിസുന്ദരൻ ആയവന്തന്നുടെഭാൎയ്യയായുള്ളുഞാൻ ആയവണ്ണംപ്രിയംചെയ്യുവെന്നാകിലും *ആയാൾക്കുനമ്മെക്കുറിച്ചുകൃപയില്ല ജായയാമെന്നോടുവൈരംതുടങ്ങിനാൻ * നല്ലോരുയൌവനാരംഭംനമുക്കെടോ നല്ലോരുകശ്മലൻനമ്മുടെവല്ലഭൻ* നല്ലോരുവാക്കുപറകയില്ലെന്നല്ല വല്ലാത്തദോഷംവിളിച്ചുചൊല്ലുംശഠൻ * തെല്ലുംമടിയാതരികത്തുചെല്ലുകിൽ തല്ലുംമറാപാപിമൽപ്രിയൻഭൂസുരൻ* ചൊല്ലുന്നവാക്കുകൾകേട്ടാൽശിവശിവ! കൊല്ലുന്നതാകിലതുനല്ലഭൂപതേ! * പല്ലുംകടിച്ചുകരത്തിൽ ചിലകരിങ്കല്ലുമായ്ക്കാണാം ചിലദിവസങ്ങളിൽ * ഇല്ലത്തിരിപ്പാനെനിക്കുതെല്ലിനിക്കെങ്കിൽ മെല്ലെത്തിരിപ്പാനയയ്ക്കയുമില്ലവൻ * പിന്നെയാരോടുമീവണ്ണംപറയില്ല എന്നോടുമാത്രമീവണ്ണംമഹാശഠൻ * നല്ലോരുവാക്കുംനയങ്ങളുമുണ്ടവനില്ലത്തുനിന്നുപുറത്തിറങ്ങീടിനാൽ * വല്ലാത്തൊരുശഠനെങ്കിലുമെന്നുടെ വല്ലഭനല്ലോവസുന്ധരാവല്ലഭ! * ഇല്ലത്തുകാണുന്നപെണ്ണുങ്ങളോടുഞാൻ മെല്ലവേചോദിച്ചുശ്രദ്ധമായേകദാ * വല്ലഭന്മാരെവശീകരിപ്പാനുള്ള നല്ലോരുപദേശമെന്തുള്ളുചൊൽകെടോ * വല്ലതുംചെയ്യുവശത്തായിതെങ്കിൽഞാൻ വല്ലഭന്റെബുദ്ധിശുദ്ധമാക്കീടുവൻ! * വേശ്യമാരാമവരെന്നോടുചൊല്ലിനാർ വശ്യപ്രയോഗങ്ങളുണ്ടുബഹുവിധം * ഇ

ട്ടിക്കിലുണ്ടൊരു യോഗിനിമേവുന്ന വിദ്ദ്യയ്ക്കിരിപ്പിടമെന്നറിഞ്ഞീടുക * മൂ
ന്നുകാതംവഴിദ്ദൂരത്തവളുടെ മന്ദിരംപ്രാസാദമെത്രമനോഹരം * തത്ര നീ
ചെന്നുപരിവ്രാജികയോടു മാത്രംപറഞ്ഞാൽമനോരഥംസാദ്ധ്യമാം * അ
ന്നന്നുഞങ്ങൾക്കുചെന്നൌഷധംമേടിച്ചു നന്നായ്വരികാശങ്ക നൃപഭൂഷണേ *
എന്നതുകേട്ടുപുറപ്പെട്ടുഞാനങ്ങു ചെന്നുപെരുവഴിചോദിച്ചൊരുദിനം *
വെൺകല്ലിമാടംമണിസ്തംഭശോഭിതം വെണ്മയിൽകണ്ടുകരേറിഞാൻമെ
ല്ലവേ * കാണായിയോഗിനിതത്രവാണീടുന്നു ചേണാർന്നപീഠേപുലിത്തോ
ലുമിട്ടുടൻ * കാഷായവസ്ത്രംജടാവല്ക്കലങ്ങളും വേഷാനുരൂപമാമാസന
സ്ഥാനവും * രുദ്രാക്ഷമാലയുംമാറിലുംകയ്യിലുംരുദ്രാക്ഷമാലയുമേറ്റം ധരി
ച്ചുടൻ *ധ്യാനവുംമൌനവുംമന്ത്രജപങ്ങളും നാനാജനംവന്നുവന്ദിച്ചുനി
ല്ക്കയും * നാലുഭാഗേനിന്നുദാസീജനങ്ങളുമാലവട്ടംകൊണ്ടു വീജനംചെ
യ്യലും * ഇങ്ങനെയുള്ളപരിവ്രാജനാരിയെ ഭംഗ്യാവിലോകനംചെയ്തുഞാ
നാദരാൽ * ചെന്നുവണങ്ങിത്തൊഴുതുനിന്നീടിനേനന്നേരമെന്നോടുര
ചെയ്തുയോഗിനി* നന്നായ്വരുംസഖേ! ഭൂദേവവല്ലഭ! വന്നാലുമന്തികേകൂറ്റ
നില്ലെന്തെടോ * എന്നതുകേട്ടുഞാനന്തികേ ചെന്നുടൻ പൊന്നുകൊണ്ടു
ള്ളൊരുകൈവിരൽമോതിരം * നന്നായ്വലംകൊണ്ടു കാഴ്ചയായിട്ടുഞാൻ മു
ന്നിൽവച്ചാശുതൊഴുതുനിന്നീടിനേൻ * മോതിരംകണ്ടുപ്രസാദിച്ചെത്തു
കൊണ്ടാതിനാളെന്നോടുമെല്ലവേയോഗിനി * ബോധിച്ചുനിന്റെവിശേ
ഷങ്ങളൊക്കവേ ചോദിച്ചറിയേണമെന്നില്ലെനിക്കെടോ * ചൂർണ്ണവുംഭസ്മ
വുംകൊണ്ടുചെന്നാദരാൽ തൂർണ്ണംഗൃഹസ്ഥന്നുസാധ്യമാക്കുക * ശുദ്ധ
മായ്പാലിൽകലക്കിക്കൊടുക്കനീ ശുദ്ധപ്രഭാവമാംചൂർണ്ണംദിനാന്തരേ * ഭ
സ്മംജലത്തിൽധരിപ്പിക്കയുംവേണമസ്മൽപ്രയോഗംവൃഥാഭൂതമല്ലെടോ *
നാലുദിനംതിനകത്തുഭർത്താവുനിൻ കാലുപിടിക്കുംകളിയല്ലകാമിനി *
മററുള്ളവേശ്യമാരോടുള്ളവേഴ്ചയും തെററെന്നുപേക്ഷിച്ചുനിൻവശത്താ
യ്‌വരും * ദാസനെപ്പോലെഭയപ്പെട്ടുനിന്നുടെ ശാസനകേട്ടുകിടക്കുംമ
ഹാജളൻ *ഇങ്ങനെതന്നൊരുചൂർണ്ണവുംഭസ്മവും വാങ്ങിഞാനില്ലത്തുവന്നു
സായാന്തരേ * അദ്ദിനംതന്നെപ്പുരോഷക്കറിയിടാൻ തദ്ദിവ്യഭസ്മംകൊടു
ത്തുഞാൻഭൂപതേ!* അത്താഴമുണ്ണാൻവിളിച്ചവരത്തിഞാൻ ഭർത്താവിനാദ
രാൽചോറ്വിളമ്പീടിനേൻ * അനുഗ്രഹിക്കാതെ ചൂർണ്ണംകലർന്നുള്ളക്ഷീ
രംവിളമ്പിക്കുടിപ്പിച്ചുഞാനെടോ * അന്നുതുടങ്ങിക്ഷയംപിടിപ്പെട്ടുയുംപി
ന്നതമ്പുണ്ടുവശംകെട്ടുവല്ലഭൻ*ഗുഹ്യവ്രണംകൃമിരോഗങ്ങളിങ്ങനെ സഹ്യ
മല്ലാതുള്ളദണ്ഡംപിടിച്ചവൻ *കഷ്ടംപകൽവിളക്കെന്നപോലെഹതന
ഷ്ടപ്രകാശനായ്വന്നുടിനേടിനേ * അസ്ഥ്യോടലഞ്ഞുഞാനംഭോജലോചനേ നി
യെന്നിയേമറെറാരാധാരമില്ലെടോ * പൊയ്യല്ലമേലിൽപരസ്ത്രീസമാഗമം
ചെയ്യില്ലഞാനാശ്രുരക്ഷിച്ചുകൊള്ളുക * ഏവംപറഞ്ഞുകരയുന്നകാന്ത
ന്റെഭാവവുംഖേദവുംകണ്ടുദുഃഖിച്ചുഞാൻ* തെററെന്നുയോഗിനീദേവിയെ
പ്രാപിച്ചു മറെറാരുഭേഷജംകൊണ്ടുവന്നാദരാൽ * കാന്തനുനൽകിഭുജിപ്പി
ച്ചനന്തരം ശാന്തമായ്വന്നിതുരോഗംസമസ്തവും *കാന്തിയുംവൎദ്ധിച്ചുകാമവും

ജൃംഭിച്ചശാന്തിയുംമോദവുംസ്നേഹവുംജാതമായ് *ഞാനുമെൻകാന്തനുംകൂടി
ദിവാരാത്രമാനന്ദശൃംഗാരലീലാമഹോത്സവം* സംഭാവനംചെയ്തു സംഭോഗ
സംഭേദമംഭോജബാണാതുരന്മാരിവരും *അൻപോടനുഭവിച്ചീടിനാനക്കാ
ലമന്യോന്യസൗഖ്യംലഭിച്ചുമഹീപതേ! * കാലാവസാനേമരിച്ചുഞാനേകദാ
കാലാലയംപുക്കുദുഃഖിച്ചുദുഃഖങ്ങൾ * കൈപ്പേറത്തറിയിപ്പാനസാദ്ധ്യമെ
ന്നക്കാനനായാധീശവീരരുഗ്മാംഗദാ * ചെമ്പുകിടാരത്തിലിട്ടുവറുക്കയുംവ
ൻപുറമക്കിങ്കരന്മാർവന്നടിക്കയും *വൻപിച്ചയാതനാദേഹത്തിലിട്ടുകൊണ്ടു
ബത്തുമുറുക്കിപ്പതുക്കവെ * ലോഹപാത്രങ്ങളിൽനൈന്നിറച്ചാദരാൽ ദേ
ഹഖണ്ഡങ്ങളിട്ടാശ്രുതിളപ്പിച്ചു * പട്ടമഞ്ചുംയുഗംപാതകേഞാൻകിട
ന്നത്തൽപൂണ്ടീടിനേനന്യോശിവശിവ! * പാപശേഷംകൊണ്ടുപല്ലിയായ്ത്തീ
ർന്നുഞാൻ ഭൂപതേ!വർഷംപതിനായിരാഗതം* ഭേദിച്ചിനെച്ചതിക്കുന്നൊരു
നാരിമാരോർത്തുകൊള്ളേണമീദുഃഖങ്ങളൊക്കവേ * ദേഹമാകുന്നതും പ്രാണ
നാകുന്നതുംഗേഹിനിമാർക്കുഭർത്താവെന്നറിഞ്ഞുടൻ* മോഹങ്ങളോരോന്നുകാ
ട്ടാതിരിക്കേണംസ്വാഹസമൂർത്തികൾനാരിമാരോർക്കണം* രുഗ്മാംഗദ!നിന്നി
നിയുംകൃതാന്തനാൽ തിഗ്മമാമാതങ്കപങ്കേപതിക്കാതെ *സദ്ഗതിയോ
ടുപ്രവൃത്തിവരുത്തുവാൻ സദ്ഗുണവാരിധേസാധിക്കനീസഖേ!* ഗംഗയും
പിന്നെസ്സരയുവുംതങ്ങളിൽസംഗമമുള്ളൊരുപുണ്യതീർത്ഥപുരാ * സാവധാ
നംഭവാൻസ്നാനംകഴിച്ചുടൻശ്രാവണദ്വാദശിനോറ്റിരുന്നീലയോ? * വി
ഷ്ണുപ്രസാദംവിജയദിനമെന്നു വിശ്വപ്രസിദ്ധമാംശ്രാവണദ്വാദശി* ആയ
തുനോറ്റുനീയാർജ്ജിച്ചപുണ്യത്തിലല്പമാത്രംനമുക്കേകീടുമോഭവാൻ?*ഏകാ
ദശീവ്രതത്തിന്റെഫലംവിഷ്ണുദേവാധിവാസംകരസ്ഥംനിനക്കെടോ *ഏ
താനുമല്പംവ്യയംചെയ്കിലും നിനക്കേതുമേചേതംവരാനില്ലഭൂപതേ! * പു
ണ്യംശതാംശംവിജയോപവാസത്തിലിന്നുഭവാനിനിക്കാശുതന്നിടുകിൽ*
ദിവ്യമാംരൂപംധരിച്ചുഞാനിപ്പോഴേ ദിവ്യലോകംഗമിച്ചീടുംനരേശ്വരാ!*
ഏവംപ്രകാരംഗൃഹഗോധികാഗിരം കേവലംകേട്ടുപറഞ്ഞിതുമോഹിനി*
തന്നാൽകൃതമായപാതകത്തിൻഫലംതാനെന്നിയേമറ്റൊരുത്തൻഗ്രഹിക്കു
മോ * പാപികൾക്കിഷ്ടംകൊടുക്കുന്നമാനുഷർ പാപിയായീടുമെന്നോർക്കമ
ഹാമതേ!* ദുർജ്ജനങ്ങൾക്കുകൊടുത്താലതുതന്നെ സജ്ജനങ്ങൾക്കനർത്ഥ
ത്തിനുകാരണം* ക്രൂരസർപ്പങ്ങൾക്കുപാലുനൽകീടിനാൽ പാരംവിഷജ്വാ
ലവർദ്ധിക്കുമപ്പൊഴേ * നീരസംനീചസംഗംനമുക്കാഗതം നേരംകള
യാതെപോകനാംവല്ലഭ! * എന്നുള്ളവാക്കുകൾകേട്ടുരുഗ്മാംഗദനന്ദ
സ്മിതംപൂണ്ടുരചെയ്തുമന്നവൻ * ബ്രഹ്മാവിന്റെപുത്രിയായുള്ളനീയെന്തെടോ
ധർമ്മം നിനയാതെചൊല്ലുന്നതിങ്ങനെ * സദ്ബുദ്ധിജാതരാംസാധ്വിമാ
രിങ്ങനെകല്പിക്കയില്ലെന്നറികനീമോഹിനീ! * ദുർബ്ബുദ്ധിജാതരാംദുഷ്ടക്ക
ളേചെയ്യുന്ന ദുർഭാഷണംനിനക്കാവശ്യമില്ലെടോ! * ദീനസംരക്ഷണംചെയ്വ
തിന്നല്ലയോമാനവന്മാർധനംനേടുന്നവല്ലഭേ! * അന്യോപകാരാർത്ഥമർത്ഥ
മാർജ്ജിച്ചവൻധന്യൻമഹീതലേപുണ്യശീലൻശുഭേ! * അന്യൻസ്വകാ
ര്യമാനെത്രയുംനിന്ദിതൻതന്നുടെമാതൃതാരുണ്യലോഭൻശഠൻ * മുഖ്യമേ

രോപകാരവ്രതംപാവനംവിഖ്യാതമൈത്രയുംസൌഖ്യപ്രദംശുഭം * പണ്ടു
ഹരിശ്ചന്ദ്രനെന്നൊരുഭൂപാലനുണ്ടായിസാകേതമന്ദിരേസുന്ദരൻ * ഭണ്ഡാ
രലക്ഷങ്ങളെല്ലാമുപേക്ഷിച്ചു ചണ്ഡാലഗേഹേ വസിച്ചുപോലുമ്പുരാ *
സത്യഭംഗത്തിൽനിന്നുള്ള ഭയത്തിനാൽ സത്യസന്ധന്നതുവേണ്ടിവന്നുശു
ഭേ! നിത്യദുഃഖംസഹിച്ചീടിനാനൊക്കവേ സത്യരക്ഷാവ്രതംതന്നിലുള്ളാ
സ്ഥയാ * പുത്രനെവിററുതാൻഭാൎയ്യയേയുംവിററുതത്രതൻപ്രാണനെരക്ഷി
ച്ചുമേവിനാൻ * അതുകണ്ടുപ്രസാദിച്ചുദേവകൾതായമൈദ്വാരംനൽ
കീടിനാരവർ * സത്യവാന്മാരിൽപ്രധാനരായ്വന്നിടുമത്യന്തധാൎമ്മിക
ന്മാരാംമഹത്തുക്കൾ * എന്തുവരംവേണ്ടതെന്നുചോദിച്ചിതുസന്തുഷ്ടരാമൃ
ഷിശ്രേഷ്ഠദേവാദികൾ * ചോദിച്ചിതേവംഹരിശ്ചന്ദ്രഭൂമിപൻമോദിച്ചു
നിങ്ങൾവരംതരുന്നാകിൽമേ * ആകാശമാൎഗ്ഗേണസഞ്ചരിച്ചീടണം ഏ
കാന്തശോഭയാമെന്നുടെമന്ദിരം * ആബാലവൃദ്ധമാംപൌരവൃന്ദങ്ങളും ആ
പണശ്രേണിമാണിക്യസൌധങ്ങളും * ആരാമവാടിതടാകാഗ്രഹാരങ്ങളാ
രാധ്യദേവതാക്ഷേത്രജാലങ്ങളും മാൎഗ്ഗങ്ങളീവിധമെല്ലാമെടുത്തങ്ങുസ്വൎഗ്ഗമി
ക്കേണംമദീയംമഹാപുരം * സ്വൎഗ്ഗമാൎഗ്ഗേനടക്കേണംനിൎയ്യന്നദിക്കിലൊ
ക്കെഗ്ഗമിക്കേണമെന്നിങ്ങനെ * രാജരാജേന്ദ്രൻറവാഞ്ഛിതംകേട്ടുടൻവ്യാ
ജമെന്യേവരംനൽകിനാർദേവകൾ * സ്വൎഗ്ഗേനടക്കുന്നിതദ്ദേഹമിപ്പൊഴും
വൎഗ്ഗേണസാകംവരാനനേ!കേൾക്കനീ * പാരംപരോപകാരവ്രതംകൊ
ണ്ടിതുസംഗതിവന്നുഹരിശ്ചന്ദ്രഭൂപനും * പിന്നെദധീചിമഹാമുനിപുംഗ
വൻതന്നസ്ഥിഖണ്ഡിച്ചുദേവകൾക്കേകിനാൻദേവാരിചക്രംജയിച്ചാനതു
കണ്ടുദേവേന്ദ്രനെന്നതുകേട്ടറിയുന്നഞാൻ * പിന്നെശിഖണ്ഡനാംമന്നൻ
മഹാമതിതന്നുടെമാംസംകൊടുത്തുപാവത്തിനു * ജീമൂതവാഹനന്തന്നുടെ
വിഗ്രഹംസാമോദമേകദാതാൎക്ഷ്യനുനൽകിനാൻ എന്നതുകൊണ്ടുപരോപ
കാരവ്രതമ്മന്നനന്മാൎക്കുപരിത്യാജ്യമല്ലെടോ * നീചനെന്നാകിലുംദുഷ്ടനെ
ന്നാകിലുംയാചിച്ചവസ്തുകൊടുക്കണമപ്പൊഴേ മ്ലേച്ഛസ്ഥലങ്ങളിൽപോലും
ഘനാവലിസ്വേച്ഛയാവൎഷിക്കമാറില്ലയോശുഭേ * ചണ്ഡാലഗേഹങ്ങളിൽ
പോലുമുജ്ജ്വലാ ചന്ദ്രാതപംപ്രകാശിക്കമാറില്ലയോ പല്ലിക്കുപുണ്യംകൊടുക്ക
രുതെന്നുനീചൊല്ലീടൊലാജീവനായികേ മോഹിനീ എന്നുപറഞ്ഞുതെളി
ഞ്ഞുരുഗ്മാംഗദൻ ചെന്നുജലംകൊണ്ടുവന്നുമഹീപതിവന്നാലുമെന്നുവിള
ച്ചുഗൌളിക്കങ്ങു തന്നുടെപുണ്യംവിജയാസമുത്ഭവം * സോദകമായിട്ടോരം
ശംകൊടുത്തിതു സാദരംസാധുശീലൻമഹീപാലകൻ * പുണ്യംലഭിച്ചുതു
നേരമാഗ്ഗോധിയും പൂൎണ്ണപ്രകാശമാംരൂപംധരിച്ചുടൻ * ദിവ്യമാകുംവേഷ
ഭൂഷാവിശേഷേണ ദിവ്യമായുള്ളവിമാനേവിളങ്ങിനാൾ * ചന്ദ്രപ്രകാ
ശംമുഖാംബുജംനല്ലൊരുമന്ദസ്മിതങ്ങളുംലീലാകടാക്ഷവും * പല്ലീശരീരം
വെടിഞ്ഞൊരുകാമിനി മല്ലീശരൻതന്റെകാന്തയ്ക്കുതുല്യയായ് * ചില്ലീ
വിലാസേനദമ്പതിമാരോടു ചൊല്ലീടിനാൾദേവനാരികുലോത്തമ * ഭദ്രം
ഭവിക്കനിനക്കുരുഗ്മാംഗദാ! ഭദ്രേനിനക്കുംശുഭംവരുംമോഹിനീ! * ഏ
ങ്കിൽഞാൻപോകുന്നുനിങ്ങളാലെന്നുടെ സങ്കടംതീൎന്നുസദാനന്ദസുന്ദരം *

വിഷ്ണുലോകം ഗമിക്കുന്നതൊന്നിങ്ങനെ വിഷ്ണുഭക്തോത്തമ എന്നരുൾചെയ്തുടൻ * ചന്ദ്രചൂഡായതപ്രൌഢപ്രകാശമാം സാന്ദ്രമോദം വിഷ്ണുലോകം ഗമിച്ചിതു * ശൌളിപുണ്യോദയാനന്തരം മന്നവൻ നാളീകനേത്രയോടൊന്നിച്ചുമെല്ലവേ * തുംഗമായുള്ള തുരഗംകരേറിനാൻ ജംഗമകൈലാസശൃംഗമേവോന്നതം * എന്നുള്ള സന്ദേഹഹേതുനാമശ്വവും നന്നായ് പ്രസാദിച്ചു ഹേഷാരവങ്ങളും * ഘോഷിച്ചു വേഗം നടന്നുതുടങ്ങിനാൻ മോഹിച്ചു മോഹിനി ചൊന്നാൾ പതുക്കവേ * പുത്രന്റെ വക്ത്രാരവിന്ദം നിരൂപിച്ചു കുത്രാപി താമസമാപഥ്യമല്ലിന്നതേ * തത്രചെന്നിട്ടുവാനെന്മനക്കാമ്പിലുമെത്രയുമാഗ്രഹമുണ്ടെടോ വല്ലഭാ! * ക്ഷിപ്രംഗമിക്കണമെന്നുള്ള വാക്കുകൾ സപ്രമോദം കേട്ടു രുഗ്മാംഗദൻ നൃപൻ അശ്വസഞ്ചോദനം ചെയ്തുകൊണ്ടാദരാലാശു ഗമിച്ചാനയോധ്യാപുരംപ്രതി * കാട്ടുംമലകളും നാട്ടുംനഗരവും വീട്ടുംകുടികളും തോട്ടുംപുഴകളും * കണ്ടുകണ്ടാശുകടന്നുകടന്നിതു കണ്ടിവാർകേശിയും ഭൂപനും വാജിയും * വാമദേവാശ്രമം കണ്ടുവണങ്ങിനാൻ വാമനേത്രാന്വിതൻ വാരിജാക്ഷൻ നൃപൻ * വായുവേഗത്തെ ജ്ജയിച്ചോരു വാജിതന്നായാസലാഘവം കണ്ടു രുഗ്മാംഗദൻ * ആശുഗവേഗേനതുല്യവേഗം മുദാ ധ്വജാകേതമന്ദിരോപാന്തമായാതവാൻ * ചെമ്മേ ഭടന്മാർപറഞ്ഞു കേട്ടാദരാൽ സമ്മോദമോടങ്ങു ധർമ്മാംഗദൻ മുദാ * സേവിച്ചുമേവുന്ന രാജസംഘങ്ങളോടേവം പറഞ്ഞു നിറഞ്ഞൊരു കൌതുകാൽ * ഭൂപാലനന്ദനന്മാരേ പുരാന്തികേ ഭൂപാലപുംഗവൻ താതൻ മഹാരഥൻ * അശ്വാധിരൂഢനായ്വന്നുതുടങ്ങിപോൽ വിശ്വാധിനായകൻ വീരൻ വിശാംപതി * എന്നാലെതിരേറ്റുകൊണ്ടുപോന്നീടുവാനെന്നോടുകൂടെപ്പുറപ്പെട്ടുപോരണം * ആനതേർകാലാൾകുതിരപ്പടയോടു മാനകദുന്ദുഭിവാദ്യഘോഷത്തോടും * സേനാപതികൾമന്ത്രിവരന്മാരൊടും മാനനീയന്മാർമഹീസുരന്മാരൊടും * ആനന്ദപൂർവ്വം പുരോഹിതന്മാരൊടു മൂനംവരാതെപുറപ്പെട്ടുകൊള്ളുവിൻ * അച്ഛൻവരുമ്പോളനങ്ങാതെകണ്ടിഹ സ്വച്ഛന്ദമായിട്ടിരിക്കുന്നനന്ദനൻ * പാതകത്തിൽപതിച്ചിട്ടുമതിന്നാലു വാസവന്മാരുടെകാലംമുഴുവനും * സാദരംതാനതിമുഖ്യേന പോകുന്ന പാദങ്ങളോരോന്നിനോരോ മഹാധ്വരം * ചെയ്യുന്നപുണ്യം ലഭിക്കുമെന്നിങ്ങനെ ചൊന്നാൻപൌരാണികന്മാരുടെമതം * ഏകംവിളിപ്പാടുദൂരംവരുംമുമ്പേവേഗേന ചെന്നെതിരേറ്റീടുകിൽശ്രേഷ്ഠം * എന്നുപറഞ്ഞുവിരഞ്ഞുധർമ്മാംഗദൻ മന്നവന്മാരുമപ്പുരോഹിതശ്രേഷ്ഠരും * ഭാസുരന്മാരാംപ്രഭുക്കളുമൊക്കവേ ആക്കമോടേപടഹങ്ങൾതാഡിച്ചുടൻ * ദിക്കുകളെട്ടുംമുഴക്കിപ്പുറപ്പെട്ടു വെള്ളക്കുടതഴവെഞ്ചാമരങ്ങളും വെള്ളിക്കുടകളുമാലവട്ടങ്ങളും * വെള്ളത്തിരപോലെതുള്ളിക്കളിക്കുന്ന വെള്ളക്കുതിരകൾതുള്ളിപ്പുറപ്പെട്ടു * കൊമ്പുകൾരണ്ടുമുയർത്തിപ്പിടിച്ചാശു മുമ്പിൽപ്പുറക്കുന്നകുംഭിവൃന്ദങ്ങളെ * തുമ്പിക്കരങ്ങളാംസ്തംഭങ്ങളെക്കൊണ്ടുസംപൂർണ്ണമായിസമസ്തഭൂമണ്ഡലം * വൻപിച്ചദുന്ദുഭിശംഖമുരശുകൾ കൊമ്പുകളുംകുഴൽതാളംകെട്ടുകൂടി * തപ്പുംതിമിലയും മദ്ദളംചെണ്ടയും കെല്പോടുഘോഷിച്ചുയാത്രതുടങ്ങിനാർ * ഇങ്ങിനെഘോ

ഷിച്ചുധൎമ്മാംഗദൻമുദാ നിഞ്ജിനമോദനാ ചെന്നുനൃപാന്തികേ * മോദാകുലം തത്രവന്നോരുതാതന്റെ പാദാരവിന്ദേ നമസ്കരിച്ചീടിനാൻ*രാജരാജോപമനായുധൻ ധൎമ്മാംഗദൻ വാജിപൃഷ്ഠംതന്നിൽനിന്നിറങ്ങീടിനാൻ * പുത്രന്റെകൈകൾപിടിച്ചെഴുന്നേല്പിച്ചു വക്ത്രാംബുജംപാൎത്തുചുംബിച്ചു സാദരം * വക്ഷസ്ഥലേചേൎത്തുഗാഢഗാഢംപുനഃസ്നേഹതോയംകൊണ്ടഭിഷേകവുംചെയ്തു* മൂൎദ്ധ്നിമുകൎന്നുസമാശ്വസിച്ചൻപോടു ചീൎത്തകൌതൂഹലംപൂണ്ടരുൾചെയ്തിതു * ഭൂമിനാഥാ!വീരധൎമ്മാംഗദാകച്ചിൽ സ്വാമിനിങ്കൽ പ്രസാദിക്കമേമാധവൻ * ബാല!വഴിപോലെസൎവ്വപ്രജകളെപ്പാലനംചെയ്തുമേവീടുന്നിതോഭവാൻ * ദണ്ഡ്യരായുള്ളോരുശത്രുജനങ്ങളെ ദണ്ഡപ്രയോഗാൽജയിക്കുന്നതില്ലയോ? * ന്യായത്തിനൊത്തൊരുവിത്തങ്ങളാൎജ്ജിച്ചു പായങ്ങൾനാലും നടത്തുന്നതില്ലയോ? * അതിഥികൾക്കൊക്കെ വ്യയംചെയ്തുകൊണ്ടുനീ മായങ്ങൾകൂടാതെ വാഴുന്നതില്ലയോ * സാമ്പ്രതാതേകിടന്നുറങ്ങീടാതെ ദായാദവൃന്ദംഭരിക്കുന്നതില്ലയോ? * നിദ്രയെന്നുള്ളോരനൎത്ഥംജനങ്ങൾക്കു ദാരിദ്ര്യകൎമ്മംവരുത്തുന്നനന്ദനാ * അന്ത്യയാമത്തിൽകിടന്നുറങ്ങീടുന്ന ജന്തുവിനൈശ്വൎയ്യമുണ്ടാകയില്ലെടോ * സന്തതിക്ഷയംകുലത്തിനുംയശസ്സിനും സന്തതം [illegible] പ്രഭാതനിദ്രാഗമം * കാമവും ക്രോധവുംലോഭവുംമോഹവും ധൂമകേതുക്കളെന്നോൎക്കുന്നതോസുത! * മാനധംഭംമദംമിഥ്യാവികത്ഥനം മാനവന്മാൎക്കുമഹാദോഷമൊക്കവെ * ജ്ഞാനമില്ലായ്കകൊണ്ടല്ലോമഹാജനേ ഞാനെന്നഭാവങ്ങളേറുന്നനന്ദനാ * മാനിനിമാരുടെചില്ലിവില്ലാട്ടങ്ങൾ മാനിച്ചുമേവുന്നമാനുഷന്മാൎക്കുള്ള * മാനവുംസ്ഥാനവുംദാനധൎമ്മങ്ങളും സ്നാനശൌചങ്ങളുംനാസ്തിയാം നന്ദന! * സ്ത്രീകളെക്കാൎയ്യത്തിലാക്കുന്നപൂരുഷൻമൂഢൻമഹാമൂഢ[illegible]മഹാജളൻ * സ്ത്രീനായകങ്ങളായുള്ളഗൃഹങ്ങളിൽ ശ്രീനാസ്തിയെന്നല്ലനൎത്ഥംബഹുവിധം * പ്രാജ്യദോഷങ്ങളീവണ്ണംസുതാ നിന്റെ രാജ്യങ്ങളിൽ കടന്നാവിരിക്കുന്നിതോ*വിപ്രദേവന്മാരിലത്യന്തവിശ്വാസമിപ്രജാവൎഗ്ഗത്തിനില്ലയോചൊല്ലെടോ * വിപ്രദേവന്മാരിലപ്രിയംചെയ്യുന്ന ദുഷ്പ്രഭുക്കൾക്കൊരുനാളുംവരാശുഭം * ഇന്ദ്രനാകുന്നതുംചന്ദ്രനാകുന്നതും ചന്ദ്രചൂഡാദിത്രിമൂൎത്തിയാകുന്നതും * ബ്രാഹ്മണന്മാൎന്നമുക്കെന്നുബോധിക്കണം ബ്രഹ്മത്വമല്ലോപവിത്രംസനാതനം * ബ്രഹ്മസ്വവഞ്ചനംചെയ്യുന്നപാപികൾ ജന്മജന്മാന്തരംതോറുമാപത്തുകൾ * കല്മഷാംഭോധിയിൽനിന്നുകരേറുവാൻകൎമ്മമക്കശ്മലന്മാൎക്കാകയില്ലെടോ! * വിപ്രരെക്കണ്ടാലെഴുന്നേറ്റുനില്ക്കണം ക്ഷിപ്രമിരിപ്പാൻകൊടുത്തുവന്ദിക്കണം*ഇപ്രകാരംഗുണംചെയ്യുംനരന്മാരിലപ്രമേയൻപ്രസാദിക്കുംജനാൎദ്ദനൻ * ഇപ്രദേശങ്ങളിൽതൽപ്രകാരംപുണ്യമിപ്പൊഴുമെപ്പൊഴുമില്ലയോ?ബാലകാ! *പാഷണ്ഡവിട്ടിൽപശുക്കറക്കുന്നതുദോഷംനമുക്കെന്നറിയുന്നിതോഭവാൻ? * മാഷാദിധാന്യംവിലകുറയ്ക്കുന്നതും മേഷാദിഗോക്കളെക്കെട്ടിയിടുന്നതും * മദ്യപാനങ്ങളുംചൂതുപൊരുവതും നദ്യാദിതീൎത്ഥേഷുമത്സ്യംപിടിപ്പതും * ഇത്യാദിദോഷങ്ങളൊന്നുമേകൂടാതെ നിത്യമീരാജ്യംവിളങ്ങുന്നതല്ലയോ?*

ഏകാദശിതന്നിലുള്ളൊരുതാല്പൎയ്യ മേവനുംഭംഗമില്ലല്ലോകുമാരകാ! * ഇ
ന്നുംദശമിനാളെല്ലാടവും ചെന്നു ദുന്ദുഭിതാഡനം ചെയ്യുമാറില്ലയോ? * ഉര
ണ്ണമുറക്കവുംതൈലതാംബൂലവും വേണുവീണാദിശ്രാവ്യപ്രയോഗവും *
ഏകാദശിനാളതെല്ലാംത്യജിച്ചുകൊണ്ടേകാന്തഭാവേനവിഷ്ണുപാദാംബുജം
* ധ്യാനിച്ചുസേവിച്ചുമേവുന്നതില്ലയോ ഹാനികൂടാതെജനങ്ങളെല്ലാവ
രും * നാലുജാതികളുംസ്വധൎമ്മാനുവൃത്തിയും പാലവേചാലനം ചെയ്യുന്നി
തോ?സുതാ! * സൂൎയ്യേന്ദുസംഗമേശ്രാദ്ധാദികൎമ്മങ്ങൾ ആരുംമുടക്കാതെ
ചെയ്യുന്നതില്ലയോ? * ചാരുമൂൎത്തേഭവാൻമാതൃവൎഗ്ഗങ്ങളെ സ്വൈരമായ്പാ
ലനംചെയ്യുന്നതില്ലയോ * അക്കമേറീടിനസ്വൎണ്ണവുംവെള്ളിയും തുക
ത്തിലല്പംപതിച്ചുവില്ക്കുന്നവൻ * പക്കനടിക്കിൽക്ഷയംവരുമെന്നുള്ള
തോൎക്കുന്നതില്ലയോധൎമ്മാംഗദാ!ഭവാൻ * പ്രസ്ഥാദിമാനത്തിലൂനംവരു
ത്തീട്ടുമത്ഥാദിലുബ്ധനാംനഷ്ടാധികാരിയെ * സ്വസ്ഥാനഭംഗംവരുത്തി
ത്തരുക്കനെ പ്രസ്താവനംചെയ്തുമേവുന്നിതോഭവാൻ? * ജീൎണ്ണവസ്ത്രംവി
റ്റുനേടുന്നമൂഢനെ തൂൎണ്ണംതടുത്തങ്ങുകോഴവാങ്ങുന്നിതോ * പൂൎണ്ണച
ന്ദ്രാനന! നിന്റെയശസ്സിനാൽ പൂൎണ്ണമായില്ലയോലോകത്രയങ്ങളും? *
ഇത്ഥമോരോവിധംചോദിക്കുമച്ഛനോ ടുത്തരംകിഞ്ചിൽപറഞ്ഞുധൎമ്മാം
ഗദൻ * നിൎക്കൃപകൊണ്ടുഞാൻഭൂവാസികൾക്കതി സങ്കടംകൂടാതെ
പാലനംചെയ്യുന്നു * നിങ്കഴൽപ്പങ്കജംസേവിപ്പവൎക്കാരാതങ്കംഭവിക്കു
മോതാത!മഹാമതേ! * താതവാക്യംനിരസിക്കുന്നപുത്രനു പാതകമല്ലാതെ
സംഭവിച്ചീടുമോ * ജാതകംനന്നായ്ജനിക്കിലേമൎത്ത്യനു വീതകമ്പം
സുഖിപ്പാനുംകഴിവരു * മൽപ്രാണദേഹാദിസൎവ്വംമഹാമതേ! ത്വൽപാദ
പങ്കജാധീനംദയാനിധേ! * പുത്രാദിബന്ധുക്കൾദുഷ്ടരായീടുകിൽ മി
ത്രാദികൾക്കെത്രസങ്കടംഭൂപതേ! * സൽപുത്രരുള്ളോരുസാധുവൎഗ്ഗ
ത്തിനു സപ്തജന്മങ്ങളിൽസൌഖ്യംസനാതനം * എന്നുടെശക്തിക്കു
തക്കവണ്ണംജന ത്തിനുടെമോദംവരുത്തുന്നുഞാൻവിഭോ! * ഏകാദശീധ
ൎമ്മമെങ്ങുംമുടങ്ങാതെ ലോകാനുകൂലേന ചെയ്യുന്നുസാമ്പ്രതം * മേലിലുമിങ്ങ
നെതന്നെനടത്തുവാൻ ബാലനെന്നാകിലുംശക്തനാമേഷഞാൻ * താത!
ഭവൽക്കനിവുണ്ടെങ്കിലൂഴിയും പാതാളവുംനാകലോകവുംപാലയേ * ഇത്ര
മാത്രംപറഞ്ഞഞ്ജലികൂപ്പുന്ന പുത്രനോടച്ഛൻപറഞ്ഞിതുപിന്നെയും * സ
ത്യംകുമാരക! നിന്നുടെഭാഷിതം സത്യവാദീഭവാൻസാധുകാരീഭവാൻ * താതാ
ധികൻഭവാൻകാരുണ്യതാരുണ്യചേതോഭിരാമപ്രഭാവശീലൻഭവാൻ * തന്നു
ടെതാതനെന്നല്ലാതെമറ്റൊരു ദൈവതംമനസിലുണ്ടാകുമോപുത്രനു * താത
വാക്യംനിരസിക്കുന്നപുത്രനെ ജാതരോഷംത്യജിച്ചീടുന്നുദേവകൾ * അ
ഷ്ടാദശദ്വീപയുക്തയാം ഭൂമിയെ ശിഷ്ടാനുകൂലേന പാലനം ചെയ്തുനീ *
നമ്മുടെഭാരങ്ങളെല്ലാമൊഴിക്കയാൽ സമ്മതനെന്മകൻധൎമ്മാംഗദാ!ഭവാൻ
* എന്നതുകേട്ടുപറഞ്ഞുധൎമ്മാംഗദൻ നന്നിതുസൎവ്വംതവാനുഗ്രഹംവിഭോ! *
ഏതുദിഗന്തരേസഞ്ചരിച്ചുഭവാൻ ഹേതുവെന്തിങ്ങനെയാമസിച്ചീടുവാൻ
* ഏതൊരുദിക്കിൽനിന്നേവംമനോഹരംകാതരാക്ഷീമൌലിരത്നംലഭിച്ചി

ളും? ഇത്രസൌന്ദര്യമുള്ളോരുനാരീരത്നമിത്രനാളുംകണ്ടറിയുന്നതില്ലഞാൻ
* സർവ്വമാരഗർവ്വംകെട്ടപ്പതിനുർവ്വശിയുണ്ടായിപണ്ടുസുരാലയെ *
ഉർവ്വശിതന്നുടെപൂർവ്വഗർവ്വോദയം നിർവ്വിവാദംശമിപ്പിപ്പാൻപിതാമഹൻ സ-
ർവ്വപദാർത്ഥസാരാംശസാരംകൊണ്ടു സർവ്വപ്രയത്നേനസൃഷ്ടിച്ചുനിശ്ചയം *
വാമാക്ഷിയെസൃഷ്ടിചെയ്തദേഹത്തിനുകാമാർത്തിതാപമുണ്ടായിതുനിർണ്ണയം
* പാലാഴിമങ്കയുംപാർവ്വതിദേവിയും നാലാനനന്തൻമഹിഷിയാംവാ-
ണിയും * ആലോകനംചെയ്കിലിന്നാരിതന്നുടെ നാലാലൊരംശംസൌഭാ-
ഗ്യംലഭിക്കുമോ? * സുന്ദരാംഗിയിവളെന്റെരഞ്ജിനിയായ്‌വന്നീടുമോമഹാ-
പുണ്യവാനെങ്കിൽഞാൻ * പുത്രന്റെവാക്കുകൾകേട്ടുസന്തുഷ്ടനാംമിത്ര-
വംശാധിപൻചൊല്ലിനാൻമെല്ലവേ * ധർമ്മാംഗദ!ഭവാൻചിന്തിച്ച-
തെത്രയുംധർമ്മാനുരൂപംപരമാർത്ഥമായ്‌വരം * സൃഷ്ടികർത്താവാംകുശകേതുത-
ന്നുടെപുഷ്ടികലർന്നൊരുപുത്രിയല്ലോയിവൾ * ഞാനുംപതിനഞ്ചുവാസരം
മുന്നമേകാനനേവേട്ടയ്ക്കുപോയോരനന്തരം * മന്ദരംപ്രാപിച്ചുമാരാരിത-
ന്നുടെമന്ദിരേവന്നിരുന്നീട്ടുമിക്കന്യയെ * കണ്ടുമിവളുടെപാട്ടുകേട്ടുംതദാത-
ണ്ടാർശരാതുരനായിമോഹിച്ചുഞാൻ * പ്രാർത്ഥിച്ചുഞാനിവൾമുന്നമെന്നെത്ത-
ന്നെ പാർത്തിരിക്കുമ്പോൾഗിരീശാനുഗ്രഹാൽ * രണ്ടുവരമൊരുനേരംതരേ-
ണമെന്നുണ്ടൊരുമോഹമവൾക്കതുകൊണ്ടുഞാൻ * *ദക്ഷിണഹസ്തേനസ-
ത്യവുംചെയ്തുടൻ തൽക്ഷണംവേളികഴിച്ചുയഥാവിധി * പോന്നുതുരഗമു-
മേറിഞങ്ങളുംമുദാ മൂന്നുദിനങ്ങൾകൊണ്ടത്രവന്നീടിനേൻ * നന്ദന! നി-
ന്നുടെമാതാവുതാനിവൾ വന്ദനംചെയ്കനീവൈകാതെസാദരം * പേരു-
മിവൾക്കെടോ!മോഹിനിയെന്നുപോൽ ചേരുമിവൾക്കതുമോഹിനിയാ-
കയാൽ * എന്നതുകേട്ടുവിരവിൽധർമ്മാംഗദൻ ചെന്നുടൻപാദേനമസ്ക-
രിച്ചീടിനാൻ * വേഗേനതാഴത്തിറങ്ങിനാൾമോഹിനി ലോകേശപുത്രി
ഞാൻവത്സ!ധർമ്മാംഗദ!*നന്നായ്‌വരുവാനനുഗ്രഹിച്ചേനഹം നന്ദന!യി-
ന്നെടോനന്ദനീയൻഭവാൻ* എന്നുപറഞ്ഞുകരാഗ്രേപിടിച്ചുടൻമന്ദമുത്ഥാ-
നവുംചെയ്യിച്ചുനിർത്തിനാൾ * ഭക്ത്യാവിനീതനാംധർമ്മാംഗദൻതദാ യു-
ക്താർത്ഥവേദിജിതേന്ദ്രിയൻധാർമ്മികൻ * കങ്കണംകാഞ്ചിദുകൂലമിത്യാദി-
കൾ മങ്കമാർമൌലിയാംദേവിക്കുനൽകിനാൻ * സംസേവിയായുള്ളധ-
ർമ്മാംഗദൻതന്റെ അംസോപചിട്ടിത്തുരഗമേറീടിനാൾ * അങ്ങനെതന്നെ
നരേന്ദ്രനുംമെല്ലവേ തുംഗമാമശ്വംകരേറിമേവുംവിധൌ * വാളുംപരിച-
യുംകൈക്കൊണ്ടുനന്ദനൻ ചീളെന്നകംപടിമുമ്പിൽനടന്നിതു * താളം
ചെരുമ്പറകാളംകുഴൽവിളി മേളംകലർന്നുനടന്നുപടകളും * ആഘോഷ-
മോടങ്ങയോദ്ധ്യാപുരാന്തികേമേഘോപമശ്യാമവർണ്ണമഹീപതി * മിന്നൽ
പിണർപോലെപൊന്നിൻനിറംചേർന്നതന്വംഗിയുംകൂടിവന്നടുക്കുംവിധൌ
നാട്ടിൽവസിക്കുന്നനാരിമാരൊക്കവേകേട്ടുപുറപ്പെട്ടുകാണ്മാൻകുതൂഹലാൽ
* മാമേരുപർവ്വതോത്തുംഗമാംഗോപുരേ ചാലവേവാതിൽതുറന്നിരിക്കവേ
കോലാഹലത്തോടുകൂടിവരുന്നൊരുലീലാവിശേഷങ്ങൾകണ്ടുനിന്നീടിനാർ
* കണ്ടാലുമഗ്രേകളങ്കംകളഞ്ഞൊരു രണ്ടാമനാംപൂർണ്ണചന്ദ്രൻവരുന്നി-

തോ? * രണ്ടാംവിവാഹത്തിലുണ്ടായനല്ലൊരു വണ്ടാർകുഴൽമണിയാളുടെ
വക്ത്രമോ? * രണ്ടാംവിവാഹമോ?രാജാവിന്നായിരം തണ്ടാർമിഴിമാരു
ണ്ടെന്നറികനീ * രണ്ടാംവിവാഹംവേട്ടകൊണ്ടെന്തിതെങ്കിലും കണ്ടാലിവൾ
ക്കൊത്തപെണ്ണുങ്ങളില്ലെടോ! * മിണ്ടാതിരിക്കനീസന്ധ്യാബലിദേവിയു
ണ്ടായിരിക്കമിട്ടിക്കിലെണ്ടാനുമേ * ഉണ്ടെങ്കിലെന്തുഭോഷംപറഞ്ഞതു
കൊണ്ടൊരുകാര്യദോഷം വരാനില്ലെടൊ! * കുന്തിഭോജാരിമാർക്കാണ്ടായ്വ
ത്തംവരൻ രണ്ടാമതേകയെക്കൊണ്ടുവരുംവിധൌ * കണ്ടുനിൽക്കും ചിലർ
ശങ്കിക്കും ചിലർ രണ്ടുമിളക്കാതെകണ്ടുകേവും ചിലർ * പണ്ടുപാണിഗ്ര
ഹംചെയ്തപെണ്ണുങ്ങളിൽ കണ്ടാലഴകുള്ളസന്ധ്യാബലിയെടോ! * കണ്ടാ
ലുമായവൾക്കുംമനക്കാമ്പിങ്ക ലിണ്ടലുണ്ടാക്കുവാൻകൊണ്ടുവന്നുപൻ *
ഇങ്ങലെന്നുള്ളതവൾക്കില്ലെടോനിന്റെ വേണ്ടാസനംകൊണ്ടുതോ
ന്നുന്നിതങ്ങനെ * വേണ്ടാസനമെന്തവസ്ഥവന്നാലിനിക്കണ്ടാൽ
നിനക്കും പറഞ്ഞുകൊടുബോധവചനം * വേണ്ടാവിവാഹം പിതിഞ്ചെന്റെ
പുത്രിയെ കണ്ടുകൊണ്ടാലുംകടന്നുപോംമുന്നമേ * രണ്ടില്ലപക്ഷ
മിപ്പെണ്ണിനെപ്പോലെതാൻ കണ്ടില്ലമറ്റൊരുപെണ്ണിനെയുംപുരാ
* വണ്ടിൻനിറമൊത്തകൊണ്ടൽപുരികുഴൽ നീണ്ടുരുണ്ടഗ്രംചുരുണ്ടു
കൊണ്ടങ്ങനെ * തൊണ്ടിപ്പഴത്തിനമിഴലിൽ പളുങ്ക് ന ചുണ്ടുരണ്ടുംനല്ലപ
ല്ലുംകടാക്ഷവും * കണ്ടുകൊൾകാമുനകൊണ്ടുകൾ രണ്ടു മനങ്ങൾകോമാന
ന്റെകുംഭംകണക്കിനെ * പണ്ടുപിണ്ണമൊന്നുകണ്ടിവാൾകേശിമാരുടെയ
തില്ലെടൊകണ്ടാലുമത്ഭുതം * ഞങ്ങളെന്നാരിമാർതങ്ങളിൽതങ്ങളിൽ കി
ങ്ങിണിക്കെത്തുകാൽവർണ്ണിക്കാന്തരേ * മംഗലമേറും മുഹൂർത്തേപുരംപുക്കമ
ന്നവൻതാനുംമഹിഷിയുംവൃന്ദവും * അന്തഃപുരത്തിൽനിന്നങ്ങിറങ്ങിധർമ്മാം
ഗദൻ വിശപ്പത്തിലുത്തമയാകിയദേവിയും * വന്ദിച്ചുനിന്നിതുധർമ്മാം
ഗദൻമുദാ നന്ദിച്ചുവരംചെയ്തു ഭൂപാലപുംഗവൻ * മോഹനീയാകൃതേമോ
ഹിനീ! നിന്നുടെഗേഹമിതുപ്രിയേ! സാകേതനാമകം * ധർമ്മാംഗദാലയേ
ചെന്നുവസിക്കനീ ധർമ്മേണശുശ്രൂഷചെയ്യും മമാത്മജൻ*ദാസികൾക്കില്ലസ
ഖിമാരുമില്ലങ്ങു ദാസീഭാവംനിനക്കുവേണ്ടാശുഭേ! * വേണ്ടുന്നതെല്ലാം
കുമാരൻതരുംപ്രിയേ! വേണ്ടുംവിധത്തിൽവസിച്ചുകൊൾകചിരം * എന്നു
ന്നുള്ളകാന്തന്റെവാക്കുകൾകേട്ടവൻ വന്ദനംചെയ്തുനടന്നിതുമോഹിനീ
* പിമ്പേനടന്നിതുധർമ്മാംഗദൻക്രമാൽ തൻപുരംതന്നിൽപ്രവിഷ്ടനായീ
മുദാ * പഞ്ചമഞ്ചുംപടംവച്ചുചെല്ലുന്നേരമെത്തുന്നമെത്തമേൽപട്ടുവിരി
ച്ചുടൻ * പട്ടുപധാനംതലയ്ക്കലുംകാൽക്കലും പട്ടാറുകോസടിവെള്ളപ്പട
ങ്ങളും * പട്ടുമേലാപ്പുംതിരശ്ശീലമനോഹരം പെട്ടകംപെട്ടിയുംതുക്ക
കോളാമ്പിയും * രത്നദീപങ്ങളുംരത്നപീഠങ്ങളും രത്നകുംഭങ്ങളും
രത്നശൃംഗാരവും * സ്വർണ്ണദണ്ഡഛത്രചാമരശ്രേണിയാൽ പൂർണ്ണപ്രകാശ
മാംശയ്യാനികേതനേ * സ്വർണ്ണഘടേഷ്വങ്ങിരുത്തിജനനിയെപൂർണ്ണപ്ര
മോദംവരുത്തിയഥാസുഖം * പഞ്ചപുച്ഛങ്ങടളക്കിവിനീതനായ് മഞ്ചാ
ന്തികേനിന്നുവന്ദിച്ചുനന്ദനൻ * നല്ലാവനംജലംകൊണ്ടുവന്നാദരാൽതല്ല

ദക്ഷാളനംചെയ്തുധർമ്മാംഗദൻ * തൽപാന്തികേപാദപീഠവുംവച്ചുടൻ ത
ല്ലദതോയംശിരസ്സിലേററീടിനാൻ * ചാരുസർവ്വാംഗിയെസന്ധ്യാബലീ
സമംഗൌരവാർദ്രേണവിലോകനംചെയ്തിതു * ധീരനുംമാനസേശൃംഗാര
ലീലാവികാരംഭവിച്ചീലഭാഗ്യവാനാകയാൽ * ഉഷ്ണതോയംകൊണ്ടുദേഹാ
വധിസ്നാനമുഷ്ണീഷവസ്ത്രേണദേഹമാർജ്ജനം * താംബൂലദാനമിത്യാ
ദികൾചെയ്തുടൻ ജാംബൂനദാനേകഭൂഷണംനൽകിനാൻ * സുന്ദരിമാരാ
യദാസീജനങ്ങളെ സുന്ദരാംഗിക്കുശതാധികംനൽകിനാൻ * ദിവ്യവസ്ത്ര
ങ്ങളെക്കൊണ്ടുടുപ്പിച്ചു ദിവ്യാഭരണമനവധിനൽകിനാൻ * വന്ദിച്ചു
നിന്നരചെയ്തുധർമ്മാംഗദൻ വന്ദിച്ചുകൊണ്ടാലുമമ്മേ!മടിയാതെ * ക്ഷീ
രോദമർദ്ദനംചെയ്തൊരുകാലത്തു്ചാരോത്ഥിതംചാരുസൽക്കുണ്ഡലദ്വയം*
വീരാസുരന്മാർകരസ്ഥമാക്കീടിനാർ പാരാതെഞാനതുകേട്ടുയദൃച്ഛയാ *
അരാഞ്ഞുപാതാളലോകത്തുചെന്നുടൻ പോരാടിദാനവന്മാരെജ്ജയിച്ചു
ഞാൻ * അമ്മഹാകുണ്ഡലംകൊണ്ടുപോന്നേനതു മമ്മേധരിച്ചാലുമാശ്രു
കർണ്ണങ്ങളിൽ * നെല്ലിപ്പഴത്തോടുതുല്യങ്ങളാകുന്ന നല്ലരത്നങ്ങൾ നൂററെ
ട്ടുകൊണ്ടന്നുഞാൻ * സല്ലീലയിൽതീർത്തുകോർത്തോരുഹാരവും കല്യാണി
കണ്ഠേധരിച്ചുകൊൾകംബികേ! * ഉൽകൃഷ്ടമായൊരുപഞ്ചരത്നങ്ങളാ
ലുൽഖചിതങ്ങളാംരക്ലുപ്തകവും * മിംകൈകളുംനല്ലപൊന്നരഞ്ഞാണ
വും പൃഥ്വിയിൽനിന്നാങ്ങുമേടിക്കമോഹിനീ! * കണ്ടാലുമമ്മേ!കടിസൂത്രമീ
വിധം പണ്ടെങ്ങുമാക്കുംലഭിച്ചീലനിർണ്ണയം * തണ്ടാർശരാരിപ്രിയയ്ക്കുള്ള
ഭൂഷണം കൊണ്ടാടിരക്ഷിച്ചുവച്ചിരിക്കുന്നുഞാൻ കൊണ്ടെന്നതെങ്ങനെ ന്നീ
യെന്നസന്ദേഹമുണ്ടെങ്കിലായതുകേട്ടാലുമാദരാൽ *പണ്ടൊരുദൈത്യൻശ
തമാനദാനവനങ്ങൊരുവൻകാലനേമിതൻറെകുലേ മാലേയശൈലേവസി
ച്ചുമഹാബലൻ കാലതുല്യൻശതമായദാനവൻ * അക്കാലമംബികാപു
ത്രൻഷഡാനനൻ ശക്രാദിരക്ഷണംചെയ്‌വാനൊരുമ്പെട്ടു * താരകാഖ്യ
ൻമഹാവീരനാംദൈത്യനെപോരിനായ്ചെന്നുവിളിച്ചുശർവ്വാത്മജൻ *
ഘോരമാംയുദ്ധംതുടർന്നുദശാന്തരേ പാരംഭയപ്പെട്ടുപാർവ്വതീദേവിതൻ * മേ
നിവിറച്ചുകടിസൂത്രഭൂഷണംതാനേകിഴിഞ്ഞഴിഞ്ഞദ്രിമേൽവീണിതു * അ
യതുകണ്ടുശതമായദാനവൻ മായയാചെന്നുമോഷ്ടിച്ചുകൊണ്ടന്നുടൻ*ത
ന്നടെഭാര്യയ്ക്കുനൽകിനാനങ്ങവൻ മുന്നംമുനീശ്വരന്മാരതുബോധിച്ചു *
കാലംവളരെക്കഴിഞ്ഞതുതാതൻറബാല്യകാലേ ചിലർവന്നുപറഞ്ഞുപോ
ൽ * എന്നോടൊരുനാൾപറഞ്ഞിതുതാതനും എന്നുണ്ണിചെന്നുദനുജ
നെക്കൊന്നുടൻ* സാരമായുള്ളകടിസൂത്രഭൂഷണം ഗൌരിക്കുവച്ചുപൂജിച്ചു
പോന്നീടുക * നന്നായ്‌വരുംനമുക്കെന്നാൽമുനികൾക്കു മന്നന്നുപദ്രവമു
ള്ളതുംശാന്തമാം എന്നതുകേട്ടുതൊഴുതുപുറപ്പെട്ടുചെന്നുഞാൻമാലേയശൈ
ലദേശേതദാ * വില്ലുംകുലച്ചുപിടിച്ചുദനുജനെ തെല്ലുംമടിയാതെപോർക്കു
വിളിച്ചുഞാൻ * കൊല്ലുന്നദാനവക്കൂട്ടങ്ങളൊക്കവേപല്ലുംകടിച്ചുചൊടി
ച്ചുവന്നീടിനാർ * മല്ലുംനടിച്ചുശതമായദാനവൻ കല്ലുംമരങ്ങളുംകൊണ്ടെ
ടുത്തീടിനാൻ * പുല്ലുംഭവാനുംസമമെന്നുരച്ചുഞാൻചൊല്ലുന്നവാക്കുകൾ

കേട്ടുകോപിച്ചവൻ * നില്ലെടാമാനുഷാനിന്നെക്ഷണേന ഞാൻകൊല്ലു
ന്നതുണ്ടെടാ വാടാമഹാജളാ! * വല്ലാത്ത ദുർമ്മോഹമെന്നോടുകൂട്ടുമോനില്ലാ
ത്തനീതിയിൽഭീതിയില്ലിങ്ങെടാ * വില്ലാളിഞാനെന്നഹംഭാവമെപ്പൊഴുമി
ല്ലാതെയാക്കുംശമനോദരാനവൻ * ചൊല്ലേറുമെന്റെപരാക്രമംകേൾക്കു
ന്നിതില്ലേശം! നടനാച്ചുമെ നിങ്ങാനെ * ചൊല്ലുന്ന ദേവാരിവീരനോടുത്തരം
ചൊല്ലിനാനാശുകോപിച്ചുതാനന്തരാ * മാരാരിദേവന്റെദാരങ്ങളാകുന്ന
ഗൗരീഭഗവതിക്കുള്ളൊരുഭൂഷണം * സാരമായുള്ളകടിസൂത്രമേഷനി
ചോരണംചെയ്തുഭാഗ്യശൂന്യനൽകിലയോ? * വീരനോനീജള ചോരനോനീ
മഹാഭീരുവായുള്ള നീയാരെടാദാനവാ! * പോരിനായ് വന്നിങ്ങുനേരിട്ടു
നേരത്തു ശൂരതയൊക്കവേനീങ്ങുമെന്നിങ്ങനെ * ബോധപ്രകോപംപറ
ഞ്ഞുകേട്ടുധതയുദ്ധംതുടർന്നിതുദാനവനപ്പൊഴേ * അസ്ത്രങ്ങൾകോരിച്ചൊ
രിഞ്ഞുബഹുവിധം ശസ്ത്രങ്ങളോരോന്നെടുത്തുതൊടുത്തുമന്ദാത്തു വിളിച്ചും
മദിച്ചുംചുളച്ചുടൻവീർത്തുംവിറച്ചുംവിശിഖാവലികൊണ്ടു * കോർത്തുംകട
ഞ്ഞോരുകൊണ്ടുള്ളവൻപുഴതീർത്തുമതിൽവന്നുകാളിയുംകൂളിയും *അത്ത
ക്കൂത്താട്ടനകോലാഹലങ്ങളും കൂർത്തുള്ളബാണങ്ങൾകൊണ്ടുബഹുവിധം
കോർത്തുംകുറഞ്ഞൊരുനേരമല്ലിങ്ങനെ *പത്തുമാസംപിന്നെരണ്ടുമാസങ്ങ
ളുംനിത്യംമുടങ്ങാതെസംഗരംചെയ്തുഞാൻ * മായാവിയാംശതമായനെ
ക്കൊല്ലുവാനായായാസമേററമുണ്ടായിതെനംബികേ! * മത്സരിക്കുംശതമാ
യനെസ്സംഗരേ വത്സരംകൊണ്ടുവധിച്ചുതൽസൈന്യവും * തൽഭാസ്വ്വത
ന്റെകരത്തിൽനിന്നാശുഞാൻതൽഭൂഷണംഹരിച്ചീടിനേൻശ്രദ്ധമായ് *
ഗൗരിയെധ്യാനിച്ചുവന്ദിച്ചുപൂജിച്ചുഗൗരവത്തോടെ നമസ്കരിച്ചീടിനേ
ൻ അംബരാന്തനിലാശരീരിഭാഷിതം ചെമ്മേശ്രവിക്കായിതമ്മേ! മഹാത്ഭു
തം! * വത്സധർമ്മാംഗദ! നമ്മുടെഭൂഷണംവത്സരുഗ്മാംഗദനാശുനൽ
കീടുനീ * ലോകേശപുത്രിയെപ്പാണിഗ്രഹംചെയ്തു സാകേതമന്ദിരേവന്നു
മേവുന്നനാൾ * നിന്റെജനനിയാംമോഹിനിക്കാസ്ഥയാ നീതാനെടു
ത്തുകൊടുത്തുകൊൾകമുദാ * എന്നുള്ളശരീരിവാക്കുകൾകേട്ടുഞാൻവന്ദിച്ചു
ഭൂഷണംകൊണ്ടുവന്നീടിനേൻ * അപ്രകാരംലഭിച്ചോരുകടിസൂത്രമപ്രമേ
യേ ശരീരേധരിച്ചീടുക * നാരസിംഹാകൃതിപൂണ്ടുഹിരണ്യനെദാരണം
ചെയ്തനഖങ്ങളാലച്യുതൻ * അന്നുഹിരണ്യന്റെഭാര്യയായുള്ളവൾതന്നു
ടെസീമന്തരത്നമഴിച്ചുടൻ *സാഗരാന്തനിലെറിഞ്ഞുകളഞ്ഞുതാൻ വേഗാ
ലുടനടിചാടിമരിച്ചുപോയ്* സീമാവിഹീനപ്രവരമായുള്ളൊരു സീമന്തര
ത്നംവരുണൻമഹാരഥൻ * സാദരംകണ്ടുസന്തുഷ്ടനായിട്ടുതം സമ്മാനമാ
യിട്ടിനിക്കുനൽകീടിനാൻ * ശ്രീമൽപ്രതിഷ്ഠാപ്രഭാവപ്രകൃഷ്ടമാം
സീമന്തരത്നംധരിക്കനീശോഭനേ! * ലക്ഷംപണംപിടിച്ചീടുന്നശുഭ്രമാം
സൂക്ഷ്മവസ്ത്രദ്വയംമേടിക്കനീശുഭേ! * ദിഗ്ജയംചെയ്തുഞാനിന്നി
നിക്കാസ്ഥയാ ദിക്പാലദത്തമീദിവ്യരത്നംശുഭം * ദിവ്യമാല്യംമുലക്കു
ന്നിൽധരിക്കനീ ദിവ്യനാരീമണേ! പത്മജന്മാത്മജേ! * ഏവംപറഞ്ഞു
കൊടുത്തുബഹുവിധം ദേവിക്കുഭൂഷണംതത്രധർമ്മാംഗദൻ * സേവിച്ചു

നിന്നുമനസ്സിങ്കൽമറെറാത ഭാവമവനില്ലയാതെദിവാനിശം * ആറു
മാസംപുക്കബാലകനേഷഞാൻ നൂറുവയസ്സുള്ളമാതാവുമോഹിനീ *
ഇങ്ങനെകല്പിച്ചുറപ്പിച്ചുഗംഭീര നെഞ്ഞനെശക്തിയുണ്ടാകുന്നമാനസേ
* സർവ്വാംഗഭൂഷണംനൽകികുമാരകൻ സർവ്വാത്മനാവണങ്ങീട്ടുന്നുദേവി
യെ * സന്ധ്യാബലീഗൃഹേചെന്നുധർമ്മാംഗദ നന്തികേസാഷ്ടാംഗമായ്
വീണുചൊല്ലിനാൻ * മോഹിനീദേവിയെസ്സല്ക്കരിച്ചീട്ടുവാ നേഹി
മാതാവേമഹാഭാഗ്യശാലിനീ! * സാപത്ന്യമത്സരംവർദ്ധിച്ചുമാനസേ കോ
പിച്ചുകണ്ടിതംപൂണ്ടിരുന്നീടൊലാ * ഭർത്താവിനെന്തിഷ്ടമെന്നാലതുത
ന്നെ കൃത്യാസമാചരിച്ചീടേണമംബികെ * ഭർത്തൃശുശ്രൂഷണംഭാര്യയ്ക്കു
ധർമ്മമെ നത്യന്തസജ്ജനംചൊല്ലുന്നസർവ്വദാ * തന്നുടെപാണിഗ്ര
ഹംചെയ്തവല്ലഭൻ തന്നുടെദൈവതംജീവനംദേഹവും * അന്യദൈവം
സതിമാൎക്കില്ലനിർണ്ണയം ധന്യയാംനീതാനറിഞ്ഞതില്ലേശുഭേ! * അന്യ
നാരീസക്തനാകിലുംകാന്തനോ ടന്യായമൊന്നുംകഥിക്കാതിരിക്കണം *
തന്നെക്കുറിച്ചുവിരക്തനെന്നാകിലും തന്നംഗിമാൎക്കുഭർത്താവെത്യജിപ്പു
തോ * തന്നുടെദുഷ്കാലമെന്നുകല്പിച്ചുകൊ ണ്ടൊന്നുമിളക്കാതിരിക്കനല്ലു
സതി * ഭർത്താവിനപ്രിയംചെയ്യുന്നഭാര്യയ്ക്കു പാർത്താൽപരലോകമില്ലെ
ന്നറിയണം * എന്നല്ലഘോരമാംപാപകൂപങ്ങളിൽചെന്നുപതിക്കുംപതി
നാലുവത്സരം * വല്ലഭനിഷ്ടമായുള്ളതുപതിക്ക വല്ലതുംദാസ്യ
മെന്നാകിലുംചെയ്യണം * അയൽക്കുള്ളിൽ പ്രിയംവരുത്തുംജനം
നായകനാപ്രിയമെന്നുവരുംദൃഢം * അതുകൊണ്ടുനീമോഹിനിക്കെ
പ്പൊഴ് മായവണ്ണംപ്രിയംചെയ്യവേണംശുഭേ! * ഭൂതലേകാണുന്നതുതന
സ്ത്രീകളിൽ പൂരുഷന്മാൎക്കതിപ്രേമമുണ്ടായ്വരും * കൌതുകമങ്ങനെയെങ്കിൽ
നിനക്കെന്തു ചേതംവരാനുള്ളുസർവ്വംസഹിക്കനീ * മുന്നംഭവതിയിൽ
പ്രീതനായ്നൃപൻ അനുഭവതിക്കയാതൊന്നുമാനസം * ഇന്നുമതുത
ന്നെഭാവിച്ചുകൊള്ളുന്ന മെന്നാലൊരാപത്തുമെത്തുകില്ലംബികേ! * ഹീ
നവംശത്തിൽപിറന്നപെണ്ണുങ്ങളിൽ സാനുരാഗൻകാന്തനെന്നുവന്നാലു
ളും * മാനിക്കവേണംമഹിഷീജനങ്ങളും ഞാനകഥപറഞ്ഞീടാംശ്രാ
വിക്കനീ * ശാകലാദ്വീപ്യപുരേ ഉണ്ടൊരുപാദജൻ ലോകപ്രസിദ്ധ
നായുണ്ടായിസുന്ദരൻ * ശൂദ്രകർമ്മത്താൽവിവാഹവുംചെയ്തുകൊ
ണ്ടാർദ്രസ്വഭാവയാ ഭാര്യയാമേവിനാൻ * ദൂരത്തുനിന്നൊരുവേ
ശ്യയുംവന്നുടൻ ചാരത്തുകൂടിമഹാശൂദ്രമന്ദിരേ * വൈശ്യശപ്ത്യവാനായശൂ
ദ്രപ്രധാനിക്ക വേശ്യയിൽകാംക്ഷതുടങ്ങിപതുക്കവേ * വേശ്യയ്ക്കുവേണ്ടു
ന്നതെല്ലാംകൊടുത്തവൻ വേഴ്ചതുടങ്ങിസ്സുഖിച്ചുവാണീടിനാൻ * വേട്ടു
കൊണ്ടനപെണ്ണിന്റെകഥതന്നെ കേട്ടുകൂടാതായ്മൂഢനാംശൂദ്രനും *
അയവാംപിന്നെപതിക്കുമാവേശ്യയ്ക്കു മായവണ്ണംദാസ്യമാചരിച്ചീടിനാ
ൾ * രണ്ടുപേൎക്കുംജലംകൊണ്ടുവന്നന്തിക്കുകണ്ണാവധി സ്നാനമാചരിപ്പി
ക്കയും * വേണ്ടുന്നഭോജ്യാദിയൊക്കെക്കൊടുക്കയും വേണ്ടുന്നവണ്ണംപരി
ചാരകങ്ങളും * തല്പാന്തികേനല്ലകോളാമ്പിയുംവെച്ചു തൃപ്പാനവക്കുസുഖ

മായ് പമസ്സുയും * ചെപ്പുകുടങ്ങളിലപ്പു നിറച്ചുകൊണ്ടുർപ്പക്കകൊച്ചി
വെച്ചാശ്രുവസിക്കയും * കാലത്തുന്നു വിളക്കുകൊളുത്തിയ കോലങ്ങൾ
രണ്ടിനും കാട്ടിനിന്നാദരാൽ * താംബൂലപൂഗങ്ങൾ മെല്ലെക്കൊടുക്കയും
തന്നുടെ മല്പിയം കൂടാതിരിക്കയും * ച്ചുവിളമ്പിക്കൊടുത്തതങ്ങൾ വള്ളുടെ ഉ
ച്ഛിഷ്ടവും തിന്നാഹസ്സു കഴിക്കയും * ഇങ്ങനെ നാലഞ്ചുവത്സരം കാന്തന്റെ
ഇംഗിതം പോലെ പരിചരിച്ചീടിനാൾ * അക്കാലമേകദാ മാഹിഷക്ഷീരം
ദഹിക്കാത്തവണ്ണം കുടിച്ചു ശൂദ്രാധിപൻ * വേഗാൽ ഭഗന്ദരവ്യാധി പിടി
പെട്ടു ദേഹ സൗഖ്യം കിഞ്ചിലില്ലാതെയായിത്തു * ദുഃഖം തുടങ്ങി മുടങ്ങി
ശരീരവും ദുർഗ്ഗന്ധവും കൃമിജാലവും വർദ്ധിച്ചു * അക്കാലമുറഞ്ഞു ശൂദ്രാധി
പനിങ്ങനെ ദുർഗ്ഗന്ധമൊക്കെശ്ശമിച്ചമേ ചൂന്നാൾ * തക്കത്തിൽ വേശ്യതൻ
വിത്തങ്ങളൊക്കവേ കൈവലാക്കിക്കൊണ്ടു മണ്ടിനാൾ ഗ്രുധമായ് *
നാഴിനെല്ലിന്നു മുതലുമില്ലാതായി ശേഷിയില്ലാതായി തന്റെ ശരീരവും *
അയ്യോ വലഞ്ഞു ഞാനയ്യോ ബഹുവിധം മയ്യൽ ദവിട്ടു നടന്നു പോയേവം ഹം
* കയ്യിലുള്ളർത്ഥം കവർന്നു പോയീടിനാൾ കാരുണ്യമില്ലാത്ത ദുഷ്ടത്തിയാ
മവൾ * നേരുള്ള നിന്നെ ത്യജിക്കകൊണ്ടിങ്ങനെ ദാരിദ്ര്യവും മഹാവ്യാ
ധിയുമാഗതം * ഘോരമാം പാതകേ വീണുഴലും നേരം മാരി നികാശ്രയം
ചാരുശീലേ ശുഭേ! * സൈരം കെടുത്തു വസിപ്പിക്ക കാരണം വൈരം
നിനക്കും മനസ്സിലുണ്ടായ്വരും * പാരാതെ രംഗം കെട്ടു പാപിയാകുന്ന ഞാൻ പാ
രമില്ലാതാധി സിന്ധൗ പതിച്ചു ഞാൻ * എന്നതു കേട്ടു പറഞ്ഞു നൻ ഭാര്യ
യും നിന്നുടെ ദോഷമല്ലേതും മഹാമതേ! * ഈശ്വരനിങ്ങനെ കല്പിച്ച ദുഃ
ഖങ്ങളീശ്വരനല്ലാതൊരുത്തനൊഴിക്കുമോ? * വേശ്യയെ കുറ്റം പറ
ഞ്ഞാൽ ഫലമില്ല വേശ്യയ്ക്കുമായതല്ലീ പരകല്പിതം * മൗനം കളഞ്ഞു
തെളിഞ്ഞു വാണീടുക മാനിനീ ഭോനിനി ക്ലിശ്യാൻ തൻ ഭവാൻ * കോ
പം നമുക്കില്ല വൈരം നമുക്കില്ല താപം നമുക്കു ഭവദ്രോഗകാരണം * വൈ
ദ്യങ്ങൾ ചെയ്താൽ ഫലിക്കുന്നതുമില്ല വൈദ്യമ്മാരായിച്ചു മന്ത്രമേവപ്പോൾ! *
ഇങ്ങനെ ചൊല്ലി ചൊദിച്ചു ചെയ്തു മങ്ങിനഭാവേന ശൂദ്രഭാര്യാ തദാ * ത
ന്നുടെ താതന്റെ വീട്ടിലും ചെന്നു പങ്ക ബന്ധുവം നെല്ലും പണങ്ങളും കൊണ്ടുവ
ന്നു * തന്നുടെ കാന്തന്റെ രോഗം ശമിപ്പതിന്നന്നന്നനേകം പ്രയത്നം തുടങ്ങി
നാൾ * നല്ലാമരാദി വൽക്കോൽക്കുണ്ടകം മുതാ നല്ലോത്തമോടെ വെള്ളത്തിളപ്പി
ച്ചു * മഞ്ഞളും കൂട്ടിക്കലക്കിക്കുളിപ്പിച്ചു മഞ്ഞും വെയിലും മങ്ങേല്ക്കാതെ രക്ഷി
ച്ചു കൃഷ്ണവർണ്ണങ്ങളായുള്ള കൃമികളിലുഷ്ണതോയം പകർന്നാശു കഴുകയും * ധാ
ത്ര്യാദി തൈലേന ധാരയിട്ടുകയും ശൈത്യാംഗലേപനം ചെയ്തു ദിവാനിശം *
ഊണുമുറക്കവും കൂടാതെ കൊണ്ടവൾ വാനവഴി പോലെ രക്ഷിച്ചു കാന്തനെ
അശ്വിനീദേവകൾ രക്ഷിച്ചുകൊള്ളുവിൻ വിശ്വനാഥാ ഹരേ! കാത്തുകൊ
ള്ളേണമേ! * രുദ്രനും വാണിയും രുദ്രാണിദേവിയും ഭദ്രമേകീടണമെന്നു യാചി
ക്കയും ഭദ്രകാളിക്കു ഞാനാത്മരക്തം കൊണ്ടു രുദ്രപൂജാബലി ചെയ്യാം എന്നു നേദി
നേ സോദരന്മാരെ പുത്രപ്പത്തുവാസരം സാദരം സേവിച്ചുകൊള്ളുവൻ ഞാൻ
ക്രമാൽ കൂർത്തുള്ള കണ്ടകങ്ങൾ കൊണ്ടു ശയ്യാതലം തീർത്തതിൽ മുൻപേ ശയിച്ചുകൊ

ള്ളാമഹം * എണ്ണയുംനെയ്യുംതൊട്ടുനീലകാന്തന്റെ ദണ്ഡംശമിക്കാതെ
ഞാനെന്റെദൈവമേ ! *ഭർത്താവിന്നായുസ്സുമാരോഗ്യവുംദേഹി മാർത്താണ്ഡ
ദേവ!നീമല്ലൊകുലദൈവമേ! * ഇത്തരംപ്രാർത്ഥിച്ചുകൊണ്ടിരുന്നീടിനാളെത്ര
യുംഖിന്നയായ്ശൂദ്രാംഗനാതദാ *സന്നിപാതജ്വരംവന്നുപിടിപെട്ടുതന്നു
ടെവല്ലഭന്റെ ല്ലതെവീണിതു * അന്ത്യകാലംവന്നടുത്തുകൂടിയവനെന്തു
ചെയ്താൽഫലംകാണുന്നുദൈവമേ! * തിപ്പലിചുക്കുമുളകുമിവമൂന്നുമൊപ്പം
കഷായമായ്യുച്ചുകുടുംബിനി * വായിൽകൊടുപ്പാനടുപ്പിച്ചകൈവിരൽ ദേ
ഗാൽകടിച്ചങ്ങുവേർപെട്ടത്തീടിനാൻ * അംഗുലീവായിലകപ്പെട്ടുജീവനും
ദേഹംവെടിഞ്ഞുപുറത്തുപോയീതദാ * ചത്തൊരുകാന്തനെചൊല്ലിക്കര
ഞ്ഞുകൊണ്ടുസ്ഥാനവുംചെയ്തുശൂദ്രസീമന്തിനി * കണ്ഠത്തിലുള്ളലങ്കാരം
കടകവുംകുണ്ഡലക്കൂടാതെദാനവുംചെയ്തവൾ * ബന്ധുക്കളെക്കൊണ്ടുസം
സ്കാരകർമ്മത്തിന്നിന്ധനംവെട്ടിച്ചിതയുംചമപ്പിച്ചു * വഹ്നിതന്നിൽശവം
വെച്ചുതാനുംമുദാ തന്നുടെകാന്തന്റെഗാത്രംപുണർന്നുകൊ * ണ്ടംഗേനമേള
നംചെയ്തുശയിച്ചുടനംഗാരശേഷമാക്കീടിനാൾവിഗ്രഹം *ആത്മപുണ്യം
കൊണ്ടുഭർത്താവിനുംക്ഷണാൽ ആത്മാവിന്നെക്ഷയിച്ചപ്പോളിരുവരും * ദി
വ്യരൂപങ്ങൾപൂണ്ടേറ്റംപ്രകാശിച്ചു ദിവ്യമായുള്ളവിമാനമേറിക്ഷണാൽ
*അവ്യയാനന്ദസന്ദോഹസങ്കേതമാം ദിവ്യലോകംചെന്നുമോദിച്ചുമേവി
നാർ * എന്നുകൊണ്ടുപറഞ്ഞുതാനംബികേതന്നുടെഭർത്താവിനിഷ്ടയായീ
ടിനാൽ * തന്നുടെപാപവുംകാന്തന്റെപാപവും ഒന്നിച്ചുവേർപെട്ടുപോ
യീട്ടുമഞ്ജസാ * പോന്നാലുമാശുനീമോഹിനീസന്നിധൌനന്ദനായനുസ
രിച്ചാലുംമഹാമതേ! * ചോറു വിളമ്പിക്കൊടുത്തുഭുജിപ്പിച്ചുകൂറുള്ളഭാവംപ്ര
കാശമാക്കീടുക * കാറുള്ളനെല്ലാമകന്നാൽപ്രകാശവുമേറുംശശാങ്കനെ
ന്നോർത്തുകൊൾകശുഭേ! * അമ്മയുംഞാനുമൊരുമിച്ചുദേവിയെസമ്മോദ
മോടെപരിചരിച്ചീടുകിൽ * നമ്മാനമെല്ലാമതുതന്നെസന്തതംനമ്മെഗ
ചിത്തനാംതാതനുസാമ്പ്രതം * ഏവംപറഞ്ഞൊരുപുത്രനെസ്നേഹേന
സാവധാനംപുണർന്നാശുസന്ധ്യാബലി * ചൊന്നാൾപത്തുക്കവേചൊല്ലേ
റുമാതമ! നിന്നാലുദീരിതംസത്യമേവാഖിലം * സാധുനിന്മാനസംസ്വ
ജ്ഞനേഷനീസാധുപ്രിയംകരൻസൽപുത്രനേഷനീ * കൂറുള്ളനീതാനൊരു
ത്തനെക്കൊണ്ടുഞാൻ നൂറുപുത്രന്മാർവരുത്തുംസുഖങ്ങളെ * ഇന്നുലഭിക്കുന്നു
ഞാനെന്റെനന്ദന! നന്നുനീദീർഘായുഷ്മാനായ്ഭവിച്ചിട്ടും* അർഭകാനി
ന്നെഞാൻമൂന്നുസംവത്സരംഗർഭംധരിച്ചതുനിഷ്ഫലമല്ലെടൊ! * പത്തുമാ
സംപൂർന്നല്ലോത്തരുണിമാക്കുത്തമംപണ്ടേവിധിച്ചതല്ലേസുത! * പത്തിലു
മൊന്നുരണ്ടേറ്റമാകുംതിങ്ങൾ പത്തുംതികഞ്ഞില്ലയെന്നുംവരുംക്വചിൽ
* ഇങ്ങനെമൂവാണ്ടുഗർഭമെന്നിത്രനാളെങ്ങുമേകണ്ടതുംകേട്ടതുമില്ലെടോ!*
അങ്ങനെവന്നുനമുക്കുഭവിച്ചിതു മംഗലമായ്വന്നുബാലധർമ്മാംഗദാ! * ഇത്ര
നല്ലോരുകുമാരനെഗർഭത്തിലെത്രകാലംധരിച്ചാലുംമതിവരാ * പുത്ര!ധർമ്മാം
ഗദ!പുണ്യവാശേഭവാൻ ക്ഷത്രവംശാധിപനക്ഷത്രനായകൻ*തൽഗിരാ
ഞാൻചെന്നുമോഹിനീദേവിയെസൽക്കരിച്ചീടാമതിനെന്തുസംശയം * ഈ

ഷ്ട്യവുംലജ്ജയുമില്ലിനിക്കൊത്തുമേ ദുഷ്ട്യമില്ലേതുംവിരിഞ്ചന്റെനന്ദിനീ! * ശിഷ്യയെപ്പോലെവണങ്ങിനിന്നാദരാൽശിക്ഷയിൽഭക്ഷണംനൽകുന്നതുണ്ടുഞാൻ * എത്രകാലംവ്രതംചെയ്തുലഭിച്ചേൻ പുത്രനാംനീനമുക്കത്രകൌതുഹലം * അതിനിന്റെഹിതംചെയ്യാൻമടി നമുക്കത്രമാത്രംപോലുമില്ലധർമ്മാംഗദാ! * എങ്കിൽഗമിക്കനാമെന്നുപറഞ്ഞുടൻമങ്കമാർമൌലിയാംസന്ധ്യാബലീതദാ സ്വർണ്ണപാത്രംതന്നിലൊന്നുനോക്കീടിനാൾ പൂർണ്ണമാംപാത്രത്തിലോദനംമൃഷ്ടമായ് പങ്കജാക്ഷിയാംസന്ധ്യാബലിതന്റെ കൺകൊണ്ടുനോക്കുന്നപാത്രത്തിലപ്പോഴേ * ചോറുംകറികളുംസംഭവിച്ചീടുമെന്നേറെപ്രസിദ്ധംസമസ്തഭൂമണ്ഡലേ * പാദാരവിന്ദങ്ങൾവെക്കുന്നഭൂതലേ പാരാതെനിക്ഷേപകുംഭസംഭൂതിയും * അങ്ങനെദിവ്യത്വമുള്ളസന്ധ്യാബലിഭംഗ്യാഗമിച്ചിതുമോഹിനീസന്നിധൌ * ബാലേ!വരികെന്നുകൈപിടിച്ചാദരാൽമാലേയപങ്കമാംകൊങ്കയിൽചേർത്തുടൻ * മാലചൂടിച്ചുമണിസ്വർണ്ണപീഠകമേലേദുകൂലംവിരിച്ചിരുത്തീടിനാൾ * പൊന്നിന്തളികയിൽചോറുവിളമ്പിനാളന്നത്തിനാജ്യവുംതേനുംവിളമ്പിനാൾ * നല്ലകറികളുംവൃത്തവുംപകപ്പും വെല്ലവുംകന്ദഫലങ്ങൾപഞ്ചാരയും * നാരങ്ങമാങ്ങനെല്ലിക്കാക്കറികളും നാനാരസംകിഞ്ചിലിഞ്ചിയുംനൽകിനാൾ * പാല്പായസംനല്ലപാലുംഗുളങ്ങളും താല്പര്യപൂർവംഭുജിപ്പിച്ചുമെല്ലവേ * പാണിസംക്ഷാളനംഗണ്ഡൂഷമിത്യാദിപാനീയകൃത്യങ്ങളെല്ലാമനുഷ്ഠിച്ചു * ജാംബൂനദാസനംതന്മേലിരുത്തീട്ടു താംബൂലപൂഗാദിനൽകീടിനാളഥ * താലവൃന്തംകൊണ്ടുവീയിടിനാൾതന്റെ ബാലനുമായാശുദേവിസന്ധ്യാബലീ * ഇങ്ങനെതന്നുടെശുശ്രൂഷചെയ്യുന്നമംഗലാംഗീയിവളാരെന്നുമോഹിനി * ചിന്തിച്ചുചേതസാസന്ധ്യാബലീതന്റെ നന്ദനനോടങ്ങുചോദിച്ചുമെല്ലവേ * പുത്രധർമ്മാംഗദാ ചൊല്ലുനീ യാരിവളെത്രയും നല്ലൊരുനാരീശിരോമണി * സൌജന്യവുംനല്ല സൌന്ദര്യവുംചാരുസൌശീല്യവും സാധുസൌഹാർദ്ദഭാവവും * ഈവണ്ണമുള്ളൊരുനാരീമണിയെ ഞാനീക്ഷണംചെയ്തീലമറെറങ്ങുമാത്മജാ! * എന്നതുകേട്ടുപറഞ്ഞുധർമ്മാംഗദനെന്നുടെപെററമാതാവാനദേവിതാൻ * സന്ധ്യാബലിയെന്നുനാമം വിരിഞ്ചജേ, സന്തോഷശാലിനിബോധിക്കനീശുഭേ! * അമ്മമാർമററു സഹസ്രമുണ്ടെങ്കിലും ജന്മഹിതമിക്കുന്നമതില്ലയാതുമേ * മൂന്നുസംവത്സരംഗർഭേധരിച്ചുമാം ഊനംവരാതെജനിപ്പിച്ചിതുമിവൾ * മുററുമിന്നോർത്താൽ പ്രസൂതിദുഃഖംപോലെമറെറാരുദുഃഖമില്ലംഗനമാർക്കഹോ! * പെററപെണ്ണുങ്ങൾതാനല്ലാതെമററാരു മീററനോവിൻപരമാർത്ഥമറിവതോ? * അററമില്ലാതുള്ളവിത്തംകൊടുക്കിലും പെററമ്മയോടുകടംവീട്ടുകില്ലല്ലോ * ചെററുംമടിക്കാതെമാതാവിനെക്കൊണ്ടു കുററംപറയുന്നമക്കൾക്കൊരുഗതി * സംഭവിക്കുന്നീലനൂറുനൂറായിരംസംഭവംമൃത്യുസന്താപവുംതൽഫലം * ഗാത്രമലമൂത്രമാദിവളക്കുന്ന തെത്രയുംദുഃഖസന്താപമറികടോ * മാത്രേതരക്ലേശമോർത്താലൊടുക്കമില്ലെത്രയുംവൈഷമ്യമല്ലോവളക്കയുംതന്നുടെമാതാവുതന്റെമടിയിലങ്ങനവഹംക്രീഡിച്ചിരിക്കുന്നകാലത്തുമന്നിടമെല്ലാംതനി

ക്രധീനംജാതമെന്നുള്ളഭാവം കുമാരക്ക്മാനസേ * ചന്ദ്രചൂഡന്റെതിരു
മുടിതന്നിലെ ചന്ദ്രനെച്ചെന്നുപറിക്കാം കരങ്ങളാൽ * ലോകംപതിന്നാ
ലുമുദ്ധരിക്കാമെന്നു മാകാംക്ഷയുണ്ടെ കുമാരക്കൊക്കവേ * മാതൃസ്തന
ക്ഷീരവീൎയ്യപ്രകാശമിപ്പോതകന്മാക്കുതോന്നുവാൻ കാരണം * മാധുൎയ്യ
മേറ്റംമുലപ്പാലിനെപ്പോലെ സ്വാദുമറ്റൊന്നിന്നു മില്ലെന്നറിയണം * അ
ച്ഛന്മരിച്ചാലുമമ്മയുണ്ടെന്നാകിലിന്ദിരാനന്ദപ്രദനായ്ജ്ജീവിക്കുമാത്മജൻ *
അമ്മയ്ക്കപായം ഭവിച്ചാൽമരിച്ചുപോം ചെമ്മേയതല്ലെങ്കിലുണ്മയാകില്ലെ
ടോ! * അതികാലേപുത്രനച്ഛനങ്ങാകിലും മാഹാത്മ്യമീദൃശം മാതാവി
നെന്നതും* മോദാൽമറന്നുപോകുന്നിതു ദേഹികൾ അഹോരാത്രമാഹാര
നിദ്രാദ്യപായങ്ങളാകാചതുഷ്ടയം കഷ്ടമാമഷ്ടിയും * മോഹാംബുരാ
ശൌ നിമഗ്നരായുള്ളനാമീശാനുകൂലതതൻഫലസംഭവം * മുറ്റുമീസ
ന്ധ്യാബലീദേവിതാൻമൂഢാ പൊറുവളൎത്തുനാമിത്രനാളുംശ്രുതേ! * ഇന്നു
തുടങ്ങിഭവതിയുമിങ്ങനെ തന്നെതനയനെപ്പാലിച്ചുകൊള്ളണം *എന്നു
ധൎമ്മാംഗദൻതന്റെമൊഴികേട്ടു നന്നായ്പ്രസാദിച്ചെഴുന്നേറ്റുമോഹിനീ*
അത്യേനമസ്കാരമെന്നുകാല്ക്കൽവീണു ആചാരവുംചെയ്തുവന്ദിച്ചു പിന്നുടൻ
*മാനസംകൊണ്ടുവിചാരിച്ചുമോഹിനി ഞാനഹോഭാവിച്ചതെന്തിനെവേ
ണ്ടുവാൻ* ഇങ്ങനെധൎമ്മിയാംധൎമ്മാംഗദനെഞാനെങ്ങനെകൊൽവാൻവ
രംവാങ്ങുന്നുഹോ * പഞ്ചബാപാംഗിതാം സന്ധ്യാബലീദേവി വഞ്ചനാ
മോഗ്ര്യ ല്ലേതും ശിവശിവ! * കിഞ്ചനസന്ദേഹമില്ലാതെകണ്ടുവിരി
ഞ്ചെനെ പ്പറഞ്ഞിങ്ങോട്ടുവിട്ടതു * ധിമ്മരിപാദമക്കാലന്നു ചേൎന്നിട്ടു നി
ൎമ്മിച്ചനമ്മെച്ചതിച്ചു പത്മാസനൻ * ധൎമ്മാംഗദന്റെവധത്തെവരമാ
ക്കിദുൎമ്മാൎഗ്ഗകൂപത്തിലാക്കിയെന്നെധ്രുവം അല്ലായ്കിലേകാദശിവ്രതഭേദ
നംചെല്ലാത്തദോഷം വഹിച്ചീട്ടുപാത്മജൻ * ഏകാദശിഭംഗമംഗീകരിക്കയി
ല്ലേകാന്തഭക്തനാം ധൎമ്മാംഗദൻനൃപൻ * എന്നാൽകുമാരന്റെനി
ഗ്രഹമെന്നതും വന്നുകൂട്ടുംകഷ്ടമെന്തുഞാൻവേണ്ടുവൻ * താതന്റെശാസ
നംലംഘിക്കയെന്നതും ചെയ്തുകൂടാ മുഷ്ക്കരത്രയും സങ്കടം *ഇത്ഥംവിചാ
രിച്ചുധൈൎയ്യവുംകൈക്കൊണ്ടു മെത്തമേലേറിശയിച്ചിതുമോഹിനി * വ
ത്സ! ധൎമ്മാംഗദ നിന്നുടെതാതനെ അസ്തമിച്ചാൽവരുത്തീടേണമാശുനീ *
കാണിനേരംപിരിഞ്ഞാലിനിക്കേറ്റവും പ്രാണസന്താപമെന്നെല്ലാമറി
ഞ്ഞവൻ എന്തുവാനിങ്ങനെതാമസിച്ചീടുന്നു ഹന്തനീചെന്നാലുമാത്മജാ
വൈകാതെ * എന്നതുകേട്ടുതൊഴുതുധൎമ്മാംഗദൻ ചെന്നുപിതാവിനെവ
ന്ദിച്ചുചൊല്ലിനാൻ* പുനരേട്ടമാതാവുമോഹിനിതാനിതുമെന്നുപറഞ്ഞ
യച്ചീടിനാൾനൃപതേ * അങ്ങോട്ടെഴുന്നള്ളവേണംഭവാനാശു മംഗലാത്മാ
വേജനകമഹാമതേ! * നിന്നുടെമന്ദിരേനിന്നരുളീടുന്നു നിന്നുടെഭാൎയ്യമാർ
രണ്ടുപേരമ്മുദാ *എന്നതുകേട്ടുപുറപ്പെട്ടുമന്നവൻ ചെന്നുമണിഗൃഹംപുക്കു
മഹാരഥൻ * പൎയ്യങ്കഭോഗേശയിക്കുന്നഭാൎയ്യയെ പൎയ്യംഗഭൂഷാവിശേഷ
യായ്ക്കണ്ടുടൻ *ഭാൎയ്യാകുലം വെടിഞ്ഞന്തികേവന്നൊരു വീൎയ്യവാനോട്ടുര
ചെയ്തിതുമോഹിനി* ചിത്തകാന്താഭവാൻവന്നാലുമന്തികേ മെത്തമേലേ

റിശ്ശയിച്ചാലുമാദരാൽ * ഇത്രനേരം ഭവാനെങ്ങുപോയീവൃഥാ രാത്രിശേഷ
ത്തെപ്പുഴതിലാക്കീടൊലാ * പുത്രനുണ്ടല്ലോ പുരുഷോത്തമോപമൻ ധാത്രി
യെപ്പാലനം ചെയ്യാനവൻമതി * അത്രയല്ലീസുതൻ ത്രൈലോക്യമൊക്ക
വെച്ചിത്രമായ്പാലനംചെയ്യാൻമഹാബലൻ* മന്ത്രിപ്രവരനോടൊന്നിച്ചുകാ
ര്യങ്ങൾ ചിന്തിച്ചുരാജ്യകാര്യങ്ങൾസമസ്തമേ * താനേവഹിക്കുന്നനന്ദ
നനുത്തമൻ മാനനസന്നിധൌമേവുംദശാന്തരേ * താതനെച്ചൊല്ലിപ്പു
റപ്പെട്ടുംതാനെ താനേപരിഹസിച്ചീടുംജനങ്ങളും * പുത്രനാളുണ്ടുനീ
താനേവസിക്കുന്നു മിത്രവംശാധിപ!തൃപ്തിവന്നീലയോ? * പുത്രനെക്കാര്യ
ത്തിലാക്കാത്തമന്നനു പുത്രനെക്കൊണ്ടുഫലമെന്തുഭൂപതേ! * ധന്യജന്മാ
ക്കളാംധാത്രീശന്മാരന്യചിന്തന്മർസുഖിക്കുന്നുഭൂപതേ! * നന്ദനന്മാ
രിലോസോദരന്മാരിലോ നന്നായിട്ടുകളുള്ള കാര്യക്കാരിലോ * തന്നുടെകാ
ര്യംസമർപ്പിച്ചുനല്ലൊരു തപോംശിമാരുമായ്ചേർന്നുകൂടിത്തദാ * മാളികമീ
തേമണിസ്വർണ്ണമന്ദിരേ കേളിസംഭാരങ്ങൾസംഭരിച്ചങ്ങനെ * നാളിൽനാ
ളിൽപലലീലാവിലാസങ്ങൾ മാനിച്ചുരാവും പകലുമിളയ്ക്കാതെ * മാനസാ
നന്ദേനമേവുന്നതില്ലയോ മാനവവീര!ഭവാനെന്തിനാഗ്രഹംമാനസേ സംഭ
വിക്കാതെപോന്നെന്തഹോ * ദ്രവ്യമില്ലായ്കയോ ദേഹമില്ലായ്കയോ യൌവ
നമുള്ളോരു നാരിയില്ലായ്കയോ? * ഭാരം വഹിക്കുന്നപുത്രനില്ലായ്കയോ സാര
സ്യഭോഗത്തിലാശയില്ലായ്കയോ? * മാരബാണങ്ങൾമനസ്സിലേല്ക്കായ്കയോ
പാരമൌദാസീന്യമെന്തെടോ വല്ലഭ! * ഇങ്ങനെയത്രേമനസ്സെങ്കിലെന്നെ
നീ ഇങ്ങോട്ടുകൊണ്ടുപോരാൻബന്ധമെന്തെടൊ *ക്ഷീരോദകമെന്നുപേരു
ള്ളശൈലത്തിലാരോരുമൊന്നിളക്കാതെ ഞാനങ്ങനെ *മാരാരിദേവനെസം
ഗീതവിദ്യകൊണ്ടാരാധനം ചെയ്തിരിക്കുംദശാന്തരേ * പാരാതെവന്നുനീ
പാണിഗ്രഹണ്ണംചെയ്തതാരുചൊല്ലീട്ടെന്നുഭൂപതേചൊൽകെടോ!* മാരാസ്ത്രദാ
വയാമെന്നെ ഭവാനിന്നു കാരാഗൃഹത്തിലാക്കീട്ടുംകനക്കിനെ *പാരാതൊരാ
ലയംതന്നിലാക്കിക്കാര്യ മോരോന്നുചിന്തിച്ചോരേടത്തിരിക്കയും * പാരം
വിഷാദിച്ചുഞാനിങ്ങിരിക്കയുംനേരായ്വരുന്നതോരാജചൂഡാമണേ! * ആരു
മില്ലെന്നുവരുമ്പോൾചതുക്കവേ ജാരാർത്ഥമൊന്നുകൂടിട്ടുമന്തികേ * മാര
സന്താപംസഹിക്കാതെയാകുമ്പോൾ ജാരനെസ്വീകരിച്ചീടുംതരുണിമാർ*
സ്വൈരമെങ്ങാനുംകിടന്നൊരുപെണ്ണിനെജാരനുനൽകുവാൻകൊണ്ടുപോ
ന്നുനൃപൻ * പാരിലീവണ്ണംപരിഹാസവുംവരും നാരിയെക്കൊണ്ടുപേ
ക്ഷിക്കയോഗ്യമൊ? * താനങ്ങനുഭവിച്ചീടാത്തഭാഗ്യവും ദാനങ്ങൾകൂടാതെ
വെക്കുന്നവിത്തവും* അഭ്യുപായേനരക്ഷിക്കാത്തരാജ്യവും അഭ്യാസമില്ലാത്ത
ശാസ്ത്രവുംനഷ്ടമാം* അലസ്യമുള്ളോർക്കുവിദ്യയുണ്ടാകില്ല കാലപ്രതികൾക്കു
ഭാര്യയുമില്ലെടോ * നിത്യോദ്യമം ലക്ഷ്മിയുണ്ടാകയുമില്ല ഭക്തിഹീനന്മാർക്കു
മുക്തിലഭിക്കുമോ? * ജ്ഞാനമില്ലാത്തവൻകീർത്തിലഭിക്കുമോ ദാനമില്ലാത്ത
വനർത്ഥമിരിക്കുമോ! * ശാന്തനല്ലാത്തവൻസൌഖ്യംലഭിക്കുമോ കാന്തയി
ല്ലാഞ്ഞാലപത്യമുണ്ടാകുമോ? അശ്വമില്ലാത്തവൻഭൂമിരക്ഷിക്കുമോ ആന
യില്ലാത്തവൻയുദ്ധംജയിക്കുമോ * ഗോക്കളില്ലാത്തവനഷ്ടിസൌഖ്യംവരാ

ശത്രുക്കളില്ലാത്തനായാട്ടും സുഖം വരാ * ഊക്കുള്ള ശത്രുക്കളില്ലാത്തമന്നവന്മാക്കുപരാക്രമമുണ്ടാകയില്ലെടോ! *ചോദിയാതെകണ്ടാരത്ഥം ലഭിക്കുമോ വാദിയാതെകണ്ടുകമ്മം ഗ്രഹിക്കുമോ * സഞ്ചാരമില്ലാത്തദിക്കുകൾകാണുമോ? കിഞ്ചിൽഭയമില്ലനച്ച്യുണ്ടാകുമോ? * എന്നതുകൊണ്ടുഭവാനെകലാസ്ഥയാനന്ദിച്ചുകൊള്ളുന്നമൊന്നിച്ചുസന്തതം * അത്രവസിച്ചുരക്ഷിക്കേണമെപ്പൊഴും പുത്രനെരാജ്യരക്ഷയ്ക്കുമാക്കീടുക * എന്നുള്ളമോഹിനീസല്ലാപമാകുന്ന ചന്ദ്രികാപീയൂഷസംസിക്തമാനസൻ * സന്ധ്യാബലീപുത്രസന്നിധൌലജ്ജയാ സന്തോഷഗോപനം ചെയ്തുചൊന്നാൻനൃപൻ * രാജ്യരക്ഷാദികൾകൊണ്ടല്ലതാമസം പ്രാജ്യപ്രഭാവനാം പുത്രങ്കലാക്കിഞാൻ * നിന്നെഞാനിങ്ങോട്ടുവച്ചശേഷം പ്രിയേ! തന്നുടെകൃത്യങ്ങളെല്ലാം ചതുക്കവേ * സ്നാനാനുലേപനം നാമസങ്കീർത്തനം ധ്യാനമൌനം നിഷ്ഠപൂജാവിധങ്ങളും * ഭക്തിയും ചെയ്തതാനധ്വശ്രമത്തിനാൽ സുപ്തനായീടിനേനെന്നുധരിക്കനീ * ഇപ്പോഴുണർന്നുഞാനപ്പൊഴേവന്നിഹ തവൽപ്പാശ്വമാഗമിച്ചീടിനേൻവല്ലഭേ! * എന്നുള്ള ഭൂപാലഭാഷിതം കേട്ടുടൻ പിന്നെയും മോഹിനിമെല്ലെന്നു ചൊല്ലിനാൾ * മുമ്പിൽവേണ്ടുന്നതു സന്ധ്യാബലിയുടെ സംപൂർണ്ണമോദം വരുത്തീടുകഭവാൻ * പിന്നെമറ്റുള്ളമഹിഷികൾക്കൊക്കവേ ഭിന്നഭാവം കളഞ്ഞാചരിച്ചീടുക * എന്നുടെകാരണം പൂർവ്വഭാര്യാജനം ഖിന്നമാരായിടരുതെന്നുനിർണ്ണയം * ശ്രേഷ്ഠതമേറും മഹാകുലജാതയാം ജ്യേഷ്ഠത്തിയാമെൻറസന്ധ്യാബലിക്കുഞാൻ * ഇഷ്ടമല്ലാതൊന്നുകാട്ടുകില്ലെന്നതും സ്പഷ്ടമേബോധിക്കപാർത്ഥിവാധീശ്വര! * മണ്ണിലും വിണ്ണിലും സന്ധ്യാബലിക്കൊത്ത തന്വംഗിമാരില്ലകില്ലില്ലഭൂപതേ! * എന്നേക്കുറിച്ചുള്ളസല്ക്കാരമോരോന്നു ചൊന്നാലൊടുങ്ങുമോവിസ്മയം! വിസ്മയം! * ധർമ്മാംഗദനോടുതുല്യനാം പൂരുഷൻ ബ്രഹ്മാണ്ഡകാണ്ഡങ്ങളിലെങ്ങുമില്ലെടോ! * അമ്മയെന്നെന്നിലേഭക്തിവിശ്വാസങ്ങളെന്മകനേതും കുറവില്ലനിർണ്ണയം * വല്ലഭാ! പിന്നെപതിവ്രതമാരായവല്ലഭമാരൊരുമുന്നൂററിലുംപരം * നിന്നുടെധർമ്മദാരങ്ങളിവർകൾക്കു മന്നിൽമറെറാരുമില്ലാശ്രയമെന്നവാ! * തന്വംഗിമാരവർനേത്രാംബുവഹ്നികൊണ്ടെന്നെദ്ദഹിപ്പിച്ചുഭസ്മമാക്കുംദ്ധ്രുവം * എന്നതിൻമുന്നമേതന്മാനസങ്ങളിൽനന്നായുറച്ചോരുശല്യകീലങ്ങളെ * ചോദേപറിച്ചുകളഞ്ഞീടുകഭവാൻ ചാടുവാക്കല്ലിതുസത്യം മഹാമതേ! വഹ്നിയെസ്സാക്ഷിയായ്വേട്ടുകൊണ്ടുള്ളൊരുപത്നീജനത്തിൻറദുഃഖസൌഖ്യങ്ങളെ * ഉദ്ധരിക്കാഞ്ഞാൽഗൃഹസ്ഥൻ നരകത്തിൽബദ്ധനായീടും ബഹുജന്മകോടികൾ * ഇജ്ജനത്തെക്കൊണ്ടുവക്കുള്ളിലാതങ്കലജ്ജാദിഭാവങ്ങളുണ്ടെങ്കിലെന്നെനീ * വർജ്ജിച്ചുനാലെട്ടുമാസം വസിച്ചാലുമാർജ്ജിച്ചുവിത്തേനസല്ക്കരിച്ചന്വഹം * ഇത്തരമോരോന്നുരചെയ്തുദേവിയോടുത്തരം മിണ്ടാതെനിന്നുനരാധിപൻ * അംഗജാതങ്കമിരുവർക്കുമുണ്ടായ തിംഗിതം കൊണ്ടുഗ്രഹിച്ചുധർമ്മാംഗദൻ * അമ്മയെക്കൈക്കൊണ്ടറിയിച്ചുമെല്ലവേ ചെമ്മേവണങ്ങിപ്പുറത്തുപോയീടിനാൻ * അമ്മയും താനുമായ്പോന്നുടൻ ശേഷമുള്ളമ്മമാരെച്ചെന്നുവന്ദിച്ചുചൊ

ല്ലിനാൻ * അമ്മമാരായുള്ള നിങ്ങളെല്ലാവരും സമ്മോഹമാരുംതുടങ്ങേണ്ടസാമ്പ്രതം * ബ്രഹ്മന്റെപുത്രിയെവേട്ടങ്ങുകൊണ്ടനുധർമ്മാനുകൂലൻമദീയതാതൻനൃപൻ * തന്മഗാഥിത്തനായ്മൂന്നനവൻതന്മനോഭംഗംവരുത്തരുതാരുമേ * അഞ്ചൊറുമാസമെന്നച്ഛന്റെസന്നിധൌ സഞ്ചാരമാരുമേചെയ്യാതിരിക്കണം * അഞ്ചാതെകണ്ടിങ്ങുസൌഖ്യമായ്പാഴ്വിൻ വാഞ്ഛരാധികംദ്രവ്യമില്ലേപ്പോൾതരാമഹം * ധർമ്മാംഗദന്റെ മൊഴികേട്ടുകോപിച്ചു തന്മാതൃവർഗ്ഗങ്ങളൊക്കവേചൊല്ലിനാർ * നാമ്പുംകടിപ്പാനനുവദിച്ചീടുമോ തൽപ്രാണനായവൻ ബാലധർമ്മാംഗദാ! * കത്തുന്നതീയെടുത്തംഗേപിടിപ്പിച്ചു മെത്തുന്നദണ്ഡംസഹിക്കുന്നതാരുചൊൽ * ഏതൊരുത്തൻവിഷംതാനേകുടിക്കുന്നു യാതൊരുത്തൻമുറിക്കുന്നുരന്റെതല * കണ്ണേകനത്തൊരുകല്ലുകെട്ടിക്ഷണാൽ കുണ്ടുകൂപത്തിൽപതിക്കുന്നതാരുപോൽ * വ്യാഘ്രാദിനാഗവക്ത്രാന്തരേചെന്നുടൻ ശീഘ്രംപ്രവേശിപ്പതാരെടോനന്ദനാ! * കേസരിവീരന്റെഭാസുരമായുള്ള കേസരംചെന്നുപറിക്കുന്നതാരെടോ! * സാസ്രമാംഖഡ്ഗധാരയ്ക്കുനേരേചെന്നു മസ്തകംകാട്ടുവാനാരുള്ളൂഭൂതലേ * തന്നുടെവല്ലഭൻമറെറാരുനാരിയോടൊന്നിച്ചുമേളിച്ചുമേവുന്നകാൺകയും * തന്നുടെജീവൻത്യജിക്കയുംതങ്ങളാൽ തന്നുടെജീവൻത്യജിക്കനല്ലസുത! * അന്യാനുഭുക്തനാമാത്മഭർത്താവിന്റെ സന്താപമെല്ലാമനുഭവിക്കുന്നവർ * തന്വംഗിയെന്നുചൊല്ലീടാമതല്ലെങ്കിലെന്നാണുബാല! മല്ലേവതാനവൾ * മറ്റുള്ള ദുഃഖങ്ങളെല്ലാംതരുണിമാർ തെറെറന്നുലോകേസഹിക്കുന്നുനന്ദന! * മറെറാരുപെണ്ണിനെക്കൂടുള്ളകാന്തനെ മുററുംസഹിക്കാവതല്ലധർമ്മാംഗദ! * നൂറുകൂട്ടം പറഞ്ഞാലുമിസ്സങ്കടം മാറുകില്ലിജ്ജനങ്ങൾക്കെടോനന്ദന! * ആറുനാൾപോലുംപിരിഞ്ഞുകൂടാത്തവരാറുമാസം! നല്ലസംസാരമിങ്ങനെ! * ഇക്കൂട്ടമൊക്കവേചത്തുപോയെങ്കിലു മിക്കൂട്ടസംസാരമിഷ്ടമല്ലോട്ടുമേ * എന്നുള്ളവാക്കുകൾകേട്ടുധർമ്മാംഗദൻ നിന്നുതൊഴുതുപറഞ്ഞിതുപിന്നെയും * ധർമ്മമാർഗ്ഗോചിതംഞാൻപറഞ്ഞിടുന്ന തമ്മമാർസമ്മതിക്കില്ലെങ്കിലിന്നുഞാൻ * കേവലംശ്രൂവിഷംകുടിച്ചെന്നുടെ ജീവനാശംവരുത്തുന്നുണ്ടുനിർണ്ണയം * ഏവനെന്നാകിലുംതാതനുവിപ്രിയം ചെയ്തുകൂട്ടുന്നവൻവൈരിനമ്മുക്കെടോ! * ദൈവനിന്ദാപരൻവദ്ധ്യനല്ലോ കഷ്ടമാവതില്ലമ്മമാരേവംതുടങ്ങിയാൽ * ലീലാർത്ഥമായിട്ടുമന്ദിരംതന്നിൽനിന്നാലോലനേത്രയെക്കൊണ്ടുവന്നുമുദാ * ത്രൈലോക്യവീരനാംതാതൻമഹാരഥൻ കാമോചിതംകാമശൃംഗാരകൌതുകി * ആയതുനിങ്ങൾക്കുസമ്മതിച്ചീടിനാ ലായാസമെന്തുവരാനുള്ളുചൊല്ലുവിൻ! * ന്യായമല്ലാതെപറഞ്ഞാലുപായമി ല്ലായതുകൊണ്ടുശരീരംത്യജാമിഞാൻ * ഇത്ഥംദ്ധവപുത്രൻതന്നുടെവാക്കുകേട്ടത്യന്തഭീതിപൂണ്ടമ്മമാരൊക്കവെ * പുത്രാ!മഹാമതേ!സാഹസംചെയ്യൊലാ സുത്രാമസന്നിഭൻ താതൻമഹീപതി * ധാത്രാത്മജയായദേവിയോടൊന്നിച്ചു മാത്രാധികംരമിക്കേണംകുമാരക! * പൂർവ്വപത്നീജനങ്ങൾക്കുമനുവാദപൂർവ്വമായിട്ടുപുനർവിവാഹംമതം * ആയതുകൂടാതെപിന്നെവേൾക്കുന്നവൻ ന്യായഭംഗ

ത്താലധർമ്മവാനായ്പുരം* ആയവൻചെയ്യുന്നയാഗാദികർമ്മങ്ങളായവമാത്രം ഫലംചെയ്കയില്ലെടോ! *സ്ത്രീധനംകിട്ടുംപണത്തിലിരട്ടിച്ചു ബോധംവരുത്തണമഗ്രഭാര്യയ്ക്കുതാൻ * അങ്ങനെധർമ്മംധരിച്ചുകൊൾകഭവാ നനമ്മമാർശാസ്ത്രംപറകയില്ലേതുമേ * ഞങ്ങൾക്കുമവ്വണ്ണമിന്നുതന്നീടുകിൽസമ്മതമത്രേധരിക്കനീനന്ദനാ * തന്നില്ലയെന്നാകിൽനീതാൻകടക്കാര നെന്നുവരുന്നതുനന്നോനിനക്കെടൊ * എന്നതുകേട്ടുതെളിഞ്ഞുധർമ്മാംഗദൻ പൊന്നുംപണവുംകൊടുത്തുതുടങ്ങിനാൻ * പ്രത്യേകമോരോമഹാഗ്രഹാരങ്ങളും പ്രത്യക്ഷമേകോടികോടിധനങ്ങളും * ഹേമാചലേചെന്നുകൊണ്ടുനൽഹേമങ്ങളാമോദമോടെകൊടുത്തുവണങ്ങിനാൻ * ലക്ഷലക്ഷംപ്രവൃദ്ധമോരോവധുക്കൾക്കു പക്ഷപാതംവിനാനൽകിധർമ്മാംഗദൻ * അശ്വചതുർണ്ണസംവത്സരങ്ങൾതേരുകൾ പശ്വാദിരത്നങ്ങളൊക്കവേനൽകിനാൻ * ആറിലേറെദ്വിപ്രസൂവസ്ത്രങ്ങളും കറമില്ലാതുള്ളദാസീശതങ്ങളും * അസംഖ്യംശംപതിനായിരംതന്നുടെ രാജ്യത്തിൽനിന്നവരത്തിക്കൊടുത്തിതു * അഭ്യംഗകുംഭങ്ങളപ്രകാരേണസൌരഭ്യവസ്തുക്കളും നൽകിബഹുവിധം * കാതിലകങ്കണംതാലിമാലാശതം മോതിരംപൊന്നരിഞ്ഞാണംവളകളും * മുത്തുമാലാകൊടിചിത്രമാലങ്കാരമിത്യാദിസംഖ്യാവിഹീനമേകീടിനാൻ * സ്വർണ്ണകുംഭങ്ങളുംവെള്ളിത്തളികയും പൊന്നിൻതളികകൾപൊന്നുകോളാമ്പിയും * ഒട്ടകക്കൂട്ടങ്ങൾപട്ടിക്കുതിരകളൊട്ടല്ലവെള്ളേറെനൂറുസഹസ്രവും * ദന്തികളങ്ങളെക്കൊണ്ടുനിർമ്മിച്ചോരു അന്തോളവുംനല്ലപല്ലക്കുമാനിലം * കട്ടിലുമെത്തയുംമേലാപ്പുകോസടി പട്ടുപടാസംപരവതാനികളും * പെട്ടകംപെട്ടികൾതട്ടുകണ്ണാടികൾ കുട്ടകംചെമ്പുകിടാരംചരക്കുകൾ * ചട്ടുകംകോരികകോപ്പുകളിത്യാദി ചട്ടങ്ങൾകൂട്ടിക്കൊടുത്തയച്ചീടിനാൻ * വന്ദനംചെയ്തുപറഞ്ഞുധർമ്മാംഗദൻ നന്ദിച്ചുണ്ടെല്ലാംപരിഗ്രഹിച്ചീടുവിൻ! * അച്ഛനെച്ചെന്നുകണ്ടാദരാൽനിങ്ങളും സ്വച്ഛന്ദലീലയാനുവദിച്ചീടുവിൻ! * എന്നതുകേട്ടുടൻരാജ്ഞിമാരൊക്കവെ ചെന്നുവണങ്ങിച്ചുഴലവേനിന്നുടൻ * മോഹിനിയോടുരചെയ്താരുമാസ്ഥയാ മോഹനീയാകൃതേ!ഞങ്ങൾക്കുസമ്മതം * എന്നുപറഞ്ഞുനൃപൻറമനക്കാമ്പിലുന്നതാനന്ദമാവഹത്തിപ്പതുക്കവെ * തന്നുടെതന്നുടെമന്ദിരംപ്രാപിച്ചു നന്നായ്സുഖിച്ചുവാണീടിനാർഭാര്യമാർ *

ഇതിദ്വിതീയകാണ്ഡം സമാപ്തം.

തൃതീയകാണ്ഡം.

വിനതജനവിനയകരവിമലഗുണവാരിധേ! വിലസാദ്രിനാഥ!നമസ്തേനമോസ്തുതേ * രുചിരതരഹരിചരണകമലയുഗസേവിയാം രുഗ്മാംഗദൻറകഥാശേഷമാദരാൽ * ശമലഹരമതിമധുരമഴകൊടുരചെയ്കനീ

ശാരികപ്പൈതലേ ശാരീരശാലിനി! * വചനമിദമുചിതതരസരസമതുകേട്ടുടൻ വന്ദിച്ചുമെല്ലവേ ചൊല്ലിനാൾ ശാരികാ * സുജനമുനിവരനികരസുമഹിതസൽഭാന്തോ സൂതനീന്നു പറഞ്ഞുതുടങ്ങിനാൻ * പുരുഷകുലമകുടമണിനൃപതി ധർമ്മാംഗദൻ പുത്രനോടേവം കനിഞ്ഞു ചൊല്ലീടിനാൻ * വരികരികിലയി തനയ! വിനയഗുണശാലിയാം വത്സ! ഭവാനെൻറെ വാക്കുകേട്ടീടുക * ധരണിതലമഖിലമിതു വിരവിനൊടു രക്ഷിക്ക ധർമ്മാംഗദാ! നീ ധരിത്രീക്കു വല്ലഭൻ * വിരവിനൊടു സദൃശതരമുചിതധനദാനവും വാഞ്ഛയുള്ളാളുകൾക്കന്നദാനങ്ങളും * ഹരിയുടെ സദിവസമതിലുചിതമുപവാസവും ഹാനികൂടാതെ നടത്തണമാത്മജ! * അനുദിനവുമകമലരിലവികലമുറച്ചും അങ്ങാടിവാണിഭക്കാരോടു ചേർച്ചയും * അവനിസുരവരരിലുരുവിനയമൊരു താഴ്ചയും യാഗാദികർമ്മങ്ങളിലുള്ള കാഴ്ചയും * പകലിരവുമിതി മനസി പരിചൊടു ധരിച്ചു നീ പാലനംചെയ്യടൊ പാരിടദീപുകൾ * കമലഭവനുടെ സുതനിലഭിരുചികലർന്നോൻ കാമവാരാംബുധൌ മഗ്നനായീടിനാൻ * വലമഥനവരുണയമനിലധനദാദിയെ വാഞ്ഛരിയാതെന്നെ വരിക്കുന്നൊരു ദേവിയെ * പരിചിനൊടു പരമസുഖമനിശമനുലാളനം ചെയ്യാതിരിക്കയും യോഗ്യമോ? * ജരനരകളുടനുമതു പുരുഷനഹമിങ്ങനെ ഭാഗ്യം തുടങ്ങിനേനെത്രയും നിന്ദിതം * തനയ തവ വിനയമൊരുകലിവുമിഹ കാൺകയാൽ കാരുണ്യശാലി ഞാനെന്നുമാനന്ദദം * ജനകനുടെ വചനമിതി കനിവിനൊടു കേട്ടുടൻ ജാതസന്തോഷനായ് ധർമ്മാംഗദൻ മുദാ * ദയിതയൊടു സാനന്ദതരമാദരാന്താനും ദാസദാസീശതം നൽകിനാനഞ്ജസാ * വടിവിനൊടു ജനകനെയുമജസുതയെയും മുദാ വന്ദിച്ചു പോന്നു തന്നാലയം പുക്കുടൻ * സകലനൃപകുലതിലകനഹിതകുലഭഞ്ജനൻ സപ്താംബുധിദ്വീപയുക്തയാം ഭൂമിയെ * പരിചിനൊടു പകലിരവുമകതളിരിലാസ്ഥയാ പാലനം ചെയ്തുമേവീടിനാൻ ബാലകൻ * അതുപൊഴുതിലവനിതലമഖിലമതിശോഭനം ആധിയും വ്യാധിയുമില്ലൊരുദിക്കിലും * ശിശുമരണമശുഭജനകലഹകലിമത്സരം ശീലദോഷങ്ങളുമെങ്ങുമില്ലൂഴിയിൽ * കളവുമൊരു ചതിയുമതിചപലതകളൊന്നുമേ കാണ്മാനുമില്ല കേൾപ്പാനുമില്ലെങ്ങുമേ * ധനമുടയജനമധികമനവധി സമൃദ്ധിയും ധാന്യങ്ങളൊക്കവേ വേണ്ടുവോളം ന്നൂനാം * കനകമണിരജതമിവ ശിവ! ശിവ! പെരുക്കയാൽ കല്ലിലും മുള്ളിലും കൂടി കിടക്കുന്നു * കടവുമൊരു തടവുമൊരു ശഠനകളുമില്ലഹോ കാലവർഷത്തിൻറെ മാഹാത്മ്യമൊക്കവേ * ഫലഫലവുമതിസരസജലവുമതിമോഹനം പാടം പറമ്പും നിറഞ്ഞു സസ്യാദിയാൽ * പശുവിഭവസുഖമധികമൊരുപറ കറക്കുന്ന പാലുള്ള പൈക്കളല്ലാതെയില്ലെങ്ങുമേ * തെളിവുടയ കദളിവനപനസതരുവൃന്ദവും തെങ്ങും കവുങ്ങും കരിമ്പും ബഹുവിധം * ധരണിവരസുരനികരമനവധി മഹിതലേ ധർമ്മവും കർമ്മവും ദാനമാനങ്ങളും * കവികളുടെ കവിതകളുമനവധി മഹീതലേ കാവ്യനാട്യം പുരാണാദിഘോഷങ്ങളും * സരസതരതരുണികളുമവരുടെ വിലാസവും സംഗീതസാഹിത്യനൃത്തഭേദങ്ങളും * സകലസുഖവിഭ

വമൊട്ടു സകലധരണീതലം സൎവ്വകാലം വിളങ്ങീസദാശോഭനം * സരസിരുഹനയനനുടെ ചരണയുഗസേവയാം സാരമേകാദശീനാളുപവാസവും * സകലദിശിസതതമപിസകലനരജാതിയുംസാദരം സേവിച്ചുമേവുന്നുസൌഖ്യമായ് * രുചിരഗുണഗണമുടയതരുണിയൊടുകൂടവേ രുഗ്മാംഗദൻസുഖംമോദിച്ചുമേവിനാൻ * മണിയറയിലണിശയനതലമതിലനാരതം മാരലീലാരസംപൂൎണ്ണരമിക്കയും * തടമുലകളിടയുമുടലുടയ ചട്ടുലാക്ഷിയെതന്നുടെമാറത്തുചേൎത്തുതഴുകിയും * കുടിലഘനനീലമുടയതലമുടിവിട്ടുക്കയും കുങ്കുമംകൊങ്കയിൽതാനണിയിക്കയും * അടിമലരുകൊടിനടുവുമുടയമൃദുദേഹവും മാനനാംഭോജവുംകണ്ടുസുഖിക്കയും * തുടുതുടയവിമലമതിമധുരമധരംകണ്ടു തുഷ്ടികൊണ്ടാനന്ദാമൃതംലഭിക്കയും * ബഹുസ്ഫടികമണിഘടിതവിമലമണിമാളികാ ഭാഗേകരേറിപ്രിയാസഹന്മന്നവൻ * രജനികരകരനികരമനവധിവിളങ്ങിന രാത്രിയിൽതത്രരമിച്ചുമേവീടിനാൻ * ചലകമലകുമുദവനവിലസിതതടാകങ്ങൾ ചന്ദനപ്പൂങ്കാവുമാരാമവാടിയും * അളിപടലഗളഗളിതകളകളമനോഹരം മംഭോജിനീതീരമെന്നുള്ളതൊക്കയും * അഴകിനൊടു ചട്ടുലമിഴിമണിയൊടുസമേതനായാലോകനഞ്ചെയ്തുസഞ്ചരിച്ചുനൃപൻ * പലകുസുമസരസതരപരിമളമനോജ്ഞമാം വല്ലീഗൃഹേ ചന്ദ്രകേളിയാടീടിനാൻ * ഇതിസതതമതിസരസതരുണിയൊടുകൂടവേ ഇച്ഛാനുരൂപംരമിച്ചുരുഗ്മാംഗദൻ * ക്ഷണമിവസദൃശമൊരുദിവസമൊരുമാസവു മോക്കാതെമേവിനാനൊട്ടുസംവത്സരം * മുഴുമതിയൊടെതിർപൊരുതുമവളുടെമുഖാംബുജവും മുഗ്ദ്ധഹാസങ്ങളും ചില്ലീവിലാസവും * നവകമലദലതുലിതനയനയുഗഭംഗിയും നാസികാശോഭയും ബിംബാധരോഷ്ഠവും * അതിപൃഥുലകുചകലശയുഗളമതിമോഹനം അത്യന്തതുച്ഛമായുള്ളൊരുദേഹവും * വിപുലഘനജഘനമതുവിജയിമലർബാണൻറ വിസ്താരമുള്ളോരുമന്ദിരംസുന്ദരം * കരയുഗളമതിമൃദുലമുരുകരികരോപമം കുറുമൂരുദ്വയം ചാലുംസുശോഭനം * കവിളിണതാടലനകുതുകമിരവുപകലാദരാൽ കണ്ടുകണ്ടാനന്ദമഗ്നനായ്മന്നവൻ * മുഹുരപിചമദനരസനദിയിലനുവാസരം മുങ്ങിക്കിടന്നുകഴിഞ്ഞുകാലംബഹു * അതുസമയമൊരുദിവസമതുലബലവീൎയ്യവാൻ അയോധനപ്രിയൻ വീൎയ്യധൎമ്മാംഗദൻ * മലയഗിരിയുടെമുകളിലുഴകൊടുകരേറിനാന്മാനവേന്ദ്രാത്മജൻവില്ലുംശരവുമായ് * അവിടെയൊരുദിശി സതതമധിവസിക്കുന്നുപോലഞ്ചുവിദ്യാധരന്മാർ ഭുജശാലികൾ * അവരുടെയകരതളിരിലധികതരദിവ്യമായഞ്ചുരത്നങ്ങളുണ്ടെന്നുകേട്ടുനൃപൻ * അതുലഗുണമതു സകലവുമൊട്ടുഹരിപ്പതി നാഹവത്തിന്നുവിളിച്ചുധൎമ്മാംഗദൻ * പടപൊരുതുഭുജവിരുതുകരുതുമതിവീൎയ്യവാൻ പഞ്ചവിദ്യാധരന്മാരോടുരിക്കഞാൻ * വിരവൊടിഹവരികമമതികസമരോത്സവം വീൎയ്യവാന്മാൎക്കുചിതോദമല്ലോരണം * രുചിരഭുജബലമുടയമനുകുലമഹേന്ദ്രനാം രുഗ്മാംഗദൻതൻെറസൂനുധൎമ്മാംഗദൻ * അഹമഹിതകുലശലഭദഹനവനഹൂതാശനൻ അയോധനത്തിന്നുവന്നുഞാൻവീരരേ * അതികഠിനമിതിവചന

മരീശമൊട്ടകേൾക്കയാ ലാശമിച്ചീടിനാരഞ്ചുപേരുംക്രുധാ * മനുജകുല
ചപലന്റെമദമിദമശേഷവുംമാററുവാനൊട്ടുനാളുണ്ടുമോഹിക്കുന്നു* അതി
നിപുണരിതുസമയമുചിതമിതു ദുർമ്മതേ! അഹവംചെയ്കനീവീരനെന്നാകി
ലോ * വിജയമിതുതൊരുപുരുഷനിഹലഭിക്കുമോ വിദ്യാധരാ
ധിപന്മാരുടെസംഗരേ * പൊരുവതിനുകരുതിയൊരുമനുകുലമഹാശി
ശു പഞ്ചാധിപന്മാരിരിക്കുന്നഗഹ്വര * പരിചിനൊട്ടുവരി
കിലതുമനുപതിതസാഹസം പഞ്ചവിദ്യാധരന്മാരുടെസന്നിധൌ * തദ
നനാകുലതിലകസുതനമഥദിപ്യരും തങ്ങളിൽസംഗരഘോഷംതുടർന്നിതു
* അതിചതുരഭുജവിഭവനവനിപതിനന്ദനനഞ്ചുപേരോടുമെതിർത്തുനി
ന്നീടിനാൻ * കുപിതമതിനൃപതനയനരികളുടെവിഗ്രഹേ കുത്തമൂത്ത
ന്മുകൾകോരിച്ചൊരികയും * ചടുലതരമിടിനിനദകടുകഠിനമാ
യൊരു ചാപഘോഷംകൊണ്ടുവിശ്വംമുഴക്കിയും * വിരവിനൊട്ടുസമരമി
തിവിവിധമതിചെയ്കയാൽ വിദ്യാധരന്മാർമടങ്ങിപാഞ്ഞിടിനാർ * അവരു
ടെയശരധിശരനികരമഥചാപവും അയിരംഖണ്ഡമായ്വ്വീണിതുഭൂതലേ *
അതുപൊഴുതു വിഗതബലവിഭവരവരൊരുവരും അദ്രീശകന്ദരം പുക്കൊളി
ച്ചീടിനാർ * അവനിധരഗഹ്വരകളിലുമവനിപതിനന്ദനൻ നാശ്രുതിരി
ഞ്ഞു ചെന്നേശിയവർകളെ * പരവശതകലരുമവർപരിചൊട്ടുകുമാര
ന്റെ പാദമൂലേപഞ്ചാംഗങ്ങൾവെച്ചുടൻ * വരികരികിലയിസുമുഖ! ന
രവരകുമാരക! വൈഭവംകളഞ്ഞാലുംമഹാമതേ! * പരിചിനൊട്ടുതവ
ജനകനരവരനുനമ്മുടെ പഞ്ചരത്നങ്ങളെക്കൊണ്ടുപോയ് നൽകുക
* ഒരുമണിനിലധികതരകനകമുളവാമെടോ! ഓത്താലുമാദിരത്നാ
ത്തിന്റെവൈഭവം * അപരമിതുരുചിരതരവസനഗണദായ
കം ആശ്ചര്യമായുള്ളരണ്ടാംമഹാമണി * തദിഹപുനരമിതരസസരസമ
തിമോഹനം കാരുണ്യമേകുമീമൂന്നാമതാംമണി * സഭകളഥമണിഭവന
കനകമണിമാടവുംസാധുനൽകീടുമീനാലാമതാംമണി * അമരവരപദവി
കളിലഴകിനൊട്ടസഞ്ചാര മഞ്ചാംമഹാരത്നമഞ്ചാതഘോഷവും * മണിതി
ലകനികരമിതുമനുകുലമഹേന്ദ്രനാം മാനവേന്ദ്രനുകൊടുക്കധർമ്മാംഗദാ! *
നയവിജയനയവിഭവമുടയനൃപതേ! നിന്റെ നാരായണാസ്ത്രപ്രയോഗം
മഹാത്ഭുതം * സമരഭുവിവിലസുമതുവിരവൊട്ടുവിരോധിക്കസാദ്ധ്യമല്ലാ
യ്കയാൽതോററുപോയ് ഞങ്ങളും * വിമലമതിജനകനവനിപനുകൊ
ടുക്കനീ വിദ്യാധരസ്ത്രീയോവേണ്ടുന്നവർകളേ * പരിചിലിതിസരസതരമ
വരിഹകൊട്ടുത്തൊരു പഞ്ചരത്നങ്ങളും വിദ്യാധരികളും * തദനുനൃപതി
ലകസുതനഴകിനൊട്ടുതന്നുടെ തേരിലേററിക്കൊണ്ടുപോനാനയോദ്ധ്യയിൽ
* സപദിനിജജനകനുടെസവിധഭുവിചെന്നുടൻ സാഷ്ടാംഗമായിന
മസ്കരിച്ചീടിനാൻ* മണികളെയുമഥതരുണിമണികളെയുമാദരാൽതാതനു
നൽകിത്തൊഴുതുചൊല്ലീടിനാൻ * വിവിധഫലമുതകുമൊരുമഹിതമ
ണിപഞ്ചകം വിദ്യാധരന്മാരിൽനിന്നുഹരിച്ചുഞാൻ * അവരുടയകുലമി
യലുമലസമിഴിമാരെയു മാശ്രുപരിഗ്രഹിച്ചാലുംമഹാമതേ!* വിളയുമിഹക

നകമപിവസനമപിയൌവനംവിദ്രുമപ്രകാരമാകാശയാനവും * വിരവി
നൊടുമമലമതിനൃപതിധൎമ്മാംഗദൻ വിജ്ഞാപനംചെയ്തുപോന്നുതൻമന്ദി
രേ*ദിവസകരനൊടുസദൃശരുചിരരുചിഭൂഷണൻദിഗ്ജയത്തിന്നുപുറപ്പെ
ട്ടുമെല്ലവേ * ദിവമപിചഭുവമപിചവിരവൊടുജയിച്ചവൻ ദിവ്യൻപ്ര
വേശിച്ചുപാതാളമന്ദിരേ * കുടിലേശതിഭുജഗകുലമഖിലവുമിനിക്കിന്നു
കോഴതനീടണമെന്നുചൊല്ലീടിനാൻ * ധരണിതലമതിലുടയനരപതി
കുമാരന്റെ ധാർഷ്ട്യങ്ങൾപാതാളലോകേഫലിക്കുമോ? * വിഷമുട
യവിഷധരരിലൊരുവരുമിവന്നിന്നുവിത്തംകൊടുക്കാതെയുദ്ധംതുടങ്ങുവിൻ
* വടിവിലിഹപടപെരുകസമുചിതമതിങ്ങനെ വാസുകികല്പിച്ചയാത്ര
യായീടിനാൻ * പരുഷതരവിഷദഹനകണഗണമെതിൎത്തുടൻ പന്നഗ
ന്മാർവന്നുനേരിട്ടുതൽക്ഷണം * പലകലഹവിധമധികമവരുമതുടങ്ങി
നാൻപാൎത്ഥിവേന്ദ്രാത്മജൻതാനുംതുടങ്ങിനാൻ * ഉരഗകുലമതിപരുഷ
വിഷകണമുതിക്കയും ആയുധക്കോപ്പുകൾകൊണ്ടുവൎഷിക്കയും * അശനി
യൊടുപടപൊരുതുമനലപടഹങ്ങളാൽ അകവേചുട്ടുംപുകയുംനിറയ്ക്കയും
*അവരുടെയകരുമനകളറുതിവരുവാൻവീര നാഗ്നേയമസ്ത്രമയച്ചുധൎമ്മാം
ഗദൻ * വിശിഖമുഖജനിതശിഖിശിഖകളിലശേഷമേ വീണുദഹിച്ചു
തുടങ്ങിസൎപ്പങ്ങളും * പരവശതകലരുമളവരവകുലമൊക്കവേ പാരംഭയ
പ്പെട്ടുപാദേവണങ്ങിനാൻ * നവകനകമണിരജതവസനനികരങ്ങളും
നാഗഹാരങ്ങളുംകാഴ്ചവെച്ചീടിനാർ * നയനഹരസരസതരതനുസു
ഷമയുള്ളൊരു നാഗകന്യാശതംനൽകിനാർഭോഗികൾ * ധനമധികമ
തിമധുരതരുണികുലവുംമുദാ ധൎമ്മാംഗദൻതന്റെതേരിലേററീടിനാൻ * അ
സുരരൊടുപടപൊരുതുവരുവതിനനന്തരം ആസുരലോകംപ്രവേശിച്ചുവീ
ൎയ്യവാൻ * ചതികരുതിപുരുഷവരനവനിപതിനന്ദനൻചാപടങ്കാരംമുഴ
ക്കുംദശാന്തരേ * ദുൎദ്ധിഗമകരവിഭവഗുരുതരപരാക്രമം ദുൎമ്മദൻദുൎമ്മുഖൻ
ദൂഷണൻഭീഷണൻ *അനലമുഖനശനിമുഖനതിബലനുദഗ്രനും അകവേ
യെട്ടുസേനാധിപന്മാരിവർ * അവരുടയപടകൾപുനരനവധിരണാംക
ണേആൎത്തുവിളിച്ചടുത്തുവന്നീടിനാർ * അസുരവരരുടെപുരിയിലരിശ
മൊട്ടുവന്നനീ ആരെടാമൂഢാമഹാഭോഷനാരുനീ?* അമരവരനൊടുസമര
മതിശമൊടെതിൎത്തുനി ന്നായോധനത്തിൽജയംലഭിച്ചഞ്ജസാ * അമരകു
ലതരുണികളുമമരതരുവൃന്ദവും ആഹരിച്ചീടിനദാനവന്മാർവയം * നാംച
പലനിഹനനഗരമതിലധികമിങ്ങനെ നാണവുംകൂടാതെവന്നുചാടീടിനാൻ
*പരവശതവിരവിനൊടുവരുമിഹധരിക്കനീപന്നഗന്മാരല്ലഞങ്ങളെന്നോ
ൎക്കണം * അരവകുലവിജയമൊരുവിരുതുകരുതുന്നനീജ്യോമഹാമൂഢമാ
നുഷനേഷനീ * അവനിയുടെവിവരമതിലന്നദിനമൊളിച്ചിരുന്നാരുംഗ്ര
ഹിക്കാതെകാലംകഴിക്കയും * ഒരുപൊഴുതിലൊരുപൊഴുതിലൊരുവനോടെ
കാൽവിരൽ ഓക്കാത്തനേരംകടിച്ചുണ്ടൊളിക്കയും * ചതിപടയിലതിവി
രുതുകരുതുമരവങ്ങളെ ചാതുൎയ്യമോടേജയിച്ചതാനെന്നുനീ * ജളതഹൃദ
കരുതിബതവെളിവിലിഹവന്നതോ ജാതിഹീനാമനുഷ്യാധമാദുൎമ്മതേ! *

വരികയുധിപൊരുകതവചിരത്തുകളശേഷവും വന്ധ്യമാക്കീട്ടുംവിവാദമി
ല്ലേതുമേഇതിദനുജഭടേതടയകട്ടഗിരമുപാകർന്ന്യ ഈർഷ്യകോപാലരുൾചെ
യ്തുധമ്മാംഗദൻ * ശ്വാനകകുലഭൂഷണസമമിഹബഹ്വലഭാഷണംശുക്രശി
ഷ്യന്മാരഹോനിങ്ങളിങ്ങനെ* മുനികളൊടുമവനിസുരവരരൊടുമനാരതം
മുഷ്കുകകട്ടീടുന്നമൂഢരേദൈത്യരേ! * മതിതളിരിലിതിജളതമതിമതിമദം
കൊണ്ടുമാനകഷയംഫലംദാനവകീടരേ! * പരുഷതരശരനികരബഹളഭ
ഹനേനിങ്ങൾപാററകൾപോലെപതിക്കമിനാഹവേ *ദുരിതചയചരി
തശതഭരിതമതിയായുള്ള ദുമ്മദ!ദൂഷണ!ദുമ്മുഖാ! നില്ലെടാ! * ചിരതിവ
രുവതിനുതവചിരത്തുകളിതൊക്കവേ ഛിന്നാമെന്നോട്ടുപോരിനുവന്നതും *
കതിരവനിലതികലഹമിയലുകിലിനിട്ടകൾക്കാപത്തുമെത്തുമെന്നോർത്തുവ
ന്നീടുവിൻ * ദിവസകരകുലതിലകനൃപതിയുടെനന്ദനൻ ദിവ്യനാംധ
മ്മാംഗദൻഞാൻമഹാരഥൻ *ദനുജകുലബലവിഭവധനജനവിനാശനൻ
ദേവേന്ദ്രനന്ദനൻദാനവവീരരേ *വിരവിനൊടുപൊരുവതിനുവരുവനരു
തെങ്കിലോ വിത്തങ്ങളെല്ലാമിനിക്കുതന്നീടുവിൻ *കുലിശധരതുലിതബല
വിഭവമുടയോരു ഞാൻകോഴവാങ്ങീട്ടുവാൻകോപ്പുകൂട്ടീടിനേൻ*കൊതിപെ
രുത്തുതവമനസിമനുജശിശുവേ!ഞങ്ങൾ കോഴനൽകേണ്ടുന്നകൂട്ടമല്ലേതു
മേ *അമരപതിയമവരുണധനദപവനാദികൾ അകവേഞങ്ങൾക്കുകോ
ഴനൽകുന്നുകേൾ *അനുചിതമിതതിചപലമഹലമിതുമാനുഷാ! ആഘോ
ഷിയാതങ്ങുനിന്നുകൊൾകേഷനീ * അശനിസമശരനികരമനവധിമയ
ച്ചുനിന്നംഗംതകക്കുന്നതുണ്ടുവാടാശഠാ! * അതികുപിതമതികളിതിപച
പലവിധങ്ങളിൽ അന്യോന്യദുർഭാഷണംചെയ്തുതൽക്ഷണം * സപദിബ
ഹുവിധസമരമവരഥതുടങ്ങിനാർ സന്ധ്യാബലീസുതന്മാനംരിപുക്കളും *
പരശുഗദമുസലമഥപരിഘശരജാലവുംപട്ടസംതോമരം ഭിണ്ഡിപാലങ്ങ
ളും* തെളിവിലുടനിളകുമസിലതചട്ടലശൂലവുംതേരാളിമാരെതിർത്തിടിനാ
രാഹവേ * രഥനികരകരിതുരഗമനവധിജനങ്ങളും രാജപുത്രന്റെചുറ്റും
വളഞ്ഞീടിനാൻ * ചുഴലവരുമരികളുടെനടുവിലഥനിന്നുടൻചുണ്ടിശര
പ്രയോഗംതുടങ്ങീനൃപൻ * ഒരുദനുജനുടെതടിയിലൊരുശരമതല്ലേതുമെ
ൺപതുംപത്തുമേല്ലിക്കുന്നുവീഴ്ത്തുവാൻ* കരചരണമഖിലമുടലുകൾപൊടി
തകർന്നുടൻ കാലന്നൂർപുക്കുതുടങ്ങിദൈത്യാവലി * അതിബഹളരുധിരനദി
യൊഴുകിപലമാർഗ്ഗമായോടിത്തുടങ്ങീകബന്ധജാലങ്ങളും *കരികളഥകുതി
രകളുമനവധിവധിച്ചുടൻ കാലാളുമിക്കതുംകൊന്നൊടുക്കീനൃപൻ* ചട്ടല
തരമുടലുമഥകിട്ടുകിടവിറച്ചുടൻ ചത്തുശേഷിച്ചവർവന്നുകൂപ്പീടിനർ *
ധനനികരമനവധികകമലമിഴിമാരെയും ധമ്മാംഗദനുനൽകീടിനാനാദ
രാൽ *അമരരിപുതരുണികളുമധികധനജാലവുംഅശ്വതൻതേരിൽകരേററി
ധമ്മാംഗദൻ * അഖിലമചിരഭുവനഗതവിഭവമതിലാക്കിനാനെത്രയുംവി
സ്താരമുണ്ടാംരഥത്തിനും * വരുണനൊടുമിനിസമരമിതികരുതിമന്നവൻ
വാരുണലോകംപ്രവേശിച്ചുവീഴ്ത്തുവാൻ *തിറതരികവിരവിനൊടുബലിജല
പതേ! ഭവാൻ തീവ്രശീരേവംശ്രവിച്ചുകോപിച്ചവൻ*സമരമതിരണമത!

നസരഭസമട്ടുക്കയാൽ സാംനാംബാലനംനാരായണനാസ്തുതെ* അഭിനവ
സുമന്ത്രമൊട്ടുമഭിമുഖമെമയസ്സുയാൽ അത്തരായംഭോധി സംഭ്രതജന്തുക്കൾ *
സമരമതിലവനമതിമദമതുശമിക്കയാൽ സന്തുഷ്ടനായിപ്പറഞ്ഞു ജലധി
പൻ * നളിനദലനയനശ്രുനരതിലകനിന്നുടെ നാരായണാ
സ്ത്രപ്രയോഗംമാഹാത്മ്യം! * അതുലബലമജിതശരമതുമമതട്ടപ്പതിന്നാവത
ല്ലേതുമേസ്വീകരിക്കഭവാൻ * അയിസുമുഖ! തവവിഭവമറിവതി
നുകേവലം അയോധനത്തിങ്കൽവെച്ചുഞാനെടോ! * ശശിധവളതു
രഗകുലമതിഹപതിനായിരം ശ്യാമവർണ്ണം വാതവേഗമെന്നോക്കനീ
* സലിലതൃണമിവകിമപിമമകതിരകൾക്കഹോ സംപ്രസാദേവേ
ണ്ടതില്ലങ്ങളാകയാൽ *പുനരപി മമസുമുഖി വരതനുകുമാരിക പുഷ്കരൻ
തന്റെസഹോദരിസുന്ദരി * ഇവളുടെയരമണനതിസുഭഗസുതനോഭവാൻ
ഇവചൊന്നനുഗ്രഹംകൊണ്ടുവന്നോനിഹ * ജനകനുടെനികടഭുവി വി
രവിനൊട്ടുചെന്നവൻഭാര്യാകരഗ്രഹണംചെയ്തുവാഴ്ക * വരികവരികഴകി
നൊട്ടുവരതനുമമാത്മജേ! വല്ലഭൻധർമ്മാംഗദൻതാൻനിനക്കെടോ! *തരു
ണഗുണമുടയമമതനയധർമ്മാംഗദാ! താമസിക്കാതെഗമിക്കണംസാമ്പ്രതം*
ഇതിവചനമവനുടെസുമുഖമപിചഗുരഗാത്രങ്ങളും ഇഷ്ടലാഭം കൊണ്ടുഹൃഷ്ടനാം
ബാലകൻ * സപദിരഥമുപഗൃഹ്യകൃതസപദിബഹുവേഗേന സാകേതമന്ദി
രേചെന്നുധർമ്മാംഗദൻ * വിനയനിധിജനകനുടെനികടഭുവിചെന്നുടൻ
വിത്തങ്ങളെല്ലാമിറക്കിധരാതലേ * ഉരഗവരതരുണികളുമസുരവധുവൃന്ദവു
മുൽകൃഷ്ടരത്നങ്ങളശ്വരത്നങ്ങളും *വരുണനുടെതനയയെയുമഖിലമപിന
ൽകിനാൻ വന്ദിച്ചുമന്ദംപറഞ്ഞുതുടങ്ങിനാൻ *അരവകുലമസുരകുലമപി
യുധിജയിച്ചുഞാനശ്വങ്ങളുംനല്ലനാരികാവൃന്ദവും * കനകമണിവസ
നമപിവിരവൊട്ടുഹരിച്ചുഞാൻ കണ്ടുകൊള്ളേണംജനനിജനകനും *
ഭുവനതലമഖിലമതിവിരവൊട്ടുജയിച്ചുഞാൻ ഭൂപതേ! നിൻകൃപകൊ
ണ്ടുസാധിച്ചുതേ * ധനവിഭവമധികമിവനിംഹിതമിതുകൊണ്ടുനീ ധർ
മ്മങ്ങൾചെയ്താലുമിച്ഛാനുപൂർവ്വകം * അടിയനിതിലൊരുപണവുമൊരു
തരുണിയുംവേണ്ട അച്ഛന്റെവിത്തങ്ങളാകുന്നിതൊക്കവെ * മമതപന
രത്നഭുവിജനകനവനിതാദിയിൽമാതാപിതൃപ്രീതിമാത്രംമതിമമ*നിജകമ
നിഹിതിമനസികരുതിയതനുജന നിഷ്ഠുരമായുള്ളപാതകംനിശ്ചയം *
കുരുമനസിമമജനകമരമതുമുറിക്കുന്ന കോടാലിപോലെനമുക്കുള്ളബന്ധ
വും * പരട്ടുകളുമുതലുകളിലൊരുവനഥചേർക്കയാൽ ചാടിക്കളിക്കുംമര
പ്പാവപോലഹോ * അഖിലജനവിധികളിലുമധിപനീഭവാൻവിഭോ!
അല്പമാത്രംഞാൻപ്രയത്നാദികൾക്കെല്ലാം * ദനുജമണിജനകനഥമിത്ര
നിജഹിതന്മാർക്ക്ദാനവുംചെയ്തുസുഖിച്ചുകൊൾകഭവാൻ * തനയനു
ടെവചനമിതി കനിവിനൊട്ടുകേട്ടുടൻ താതനുത്ഥാനവുംചെയ്തുജന
നിയും * അനവധികധനനികരമരികിലിഹകാൺകയാ ലാശ്ചര്യമാശ്ചര്യ
മെന്നുപുകഴ്ത്തിനാർ * പുനരധികകുതുകമൊട്ടുവരുണനുടെകന്യയെപു
ത്രനുവേൾപ്പാൻകൊടുത്തുരുഗ്മാംഗദൻ * ദനുജകുലതരുണികളെവിധി

യുടെതനൂജയ്ക്കുദാസിമാരാക്കിക്കൊടുത്തുനരാധിപൻ * അതിബഹുവാധനനികരാദികളുമപിമോഹിനിക്കല്പനംചെയ്തുകന്ദർപ്പന്റെശാസനാൽ * തദനന്തരമവരുടെയകുലഗുരുമുനീശ്വരൻ അത്രനൃപകുലജാതന്മാരാമതി * പുരമ്പവരനഥതൊഴുതുമുനിവരനൊടുചൊന്നാൻ പുത്രനെക്കൊണ്ടുവേൾപ്പിച്ചിടേണംഭവാൻ * ഉരഗികളെവിരവിനൊടുവരുണസുതയേയുമിന്നുദഹിച്ചീടേണമാശ്രയധർമ്മാംഗദൻ * അതുസമയമിവിടെനരമുനിസുരജാതികൾക്കർത്ഥദാനങ്ങളുംചെയ്യേണമാദരാൽ * ഗുണമിവടെവരുവതിനുഗുരുവരതുണയ്ക്കുനീ ഗോദാനമായിരംചെയ്യിക്കസാമ്പ്രതം * തനയനുടെപരിണയനവിധിബതകഴിക്കാത്ത താതനുപാതകപാതംയുഗത്രയം * കനിവിനൊടുജനകനിഹസമവയസിതനുടെ കന്യകാദാനവുംപുത്രനുവേളിയും * അഴകിനൊടുവിധിവിഹിതമിദശമിഹചെയ്തവർ നന്ധരംചെയ്യുംഫലംലഭിക്കുംദൃഢം * ഇതിനൃപതിയുടെവചനമുചിതമൊടുകേട്ടുടൻ ഈവണ്ണമെന്നുപുരോഹിതൻചൊല്ലിനാൻ * കേളിയിലിഹാർത്ഥികമമനരവരകുമാരക! വേളിക്കുനല്ലമുഹൂർത്തമുണ്ടിന്നെടോ * ഫണിയുവതികളെയുമധവരുണസുതനെയും പാണിഗ്രഹംചെയ്തുവെകാതെബാലക! * അടിയനിഹതരുചികിമപിനഹിനഹിമഹാമുനേ! അതതില്ലച്ഛന്റെശാസനമെങ്കിലോ * വിഷയസുഖമതിവിഷമമതിനുപലദോഷങ്ങൾ നിദജ്ജനങ്ങൾക്കുമുണ്ടായ്വരുംദൃഢം * ഗുരുജനകജനനികളിലവനിഹവച്ചുക്കുവെ ഗൌരവംനാസ്തിയാമെന്നുദോഷമുനേ! * അവനിതലമതിൽമരുവുമഖിലജനംകൊയ്യമാളല്ലതാനെന്നുവന്നുകൂടുംക്രമാൽ * അപിചതവവചനമിഹജനകനുടെവാക്കുമിന്നംഗീകരിക്കാമതിനെന്തുസംശയം * മഹിതഗുണഗണമുടയമനുകുലകുമാരന്റെ മൌനാനുവാദംഗ്രഹിച്ചുപാദ്ധ്യായനം * ചിരവിനൊടുവിധിവിഹിതപരിണയനമാർഗ്ഗത്തിൽ വേണ്ടുംപദാർത്ഥങ്ങൾകൊണ്ടുചെന്നാദരാൽ * അതിരുചിതമഖിലമപിവിരവൊടുഗുരുടങ്ങിനാ നർത്ഥദാനങ്ങളുംചെയ്തുഗോദാനവും * പരിചിനൊടുഫണിതരുണിവരുണതനയാദികൾ പാണിഗ്രഹംചെയ്തുധർമ്മാംഗദൻമുദാ * ജനകനുടെനികടമിതിവിരവിനൊടുചെന്നുടൻ ജായാസമേതംവണങ്ങിവാണീടിനാൻ * മണിയറയിലതിരുചിരതരുണിമണിമാരുമായ് മാരോത്സവംപൂണ്ടുമേവിധർമ്മാംഗദൻ * സലിലപതിതനയയുടെസരസതരലീലയിൽസാന്ദ്രമാമോദംകലർന്നുമേവീടിനാൻ * ഉടമയൊടുതടമുലകളുടലിലിടചേർത്തുകൊണ്ടുനന്മുഖബിംബമേകുംമുഖമോടിയും * കളിവചനപുതുമകളുമതിലളിതഗാനവും മാരാനുകൂലമാംമഹോത്സവങ്ങളും * അനുദിവസമധികരസമലസമിഴിമാരുമാ യാനന്ദശാലിയായ്വാണുധർമ്മാംഗദൻ * അവനിതലമഖിലമപിസുഖതരമനാരതം ആസ്ഥയാപാലിച്ചുകൊണ്ടുമേവീടിനാൻ * വിമതജനമഥനനസുജനപരിപോഷണൻ വിത്തദാനങ്ങളുംവിദ്യാപരീക്ഷയും * വണിഗധിപനഗരവരവാപികൾവരുത്തിയും വാണിജ്യഭാവങ്ങളാർജ്ജിച്ചുമാദരാൽ * രഥതുരഗകരികളുടെസതതപരിപാലനം രാഷ്ട്രങ്ങളിൽശ്രദ്ധസഞ്ചാരവുംതഥാ * തരുണജനത

ഭണിജനകലഹവിനിവാരണം തസ്കരന്മാരെത്തിരഞ്ഞുശിക്ഷിക്കയും *
ഇവപലവുമുചിതവിധിവിരവൊടുനടത്തിനാ നീശരന്മാരിൽവിശ്വാ
സേനവിശ്രുതൻ * ജനകനൊട്ടശഠതനിജ ജനനിയൊടുമത്സരം ജ്യായാ
ജനങ്ങളെത്താഡനപീഡയും * മതിതളിരിലതിമദവുമപരജനനിന്ദ
യും മദ്യപാനങ്ങളുംമാംസപാകങ്ങളും * പകൽമുഴുവനൊരുഭവന
ഗ്രഹകളിലുറക്കവും പാതിരാനേരത്തുപാഞ്ഞുനടക്കയും * പരത
രുണികളിലനിശമൊളിശയനവുംതന്റെ പാണിഗ്രഹംചെയ്തപെണ്ണി
ന്റെത്യാഗവും * പകിടകളിപകിടകളുമപരധനലോഭവും പണ്ടുള്ള
മര്യാദവിട്ടസംസാരവും * അശുഭഗതമിതിപലവുമവനിയിലൊരേടത്തു
മക്കാലമില്ലധർമ്മാംഗദപ്രാഭവാത് * ഹരിയുടെ ദിവസമതിലനിശമുപവാ
സവും ഹാനികൂടാതെഹരിധ്യാനമൌനവും * വിപുലതരഹരിചരിതനി
ശമനനിനോദവും വിദ്യയുള്ളോരിൽബഹുമാനദാനവും * വിപിനഭുവി
മുനികളുടെനിയമസുഖവാസവും വിഷ്ണുപൂജാബലിപ്രൌഢിവിസ്താരവും*
ദ്വിജവരരിലധികതരവിനയഗുണഭക്തിയും ദീപങ്ങളേഴിലുംവർദ്ധിച്ചുന
വ്ദാ * കൃഷിയുമതിശുഭമേതന്മുചിതസുഖവൃഷ്ടിയും വൃഷ്ടികൂടാതെവി
ളയുന്നനെല്ലുകൾ * ദ്രവിണജതമാനികളിലധികമധികംസദാദാ
രിദ്ര്യമെന്നുള്ളതാർക്കുമില്ലെങ്ങുമേ* ഇരവുപകലകതളിരിലുരുതരവിചാരവാ
ൻ ഇങ്ങനെരക്ഷിച്ചുധർമ്മാംഗദൻനൃപൻ * മുദിതമതിമദനരസനദിയിൽ
മുഴുകിനാ മോഹിനിയോടുരമിച്ചുരുഗ്മാംഗദൻ * അടവികളിലൊരുദി
വസമൊരുദിവസമദ്രിയിൽ അഴിതീരങ്ങളിലങ്ങൊരുവാസരം * ഒരുദിവ
സമരമനയിലൊരുദിനസമാലയേ ഓരോരൊദിക്കിലീവണ്ണംദിനേദിനേ *
നരവരനുമജസുതയുമസമരതലീലയിൽ നാനാപ്രകാരംരമിച്ചുമേവീടി
നാർ * അതിനനന്തരമതിവിമലശരദൃതുസമാഗമേ അശകൾപത്തുംതെ
ളിഞ്ഞുകാണായിതു* ത്രിഭുവനവുമതിസുഭഗമഖിലശുഭസമ്പാദി ത്രേതായു
ഗാവധിദ്വാപരാദൌതദാ * നദികളുടെനട്ടവിലതിവിമലജലമാർഗ്ഗവുംഫു
ല്ലപത്മങ്ങളുംനല്ലസൌരഭ്യവും കിളികളുടെകളനിനദമളികളുടെരംഗിതം
കിംശുകംപ്ലാശുംതളിർത്തുപൂത്തങ്ങിനെ * നിഖിലജലമതിവിമലമവനി
യിലശേഷമേനെല്ലുവിളഞ്ഞുവിളങ്ങുംദശാന്തരേ * കതിരവനഗതിവിം
വിലയനമതുദക്ഷിണംകാർത്തികമാസംപിറന്നുമേമോഹിനീ* മദനശരപ
രവശതകലരുകനിമിത്തമായ് മാസമീകാർത്തികമുന്നമോർത്തിലഞാൻ* പ
ലപലതുശതമഫലമഹഹമമകാർത്തികാ പത്മനാഭപ്രിയംപാപവിധ്വം
സനം* പിരവിനൊടുസുകൃതകരദിവസമിതമുപ്പതും വിഷ്ണുദേവാലയേദീപ
പ്രദീപനം * അതിസുകൃതമതിസുഭഗമതിശയമഹാവ്രതം ജനകന്നവോ
ലെവിളക്കുവയ്ക്കുന്നതും* നളിനമുഖിതെളിവിനൊടുവിഷയമതുപേക്ഷിച്ചു
നാമിനിക്കാർത്തികനോറ്റുവരുടങ്ങുക * കമലഭവനുടെതനയകണവനൊടു
ചൊദിച്ചുകാർത്തികമാസഫലപ്രകാരംതദാ* നരവരനുമതുപൊഴുതുനലമൊ
ടുചെയ്തിതുനാരീശിരോമണേ!കേട്ടാലുമാദരാൽ * പരിചിനൊടുനിയമ
ശുചിദിവസമിതുമുപ്പതും പാലുംപഴവുംഭുജിച്ചുനോറ്റീടുകിൽ* പരമപ

ഥമരവരാശയനനുടെമന്ദിരം പ്രാപിച്ചുമോദിച്ചുവാനുകൊള്ളാമെടോ! *
ഒരുദിവസമശനമൊരുദിവസമുപവാസവും ഒന്നിടയിട്ടുനോററാലുംമഹാ
ഫലം * എളുതുപുനരതിലുമിനിയൊരുവഴിയരികെടോ ഏകഭക്തവ്രതം
കൊണ്ടുംഗതിവരും * മുനികളുടെവചനമതിമുചിതമിഹ വൃശ്ചികേമൂ
ന്നു ദിനംനോററുകൊണ്ടാലതുംമതി * ഉപവസനവിധികളിഹപലവിധ
മുദീരിതം ഉണ്ണാതുറങ്ങാതെവൃശ്ചികംമുപ്പതും * മുരമഥനചരണയുഗമ
കതളിരിലാക്കിഞാ മൌനവ്രതംപൂണ്ടുമേവുന്നുവല്ലഭേ * ഇതി നൃപതി
യുടെവചനമഖിലമപികേട്ടുടൻ ഇന്ദീവരാക്ഷിയുംചൊല്ലിനാൾ മെല്ല
വേ * നരവരനെനിയമമിദമരുതുധരണീപതേ നാട്ടരക്ഷിക്കയല്ലാതെ
ന്നുകല്പിതം * വിമതജനമമരുവതിനുചിതമിഹയുദ്ധവും വിത്തദാനാ
ദിഭൂരക്ഷാപ്രകാരവും * ത്രിതയമിദമവനിപതിവരനുടെമഹാവ്രതം തീർത്തു
ചൊല്ലാമിതല്ലാതെയില്ലൊന്നുമേ*ഒരുദിവസമപിവിരഹമഹമഹോബഹുസ
ങ്കടംഓർത്താലുമെങ്ങനെമുപ്പതുവാസരം * വിമലതനുഗുണനസരസപുരുഷവ
രനിനോടുവേർപെട്ടിരിക്കേണ്ടുഞാനെന്റെവല്ലഭ! * അധികഫലമിതുനി
യതമഖിലനരജാതിക്കമന്നദാനംചെയ്തുകൊണ്ടാലുമാസ്ഥയാ * അപര
മൊരുവഴിയുമിഹകിമപിപറയാമെടോ അഗ്രജസ്ത്രീനോററുകൊണ്ടാൽമ
ഹാഫലം * സപദിമമരമണതവരമണികളിൽമുമ്പായസന്ധ്യാവലിയോ
ടുനോല്പാൻകഥിക്കനീ*അഖിലജനമതമറികനരവരകുടുംബികൾക്കെല്ലാം
കുടുംബിനിമാരെന്നുശാസ്ത്രവും * സരസമിഹസരസിരുഹവസതിതനയോ
ദിതംസാരമെന്നോർത്തുസന്ധ്യാവലീവല്ലഭൻ * പ്രഥമമഹിഷിയെവിരവി
ലധിപതിവിളിച്ചുടൻപ്രത്യക്ഷമേവംപറഞ്ഞുരുഗ്മാംഗദൻ * കനിവി
നൊടുശൃണുവചനമയിമഹിഷിമാമകംകാർത്തികമാസം മഹാപുണ്യമാഗ
തം* ഉപവസനമുചിതമിതുരുചിരതരമെങ്കിലും ഊർജ്ജസ്വതിക്കനുവാദ
മില്ലേതുമേ * ഇവളുടയവചനമിതുവിരവിൽനിരസിപ്പതിന്നിങ്ങുമനസ്സു
റപ്പില്ലസന്ധ്യാവലീ! * ഇവളുടയകനിവുപുനരധികതരമോഹിനീയേകാ
ദശിവ്രതംവിഘ്നമാക്കീലവൾ * അതിലധികമൊരുനിയമമഭിമതവുമല്ല
പോൽ അതുവതില്ലെന്നുവച്ചെല്ലാംവെടിഞ്ഞുഞാൻ * കലുഷതരമഖിലമഹര
മഖിലജനകാമിനംകാർത്തികമാസംത്യജിക്കാവതല്ലഹോ * ഭവതിപുനരഴ
കിനൊടുഹരിദിവസമൊക്കവേ ഭക്ത്യാ സദാ നോററുകൊള്ളേ
ണമാദരാൽ * ജഗതിമതമിദമറികസകലമപികർമ്മവും ജ്യേഷ്ഠപത്നീകൃതം
ശ്രേഷ്ഠമെന്നിങ്ങനെ * പതിവചനമതിവിമലവിനയമൊടുകേട്ടുടൻ
പാദേവണങ്ങിപ്പറഞ്ഞുസന്ധ്യാവലീ * സകലമപിസവിതൃകുലനൃവരത
വശാസനം സാദരംകേൾപ്പാൻകുറവില്ലിനിക്കെടോ! * അവനിപതി
കുലതിലകരമണതവശാസനാലഗ്നിയിൽ ചാട്ടുവാനുംമടിയില്ലമേ * കമ
ലഭവതനയയുടെകരളിലൊരു സങ്കടം കാണിനേരംപോലുമുണ്ടാക്കൊ
ലാഭവാൻ * അവളുടെയഹിതമഖിലമനുമതമിനിക്കുള്ളിലപ്രിയംതെല്ലും
ഭവിക്കില്ലവല്ലഭ! * വ്രതവിധിയിലധികഫലമിതുനിയതമാകയാൽ വൃ
ശ്ചികമാസോപവാസംകരോമിഞാൻ *സരസമിതിനരവരനൊടുവിരവൊടു

വണങ്ങിനാർ സന്ധ്യാബലിവന്നനോററുതുടങ്ങിനാർ * ഭവനമതിലജസുതയുമരചനമിയന്നടൻഭേരീരവംകേട്ടുദ്ദേശേശദാ * ഘുമുഘുമിതരവമുടയപടഹമതുകിംകരർ ഘോഷിച്ചുകെട്ടിവിളിച്ചുചൊല്ലീടിനാർ *കടലുടയനടുവിയലുമവനിഗതമർത്ത്യരേ! കാർത്തികമാസേ വെളുത്തയേകാദശീ * അഖിലജനദുരിതഹരഹരിദിനമടുത്തനാളാരും ഭുജിച്ചുപോകൊല്ലാമനുഷ്യരേ! * ഉചിതമിദമറികതവദശമിദിവസേനിങ്ങൾ ഉപ്പുകൂടാതെഭുജിക്കേണമേകദാ * പുനരശനമരുതരുതുശമനമവനീതലേപൂജിക്കവേണംമുകുന്ദപാദാംബുജേ*കമലയുടെകണവനിഹഉണരുമിതുസാമ്പ്രതം കാർത്തികമാസേകനിവുള്ളദൈവതം * ഉദയശുഭസേമയമതിലുണരുകയുട്ടത്തനാൾഉഊണുമുറക്കവുംകൂടാതെസാംപ്രതം* തരുണികളിലരുതുസുഖമരുതരുതുതാംബൂലതൈലാദിസർവ്വംത്യജിച്ചുവാണീടുവിൻ * ദനുജരിപുദിവസമിതുമുഴുവനിഹനോററുടൻ ദ്വാദശീദാനവുംചെയ്തുഭുജിക്കണം * വരനൃവരവചനമിതുനപടിനിരസിപ്പവൻ വധ്യനാംദണ്ഡ്യനാമല്ലൊഴെനിശ്ചയം *ഇതിപടഹഘടിതഘടസഹിതമറിയിച്ചുകൊണ്ടൂഴിതോറുംനടക്കുന്നുകോലാഹലം * കളകളമിതവനിപതികനിവിനൊടുകേട്ടുടൻ കയ്യിലേതാംബൂലമങ്ങെറിഞ്ഞീടിനാൻ* വിരവിനൊടുതരുണിയുടെകുചകലശയുഗ്മവും വേർപെടുത്തുംകൊണ്ടുവാങ്ങിവാണീടിനാൻ * തരുണിയുടെമുട്ടലതരതനുലതവെടിഞ്ഞുടൻ താഴത്തിറങ്ങിയരുൾചെയ്തുമന്നവൻ * നളിനമുഖി! കളികളിനിമതിമതിനമുക്കഹോ നാളെഏകാദശിപുണ്യമഹാദിനം * ത്രിദിനമതിസുദിനമിതുസുഖമുപവസിക്കയും ത്രൈലോക്യനാഥനെസ്സേവിക്കയുംശുഭം * നിയമശുചിവിനയമൊടുനിഖിലദുരിതക്ഷയം നീയുമേകാദശിനോൽക്കേണമാദരാൽ * മുഹുരചിചനൃപതിയുടെവചനമിതുകേട്ടുടൻ മോഹിനിമന്ദംപറഞ്ഞുതുടങ്ങിനാൾ*ഹരിദിവസമുപവസിതമുചിതമുചിതംവിഭോ! ഹന്തതേജന്മസാഫല്യംമനോഹരംമനുജകുലതിലകശൃണുമമമനസിവാഞ്ഛിതംമന്ദരശൈലേവസിച്ചകാലംപുരാ*തദനുമമമനസിഹിതമൊരുവരമിനിക്കുനീ തന്നീടുവാൻപറഞ്ഞീലയോ?മനുവ*തരികമമസപദിവരമതുവിരവിലിന്നുനീ സത്യഭംഗംവരുത്തീടൊലാഭൂപതേ! * നിജസുകൃതമപിവിരവൊടിന്നൊരുവാക്കിനാൽ നീക്കംവരുത്തൊലായെന്നുധരിക്കനീ *പറകപരമഭിരുചിതമയിസുമുഖിമോഹിനീ! പാരാതെനൽകുവനെന്നരുഗ്മാംഗദൻ * അഭിരുചിതമിദമറികയുചിതഹരിവാസരേ അന്നംഭുജിക്കേണമാസ്ഥയോടേഭവാൻ * ധ്രുവതരുവതിനുവരമിദമടുത്തനാളേകാദശീവ്രതംഭംഗമാക്കീടുക * അപരമൊരുരുചിമനസിനഹിനഹിനമുക്കിനി നംഗംപിരിഞ്ഞിരുന്നീടുകസംകടം ഒരുകനിവുമനസിമയിവിലസതിഭവാനെങ്കി ലൊന്നിച്ചുനാളെബ് ഭുജിക്കേണമാദരാൽ * അശനിസമമവളുടയവചനമതുകേട്ടുടൻ അയ്യോ! ചതിക്കൊലാനീയെന്നുമന്നവൻ * അതുതരികമഹാവിഷമമതിലപരമൊക്കവേ ആത്മരാജ്യാദിസർവ്വം തരാംവല്ലഭേ! * അഖിലഗുണഗണമിയലുമജനടെതരുജനീഅന്യായവാക്കുകൾചൊല്ലായ്കമോഹിനീ*തരുണിമമജനനിയുടെ

മുലകുടിവെടിഞ്ഞന്നു തന്നേതുടങ്ങുന്നോരുപവാസമീവ്രതം * ഹരിദിവസമശനമിതുശിവശിവ മഹാകഷ്ടമനുഭക്ഷിച്ചവൻചണ്ഡാലസന്നിഭൻ * അതിലപരവരമഖിലമഴകൊടുതരാംനിന്നെ യന്തോളമേററിഞാൻതോളിലേന്തീട്ടുവൻ * ഭേതിയുടെവപുരമലമഖിലദിശിഞാനുമെൻ ഭാര്യമാരും കൂടിയംസേവഹിച്ചുടൻ * തെരുവുകളിലരചവരപെരുവഴികളിൽചെന്നു തെല്ലുംമടിക്കാതെസഞ്ചരിക്കാമെടോ! * നഗരഭുവികനകമയവിടപശിഖരങ്ങളിൽ നല്ലോരുഴിഞ്ഞാലുമിട്ടുകൊണ്ടങ്ങനെ * അതിനുമുകളിലിഹഭവതിയെയിരുത്തി ഞാനിങ്ങോട്ടുമങ്ങോട്ടുമാട്ടുന്നതുണ്ടെടോ * കനകമണിരജതകുലമനവധിതരാമെടോ! കാത്തിടുകൈകാദശീഭംഗംവരുത്തൊലാ * ബഹുദുരിതമശനവിധിനരനുഹരിവാസരേ ബ്രഹ്മഹത്യാശതംചെയ്തപാപംവരും * ശിശുഹനനമപരധനഹരണമതുമെത്രയും ശിഷ്ടർക്കുകല്പിച്ചവിത്തംകൊടായ്കയും * ഹരിനിലയശിവനിലയമിഹബഹുദഹിപ്പിക്ക ഹാസ്യംദ്വിജന്മാരെനിന്ദിച്ചുരയ്ക്കയും * ഇതിനുടയദുരിതമതിലധികതരമുണ്ടെടോ ഏകാദശിനാൾഭുജിച്ചപാപംപ്രിയേ! * കമലഭവനുടെമകളുമരചനൊടുചൊല്ലിനാൾ കാന്ത നമുക്കുംകുറേബോധമുണ്ടെടോ! * ഹരിദിവസമശനവിധിവിരവിലൊരുനേരമാം ഹാനിയില്ലെന്നുഞാൻകേൾപ്പൂമഹാമതേ! * ഇഹജഗതിശിശുവിനഥമുത്തരനുരോഗിക്കുമെട്ടുമാസംഗർഭമായുള്ളപെണ്ണിനും * മനുജകുലപതനമഥസുചരിതഗൃഹസ്ഥനും മംഗലസ്ത്രീകൾക്കുമാവശ്യമല്ലിദം * ഉപവസനമൊരുദിനവുമതിഹമനുഷ്യരിലുത്തമൻഗൗതമൻതാനരുൾചെയ്തിതു * ബഹുവചനഫലമിഹബഹുധനജനങ്ങളും ബന്ധുവൃന്ദങ്ങളുംരാജഭോഗങ്ങളും * സകലമിതുവെവിഹായമറികധരണീപതേ! സത്യമെന്നലംഘിക്കിലാശുനാശംവരും * സുചലദുരുജലധികളുമവനികവിയാത്തതും സർവ്വകാലംവായുസഞ്ചരിക്കുന്നതും * കതിരവനുമന്നുദിവസമുദയമിയലുന്നതും കാലവർണ്ണങ്ങളുംകാലഭേദങ്ങളും * സകലമിതുസദയകൃതമറികമമവല്ലഭ! സത്യഭംഗമില്ലാതെകാണുന്നതും * ദയിതശൃണുവിരവിനൊടുസാധുഭുവിവന്നനീ ദക്ഷിണഹസ്തേന സത്യമോതീലയോ? * അതുമസി മറവി വരുവതിനു ബതമൂലമെന്തുള്ളൂചതിക്കൊലാ രാജചൂഡാമണേ! * ഇതുപറയുമജനുടയ മകളൊടു മഹീശ്വരൻ ഇത്ഥംപറഞ്ഞു പരമാത്മബോധവാൻ * ഗജതരുണിഗമനജിതകമലഭവനന്ദനേ! ഗൗതമെന്റെമതംസാധുവല്ലേതുമേ * പലമുനികൾപറയുമതുജഗതിപരമിത്ഥമാം പൌരാണികന്മാരസത്യംകഥിക്കുമോ? * ശമലഹരഹരിദിവസമുപവാസനദീക്ഷിതൻ ശംഖുകൊണ്ടംബുപാനംചെയ്കനിന്ദിതം * അതിശിശുകനതിവിവശനതിദശമിയാതുരൻ അങ്ങനെയുള്ളോരുനോൽപാനൊരുവിധം * ഫലമപിചജലവുമിഹപലവകഭുജിച്ചുടൻ പ്രാണരക്ഷാമാത്രമാണെന്നറികനീ * അശനമതുബഹുദുരിതമതുബത കഴിക്കയില്ലന്യമെന്തെന്നാലതാചരിക്കാമഹം * അപരമൊരുവരമിവിടെമമരുചിതമല്ലെടേ! അന്നംഭുജിക്കനീയേകാദ

ശീദിനേ * വെളിവിലൊരുവിധിയുമിഹനഹിനഹിമഹാമതേ! വേദ
ത്തിലെങ്ങുംപറഞ്ഞിട്ടുമില്ലതു * ഉടമയൊടുവിഹിതമിതുവിരവൊടുകുടും
ബികൾക്കുച്ചയ്ക്കുമന്തിക്കുമഷ്ടിഭോജനംദൃഢം * ഹരിദിവസമിതുമനസിക
രുതിയതുപേക്ഷിച്ചു ഹാ!ഹാ!മഹാകഷ്ടമെന്നുചൊന്നാളവൾ * തദനു
നരവരനുമജതനയയൊടുചൊല്ലിനാൻ തത്വങ്ങളെല്ലാംപുരാണങ്ങളിൽ
ധ്രുവം * നിഗമവിധികളിലധികമഖിലമുനിസമ്മതം നിത്യംസ്മൃതിക
ളിൽചൊല്ലുന്നതൊക്കവേ * അതിലധികമധികവിധിവിരവൊടുപുരാണേ
ഷു അത്യന്തധർമ്മങ്ങൾചൊല്ലുന്നുവല്ലഭേ!* പരമമതമുചിതതരമഖിലമിതി
ഹാസവും പൌരാണികങ്ങളുംസാരമെന്നോർക്ക നീ * വിവിധമിഹകഥന
മിദമഹലമലസേക്ഷണേ! വേദത്തിനേക്കാൾപുരാണോക്തമുത്തമം* അതി
വിഹിതമിതരഹിതമഞ്ജിതഗുണവാസരം അന്നഭക്ഷിച്ചാലധോഗതിനിശ്ച
യം * അവനിസുരവധസദൃശമജിതദിനഭക്ഷണം ആയതുഞാൻചെയ്കയി
ല്ലെടോമോഹിനി! * തദനുദൃഢവചനമിതിധൃതിയൊടികേട്ടുടൻ തന്നുടെ
ദാസിയോടോതിനാൾമോഹിനി * അരചനുടെശഠതബതകേളവതിനുലൂ
ണ്ണികേ! അന്തണന്മാർകളെച്ചെന്നുവരുത്തുക * ചിരാവിനൊടുകുടിലമിഴിയു
ടെയവൃഷലിഫലുണ്ണികാവിപ്രരെച്ചെന്നുടൻകൊണ്ടുവന്നീടിനാൾ * ശരണ
മിഹചരണമിതിവിധിസുതവണങ്ങിനാൾ ശാസ്ത്രിദ്വിജാധിപന്മാരോടു
ചൊല്ലിനാൾ * നരപതികളടിപണിയുമവനിപതിപുംഗവൻ നമ്മോടു
ശാഠ്യംതുടങ്ങുന്നുവിപ്രരേ!*ഹരിയുടയദിവസമിതുനരവരനുടുത്തനാളാഹാ
രമില്ലപോലെന്തിതിനുത്തരം * അസുരസുരനരപതഗമൃഗപശുജനങ്ങൾ
ക്കമാഹാരമല്ലാതെമറ്റെന്തുജീവനം * ചരിതഗുണഗണമുടയധരണിസു
രരേ!നിങ്ങൾ ചത്തവർക്കും ശ്രാദ്ധമൂട്ടുന്നതില്ലയോ? * പിതൃജനവുമനുദി
വസമശനപരരാകയാൽപിണ്ഡദാനംകൊണ്ടുതൃപ്തരാംനിർണ്ണയം * പരി
ചിനൊടുഹരിയുമിഹഹന്തമുടനാക്കവെ പായസാദ്യന്നമിച്ഛിക്കുന്നതി
ല്ലയോ? * ഉപവസതിനുപവരനുമനുജപരിപാലനം വിപ്രശുശ്രൂഷണം
ശൂദ്രർക്കുകല്പിതം * കുലതരുണിമണികളുടെകുലവിഹിതധർമ്മവും കുഞ്ഞി
തംകൂടാതെഭർത്തൃശുശ്രൂഷണം * അഖിലജനവിധനിയമമറിയുമവനീശ
രന്മാരേ! പറഞ്ഞാലുമീശനോടീവിധം * അവനിസുരരവളുടെയവചന
മതുകേട്ടുടനാശുഭൂപാലനോടേവം പറഞ്ഞിതു * അജിതദിനനിയമമിതു
വിധിവിഹിതമല്ലകേൾ ആത്മനാകല്പിച്ചുനോക്കുന്നിതുഭവാൻ * രമ
ണിയുടെവചനമിതുമുചിതമവനീപതേനണ്ടുനരംഭുജിക്കേണം കുടുംബി
കൾ*ശൃണുനൃവര വചനമിതുമഹതിഹരിവാസരേ ശ്രാദ്ധമൂട്ടുന്നവർശേ
ഷമുണ്ടീടുവോർ * വിരമനരകുലതിലകവിമലഗുണവാരിധേ! വിപ്രവാക്യ
ത്തെപ്രമാണമാക്കീടുക * അവനിസുരരുടെവചനമഹലമുടനാക്കിയാല
ത്യന്തഘോരമായുള്ളപാപംഫലം * വിശദതരമതിരസമടുത്തനാൾ വിപ്ര
രോടൊന്നിച്ചിരുന്നുഭുജിക്കയുമുത്തമം കറികളുടെഗുണമറികയധികസുഖമ
ന്നവും കണ്ണുപ്രമാണംഭുജിക്കാംനമുക്കെടോ!*ധരണിസുരവരരുടെയവചന
മതുകേൾക്കയാൽ ധാർമ്മികൻകോപിച്ചുരചെയ്തവരോടു * വിധികളുടെവി

ധമഖിലമറിയുമവരിങ്ങനെ വിഘ്നംവരുത്താൻതുടങ്ങുന്നതത്ഭുതം! * ഹരി
ചരണകമലയുഗപരിചരണമെന്നിയേ ദാസ്യംപറഞ്ഞാൽഫലിക്കയില്ലേ
തുമേ * അവനിസുരരുടെവചനമിതിസഫലമായുള്ളതാരമേകൂട്ടാക്കയില്ല
കേട്ടീടുകിൽ * ഗൃഹിണിയൊടുഹിതവുമഥഗൃഹപതിവിശേഷിച്ചു ഗാർ
ഹസ്ഥ്യകർമ്മങ്ങളേകാദശീദിനേ * പ്രചുരതരദിനയമൊടുവിധിവദുപ
വാസവും പ്രാണരക്ഷജലംകൊണ്ടുചെയ്താൽമതി * ത്രിവിധികളഥദ്വാദശി
വസമുപാഗതമെന്നാകിലോ പിണ്ഡവുംവെച്ചുബലിയുംകഴിച്ചുടൻ * ഘന
സഹിതമെതുകിമപിപിതൃകരണശേഷവും ഘ്രാണേനഭക്ഷണമാത്രമവശ്യ
കം * അതിലധികമരുതരുതുകിമപിഹരിവാസരേ അന്നത്തിലാകുന്നുപാ
പങ്ങളഖിലവും * അവനിസുരവരരിവിടെവികൃതികൾതുടങ്ങിനാലന്യമ
ത്ര്യന്മാരതില്പരംദുഷ്ടരാം * പ്രജകളിവരജ്ഞിതദിനമഴകിനൊടുനോല്ക്കുന്നാൽ
പ്രാർത്ഥിച്ചകാര്യംലഭിക്കുന്നുവിപ്രരേ! * മുരമഥനചരണയുഗഭജനമതിപാ
വനം മുക്തിയുംഭക്തിയുംസാധിക്കുമേവനും * തിരുമനസ്സികരുണബതവ
രുവതിനുകാരണം തിങ്ങളിലീരണ്ടുപവാസമുത്തമം * അതിനുപുനരവനി
സുരവരരിഹവിരോധങ്ങളാചരിച്ചാലതുനേരായ്വരുന്നതോ? നരകഭയമകത
ളിരിലൊരുപൊഴുതുമില്ലാത്ത നാസ്തികന്മാർനിങ്ങളെന്നുവന്നൂദ്രുഢം * ന
യവിനയരഹിതമതികുമതിജനമാരുമേ നമ്മുടെനാട്ടിലിരിക്കേണ്ടനിശ്ച
യം * ഇനിയുമിതുപറവതിനുതുനിയുകയെന്നാകിലിന്നുതന്നെനാടുവിട്ടു
പോയീടണം * അരനിമിഷമിനിയിവിടെയരുതരുതിതാമസം അന്തണ
ന്മാരേ നടന്നാലുംമൊക്കവേ * ഇതിലധികമവനിസുരരൊടുകിമപിശാ
സനം ഇജ്ജനങ്ങൾക്കുചൊൽവാൻവിധിയില്ലപോൽ * ഇതിലധികമ
നഭവവുമുപരിവരമോർത്താലുമീശ്വരൻസാക്ഷിയുണ്ടല്ലോനമുക്കെടോ! * ഇ
ത്തിനുപതിവചനമതുസഭയിലഥകേട്ടുടൻ ഇക്കണ്ടതെങ്ങളുരിയാടുകില്ലിനി
* മുരമഥനചരണഗുണശരണധരണീപതേ! മോഹിനീവാക്കിനാൽമോ
ഹിച്ചുതങ്ങളും * ഇവളുടെയമനസിബഹുകുടിലതമഹീപതേ! ഇങ്ങനെ
തോന്നാനിവൾക്കെന്തുകാരണം * സകലജനദുരിതഹരചരണധരണീപ
തേ നവ്വാപരാധംക്ഷമിക്കേണമംഗദ! * അതിമുദിതമതികളഥധരണി
സുരരൊക്കവേ അശ്ശിവ്ചസ്സിനെച്ചൊല്ലിനില്ക്കുംവിധൌ * അതികുപി
തമതിസുദതിവിധിയുടെതനൂജയും ആക്ഷേപവാക്കുപറഞ്ഞുതുടങ്ങിനാൾ
മതിതളിരിലതികപടമുടയകുടിലാശയൻമാനവേന്ദ്രാ! ഭവാനെന്നെച്ചതി
ച്ചിതോ? * സകലഗുണമുടയവനുമനുചിതമതല്ലയോ സത്യഭംഗംമഹാദു
ഷ്ടചരിതൻഭവാൻ * മദനശരപരവശതകളവതിനുനമ്മോടു മായംപറ
ഞ്ഞുവശത്താക്കിയെന്നെനീ * അരകമലഭിലഭിരുചിയുമധികമനുരാഗ
വും അസ്തമിച്ചപ്പോൾതുടങ്ങിശഠതകൾ * അധമനതിചപലനധികഹി
നഹൃദയൻഭവാനാദിക്കൽക്കുലനന്ത്യേവിഷോപമൻ * കുമതികളിലധി
കതരനഖിലജനവഞ്ചകൻ കുക്ഷത്രിയൻഭവാൻമ്ലേച്ഛതുല്യൻദൃഢം * ഇ
വിടെയിനിയൊരുദിവസമപിമമവസിക്കേണ്ട യിന്നുതന്നേഞാൻഗമിക്കു
ന്നുവല്ലഭാ * മമനിലയമപചിലയമഖിലജനമോഹനം മന്ദരപർവ്വതംമന്ന

ഹാരിപ്രിയം * നളിനഭവനുടെമനസിജനിതസുതഞാനെടോ നാണവും
കെട്ടിരിക്കേണ്ടപെണ്ണല്ലഞാൻ * നിയതമതിചതികരുതിമരുവുമതിമൂഢ
നാംനിന്നെത്യജിച്ചുഞാൻപോകുന്നുമനവ *പരിഭവവുമകമലരിലിനിയലു
മൊരുമോഹിനി പാരാതെകണ്ടെഴുന്നേററുനിന്നീടിനാൾ * കുപിതമതി
ഝടിതിനിജവപുഷിധൃതമായുള്ള കോപ്പുകളെല്ലാമഴിച്ചെറിഞ്ഞീടിനാൾ
ശയനഗൃഹവിഭവബഹുപദവികൾവെടിഞ്ഞുടൻ ശണ്ഠയുമിട്ടുതിരിച്ചി
തുമോഹിനി * അതുസമയമലമതിബഹുനൃപതിസേവിതൻഅ
ച്ഛനെക്കാണ്മാൻവരുന്നുധർമ്മാംഗദൻ * കുടനിഴകളിനപുറവുമ
തിധവളചാമരം കൂടവേരണ്ടുമൂവായിരംസൈന്യം * ഗജതുരഗരഥനി
കരമവനിസുരവൃന്ദവുംഗായകന്മാരുംനടന്മാർനടികളും * തുടിപടഹ
കിടുപിടികളുടയബഹുഘോഷവും തുംഗശൃംഗംകുഴൽതാളവുംകാളവും *
ധരണിതലമിയലുമൊരുപൊടിയുമതിഘോഷിച്ചു ധർമ്മാംഗദൻവന്നുട
ത്തുപതുക്കവെ * കലഹരസകലുഷഗതികലരുമജപുത്രിയെകണ്ടു
കുതിരമേൽനിന്നിറങ്ങീടിനാൻ * ജനനിയുടെതിരുമനസിപരിഭവ
മിതിങ്ങിനെ ജാതമാവാൻമൂലമെന്തുവാനീശപാ * മനസിപുനരിത്തരകരു
തിജനനിയെവണങ്ങിനാൻ മാതാവുകുത്രപോകുന്നുവെന്നാനവൻ * പ
തിയനിഹവഞ്ചനകനിവനൊരുവരംപുരാ ചാതുര്യമോടേപറഞ്ഞു ചതി
ച്ചുമാം* അടിയനിഹസകലമപിതരുവനെന്നംബികേഅവശ്യമന്തതാൾ
ചെയ്യുന്നുനന്ദനൻ * അയിതനയതവജനകനഴകിനൊടുമന്ദരേഅന്നു
വനെനെപ്പരിഗ്രഹിക്കുംവിധൌ* ദയിതനിവനതിസരസനൊതവമി
നിക്കനുദക്ഷിണഹസ്തേനസത്യമോതീടിനാൻ * അതിനുപുനരിത്തുമയ
മതിചിരമിരുന്നുഞാനായതുനൽകുന്നതില്ലവനീശപാൻ * എള്ളുളുപുനരി
തുനിയതമയിജനനിഹേപുരാ എന്തെന്നതുൾചെയ്യുന്നെന്നുധർമ്മാംഗദൻ
* കനകമണിരജതമതിനൊരുവകയുമല്ലെടോ! കാര്യകഷ്ടംവരാനില്ലധ
ർമ്മാംഗദാ! * തനയമമജനനിയുടെമനസിഹിതമെന്തെന്നു താതനെപ്രാ
ർത്ഥിച്ചുചോദിച്ചുകൊൾകനീ * തദനുവിധിതനയയുടെവചനമിതുകേട്ടു
ടൻ താതനെച്ചെന്നുതൊഴുതുധർമ്മാംഗദൻ* ജനനിയുടെകലഹമിചവരു
വതിനുകാരണംജാതമെന്തെന്നരുൾചെയ്കമഹീപതേ*ഇതിതൊഴുതുകനി
വിനൊടുപറയുമാറേട്ടുതാനിത്ഥംപറഞ്ഞുതുടങ്ങിരുക്മാംഗദൻ * അ
തികഠിനമിവളുടയവരവചനമാത്മജാ! അതുകേട്ടാൽനിനക്കുമുണ്ടാംഭ
യം * ഭുജഗരശായനനുടെമഹിതദിവസേശുഭഭോജനംചെയ്യനീയെന്നു
ചൊന്നാളിവൾ ഭയരഹിതമിവളധികകുമതിഹരിവാസരേ ഭക്ഷിക്കഭക്ഷി
ക്കയെന്നുതാനോതിനാൾ * അതുവിഷമമതിലപരമഖിലമപിനൽകുവൻ
അർത്ഥവുംരാജ്യവുമെന്നുഞാൻചൊല്ലിനേൻ* അതുമനസികമപിനഹിത
ചിതമതിസാഹസംഅന്നംഭുജിക്കണമേകാദശീദിനേ*ഇതിവസതികുമതി
യിവളിനിപുനരുത്തരംഇഷ്ടംമുറിഞ്ഞുപറഞ്ഞുഞാനംസുത! അതിനുബഹു
പരിഭവമിതവളുടെമനക്കാമ്പിലസ്തുവെന്നുംവച്ചുഞാനെന്റെനന്ദനാ!*
വിരഹതുയിർവളരുകിലുമജിതനുടെവാസരെ വിഘ്നംവരുത്തുവാൻഭാവമി

ല്ലിന്നെടോ! * മദനശരപരവശതമരണഭയമെങ്കിലും മാധവാരാധനംമുട്ടിക്കയില്ലഞാൻ * സരസിജഭവനുടയമകളൊടുപറഞ്ഞൊരുസത്യത്തിന്നന്തരംവന്നതുകാരണം * നരകമതികഠിനതരമുപരിവരുമെങ്കിലും ഏകാദശീവ്രതംഭംഗമാക്കില്ലഞാൻ * ബഹുദുരിതമപിചശിശുനിധനപശുനിഗ്രഹം ബ്രാഹ്മണഹത്യാദികൾക്കുണ്ടാംപ്രതിക്രിയ * ഇതിനുപുനരൊരുപൊഴുതുമൊരുപകരമില്ലപോ ലേകാദശീവ്രതഭംഗംവരുത്തിയാൽ * പ്രജകളുടെനികടെ വിപടഹരവഘോഷേണപ്രാഭവത്തോടെനടത്തുംമഹാവ്രതം * ഒരുതരുണിയുടെമനസികലഹഭയകാരണാ ലൊക്കെഞാൻതന്നെമുടക്കിയെന്നുംവരും * ഹഹഹബഹുദുരിതമിതുമമനുടെമനോരഥം ഹന്തഞാൻതന്നെവരുത്തിയെന്നുംവരും * കനിവിനൊടുഹരിദിവസമുപവസനമൊന്നാലെ കാലന്റെമന്ദിരംശൂന്യമെന്നോർക്കടോ! പ്രവിശതിവരുമളവുസകലനരകങ്ങളും വ്യാപ്തങ്ങളായ്‌വരുംപണ്ടേക്കണക്കിനെ * ശുഭരഹിതമഖിതനുടെമണിഭവനമാർഗ്ഗങ്ങൾ ശൂന്യങ്ങളായ്‌വരുംനമ്മുടെകാരണാൽ * ശമനനുടെമതിതളിരിലധികഭയലജ്ജകൾ ശാന്തമാമേകാദശീവ്രതഭേദനാൽ * ധനമഖിലജനമപിചസുഖമപിവെടിഞ്ഞുഞാൻധർമ്മം നടത്തുമേബോധധർമ്മാംഗദാ! * ഇനിയുമസുപരിഹരണമപിവിധിചെയ്കിലും ഉല്ലംഘനംവ്രതത്തിന്നുചെയ്യുന്നതും * ജനകനുടെവചനമിതിദൃഢതയൊട്ടുകേൾക്കയാൽജാതമാംഖേദവുംമോദവുംമാനസേ * വിരവിനൊടുവിനയനിധികനിവൊട്ടുമറച്ചുടൻവീരധർമ്മാംഗദൻവീണുകൂപ്പീടിനാൻ * സപദിപുനരതിവിനയമുടയനൃപനന്ദനൻസന്ധ്യാബലിഗൃഹേ ചെന്നുമേവീടിനാൻ * സമയഗതിനിയമകരനതുപൊഴുതുസൂര്യനും സന്ധ്യാവിഭൂതിയെപ്രാപിച്ചുമെല്ലവേ * അപരഗിരിയുടെമുകളിലതിസുഖമിറങ്ങിനാനംബുധൌമുങ്ങിനാനങ്ങിദിഗന്തവും * കമലകുലമഖിലമപിമുകുളിതമനന്തരം കൈരവംനന്നായ്‌വിരിഞ്ഞുശോഭിച്ചിതു * തിമിരഭരമഖിലദിശിപരിചൊട്ടുനിറഞ്ഞിതു തിങ്കൾബിംബോദയംകിഞ്ചിൽ കുറഞ്ഞിതു * തരുണികളിലധികരുചികലരുമതികാമികൾ താപംകലർന്നുടൻകാരുണ്യശാലികൾ * അവരുടയഭവനമതിലഴകിനൊട്ടുചെന്നുകൊണ്ടാകുന്നവണ്ണംരമിച്ചുമേവീടിനാർ * കുപിതമതിവിധിമകളുമവിടെയൊരുമന്ദിരേ കുണ്ഠതയോടേകിടന്നുറങ്ങീടിനാൾ * കതിരവനുമുദയഗിരിമുകളിലുദയംചെയ്തു കാണായിചേണാന്തകാന്ത്യാമനോഹരം * ചതുരതരമളികകളുടെകളകളനിനാദവും ചക്രവാകദ്വന്ദ്വസംഭോഗകേളിയും * സകലജനഹൃദയമതിലതുലപരിതോഷവും സാധുസംഗീതവുംവേദാദിഘോഷവും * ഹരിയുടയദിവസമതിസരസമുപവാസവും ഹാനികൂടാതെഹരിസ്തുതിഗാനവും * ഉഷസികുളിനിയമമഥമധുമഥനപൂജയും ഉച്ചത്തിലിങ്ങനെനാമസങ്കീർത്തനം * കനിവിനൊടുകമലദളതുളസിദലപൂരണം കാർത്തികൈകാദശിഗൌരവാഡംബരം * തദനുനരതിലകനുടെതനയനതിനീതിമാൻ തന്നുടെമാതാവിനെച്ചെന്നുകൂപ്പിനാൻ * വിധിയുടയമകളുടെയകചഹവിധമൊക്കവെ വിശ്രാവണംചെയ്തുകൈവണങ്ങീടിനാൻ * സരസമഥതനയനുടെഹൃദയ

മതറിഞ്ഞുടൻ സന്ധ്യാബലീദേവിതാനുംസഖികളും * തനയനൊടുസഹ
സപദിനരവരസഭാന്തരേതത്രവന്നാശ്രുവണഞ്ഞിനിന്നീടിനാൾ* വിധിസു
തയെവിരവിനൊടുവിധുമുഖിവിളിച്ചുടൻ വിശ്വാസമോടെപിടിച്ചിരുത്തീ
ടിനാൾ * കിമപിദയവളുടയമനസിയുളവാക്കുവാൻ കിഞ്ചിൽകരുതി
നിശ്ചിത്യസംമോദേന * അതുഭ്രമമിതിനൃപതിമഹിഷിസന്ധ്യാബലീ അ
ന്തികേചെന്നുപുണർന്നുചൊല്ലീടിനാൾ *അവളുടയവചനമതുസകലമപി
കേൾപ്പതി ന്നന്തണന്മാരും നിറഞ്ഞിരുന്നീടിനാർ * കലഹമരുതരുതവ
രമണനൊടുമോഹിനീ കാമങ്ങളെല്ലാംതരുംനിന്റെവല്ലഭൻ * ഭവതിയു
ടെരമണനിവനമിതപരദൈവതം ഭർത്താവുതാനേകനല്ലോനമുക്കെടോ!*
മദനശരപരവശതകലരുമവനീ ശചൻമന്ദരപർവ്വതേവന്നുനദ്ധ്ച്ചനാ * ഭ
വതിയൊടുസമയമപിസംപാദിക്കുവാൻമുദാ ഭാവവൈഷമ്യംവരുന്നതോ
ർത്തീലവൻ * കമലശരശരദലിതമെരിപൊരിവരുംവിധൌകാമ്യബോധം
കാമികൾക്കുഭവിക്കുമോ? * ഒരുപൊഴുതുമജ്ഞിതനുടെവിധിയുടെവിഭഞ്ജനം
ഓർത്തീലനമ്മുടെസ്വാമിരുഗ്മാംഗദൻ*അവനോടുതുംപറയരുതുകുറയരുതു
കാരുണ്യ മന്നാംഭുജിക്കയില്ലേകാദശീദിനേ * ഇതിലപരമഭിലഷിതമഖി
ലമപിനൽകുവാ നിക്ഷോണിപാലനുസന്ദേഹമില്ലെടോ! * കലികലുഷ
ഹരമധികമമലഹരിവാസരം കാർത്തികമാസേവെളുത്തതത്യുത്തമം *അവ
നിപതിതിലകനിവനിതുദിവസമന്നത്തെ അനുപദിച്ചിട്ടുമോഹാതുരന്ത
മോഹിനീ!* ദയിതനിഹതനയനെയുമപിചപുനരെന്നെയും ദാസ്യപ്രവൃ
ത്തിക്കുകല്പിക്കുമിന്നുതേ * അപരനൃപമഹിഷികളുമഖിലസചിവന്മാരു
മാകവേദാസ്യംനിനക്കുചെയ്യുംദൃഢം * രഥതുരഗകരികളുമകുടവുമഴകൾ
ചാമരംരാജ്യങ്ങളുംനിനക്കേകുംനരാധിപൻ * അതിലധികമൊരുപദവി
കിമപിഹരിവാസരേ അന്നാശനംകൊണ്ടുകിംതേഫലംശുഭേ* മുഹുരിതി
തദ്വചനമതുമുദിതമതികേട്ടുടൻ മോഹിനിതാനുംപറഞ്ഞുതുടങ്ങിനാൾ*
തവവചനമുചിതമിതുതരുണിമണിമാലികേ! താദൃശമാവശ്യമല്ലോനി
നക്കെടോ മമജനനസമയമതിചപലമതുനിർണ്ണയംമാധുര്യമില്ലാത്തവല്ലാ
ത്തനാരിഞാൻ * ലളിതശുഭഗുണവിഭവമഖിലമപിതന്നുടെലഗ്നശുദ്ധ്യാഭ
വിച്ചീടുന്നുനിശ്ചയം*ഉലകിലിഹമനുജരുടെജനനവിധമൊക്കവേഉത്ഭവ
വകാലാനുകൂലമെന്നോർക്കനീ * അശുഭതരസമയമതിലുപചിതമായ്
ബീജ മെങ്കിലോദുഷ്ടരായുത്ഭവിക്കാംശുഭേ! * അതിവിഷമസമയമിഹമമ
ജനനമാഗതം അരുവാനെന്നെജ്ജനിപ്പിച്ചിതിങ്ങനെ * അമരതരുണി
കളുടയജനനമപിനിന്ദിതം ആദിത്യചന്ദ്രാദിവാരവുംപക്കവും* ഗ്രഹനി
ലകളുടെഫലവുമശുഭശ്ശുഭയോഗവും ഗ്രാഹ്യമില്ലിങ്ങനെതീരുമീനാരിമാർ*
അവരിലൊരുവികൃതിവരുമതുമമഭവിക്കയാ ലാത്മഭർത്താവിന്റെധർമ്മംമുട
ക്കുവാൻ * അതികഠിനശഠതമമമനസിവിളയാടുന്ന താരുംനിനച്ചാലൊ
ഴിക്കാവതല്ലെടോ! * ഭവതിയുടെവചനമിദമുചിതമിതുകേൾക്കയാൽ ഭാവഭേ
ദംനമുക്കല്പമുണ്ടേശുഭേ * ഹരിദിവസമശനമതിവിഷമമവനെങ്കിലോ അ
ന്യവരമൊന്നുതന്നാലതുംമതി * ഇതിലധികകഠിനമതുകഥമപിസങ്കടം

ഇജ്ജനങ്ങൾക്കൊക്കെദുഃഖമെന്നുംവരും * അതുമനസിഭയമധികമിയലു മതുകാരണാലായതുമിണ്ടാതിരിക്കുന്നുഞാനെടോ * സരസിരുഹവസതിയു ടെമകളുടെഗിരംകേട്ട സന്ധ്യാബലീതാൻപറഞ്ഞുതുടങ്ങിനാൾ* അപര മൊരുവചനമതുമഭിമതമതെങ്കിൽനീ യായതുചോദിച്ചുകൊണ്ടാലുമാദരാൽ *ഹരിയുടെയദിവസമതിലശനവരമല്ലാത്ത തെല്ലാംതരാമില്ലകില്ലെന്നറി കനീ * മമവധവുമപിചമമതനയവധവുംഹിതംഎന്നാലുമിവ്വണ്ണംരക്ഷി ക്കയുത്തമം * ഭവതിപുനരിദമറികകുലതരുണിതന്നുടെ ഭൎത്താവിനപ്രിയം ചെയ്യുവെന്നാകിലോ * കഥമപിചബൎഹ്രിദ്ദരിതമശ്രുഭകൃതിയായ്വരും കാ ഷ്ടീലചൊല്ലിഗ്രഹിച്ചുഞാനക്കഥ* കമിതൃധനഹരണകൃതദുരിതമതുകാര ണംകാഷ്ടീലയായിജ്ജനിച്ചപോലഞ്ജസാ* ഒരുതരുണിസുതനടയതരുണി യവളെന്നൊടായോൎത്തുപറഞ്ഞതുകേട്ടാലു മെങ്കിൽനീസരസമിഥസരസി രുഹവസതിസുതയോടുടൻ സന്ധ്യാബലീദേവിമെല്ലെന്നുചൊല്ലിനാൾ* കലുഷതരമതിമധുരമധികതരവിസ്തൃതം കാഷ്ടീലകോദന്തമേവം സുമം ഗലം *

ഇതി തൃതീയകാണ്ഡം സമാപ്തം.

അഥ ചതുൎത്ഥകാണ്ഡം.

വശപാദ്രിപുണ്യക്ഷേത്രേവാണരുളുന്നദേവൻ വില്ലാളിശിരോമണിവീ രനാംരഘുനാഥൻ* കല്യാണാകൃതിനമ്മെക്കാത്തരുളണം സീതാവല്ലഭൻവ ഴിപോലെവന്ദനംചെയ്തീടുന്നേൻ * ചൊല്ലെടോകിളിപ്പെണ്ണേ! ചൊല്ലെ ഴുംരുഗ്മാംഗദൻമല്ലനേർമിഴിയാളാംമോഹിനിയോടുകൂടെ * മല്ലികാശ രക്രീഡാമഗ്നനായ്മേവുന്നനാൾ വല്ലാതെവരമൊന്നുവാഞ്ഛരിക്കുംപ്രിയത ന്നിൽ "നല്ലോരുസാരതതപമില്ലാത്തമൂലമവൾ വല്ലാതെകലഹിച്ചുഗമി പ്പാൻഭാവിച്ചപ്പോൾ * നല്ലാരിൽമണിമൌലിമാലയാംസന്ധ്യാബലി ന ല്ലൊരുകഥപറഞ്ഞീടിനാനവളോടു * ചൊല്ലുനീയതുതന്നെവിസ്തരിച്ചി തുനേരം നല്ലതുവരാനുള്ളകാലമായ്വരുംന്യൂനം * സല്ലാപമേവംകേട്ടു ചൊല്ലിനാൾകിളിപ്പെണ്ണും കല്യനാംസൂതൻപണ്ടുചൊല്ലിനാനതുകേൾ പ്പിൻ കാഷ്ടീലാവൃത്താന്തത്തെകേൾപ്പിച്ചാലിവളുടെഗോഷ്ഠിയേതാനുംപോ ക്കാമെന്നോൎത്തുസന്ധ്യാബലീ * ശ്രേഷ്ഠയാംസതേന്നിലക്കഥചാധിയുടെ പുത്രിയാംദേവിയോടുചൊല്ലിനാൻവഴിപോലെ *എങ്കിലോകേട്ടാലുംനീപ ങ്കജവാസാത്മജേ എന്നുടെചെറുപ്പത്തിലുണ്ടായവൃത്താന്തംനീ * മാതൃമന്ദി രേവളൎന്നീടിനാൻഞാനുംസഖിമാരുമായ്കളിച്ചോരുമുററത്തുമേവുന്നേരം * അശ്വത്ഥമാംമരംവെട്ടിനാൻമഴുകൊണ്ടു ഭൃത്യനാമൊരുഭടനിന്ധനംകി ട്ടീടുവാൻ * [illegible]തുവെട്ടിക്കീറിരണ്ടായിപ്പിളൎന്നപ്പോളായതിനുള്ളിൽനി

നരാഴത്തങ്ങൊരുകൃമി * ദൂരത്തുതെറിച്ചുഴലുന്നതുകണ്ടുഞാനും ചാരത്തു
ചെന്നുസൂക്ഷിച്ചീടിനാൻപതുക്കവേ * കേട്ടുഞാൻപുഴുവിൻെറനാമവുമത്തു
നേരം കാഷ്ഠിലാനെന്നിങ്ങനെനാമമെന്നവർചൊന്നാർ * വേഷവുംവെ
ളുവെളെരണ്ടുഭാഗവുംകൃത്തഭാഷയിൽ ചിങ്ങപ്പുഴുവെന്നുപേർ ചിലദിക്കിൽ
* സ്ഥൂലമദ്ധ്യമാവലംഭാഗവുംമുഴുവനേ നീലവർണ്ണവുംമുഖേകാണുന്നുരേഖാ
മാത്രം * മാംസളമഹോഗാത്രമംഗുലിമാത്രംനീളം മാംസഭക്ഷണത്തിനു
കാകനപ്പോൾവന്നു * വേഗത്തിൽകൊത്തിക്കൊള്ളുവാക്കിനാകാകൻതന്നെ
കല്ലുകൊണ്ടെറിഞ്ഞുപോക്കിക്കളഞ്ഞിതുഞാനും * വെള്ളവുംതളിച്ചുകൊ
ണ്ടാശ്വസിപ്പിച്ചനേരം വെള്ളവർണ്ണനാമവർചൊല്ലിനാർനമ്മേപ്പോലെ
* അക്ഷരങ്ങൾനല്ലവ്യക്തിയുമുണ്ടുപാരംശിക്ഷയിലുമെയ്യുവിസ്മയമെ
ന്നേവേണ്ടു*ബാലികേ സന്ധ്യാബലീ നമ്മുടെപൂർവ്വവൃത്തം ചാലവേപറഞ്ഞു
കേൾപ്പിക്കയുംചെയ്യുമല്ലോ* ഭൂതലേകന്യാകുബ്ജമായുള്ള പുരംതന്നിൽ
ജാതനായൊരുവിപ്രൻകൌജന്യൻതൻെറമകൻ * മീനകേതനോപമചാ
രുസുന്ദരനവൻമാനുഷന്മാക്കമേതുംപ്രീതിയുമുളവാക്കിനാൻ * വിദ്യയും
ബ്രാഹ്മണ്യവുംവിത്തവുംസൌജന്യവു മേറ്റമാംവിവേകവുമുള്ളൊരുവി
പ്രാത്മജൻ * കന്യയാമെന്നെവേട്ടുതൻഗൃഹംപ്രവേശിച്ചു ധന്യ
യാംകൃശാംഗിഞാനമോദിച്ചുമേവുംകാലം * എന്നുടെഭർത്താവിൻെറതാ
തനുംമരിച്ചിതു വഹ്നിയിലുടൻകൂടിച്ചാടിനാൾതന്മാതാവും * പൈ
തൃകകർമ്മമെല്ലാം മൽപ്രിയൻവഴിപോലെചെയ്യുമന്തിരേ വാണുദീക്ഷ
യാമഹാമതി * രണ്ടുദീക്ഷയുംകൂടെ ശ്രാദ്ധവുംകഴിച്ചിതുരണ്ടുമാ
സവുംകഴിഞ്ഞീടിനദശാന്തരേ * രാജസംദശനത്തിനേകനായ്പുറപ്പെ
ട്ടു രാജധാനിയിൽചെന്നുഭൂസുരൻമമപ്രിയൻ * തന്നുടെകയ്യിൽപതിനാ
യിരംപണത്തിൻെറപൊന്നരഞ്ഞാണ കടകങ്ങളുമിങ്ങെകളും * പൊന്മ
ണിമാലാമണിമോതിരംകടുക്കനും വെൺമണിലലങ്കരിച്ചങ്ങനെചെല്ലു
ന്നേരം * പെൺമണിമാക്കുതോന്നിനമ്മുടെ പുരോഭാഗേമന്മഥൻതാനോ
യിവൻമാനുഷാകാരജ്ഞനോ*ഭൂപനെച്ചെന്നുകണ്ടുകാര്യവുംസാധിച്ചുടൻ
ഗോപുരദ്വാരത്തൂടെവീഥിയിൽവരുന്നേരം * ദേവദാസിമാരായവേശ്യകൾ
പലക്കൂട്ടംദേവകാമിനിമാരോടൊക്കുന്നനതാംഗിമാർ * എന്നുടെഭർത്താവി
നെക്കണ്ടുകാമിച്ചാരവർ ധന്യയായൊരുവേശ്യശ്രദ്ധമായ കൂട്ടിക്കൊണ്ടു *
തന്നുടെവീട്ടിൽകൊണ്ടുസമ്മാനിച്ചിരുത്തിപോൽ എന്നതില്പരമുള്ള വാർത്ത
കൾമഹാകഷ്ടം! * വശ്യകർമ്മങ്ങൾകൊണ്ടുമാനസംമയക്കിനാൾ വേശ്യ
യാമിവളുടെചാട്ടിലായ്പ്പുന്നുകാന്തൻ* വശ്യവുംസ്വാദ്ധ്യായവുമിത്രയില്ലിതി
ല്പു മാവശ്യമാംനിത്യശ്രാദ്ധമായതുമുപേക്ഷിച്ചു * ചന്ദനംപനിനീരും
കുങ്കുമംകളഭവും ചന്തമോടിണങ്ങിക്കൊണ്ടിങ്ങനെവട്ടംകൂട്ടി * വെററി
ലതിന്നുചുവപ്പിച്ചുകൊണ്ടഘോരാത്രം മറെറാരുവിചാരവുംകൂടാതെരമിച്ചു
പോൽ* കൊററിനായ്മാത്രംകുളിച്ചമ്പലംതന്നിൽചെന്നു ചെററുഭക്ഷണം
കഴിച്ചപ്പൊഴേവീട്ടിൽപ്പോരും* മുററുമക്കലടയ്ക്കകോപ്പുകളെല്ലാംനൽകി വി
റവുതിന്മാനുംമുതലില്ലാതെയായിക്രമാൽ *മറെറാരുഗതിയില്ലകൈക്കലുമി

ല്ലാതെയായ്ക്കുററവാർകുഴലിക്കുംകാണരുതാതെയായി* രണ്ടുവത്സരംകഴിഞ്ഞ
പ്പുഴണ്ടൊരുദിനം കണ്ടുഞാൻമുഷിഞ്ഞൊരുമുണ്ടുമായ്വരുന്നതും * കുണ്ഠിത
ത്തോടെകുളിച്ചീറനംപിഴിക്കാതെ മണ്ടിവന്നില്ലംപുക്കമിണ്ടാതെനിന്നീടി
നാൻ* മുണ്ടുകൾകൌപീനവുംകൊണ്ടുപോയ്ക്കൊട്ടുത്തുഞാൻകണ്ടതുതന്നെ
നമുക്കെത്രയുംകൌതുഹലം * രണ്ടുകൊൾകെന്നുപറഞ്ഞതഷ്ടിയുംകഴിപ്പി
ച്ചു രണ്ടുനാഴികനേരമൊന്നിച്ചുവസിച്ചിതു * മെല്ലവേയുരചെയ്തുവല്ലഭൻ
ൻമഹാദിനാൻ വല്ലഭേ വലഞ്ഞുഞാൻ നിൎദ്ധനനായിതീൎന്നു * വല്ലതും
പത്തൊന്നുരോതന്നുനിരക്ഷിക്കണം വല്ലാതെയുള്ളതംകൊണ്ടിങ്ങനെയാ
യിതല്ലോ *നല്ലൊരുവേശ്യാമൂലംനമ്മുടെധനക്ഷയ മെല്ലാമീവണ്ണമകപ്പെ
ട്ടുവെന്നറിഞ്ഞാലും * കില്ലുരുതിനിബാലേവല്ലതുംതന്നീടണം ഫുല്ലപങ്ക
ജമുഖിമടിച്ചീടരുതേതും * ഇല്ലത്തുപണ്ടുപണ്ടേയുള്ളൊരുമുതലുകൾ ചെ
ല്ലത്തിലിരിപ്പതുണ്ടെന്തിനുഖേദിക്കുന്നു * ആയിരംപണംകൊണ്ടുവരുന്നേ
നെന്നുപറഞ്ഞായതിനിപ്പോൾവന്നുഞാനെടോകുടുംബിനീ * ആയതു
കൊട്ടക്കാഞ്ഞാലായവൾകലഹിക്കു മായതേക്ഷണേനമുക്കായതുമഹാന
ൎത്ഥം * ഇത്തരംപറഞ്ഞൊരുകാന്തനെക്കുറിച്ചുള്ളിലെത്രയുംകോപത്തോ
ടുചൊല്ലിനാൾഞാനന്നേരം * സന്തതംബ്രഹ്മസ്വത്തെക്കൊണ്ടുചെന്നൊ
രുധൂളിപ്പെണ്ണിൻകൊടിക്കടിമവെച്ചീടിനാനെന്നേവേണ്ടു *ബന്ധമില്ലഹോ
നിനക്കൊന്നുഞാൻതന്നീടുവാൻ ബന്ധുവാംവേശ്യാജനംവേണ്ടതുതരുമല്ലോ
*ഇല്ലത്തെമുതൽകൊണ്ടുകഴിച്ചുകൂട്ടംനിനക്കില്ലാത്തവസ്തുതന്നിട്ടെങ്ങിനേ
പുലർത്തേണ്ടു * നെല്ലിനുംപണത്തിനുംബുദ്ധിമുട്ടുകകൊണ്ടു ചെല്ലപ്പുംതുറ
ന്നുഞാനൊക്കവേചിലവിട്ടു * ഇല്ലവുംകൂടെവിററാലായിരംപണംതരാനി
ല്ലിനിക്കെടോവിപ്ര! വല്ലടംഗമിച്ചാലും*ഇത്തരംപറഞ്ഞുഞാനില്ലത്തെധ
നമെല്ലാം സത്വരമെടുത്തുകൊണ്ടപ്പോഴേപുറപ്പെട്ടു * നാലഞ്ചുദാസിക
ളെക്കൊണ്ടുഞാനെടുപ്പിച്ചു നാലഞ്ചുകാതംവഴിപോന്നുഞാനന്നുതന്നെ *
പിറേറന്നാളില്ലത്തുചെന്നെത്തിഞാൻധനമെല്ലാം കുററിയിലുറപ്പിച്ചുസൂ
ക്ഷിച്ചുവാണീടിനേൻ * എന്നുടെഭർത്താവായഭൂസുരനതുനേരംതന്നുടെഗൃ
ഹംവിററുഗോക്കളെയെല്ലാംവിററു * ദേശവുമാസ്ഥാനവുംവസ്തുക്കളിവ
യെല്ലാം ക്ലേശമെന്നിയേവിററുവിത്തവുംവാങ്ങിക്കൊണ്ടു * ചെന്നുടൻവേ
ശ്യയ്ക്കായിദാനവുംചെയ്തുമോദാൽ പിന്നെയുംനാലുമാസംതൻഗൃഹേവാണീ
ടിനാൻ* നിരന്തരംദരിദ്രനെക്കൊണ്ടുള്ളസുഖമെന്നു വാരസുന്ദരിമമകാന്ത
നെത്യജിച്ചപ്പോൾ * ജാരസംപർക്കംവേറെതുടങ്ങിവേശ്യതാനുംമാനസ
ത്തോടെമൽപ്രിയൻഭ്രഷ്ടനായി * ദ്രവ്യംചെയ്തു വിപ്രൻനാഴിനെല്ലിനു
പോലും ദ്രവ്യമില്ലാതെഭിക്ഷയേററുഭക്ഷിക്കയും * രാത്രിയിലിവളുടെവീ
ട്ടിലെഗൃഹസ്ഥലേപാർത്തിരുന്നഥപാരംമുഷിഞ്ഞുപോന്നീടിനാൻ * പ
ട്ടിണിയിട്ടുപാരംമെലിഞ്ഞു ഖിന്നനായിപട്ടണംതോറുംനടന്നിരന്നുചിലദി
നം * ചെട്ടികളൊരുകൂട്ടംകൊങ്ങിണിപട്ടന്മാരും പട്ടാണിപ്പുരിഷയുംവ്യാ
രാംബൌദ്ധന്മാരും * കപ്പലിൽകരേറുവാൻഭാവിച്ചുബദ്ധധനം കോപ്പുക
ൾകൂട്ടിച്ചുരക്കെന്നിവകരേറുമ്പോൾ * തൽപ്രദേശത്തുചെന്നുയാചകം

ചെയ്വാനായി മൽപ്രിയൻമഹാദീനൻതത്ര ചെന്നനേരം * ഹേ! എന്താടോ
വിപ്രാ ഭവാനിങ്ങനെ നടക്കുന്നു എന്തൊരുവസ്തു നിനക്കാഗ്രഹം പറഞ്ഞാ
ലും * ഇങ്ങനെ ചോദിച്ചൊരു ബൌദ്ധരോടുര ചെയ്തു മങ്ങിനമനസ്സോ
ടെമൽപ്രിയൻമഹീസുരൻ * എന്നുടെകയ്യിലൊരു കാശിനുമുതലില്ല എ
ന്നതുമൂലമിരന്നിങ്ങനെ നടക്കുന്നു * കേവലമെൻെറകയ്യിലിരുന്നമുതലെ
ല്ലാം ദേവദാസിക്കുനൽകിപ്പോയിഞാൻ ബൌദ്ധന്മാരേ! * ഇല്ലവുംകൂടെവി
ററുനൽകിഞാനവൾക്കഹോ ഇല്ലിനി ദ്രവ്യമെന്നു ബോധിച്ചനേരമവൾ *
തെല്ലുമേമടിക്കാതെന്നെയങ്ങുപേക്ഷിച്ചു പുല്ലുമീഞാനുമവൾക്കേതുമേഭേ
ദമില്ല * എന്നതുകേട്ടു ചിരിച്ചീടിനാർ ബൌദ്ധന്മാരും നന്നിതുനയമുള്ള
ഭൂസുരൻഭവാനല്ലോ * ദ്രവ്യമല്ലാതെമററൊരാഗ്രഹംവേശ്യക്കില്ല ദുർവ്യയം
ചെയ്തഭവാനെത്രയുംഭോഷൻതന്നെ * കിട്ടുമെന്നുള്ളഭാവമെപ്പൊഴുംഖ
ണ്ഡിക്കാതെ വിട്ടുപോരാതെനിന്നുപാട്ടിലാക്കീടവേണം * കാട്ടുരുത
വർകളെകയ്യിലേധനമൊന്നും കാട്ടിയാൽകരസ്ഥമാക്കീടുമക്കൂട്ടംവിപ്രാ *
മുട്ടിനരണ്ടുംനാലുംകൊടുത്തുപാർപ്പിക്കേണം പെട്ടെന്നുമതിയായാലപ്പൊഴേ
പോന്നീടണം * വിശ്വസിച്ചുള്ളവിത്തംകൊടുക്കുംമർത്ത്യന്മാരെ വേശ്യമാർ
ചതിക്കുമെന്നെന്നുതാനോർത്തീടാഞ്ഞു * വല്ലതുംകഴിഞ്ഞതുചിന്തിച്ചാൽ
ഫലമില്ല നല്ലതുവരാനിനിഞങ്ങളൊന്നുചെയ്യാം * കപ്പലിൽകൂടെപ്പോ
ന്നാൽവേണ്ടുന്നധനമുണ്ടാ മല്പമല്ലിതിന്നുലാഭമെന്നുതാൻബോധിക്കേണം *
മുപ്പതുപണത്തിന്നുസാധനംകൊണ്ടുചെന്നാലപ്പൊഴേമൂവായിരംകിട്ടുവാൻ
തടവില്ല * ശക്തിക്കുതക്കവണ്ണംഞങ്ങൾതന്നീടാമല്ലൊ വർദ്ധിക്കുംതനിക്കെ
ടോപോന്നാലുംമഹീസുരാ! * എന്നതുകേട്ടുപറഞ്ഞീടിനാൻമഹാവിപ്രൻ
നന്നിതുനമുക്കേററം വൈഷമ്യംബൌദ്ധന്മാരേ! * നിത്യകർമ്മാദികൾ
ക്കുവിഘ്നമുണ്ടായീടിനാൽ കൃത്യദോഷംകൊണ്ടുഞാൻഭ്രഷ്ടനായ്‌വരുമല്ലോ
* വിപ്രയോഗത്തിൽവന്നാലാരുമേകയ്യൊണ്ടീടാ വിപ്രിയംഭവിക്കുമെന്നോ
ർത്തുഞാൻമടിക്കുന്നു * വിപ്രനോടുരചെയ്തുബൌദ്ധരുമതുനേരം വിപ്രയോ
ഗത്തിൽകൂടിനടപ്പാനെന്തുദണ്ഡം? * ഭൃത്യത്തിലല്പമവർക്കാശുതാൻകൊടു
ക്കണംദ്രവ്യമുണ്ടായാലൊന്നുംസാധിപ്പാൻദണ്ഡമില്ല * ഭൃത്യന്മാരതുവാങ്ങി
ശ്ലാഘനാക്കീടുംതന്നെ ദുർവ്യയംചെയ്യാമെങ്കിൽ ഞങ്ങളുംവിപ്രന്മാരാം *
വൈദികന്മാർക്കുപണംകിട്ടിയാലെല്ലാംചെയ്യുംവേദത്തെപ്പണത്തിന്നുവിക്ര
യംചെയ്യുന്നില്ലേ! * കപ്പലിൽകരേറുകകശ്മലാ!തന്റെവേശ്യയ്ക്കുപ്രിയംതീ
രാനുള്ളസംഗതിവരുമെടോ! * വല്ലതുംപ്രായശ്ചിത്തമുണ്ടാമെന്നുരച്ചെ
ൻെറ വല്ലഭൻകപ്പലേറിബൌദ്ധൻെറസാമർത്ഥ്യത്താൽ * പാമരംതന്നിൽ
പായുംകെട്ടിയങ്ങോടിച്ചിതു പാമരന്മാരായുള്ളബൌദ്ധന്മാരൊക്കെക്കൂടെ *
ആയതുനേരമൊരുവായുവേഗത്തിൽതന്നെ ആയിരക്കാതംവഴിപാഞ്ഞിതുപാ
യോടിയൌ പാമരംമുറിഞ്ഞിതുകാററിനാലതുനേരംതുമരങ്ങളുംപൊട്ടിച്ചി
ന്നിയുംമുറിഞ്ഞിതു * തുംഗമാംതിരവന്നുതാഡനംതുടങ്ങിപ്പോൾ മുങ്ങുവാനടു
ത്തിതുകപ്പലുംപതുക്കവേ * ചെട്ടികൾയവനന്മാർകൊങ്ങിണികളുംമുങ്ങി
പൊട്ടിയമരക്കലംതന്നിൽനിന്നൊക്കെച്ചത്തു * എന്നുടെകാന്തൻമാത്രം പ

ത്തിലവിധിവശാൽ ചെന്നൊരുമലമൂട്ടിലടുത്തുമരക്കലം * അതിരംശിചെ
രമുള്ളദ്രിരാജന്റെമൂലേ വായുവേഗത്താലെത്തും കപ്പലിൽനിന്നുടനേ *
പട്ടിണികിടക്കയാലെത്രയും കൃശൻപണിപ്പെട്ടുമൽപ്രിയൻതാഴെത്തിറങ്ങി
മന്ദംമന്ദം * മുട്ടുകൾകുത്തിക്കുത്തിക്കുട്ടികളെന്നപോലെ കിട്ടിയകല്ലുംമു
ള്ളുംപിടിച്ചുകരേറിനാൻ * ഒട്ടുചെന്നപ്പോൾനല്ലമുന്തിരിങ്ങതൻപഴം
കിട്ടിയെൻപ്രിയനതു ഭക്ഷിച്ചുജീവിച്ചപോൽ * ചോലയിലൊഴുകുന്നനി
ൎമ്മലജലംകുടിച്ചാലസ്യംതീൎന്നുനടന്നങ്ങനെചെല്ലുന്നേരം * നാലുവൃക്ഷ
ത്തെക്കണ്ടാനന്തികേയതിന്നുടെ മൂലത്തിൽമുണ്ടുംവിരിച്ചാസ്ഥയാശയിച്ചു
പോൽ * ഭദ്രമാംവണ്ണംതന്നെശയിക്കുന്നേരംതത്ര നിദ്രയുംപ്രാപിച്ചിതു
മൽപ്രിയൻമഹീസുരൻ * അന്നേരമങ്ങുകാശിരാജന്റെതനൂജയാംകന്യകര
ത്നാവലിയെന്നുപേരായുള്ളവൾ * ഏകദാസന്ധ്യാകാലേ തന്നുടെശയ്യാഗൃ
ഹേ വേഗമോടകംപുക്കുശയിച്ചുശയ്യാതലേ * പാദശൌചാദിവിധി ചെ
യ്യാതെ പിന്നെത്തന്റെ പാദങ്ങൾവെയ്ക്കുമുപധാനത്തിൻതലവെച്ചു * ദീ
പകനിഴൽതന്നിലങ്ങനെ കിടന്നവൾസ്വാപവുംതുടങ്ങിനാളാപത്തങ്ങ
ട്ടുക്കയാൽ * സായമാംകാലംതന്നിൽ സ്വാപമോകഷ്ടംദീപച്ഛായയിൽ
ശയിക്കയും പാദശൌചകാദിയും * കാൽക്കലേതലേന്നമേൽമസ്തകംന്യ
സിയും ഓൎക്കുമ്പോളിവയെല്ലാമാപത്തിന്നുള്ളമൂലം * അതയത്തുനേരമൊരു
രാക്ഷസൻവന്നുബലാൽ മായയാകരത്തിലാക്കീടിനാൻമഹാപാപി * ക്രൂ
രരുൾനിറഞ്ഞോരുപാതിരാനേരംമഹാഘോരനാംനിശാചരൻകാനനം
തന്നിൽക്കൂടി * സാരസമിഴിയാളാംകന്യയെവഹിച്ചുകൊണ്ടാരാമോദ്യ
ത്തോടുമപ്രദേശത്തുവന്നു * ക്രൂരനാംരക്താക്ഷനെന്നിങ്ങനെപേരായവൻ
ഘോരണംചെയ്യാൻവിരുതുള്ളോരുമഹാവീരൻ * ചാരുസുന്ദരനായഭൂ
സുരേന്ദ്രനെക്കണ്ടാനായവനൊരുമൎത്ത്യനത്രവന്നുറങ്ങുന്നു * ഇക്ഷണമൊ
രുചാരുഭക്ഷണംനമുക്കിന്നു ഭക്ഷിപ്പാൻവകയുമുണ്ടായിതുനരാമിഷം * മാ
നസംതന്നിലേവംകല്പിച്ചുനിശാചരൻമായാശാലിയാമവൻതന്നുടെഗൃഹംപു
ക്കാൻ * ദിവ്യമാംഗൃഹതന്നിൽനല്ലൊരുതടാകവും ദ്രവ്യസമ്പത്തുംമണി
മാളികാസൌധങ്ങളും * അതതിനകംപുക്കാനായതാക്ഷിയെച്ചെന്നു മാ
യയാഹരിച്ചോരുമാനുഷാശനൻമുദാ * രാവണൻപണ്ടുസീതാദേവിയെ
യെന്നപോലെദേവകണ്ടകനൊരുനാരിയെക്കൂട്ടുകൊണ്ടു * വീൎയ്യവാൻവരു
ന്നതുകണ്ടപ്പോളവനുടെ ഭാൎയ്യയാംനിശാചരിപാരാതങ്ങെഴുനീററു * ചെ
ന്നിതുഗുണികയെന്നുള്ളൊരുനിശാചരി ഉന്നതസ്തനിമനോജ്ഞാംഗിയാം
മനോധീരാ * വന്ദനംചെയ്തുപറഞ്ഞീടിനാളവനോടു സുന്ദരാംഗിയാമി
വളെങ്ങനെലഭിച്ചിതു? * എന്തൊരുകാൎയ്യംഭവാൻചിന്തിച്ചുകൊണ്ടുവന്നു
കിംതവമനോരഥംഭൎത്താവേ! കഥിക്കനീ * ഇത്തരംഗുണികയാംരാക്ഷ
സിചോദിച്ചതി നുത്തരംപറഞ്ഞിതുരാക്ഷസൻരക്താക്ഷനും * മൽപ്രി
യേ! ഗുണികേ! നീമറെറാന്നുംശങ്കിക്കേണ്ട തൽപ്രസാദാൎത്ഥംകൊണ്ടുവ
ന്നിവളെഞാൻപ്രിയേ! * കാശിരാജന്റെകന്യാരത്നമാംരത്നാവലിനാശി
യാമിവളുടെവിഗ്രഹംഭക്ഷിച്ചാലും * സുന്ദരീനിനക്കിന്നുഭക്ഷിപ്പാനിവ

ളെയും ചെന്നുഞാൻകൊണ്ടുവന്നെന്നുനിഗ്രഹിച്ചാലും ＊ സാലവൃക്ഷത്തിൻമൂലെയുണ്ടൊരുമഹീസുരൻ ആലസ്യമോടെകിടന്നുറങ്ങീടുന്നോനിപ്പോൾ ＊ അവനെ മുക്കിന്നുഭക്ഷണത്തിനുകൊള്ളാം ആയതാക്ഷിനീചെന്നുകൊന്നുകൊണ്ടുവന്നാലും ＊ എന്നുള്ളരക്താക്ഷൻറെവ്യാജഭാഷിതം കേട്ടു പിന്നെയാരത്നാവലിചൊല്ലിനാൾ ഖേദത്തോടെ ＊ രാക്ഷസീശ്വനിരേ! നീയന്യഥാബോധിക്കാതെ രാക്ഷസൻപറഞ്ഞതുഭോഷ്ക്കെന്നുധരിച്ചാലും ＊ എന്നുടെരൂപംകണ്ടുകാംക്ഷിച്ചു നിശാചരൻ ചരനരൂപനായ്പുനമോഷ്ടിച്ചുകൊണ്ടുപോന്നാൻ ＊ നിങ്കലുള്ളനുരാഗമൊക്കെയവനിൻെറ കാന്തനെങ്കലാക്കിക്കൊണ്ടനുരാഗത്തെവാഞ്ഛരിക്കുന്നു ＊ വൃദ്ധനായ്പ്പുരുപയായ്നീയെന്നുധരിച്ചാൻശ്രദ്ധയുംവെടിഞ്ഞെങ്കൽസ്നിഗ്ദ്ധനായിട്ടുണ്ടു ＊ എന്നതുകേട്ടുകോപംപൂണ്ടിതുനിശാചരി തന്നുടെമനതാരിലീവണ്ണം വിചാരിച്ചാൾ ＊ എന്നുടെശിരസ്ശൂലമായ്പുരുമിതുമേലിൽ കന്യകാരത്നമിതു കാന്തനുമനക്കൂലം ＊ നിത്യവുംസപത്നിതൻനിന്ദകൾഭാവിക്കുന്ന മത്തകാശിനിയുടെജീവിതംമഹാകഷ്ടം ＊ മറെറാന്നില്ലിഹവിചാരിച്ചാലിഷ്ടമല്ലാത്തകററവാർകുഴലിമാക്കെന്നതുധരിക്കണം ＊ മുററുമിഷ്ടയാമവർക്കൊക്കെ സമ്മാനിക്കും മററവർക്കൊരുനേരംകൊററുമാത്രവുംനാസ്തി ＊ കുററവുംപറഞ്ഞിട്ടുംകുറിപ്പായ്ക്കനാലവൻ മുററവുംകൂടെടിപ്പിക്കുമാററമില്ലാപത്തുകൾ ＊ തന്നെരക്ഷിപ്പാനായി ക്രൂരകർമ്മങ്ങൾചെയ്യാം എന്നല്ലോശാസ്ത്രങ്ങളിൽ ചൊല്ലുന്നമാററങ്ങുകൾ ＊ ഇത്തരംവിചാരിച്ചുരാക്ഷസിയുരചെയ്തു സത്വരംചെന്നുഭൂമിദേവനെക്കൊണ്ടുപോരാം ＊ നിക്കളുംഭോരാനുടെഭാവങ്ങളറിയുമ്പോളില്ലക്കസുഖമില്ലാതായ്പുരുംനിശാചര! ＊ എങ്കിലുംഭവദിതഭക്ഷണാർത്ഥംഞാൻചെന്നു നിൻകനിവുണ്ടെന്നാകിൽകൊണ്ടിഹപോന്നീടുവൻ ＊ ഇങ്ങനെപറഞ്ഞുടൻഭംഗിയുള്ളൊരുവേഷം തിങ്ങിനഗുണങ്ങളുംതിങ്കൾനേർമിഴിയാൾക്കു ＊ പന്തമേറിനപാദകുന്തളംമനോഹരം ചെന്തളിരൊത്തപാണിപാദങ്ങളധരവും ＊ പീനമാംജഘനവുംപീവരംസ്തനങ്ങളും മീനലോചനാമണിരൂപമിങ്ങനെപൂണ്ടു ＊ സാലമൂലത്തിൽചെന്നു സാദരംനോക്കിക്കണ്ടു മാലതീശരോപമനാകിയഭൂദേവനെ ＊ നമ്മുടെനയനങ്ങൾക്കെത്രയുംമഹാസുഖം ധന്യയാംഗൃഹിണിതൻധർമ്മക്കൊരുമൻെറകാന്തൻ ＊ സുന്ദരൻസുമാനുഷൻസുന്ദരീജനങ്ങൾക്കു കന്ദർപ്പൻമഹീതലേരത്നമിക്ഷോണീസുരൻ ＊ ഇങ്ങനെവിചാരിച്ചുമെല്ലവേയുണർത്തിനാനംഗനാമണിവേഷംപൂണ്ടൊരുനിശാചരി ＊ വന്ദനംചെയ്തുമെല്ലേചൊല്ലിനാളവനോടു വന്നതുമൽഭാഗ്യത്താലത്രനീമഹാമതേ! ＊ ഏതൊരുദിക്കിൽനിന്നുവന്നുനീയെടോ!വീരാ ഹേതുവെന്തുനീയിഹനിദ്രയെപ്രാപിപ്പാനും ＊ ഞാനൊരുനിശാചരിയെന്നുടെഭർത്താവായ മാനുഷാശനൻനിന്നെക്കൊല്ലുവാനെന്നെവിട്ടു ＊ നാമവുംഗുണികയെന്നാകുന്നുനമുക്കെടോ! കാമവുംവളരുന്നുതേ നിൻമുഖംകാൺകമൂലം ＊ കാമിനീമണിരൂപംസംഗ്രഹിച്ചിരുന്നാനും കാമനീയാംഗ! നിന്നോടൊന്നിച്ചുവിനോദിപ്പാൻ ＊ നാമിനിയിരുവരുംകൂടവേവാണീടണം യാമിനീദിനങ്ങളിലൊക്കവേമോദ

ത്തോടെ * യാമിനീചരനെയുംനിഗ്രഹിക്കണംഭവാൻ സ്വാമിനെയന്നിയതംതാനിങ്ങനെ യോഗംകൂട്ടി * ഭാരതമെന്നമേലിലുണ്ടാകുമെന്നകഥാസാരമാംപുരാണത്തിൽകണ്ടുഞാനതുമിപ്പോൾ *മാരുതിഭീമസേനനെന്നൊരുമഹാവീരൻ ചാരുസുന്ദരൻപാണ്ഡുനന്ദനൻജനിച്ചിട്ടും * അക്കാലംഹിഡിംബൻെറഭാൎയ്യയാംഹിഡിംബിതാനാൎക്കാനനിൽ കനിവോടെഭീമനെക്കാമിക്കമ്പോൾ* ഉഗ്രനാംഹിഡിംബനെ സംഗരേപൃകോദരൻ നിഗ്രഹിച്ചിട്ടമെന്ന മാനതിൽകാൺമാനുണ്ടു * അത്ഭുതയാംഹിഡുംബിയെവ്യാസവാക്യത്താൽഭീമൻ ഭാൎയ്യയാക്കീട്ടമതിലുണ്ടാകുംഘടോൽക്കചൻ * ഇങ്ങനെകണ്ടുഭവിഷ്യത്തൊന്നപുരാണംതാനിങ്ങനെ നമുക്കിന്നസംഗതിവന്നുകൂടും * രാക്ഷസധൎമ്മംകൊണ്ടുമാനുഷന്മാൎക്കുയോഗ്യം രാക്ഷസപാപനിഗ്രഹംവ്യാസാദികൾക്കുംസമ്മതംശക്തനാംരക്താക്ഷനെകൊല്ലുവാനില്ലോ ളൊരുശക്തിയുണ്ടിരിക്കുന്നസാലവൃക്ഷാഗ്രംതന്നിൽ * ശക്രനെപ്പണ്ടു വധിച്ചീടിനാൻവൈരോചനി വിക്രമിമഹാബലനാക്രമിച്ചപ്പോൾ സ്വൎഗ്ഗം * അക്കാലംരക്താക്ഷനാമെന്നുടെഭത്താവിവൻ അക്കഥകേട്ടമെല്ലെ സ്വൎഗ്ഗത്തെപ്രവേശിച്ചാൻ * തക്കത്തിലെത്തിടിനശക്തിയെരക്ഷപാചരൻ തസ്കരിച്ചിതുകൊണ്ടുപോന്നിതുമഹാദുഷ്ടൻ * ഏകനെക്കൊലചെയ്താലപ്പൊഴേമഹാശക്തി നാകലോകത്തെഗമിച്ചീടുമെന്നതുകേട്ടു*അയതുസാലംതന്നിൽനിന്നുഞാൻകൊണ്ടുപോരാം അയതുകൊണ്ടുഭവാൻ കൊല്ലണംമൽക്കാന്തനെ * അയതുചെയ്തീലെന്നാലായവൻനിന്നെക്കൊൽവാനായുധമിതുതന്നെ സ്വീകരിച്ചിട്ടുംദൃഢം * തൽക്ഷണമവനെനീനിഗ്രഹിക്കണംനിന്നെ ഭക്ഷണംചെയ്വാൻവരുമായവൻവൈകീടാതെ * രാക്ഷസാധമൻമമശത്രുവായ്വരുംനൂനം കാൽക്ഷണമവനോടുസഖ്യമിനിവേണ്ടാ * കാശിരാജൻെറപുത്രികാമുകനിനിക്കൊരുകാരിനിത്തരികയില്ലാശരൻമഹാപാപി* ഞാനിതുപറഞ്ഞതുഭോഷ്കല്ലഭോസുരേന്ദ്ര ഹാനിഞാൻവരുത്തുകിൽപാതകമിനിക്കല്ലോ * പാപകൎമ്മങ്ങൾചെയ്താൽപാതകംഫലമെന്നു താപസന്മാരുംവിപ്രശ്രേഷ്ഠരുംകഥിക്കുന്നു * വഞ്ചനമുദീരിതമെങ്കിൽഞാൻസത്യംചെയ്യാം വഞ്ചനംവേണ്ടാനിൻെറ മാനസേമഹീസുര! * പഞ്ചപാതകങ്ങളെചെയ്യുന്നോനുള്ളപാപസഞ്ചയമെന്നപ്രാപിച്ചീടുമെന്നറിയണം * വിപ്രന്മാർമദ്യപാനംചെയ്തിട്ടുണ്ടാകുംപാപം ക്ഷിപ്രമെന്നെപ്രാപിക്കുംഭോഷ്കുഞാൻപറഞ്ഞെങ്കിൽ * തന്നുടെഗുരുവിൻെറഭാൎയ്യയെഭോഗിക്കയാൽ വന്നിടുംപാപമെങ്കൽപ്രാപിക്കുംഭോഷ്കെന്നാകിൽ * സ്വൎണ്ണമോഷണംകൊണ്ടുംഭൂമിസ്വീകാരംകൊണ്ടും നിന്ദിതംഗോമൈഥുനംകൊണ്ടും വന്നീടുംപാപം * വനമാശ്രയിച്ചീടുമിന്നിതുഭോഷ്കെന്നാകിൽ നിൎണ്ണയംനിതംബിനിനിഗ്രഹോഗ്രമാംപാപം * പഞ്ചമീതിഥൌഗർഭോല്പാദനചെയ്യുംപാപം പഞ്ചപിണ്ഡങ്ങൾവൈകാതാഗമസ്ഥാനങ്ങളും * ഈവിധംമഹാപാപമെങ്കൽവന്നിടക്കൂടും ഈവാക്കചരിയെങ്കിലെന്നുടെഭൂമിദേവ! * വൈശ്വദേവംചെയ്യാതെഭക്ഷിക്കുംഗൃഹസ്ഥനും വിശ്വസിച്ചവനോടുവഞ്ചനംചെയ്യുന്നോ

ക്കും * ഭിക്ഷനൽകാതെതന്നെഭക്ഷണംചെയ്യുന്നോക്കും ഗോക്കൾക്കപുല്ലുംനീരുംവാരണംചെയ്യുന്നോക്കും * ഒക്കവെയുള്ളപാപമെങ്കലായീട്ടുംവിപ്ര! നീക്കമില്ലഹോമയാവഞ്ചിതനായ്നീയെങ്കിൽ * പുല്ലുകൾകൊണ്ടുംമററുശുഷ്കവസ്തുക്കൾകൊണ്ടും പല്ലുതേയ്ക്കുന്നപാപമെങ്കൽവന്നീടും വിപ്ര! * ഓട്ടുപാത്രത്തിലഷ്ടിചെയ്കയുംവിധവമാർ ഇഷ്ടമില്ലാതെരണ്ടുനേരവുംഭുജിക്കയും * താംബൂലം ചവയ്ക്കയുംചെയ്കിലുണ്ടാകുംപാപംതാൻ മൂലംഭോഷ്കുചൊന്നാലെങ്കലായീടുമല്ലോ * കാഞ്ഞിരംതുടങ്ങീട്ടുള്ളാസുരദ്രുമംകൊണ്ടു രഞ്ജനസ്ഥാനേവിറകാക്കീട്ടുദീപാർച്ചനം * ശ്രാദ്ധവുംജപങ്ങളുംചെയ്യുന്നമഹാപാപം ശ്രദ്ധയാനമ്മെപ്രാപിച്ചീടുമേദ്രോഹംചെയ്താൽ * രണ്ടുവസ്ത്രങ്ങൾകൂട്ടിത്തുന്നിയുണ്ടാക്കീടിന മുണ്ടുകൾപുടവകളുടുക്കുംജനങ്ങൾക്കും *സർവദാഭോഷ്കുപറഞ്ഞീടുന്നജനങ്ങൾക്കും ദുർവഹമെഴുംപാപമെങ്കലാംപതിയുങ്കൽ * ഇത്തരംബഹുവിധംസത്യവുംചെയ്തനിൽക്കും ചിത്തമോഹനാംഗിയെക്കണ്ടപ്പോളെന്റെകാന്തൻ * ഏത്രയുംപ്രസാദിച്ചുതന്നുടെയവസ്ഥകൾ തത്രനിനതൾചെയ്തതപമാംവണ്ണംതന്നെ * വിത്തമില്ലായ്കകൊണ്ടുകപ്പലിൽകരേറിഞാൻ വിത്തവാന്മാരായുള്ളവൈശ്യന്മാരോടുകൂടെ * കപ്പലുമുടഞ്ഞടിഞ്ഞിപ്രദേശത്തുവന്നു കപ്പൽക്കാരെല്ലാം ചത്തു ഞാൻമാത്രംജീവിച്ചിത്തു * സാലവൃക്ഷത്തിന്റെകീഴെവന്നു ഞാൻശയിച്ചപ്പോൾ ബാലികാമണിനിന്നെക്കാൺമാനുംകഴിവന്നു * വേലുമിങ്ങെടുത്തു നീകൊണ്ടുവന്നാലുംബാലേ! കാലമൊക്കയുച്ചീടാമാനരപ്രവരനെ * നിന്നുടെസ്ഥാനംപൂൺമാനായ്വന്നുഞാനുംതദാ നിന്നുടെരമണൻഞാൻനീക്കമില്ലേതുംപ്രിയേ * എന്നതുകേട്ടനേരംദുഷ്ടയാംനിശാചരി എന്നുടെമനനെപ്പൂൽകിനാൾവഴിപോലെ * സാലവൃക്ഷാഗ്രേചെന്നുശക്തിയുംകൊണ്ടുവന്നു കാലതാമസംവിനാകാന്തനെനൽകീടിനാൾ * അയ്യനേരമങ്ങുരാക്ഷസൻകുമാരിയാ മായരാക്ഷിയെപ്പുണർന്നീടുവാൻഭാവിച്ചപ്പോൾ * അയ്യവളുരചെയ്തുരാക്ഷസാ! മഹാമതേ! ന്യായമില്ലെടോ! കന്യാസംഗമംമഹാദോഷം*താമെന്തിരേവന്നുതസ്കരിച്ചവൻപോൻ പാതകങ്ങൾക്കുപാത്രമായ്വരുംമഹാമതേ!* ജാതകത്തിന്റെഫലംകൊണ്ടിഹവന്നുഞാനും ചേതസിവിചാരിച്ചാൽനിന്നുടെദോഷമല്ല * പൂർവമേനിനക്കാക്കിക്കല്പിച്ചുപിതാമഹൻ പൂർവകല്പിതംകൂടാതെത്തുമേകാണനീലാ * ദമ്പതീഭാവങ്ങളുംവിത്ത്യയുംവിത്തങ്ങളും സമ്പ്രതികാണുന്നതുപൂർവമേദത്തംസർവം * ദമ്പതിമാർനാമെന്നുകല്പിച്ചീടിനാൻവിധി കമ്പമില്ലിനിക്കേതുംകന്മമിങ്ങനെയെന്റെ * മുഖ്യമാംവിവാഹത്തെചെയ്തുകൊണ്ടാലുംഭവാൻ സഖ്യമാംവണ്ണംരമിക്കാമെല്ലോവീര * രക്താക്ഷാ!ഭവാനെങ്കൽസക്തനെന്നതുംവന്നു സക്തയാംനിന്റെഭാഗ്യമിജ്ജനമെന്നുംവന്നു * സംഭ്രമിക്കേണ്ടഭവാൻവേളിക്കുവേണ്ടുന്നൊരു സംഭാരങ്ങളുമെല്ലാമത്രയുണ്ടെല്ലോവീരാ! * വഹ്നിയുംദർഭപുല്ലുംതോയവുംപുഷ്പങ്ങളും നിന്നുടെഗ്രഹതന്നിലുണ്ടല്ലോമഹാമതേ! * കർമ്മങ്ങൾചെയ്വാനൊരുഭൂസുരൻവേണമത്രു കർമ്മശക്തികൊണ്ടെത്തിസാലവൃക്ഷത്തിൻമൂലേ * രാക്ഷസിചെന്നുകൊന്നു

ഭക്ഷിക്കുന്നതിൻമുമ്പെ രാക്ഷസേശ്വരാ! ചെന്നുകൊണ്ടുപോന്നാലും ഭ
വാൻ * എന്നതുകേട്ടു ചിത്തേബോധിച്ചുനിശാചരൻ നന്നിതുരത്താവ
ലി! നിന്നുടെമനോരഥം * മന്മഥശരമേറ്റുഖിന്നനായ്‌വന്നേനഹം നി
ന്മതമനുഷ്ഠിക്കാംകർമ്മമങ്ങനെയല്ലോ * ദുർമ്മതിനിശാചരനിങ്ങനെപ
റഞ്ഞുള്ളിൽ സമ്മതിയോടെചെന്നു സാലമൂലാന്തേതദാ * സുന്ദരീവേഷം
പൂണ്ടുസുന്ദരദ്വിജനോടു മൊന്നിച്ചുവസിക്കുന്നരാക്ഷസസ്ത്രീയെക്കണ്ടു* ത
ന്നുടെവധത്തിന്റെസംഗതിപ്രകാരങ്ങൾ തങ്ങളിൽപറഞ്ഞതുമൊട്ടൊട്ടു
കേട്ടുദുഷ്ടൻ * ദുഷ്ടനാംനിശാചരൻകൈകളുമുയർത്തിയ ങ്ങട്ടഹാസവും
ചെയ്തുപറഞ്ഞുടനുത്തരംചെയ്തു * നന്നെടി! നിശാചരി! നിന്നുടെദുരാചാരം
വന്നതിൻഫലംപെണ്മാരിലുള്ളനുരാഗം * കൊന്നുകൊണ്ടങ്ങുവരാൻപോ
ന്നനീയവനുമായൊന്നിച്ചു നമ്മെക്കൊൽവാനാരംഭംതുടർന്നിതോ? * നി
ന്നെയുമിവനെയുമൊന്നിച്ചുതന്നെ വധിച്ചിനിപ്പോൾയമാലയേയോജി
പ്പിക്കുന്നേനല്ലോ * നില്ലെടാ! നരാധമ! നിന്നുടെകപടംകൊണ്ടല്ലയോ
ഗുണികയ്ക്കു ദുഷ്ടതതോന്നീടുന്നു * കല്ലുകൾകൊണ്ടുനിന്റെപല്ലുകൾ
പൊടിക്കുമ്പോൾ നല്ലതുതോന്നുംതവ വല്ലതുംദുരാത്മാവേ! * വല്ലതുംദുരാ
ചാരംകാട്ടിയാൽവിരോധിപ്പാനില്ലൊരുപുരുഷനെന്നോർത്തു നീയവളുടെ *
വല്ലഭനാവാനുള്ള സല്ലാപംതുടർന്നതു വല്ലാതെവന്നുയിനിയില്ലാതെനട
ന്നാലും * അല്ലെങ്കിൽ നിന്റെദേഹംതല്ലിഞാൻതകർക്കുന്നു ണ്ടല്ലലിനവ
കാശമെല്ലാംനീതാനുണ്ടാക്കി * പല്ലവാധരിയോടുകൂടവേവിനോദിപ്പാൻ
തെല്ലുമേനിനക്കിനിസംഗതിവരാമൂഢാ! * മൽപ്രിയാപരിഗ്രഹംമോഹി
ച്ചുവന്നുഭവാ നിപ്രദേശത്തുശയിച്ചീടുന്നുമഹാപാപി * വിപ്രകാമുകാ നി
ന്നെക്ഷിപ്രമിപ്രസിദ്ധനാം വിപ്രഘാതകൻമഹാരാക്ഷസൻഹനിച്ചീടും
* രക്തവുംമാംസങ്ങളുമിപ്പൊഴേഭക്ഷിപ്പൻഞാ നിത്തരംപറഞ്ഞുകൊ
ണ്ടടുത്തുനക്തഞ്ചരൻ * സത്വരമുരചെയ്തുരാക്ഷസിമഹീസുരാ! ശക്തിയെ
പ്രയോഗിപ്പാനൊട്ടുമേമടിക്കേണ്ടാ * തന്നെനിഗ്രഹിപ്പാനായ്‌വരുന്നശത്രുക്ക
ളെ കൊന്നതുകൊണ്ടുദോഷമില്ലെടോമഹാമതേ! * എന്നതുകേട്ടുവിപ്രൻ
ശക്തിയെപ്രയോഗിച്ചാനന്നതജ്ജ്വാലാമയദീപ്തമാമതുചെന്നു * രാക്ഷ
സാധമൻതന്റെമാറിടംപിളർന്നുടൻ തൽക്ഷണംഭസ്മമായിവിഗ്രഹം
വിരവോടെ *ഇന്ദ്രലോകത്തെനോക്കിഗ്ഗമിച്ചുമഹാശക്തി സാന്ദ്രമാംമോദം
പൂണ്ടുചൊല്ലിനാൾനിശാചരി * ദിവ്യമാംഗൃഹംതന്നിൽപോകനാംമഹീ
സുരാ! ഹവ്യവാഹനൻസാക്ഷിയായ്‌വിവാഹംചെയ്യണം * ദ്രവ്യങ്ങളനവ
ധിയുണ്ടിഹഗൃഹംതന്നിൽ ദുർവ്യയംചെയ്തീടാതെരക്ഷിച്ചുകൊൾകഭവാൻ
* ഇത്ഥമങ്ങുരചെയ്തുരാക്ഷസിമൽകാന്തനെ സത്വരംഗൃഹംതന്നിൽകൊ
ണ്ടുപോയിരുത്തിനാൾ * മെത്തമേൽശയിക്കുന്നോരുത്തമസ്ത്രീതന്നെ ത
ത്രകണ്ടുടൻവിപ്രൻവിസ്മയിച്ചോരുനേരം* ചൊല്ലിനാൾഗുണികയുംചൊ
ല്ലെഴുംകാശിദേശേ നല്ലൊരുനഗരമുണ്ടത്രേയുംചിത്താനന്ദം * വിസ്തൃ
തംവാരാണസിവിസ്തൃതംപഞ്ചക്രോശം വിശ്വനാഥന്റെസ്ഥാനംവിസ്മ
യംമനോഹരം * തത്രദേഹത്തെത്യജിച്ചീടിനാൽപുനർജ്ജന്മം മർത്ത്യജന്മി

കൾക്കില്ലെന്നോൎത്തുകൊണ്ടാലും ഭവാൻ * കാശിദേശാധീശനാം ഭൂപന്റെ കുമാരിയെ കശ്മലൻ നിശാചരൻ മോഷ്ടിച്ചുകൊണ്ടുപോന്നു * കന്യകാകുലോത്തംസരത്നമാം രത്നാവലിയെന്നു പേരായുള്ളൊരു ബാലയെക്കൊണ്ടു ചെന്നു * തന്നുടെ പുരം തന്നിലാക്കിനം നമുക്കിപ്പോൾ പിന്നെയായുരുചുന്നു താതനും ജനനിയും * നിർജ്ജനമായുള്ളൊരടിക്കിനെ വെടിഞ്ഞു കൊണ്ടിജ്ജനത്തിനു മിനി കാശിയിൽ തന്നെ വാസം * ഇഗ്ഗൃഹത്തിനിലുള്ള സമ്പത്തുകളും പിന്നെ വൽഗുഭാഷിണിയാളാം കന്യകാമണിയേയും * ഒക്കവേ കൂടെക്കൊണ്ടിന്നങ്ങു പോക നാം വിഭോ വിസ്തൃതമാകുമെന്റെ പൃഷ്ഠഭാഗത്തിൽ സർവ്വം * നിത്യസംഭാരങ്ങളും പൊന്മണിക്കലങ്ങളും * മെത്തയും പെട്ടാദിയുമൊക്കവേ കരേറുക ധന്യപൂരുഷ! കാലമെന്തിനു കളയുന്നു? * എന്നതു കേട്ടു പറഞ്ഞീടിനാൻ മഹീസുരൻ നിന്നുടെ വാക്കുതന്നൊവിശ്വാസം നമുക്കുള്ളു * സ്ത്രീകളെയൊരിക്കലും വിശ്വസിക്കരുതെന്നു ലോകസമ്മതം പരം ലോചനാനന്ദകരേ! * തന്നുടെ ഭർത്താവിനെക്കൊല്ലിച്ചതരുണി നീ യന്യനെക്കൊലചെയ്യാനിന്നിഹ മടിക്കുമോ? * എന്നെക്കാൾ മനോജ്ഞനാമന്യനെക്കാണും നേരം എന്നെയും കൊല്ലിക്കുമെന്നീയെന്നുശങ്കിക്കാമല്ലോ! * കന്ദർപ്പനേർമിഴിമാർക്കകാന്തനെക്കുറിക്കില്ലെന്നു മന്നിലും പ്രസിദ്ധമുണ്ടന്യലോകങ്ങളിലും * നിന്നുടെ വശത്തായിഞാനെന്നെടോ! നിശാചരീ! തിന്നുകൊൾകയെന്നെക്കൊന്നുകൊൾകയോ ചെയ്ക! * രണ്ടിനും നാമുക്കേതും കുണ്ഠിതമില്ലദ്ദ്ധംകണ്ടിവാർകുഴലാളെ! പോക നാം വിരവോടെ! * പുഞ്ചിരിതൂകിപ്പറഞ്ഞീടിനാൾ നിശാചരി വഞ്ചനാഭയം വേണ്ട വല്ലഭ! മഹാത്മാവേ! * പഞ്ചഭൂതങ്ങളല്ലോ സാക്ഷിയിജ്ജനങ്ങൾക്കു പഞ്ചപാതകം ഫലം വഞ്ചന ചെയ്തീടിനാൽ * വിശ്വസിച്ചവരോടു വഞ്ചനം മഹാദോഷം വിശ്വപാതകങ്ങൾക്കു പാത്രമായ്വരുമവർ * വിശ്വാസം വരുത്തുവാനാണയിട്ടിതു ഞാനും വിശ്വനരാമാകൃതേ നിന്നോടു പലവിധം * അശ്വസിച്ചാലും ഭവാനാശുനാം ഗമിക്കേണം കാശിഭൂപന്റെ പുത്രി! വന്നാലും രത്നാവലീ! * എന്നതു കേട്ടു വിപ്രൻ മൽപ്രിയൻ പ്രസാദിച്ചു നില്ക്കവേ നിശാചരി മഹസ്തിരൂപിണിയായി * കാശിരാജന്റെ കന്യാരത്നത്തിൽ മമപ്രിയനാശയും വളർന്നിതു സൌന്ദര്യം കാൺകമൂലം * അങ്ങനെ തന്നെ രത്നാവലിക്കും മനക്കാമ്പിലംഗജാതങ്കം മഹീദേവനിലുണ്ടായ്‌വന്നു * ഭംഗിയിലവരുടെ ദൃഷ്ടിസഞ്ചാരം കൊണ്ടു സംഗതി വരുമെന്നു കല്പിച്ചു ഗണികയും * വാരണസ്ത്രീയായ് നിൽക്കും രാക്ഷസിയുടെ പൃഷ്ഠേ ആരണൻ കരേറിനാൻ കന്യകാരത്നത്തോടെ * ഭാരമൊക്കവെ കരേറീടിനാനതുനേരം ദൂരെ നിന്നുയർന്നിതു രാക്ഷസി നഭോമാർഗ്ഗേ * ആറു നാഴികകൊണ്ടങ്ങാകാശേ ഗമിച്ചപ്പോൾ ആറുകാണായി മൂന്നുമാർഗ്ഗമുള്ളതു തന്നെ * ഏറുമാനന്ദം പൂണ്ടു ചൊല്ലിനാൾ നിശാചരി നീറു ചൂടുന്ന ദേവൻ വാണരുളുന്ന ലോകം * കാശിയെന്നുള്ള പുണ്യസ്ഥാനമിക്കാണുന്നതു നാശിയല്ലൊരു നാളും നാഥ ഹേ മഹീസുര! * കർമ്മബീജങ്ങൾ നശിച്ചീടുവാനുള്ള ദേശം നിർമ്മലം ദാമോദരം കാണെടോ! മഹാമതേ! * ആദികേശവനുടെ ക്ഷേത്രമേപ്പുണ്ടേയുള്ളു വേദിയന്മാരാൽ സ

മാരാധിതം മഹത്സ്ഥലം * ക്ലേശപാശങ്ങളററുമോക്ഷത്തെലഭിക്കുവാൻകേശവസ്വാമിയല്ലാതില്ലൊരുപരദൈവം * ബ്രഹ്മൻറശിരച്ഛേദം ചെയ്തയാല്പുരാരിയെ ബ്രഹ്മഹത്യ താൻവന്നുഗ്രഹിപ്പാൻഭാവിച്ചപ്പോൾ * ധാവനം ചെയ്തുശിവൻപ്രാപിച്ചുപഞ്ചക്രോശം ദേവനെഭയപ്പെട്ടുബ്രഹ്മഹത്യയും പാഞ്ഞു * അദികേശവനോട്ടുയാചിച്ചുമഹാദേവൻ മേദിനീതലേ പാത്താലുത്തമംപഞ്ചക്രോശം * കേശവാഭവന്നികേതാന്തികേപുണ്യക്ഷേത്രം ക്ലേശമെന്നിയേഭവാനുണ്ടാക്കിത്തരേണമേ! * ബ്രഹ്മഹത്യയെഭയപ്പെട്ടു ഞാൻവന്നീടുന്നു ബ്രഹ്മഹത്യയുംനിന്നെപ്രേരിച്ചുപുറംപാഞ്ഞു * കാശിക്കുപുറത്തു വന്നിപ്പൊഴും വാണീടുന്നുബാധിക്കുംകുറവില്ലവൈകുണ്ഠദയാനിധേ! * ബോധിക്കുംപുറത്തുഞാൻചെന്നുചെന്നാകിലെന്നെബാധിക്കുമെന്നുവന്നുമാധവാജഗല്പതേ! എന്നതുകേട്ടുമധുസൂദനൻപ്രസാദിച്ചുമന്ദിരംദാനംചെയ്തുമന്മഥാരിക്കുമുദാ * അന്നുതൊട്ടങ്ങാനന്ദമോടുവിശ്വനാഥൻറക്ഷേത്രം മുന്നിലാമ്മാറുദൂരെവിളങ്ങിക്കാണാകുന്നു * കേട്ടാലുംപാപക്ഷയംഗംഗയുംയമുനയും തങ്ങളിലൊരേടത്തിൽസംഗമമായ്വന്നു * മംഗലംമഹാതീർത്ഥംമംഗലാസരസ്വതീ വാഹിനിയന്തർഭാഗേത്തും ഗമാംപ്രഭാതീർത്ഥം * കാണുന്നുപുണ്യസ്ഥാനത്തെക്കുദൂരത്തുചാലേ കാണുന്നുമഹീസുരസൽഗതിക്കതുപോലെ * മറെറാരുതീർത്ഥമില്ലകണ്ടാലുംപഞ്ചക്രോശം പാവനാംഗംഗാതീരംകണ്ടാലുംപാപക്ഷയം * മുഖ്യമായുള്ളമണികർണ്ണികാഘട്ടംകാൺക! വിഖ്യാതംദശാശ്വമേധികയുംകലശവും * മുക്തിമണ്ഡപംകോടിതീർത്ഥവുമൃണമോചം മുക്തിദായകതീർത്ഥംകാളഹസ്തിയുംതദാഹങ്ങനെബഹുവിധംമംഗലസ്ഥലംവിപ്രാ! ശാർങ്ഗിമന്ദിരംമഹാപാവനംദുർഗ്ഗാലയം * ഉത്തമംവിശാലാക്ഷമന്ദിരംമനോഹരം തത്രവാണരുളുന്നുശൈലജാവിശാലാക്ഷി * വാരണനദിയോടുംപിന്നെയങ്ങസിയോടും ചേരുന്നഗംഗാമദ്ധ്യേകേവലംവാരാണസി * സ്നാനപാനാദികളേക്കാൾനല്ല ദേഹത്യാഗം മാനവന്മാർക്കുപിന്നെദേഹസന്താപംവേണ്ടാ * കാശിരാജൻറരാജധാനിയുംകാണാകുന്നു കേശിമർദ്ദനക്ഷേത്രംതന്നുടെപാർശ്വഭാഗേ * കാശിനാശാർത്ഥനൻതാൻപാവനംമഹാമതേ! നാശിയാംശരീരത്തെ തത്രവന്നുപേക്ഷിച്ചാൽ * ജ്ഞാനഹീനന്മാരായമാനുഷന്മാർക്കുപോലും ഹാനിയില്ലാത്തലോകംപ്രാപിപ്പാൻകഴിവരും * മാതൃഗർഭത്തിൽപുക്കുദുഃഖവുംവേണ്ടാപിന്നെ ധാതൃകല്പിതപ്രപഞ്ചത്തിലുഴലേണ്ടാ * ശംഭുസായൂജ്യംലഭിച്ചീടുമെന്നറിഞ്ഞാലും സംഭ്രമാനന്ദംമഹാപാവനംമഹീസുര! * ഇത്ഥമങ്ങുരചെയ്തുഹസ്തിനിനിശാചരി തത്രമന്ദിരേചെന്നുതാഴത്തങ്ങിറങ്ങിനാൾ * ദന്തിരൂപവേഷംവെടിഞ്ഞത്രയുംമനോഹരം ദന്തിഗാമിനിവേഷംചമഞ്ഞുനക്തഞ്ചരി * ഉമ്മറപ്പൂങ്കാവിൽനിന്നേകനെനിയോഗിച്ചാളമ്മനോടറിയിപ്പാൻകന്യകരത്നാവലി * തൽക്ഷണംസുബാഹുവെന്നാഖ്യനായുള്ളഭടൻ ഈക്ഷണംചെയ്തുപുരദ്വാരപാലകൻതദാ * പുത്രിയെകാണായ്കയാൽ ദുഃഖിച്ചുവസിക്കുന്ന ക്ഷത്രിയേന്ദ്രനുംതൻറഭാര്യയുമിരിക്കുന്നു * പത്തനം പ്രവേശിച്ചുവന്ദനംചെയ്തുമുദാ സത്വരമറിയിച്ചാൻസാദരംവൃത്താന്തങ്ങൾ

* വിസ്മയംമഹാരാജകേട്ടരുളേണംഭവാൻ തൽസുതാരത്നാവലീവനിതു
സഭാന്തികേ * സുന്ദരാംഗിയുമൊരുനാരിയുമുണ്ടു പിന്നെ സുന്ദരനായിട്ടൊ
രുഭൂസുരന്താനുമുണ്ട് * എന്തൊരുഭാഗ്യംനമുക്കിങ്ങനെകുമാരിയെ ചന്ത
മോടിഹകാണ്മാനീശ്വരാകാശിനാഥാ *വിശ്വനാഥന്റെകൃപകൊണ്ടിതു
കഴിവന്നു വിശ്വസിച്ചാരാധിച്ചാലീശ്വരൻത്യജിക്കുമോ? * എന്നതുകേട്ടു
നൃപൻമോദമാംസമുദ്രത്തിൽ തന്നത്താനറിയാതെമജ്ജനം ചെയ്തീടിനാൻ
* സത്വരംതാനുംതന്റെപത്നിയുംസഖികളും ഭൃത്യന്മാരമാത്യന്മാർഭൂസുര
ശ്രേഷ്ഠന്മാരും * ബാലരുംവൃദ്ധന്മാരുംസ്ത്രീകളുംപുരന്മാരും നാലുജാതിയും
കൂടിഗോപുരദ്വാരേ ചെന്നു * താതമാതാക്കന്മാരെക്കണ്ടപ്പോൾകുമാരികളു
ത്സന്തോഷം ചെന്നുവന്ദനം ചെയ്തീടിനാൾ പൂർണ്ണസന്തോഷംകൊണ്ടു ക
ണ്ണുനീർവാർത്തുമുഖസ്വർണ്ണപത്മത്തെ നനച്ചീടിനാൾരത്നാവലി* അമ്മയും
ജനകനുമാത്മജേവരികെന്നു ചെന്നുടനാശ്ലേഷിച്ചു ചുംബിച്ചുശിരോഭാഗേ
*ആനന്ദംകൊണ്ടുമിണ്ടാൻശക്തിയില്ലാതെനിന്നാ രാനന്ദംകൊണ്ടുതദാക
ണ്ണുനീർവാർത്തുനിന്നാർ * എങ്ങനെനിതിന്നുള്ളസംഗതിയെന്നിങ്ങനെതി
ങ്ങിനഹർഷത്തോടെചോദിക്കുംതാതനോടു * രോദനംചെയ്യുമെല്ലെച്ചൊ
ല്ലിനാൾരത്നാവലി സാദരംകേൾക്കതാത! മാതാവേസഖികളേ!*ഏകദാ
സന്ധ്യാകാലേപാദശൌചാദിചെയ്തിടാതെകയായ്ത്തനിയെചെന്നുമന്ദിരേ
ശയിച്ചുഞാൻ * മായത്താലൊരുരക്ഷസ്സെടുത്തുകൊണ്ടുപോയ്ത്തൻ ഞാ
നാഗഹ്വരംതന്നിലാക്കിനാൻമഹാദുഷ്ടൻ * അയ്യവൻതന്റെപത്നി
രാക്ഷസിയിവൾതന്റെ മായനാമരമ്യസ്ത്രീവേഷമായ നിന്നീടുന്ന
* നൃത്യംഗുണമുള്ളോരാശരസ്ത്രീയാണിവൾ തത്രവന്നൊരുവിപ്രനി
ദ്രേഹംമഹാമതി * ക്ഷിപ്രമീവിപ്രേന്ദ്രനെക്കൊണ്ടിവൾവധിപ്പിച്ചു ക
പ്രകൃതിയായുള്ളരാക്ഷസപ്രവരനെ * മാമകപ്രിയംകരിനമ്മുടെമാതാ
വിവൾ നാമവുംഗുണികയെന്നത്രെയുംയഥാർത്ഥമായ് * ഭൂമിദേവ
നെ പ്രീതിയാക്കിനാളിവൾമുമ്പേ കാമിനീശിരോമണികാരുണ്യസ്വരൂ
പിണി * ഹസ്തിനീവേഷംധരിച്ചെന്നെയും ദ്വിജനെയുംവ
സ്തുനംശാതത്തോടെകൊണ്ടിഹപോന്നീടിനാൾ * ഇങ്ങനെപരമാ
ർത്ഥമെന്തൊരുദാനംകൊണ്ടീയംഗനാമണിയാൾക്കു സംപ്രീതിമതിയാവു *
ഇച്ഛരാജ്യഗന്ത്രയമൊക്കവേകൊടുത്താലു മിച്ചെയ്തൊരുപകാരത്തിനൊരു
ലേശംപോരാ * ഇമ്മഹീസുരശ്രേഷ്ഠനിന്നിപ്പോൾകന്യാദാനം എ
ന്നെനീകൊടുക്കേണമെന്നിതെന്മനോരഥം * മാനസംകൊണ്ടുവരി
ച്ചീടിനേൻമുന്നംഞാനും മാനവേശ്വരാശേഷമിന്നുനീപൂരിക്കേണം * മാ
നിനീമണിഗുണികാപ്രിയയാമിവളുടെ മാനസമനുകൂലമാക്കുകവേണംഭവാൻ
* ഞാനിവളോടുമേലിൽമത്സരിക്കയുമില്ല ഹാനിയില്ലിവൾക്കമേലെന്നെ
ക്കൊണ്ടൊരുനാളും * നന്ദിനിയുടെവാക്കുകേട്ടുടൻകാശീശ്വരൻ നന്ദിച്ചു
ഗുണികയോടങ്ങനെചൊല്ലീടിനാൻ * എത്രയുമുപകാരംചെയ്തനീമഹാ
ഭാഗേ പുത്രിയെജീവിപ്പിച്ചുകൊണ്ടെന്നുനൽകിയല്ലോ * നമ്മുടെജനംധന
ധാന്യവുംരാജ്യങ്ങളും പെൺമണിയാളേ! നിനക്കാകുന്നിതശേഷമേ *

യാതൊരുദേഹത്തെനീകാമിച്ചുഭൎത്താവിനെ പ്രേതലോകത്തെഗ്ഗമിപ്പിച്ചി തുസുലോചനേതാദൃശംനിന്റെ കാന്തൻകാന്തിമാൻമഹീസുരൻമാദൃശപ്രി യംകരൻമന്മഥാകാരനിവൻ * നമ്മുടെരത്നാവലിക്കാഗ്രഹമിവന്തന്നെസ മ്മതംനിനക്കെങ്കിലിന്നുഞാൻദാനംചെയ്യാം * മൽസുതയൊരുനാളുംമാ നിനീമണേനിങ്കൽ മത്സരംഭവിക്കയില്ലെന്നിവൾചൊല്ലീടുന്നു * നി ന്നുടെദാസീഭാവം കൈക്കൊണ്ടുവസിച്ചിട്ടും എന്നുടെമകളിവളെന്നുനീ ധരിച്ചാലും! * മന്മകൾവരിച്ചുപോലാത്മനാമുമ്പേതന്നെ ധൎമ്മമെങ്ങനെ യെന്നുനിശ്ചയിക്കാമോബാലേ * അന്യനുദാനംചെയ്താലായതിന്നധൎമ്മമാ ന് വന്നുപോമെന്നുതന്നെതോന്നുന്നുനമുക്കിപ്പോൾ * മാനസംകൊണ്ടു ബന്ധമുണ്ടായാലതുതന്നെ സ്ഥാനമെന്നതുമതംമാനിനീചിന്തിച്ചാലും! * ചൊല്ലിനാൾനിശാചരിനല്ലതുവരുവതിന്നല്ലയോമനോരഥമെല്ലാൎക്കും ഭവിക്കേണ്ടു * മൽപ്രിയനായുള്ളൊരുവിപ്രനുകൊടുക്കനീ സുപ്രസന്നാ ത്മാവേ! നിൻപുത്രിയെമടിക്കാതെ *മൽപ്രസാദത്തെവരുത്തീടണംഭവാൻ പിന്നെതൽപ്രകാരവുംകിഞ്ചിൽകേൾപ്പിക്കാംകാശീശ്വരാ! യക്ഷികൾഗ ന്ധൎവ്വികൾകക്ഷികളെന്നപോലെ രാക്ഷസികളുമൊരുദേവതാഭേദംതന്നെ * ഉത്സവംകൃസ്വതികൾതൎപ്പണംബലികളുംവത്സരംതോറുമിവൎക്കിഷ്ടമെ ന്നറികെടോ! * എന്നെനീയൊരുകാവിൽകൊണ്ടുചെന്നിരുത്തണം അ ന്നപാനാദിനിവേദ്യങ്ങളുംചെയ്തീടണം * പാലുകൊണ്ടഭിഷേകംചെയ്തി ലോമഹാപ്രിയംനാലുഭാഗത്തുംദീപാവലികൾകൊളുത്തണംമീനമാസത്തി ലിനിക്കുത്സവംഘോഷിക്കണം മാനുഷപ്രീതിതന്നെദേവതകൾക്കുപ്രീതി* അഷ്ടമിമുതലായിസപ്തവാസരംവേണം ശിഷ്ടനാം ചതുൎദ്ദശിതന്നിലാറാ ട്ടുംവേണം * ഉഴുത്തുകൾപാട്ടുംകളിതീയാട്ടുമാട്ടങ്ങളും നേൎത്തുപോകാതെ നിത്യം ശീവേലിപ്രദക്ഷിണം * ഞങ്ങനെവൎഷന്തോറുംമുട്ടാതെചെയ്തീട ണം എന്നുടെപ്രതിമയും കാഞ്ചനംകൊണ്ടുവേണം * ഇങ്ങനെയെന്നെ ക്കുടിവെച്ചുനീപൂജിക്കണം അങ്ങനെയൊരുമോഹംമാത്രമുണ്ടിനിക്കെടോ! * നന്നിതുയശസ്സിനും സന്തതിസമ്പത്തിനും ശത്രുനിഗ്രഹത്തിനുംനന്നി തുമഹോത്സവം * ക്ഷത്രിയാധിപ ഭവാൻപുത്രിയെക്കൊടുത്താലുമങ്ങനെ ചെയ്യാമെന്നുഭൂപനുമുരചെയ്തു * ഇങ്ങുവന്നാലുംവിപ്രാ! കേട്ടുകൊണ്ടാലും ഭവാൻ മന്നവൻമനസ്സോടെകന്യകാദാനംചെയ്തു* സന്തോഷത്തോടെമുദാ ചൊല്ലിനാൾനിശാചരി എന്നെനീപാണിഗ്രഹംചെയ്യുടോ!മഹീസുരാ * പിന്നെയിക്കുമാരിയെവേട്ടുകൊണ്ടാലുംഭവാൻ * എന്നുടെപാണിഗ്രഹം ചെയ്തീലഭവാൻമുന്നം ഇന്നിതുരണ്ടുംകൂടിസ്സാധിച്ചാലതുമതി * മന്നവൻ തുകേട്ടുഘോഷിച്ചുവിവാഹവും തന്നുടെപുരന്തന്നിൽപുക്കുകൊണ്ടാരംഭിച്ചു * അന്നദാനവുംപശുദാനവുംവിപ്രന്മാൎക്കു പൊന്നുമാഭരണങ്ങൾവസ്ത്രദാ നങ്ങൾചെയ്തു * രണ്ടുവേളിയുംകഴിച്ചാദരാലില്ലത്തേക്കു കൊണ്ടുപോവതി ന്നനുവാദവുംനൽകീടിനാൻ* ഇല്ലവുംവിററുതിന്നുപോയിഞാൻമഹീപ തേ! ഇല്ലത്തെധനമെല്ലാംഭാൎയ്യയുംകൊണ്ടുപോയി * മുന്നമേപാണിഗ്രഹം ചെയ്തൊരുകുടുംബിനിതന്നുടെതറവാട്ടിലുണ്ടുപോയിരിക്കുന്നു * എന്നുടെ

ധനമെല്ലാംകൊണ്ടവർപോയെന്നാലും എന്നുടെഭാഗ്യംകൊണ്ടുപൂൎണ്ണത
വന്നുതാനും * എന്നതുകേട്ടവർഗ്രാമങ്ങൾദേശങ്ങളും പൊന്നുകൾ
പാത്രങ്ങളുംവിപ്രന്നുദാനംചെയ്തു * തന്നുടെദിക്കിൽചെന്നുജന്മഭൂമിയുംവി
ണ്ടു നന്നായിവസിച്ചാലുമെന്നയച്ചിതുനൃപൻ * ധന്യനാംമഹീസുരൻഭാ
ൎയ്യമാരോടുകൂടിതന്നുടെദിക്കിൽചെന്നുവാണിതുമഹാധന്യൻ* വിറ്റുപോ
യതുമൊക്കെവീണ്ടുകൊണ്ടില്ലംതീൎത്തു കുററമില്ലാതെസമ്പത്തൊക്കവേ
സമ്പാദിച്ചു * കുററമില്ലാത്തൊരൈശ്വൎയ്യാദ്യപത്യവുംലഭിച്ചത്യന്തംസ
ന്തോഷിച്ചുസന്തതംവാണീടിനാൻ * അപ്രകാരങ്ങളെല്ലാമച്ഛന്റെഗൃഹ
ത്തിനിൽ വിപ്രന്മാർവന്നുപറഞ്ഞാശു ഞാൻകേട്ടീടിനേൻ * നാണവുംപ
ശ്ചാത്താപക്ലേശവുംപൂണ്ടുപാരം ക്ഷീണഭാവത്തോടില്ലത്തങ്ങുതാനിരിക്കു
മ്പോൾ * എന്നുടെമാച്ച്യക്കാരായുള്ളസ്ത്രീവൎഗ്ഗങ്ങളും പണ്ടുനമ്മെചെയ്താ
രെന്നോടുപലവിധം * കേട്ടിതോഭത്താവിന്റെവൎത്തമാനങ്ങളെല്ലാംവേട്ട
പിന്നെയും രണ്ടുഭാൎയ്യമാരുണ്ടായിപോൽ* രണ്ടുനാരിമാരവരെത്രയുംമനോ
ജ്ഞമാർകണ്ടുവന്നവർതന്നെ പറഞ്ഞുകേട്ടുഞാൻ *രണ്ടുപേരുമായിതാ
നെത്രയുംപ്രധാനംപോൽപണ്ടുകണ്ടതിലേററംനന്നിപ്പോൾനിന്റെ കാ
ന്തൻ * വേണ്ടുന്നധനങ്ങളുംഭൃത്യരുംദാസിമാരും വേണ്ടുന്നതെല്ലാമുണ്ട
ങ്ങെത്രയുംകോലാഹലം*പണ്ടുതാൻവിറ്റുപോയക്ഷേത്രവുംദേശങ്ങളും വീ
ണ്ടുപോലതില്ലരംനാട്ടിലെപ്രഭുത്വവും* കണ്ടങ്ങൾപറമ്പുകൾകോട്ടകൾമ
ലകളും കൊണ്ടുപോൽനെല്ലുമെള്ളുമെത്രയുംസൌഖ്യപ്രദം * പണ്ടുനീഭ
ത്താവിനെദ്വേഷിച്ചുധനമെല്ലാം കൊണ്ടുപോന്നതിന്റെനൂറുമടങ്ങുവൎദ്ധിച്ചു
പോൽ * അച്ഛന്റെധനംകൊണ്ടുസുഖിക്കുംവിപ്രസ്ത്രീകൾ കിച്ഛ്രനാഷി
ലവിടാൻകൂട്ടുമോമൂഢേകേൾനീ * തന്നുടെഭത്താവിന്റെവിത്തമേതെന്നി
ക്കൊള്ളു എന്നതുചതിച്ചുനീകൈക്കലാക്കിലേദോഷി!* എന്നതിൽനൂറായി
രംവൎദ്ധിച്ചുഭത്താവിന്നിന്നുടെധനമെല്ലാംതിന്നുനീവകയാക്കി * നന്നെ
ടൊ!നിന്റെജന്മംനിഷ്ഫലമെന്നുംവന്നു നാനാവിലാപങ്ങളും സംഭവിച്ചീ
ട്ടുംതവ*എങ്ങനെഭത്താവിനെയിന്നിനികാണുന്നതുപോ എന്നുമേനിന്നെയ
വൻവിശ്വസിക്കയുമില്ല * ഭാൎയ്യമാരിരുവരുമെത്രയുംസുശീലമാർ കാൎയ്യങ്ങ
ളെല്ലാമവർക്കൊത്തവണ്ണമേതീരു * നീയിനിച്ചെന്നാലവൻദാസിയെപ്പോ
ലെയാക്കംചയ്യിനൊക്കെക്കയുംമുററമടിക്കയും * ബ്രാഹ്മണനിനിമുമണ്ടു
വീണ്ടുപോയ്പാഴ്കയുംബ്രാഹ്മണൎക്കുടുകളവയ്ക്കയുംവേണ്ടിവരും * കാന്തനോ
ടൊരുമിച്ചുശയിപ്പാൻ കഴിവരാകാന്തനെദാസിമാരോടൊന്നിച്ചുകിടന്നാ
ലും * ലൌകികത്തിന്നങ്ങൊരുരാത്രിയിൽവിളിച്ചുവെന്നാകിലുമഭിമുഖ്യം
കാന്തനുണ്ടാകയില്ല * ദുഷ്ടതചെയ്തുകൊണ്ടുവന്നൊരുനാണക്കേടും ക്ലി
ഷ്ടകൎമ്മവുംമഹാദുഃഖവുംദുഷ്കീൎത്തിയും * നഷ്ടദാരിദ്ര്യംമഹാവ്യാധിയും
വേണ്ടിവന്നു കഷ്ടമെന്തിതുതോന്നിപ്പോയതുമഹാമൂഢേ! * ഇങ്ങനെപല
രുടെദൂഷണവാക്കുകേട്ടതിങ്ങിനശോകത്തോടെവക്ത്രവുംതാഴ്ത്തിനിന്നേൻ *
ചേതസിവിചാരിച്ചേനെന്നുടെദുർവ്യാപാരം ചെയ്തതുംപറഞ്ഞതുമെത്രയും
മഹാകഷ്ടം! *കാൽചിലമ്പുകൾമണികങ്കണംകടിസൂത്രം കാതിലക്കൈ

വിരല്ക്കുമോതിരക്കൂട്ടങ്ങളും * കാഞ്ചനരജതവുംകാശുകൾപണങ്ങളും കാ
ഞ്ചികൾഹാരങ്ങളുമൊക്കവേകൊണ്ടുപോന്നേൻ * ഒന്നുമേകൊടുത്തീലകാ
ന്തനൊന്നുമേവേണ്ട ഒന്നുമില്ലാതെയൊക്കെപ്പോകയുംചെയ്തുവൃഥാ * ഭർ
ത്തൃമന്ദിരംതന്നിലെങ്ങനെചെല്ലേണ്ടുഞാൻ ശത്രുക്കളല്ലാതെമറ്റാരുമില്ലാ
തയായി * അത്രമേൽജനകൻ്റെമന്ദിരേവസിക്കയും എത്രനാൾ ചെയ്യാമി
തു സൌഖ്യമല്ലോട്ടപിന്നാൽ * ഭർത്തൃസൌഖ്യംതാനല്ലേസൌഖ്യമിജ്ജന
ങ്ങൾക്ക ഭർത്തൃപംതനിക്കായിട്ടില്ലല്ലോനാരിമാൎക്കും * എന്തിനിവേണ്ടു
ഞാനെന്നേത്തുമേയറിഞ്ഞീല ബന്ധുപാരിനിക്കിനിദൈവമേ! ശിവ! ശിവ!
* ഈവിധം ചിന്തിച്ചുഞാൻരോദിച്ചുവസിക്കുമ്പോൾ കേവലമൊരുദാസി
വന്നുരചെയ്തുമുദാ * പത്തുമുപ്പതുപുരുഷന്മാരുംദാസികളുംഭർത്തൃമന്ദിരംതന്നി
ൽനിന്നിഹവന്നുദേവി! * നമ്മുടെപടിപ്പുരക്കടന്നുമുറ്റത്തായിവെണ്മയി
ലന്നോളപ്പംവെൺകോറാക്കുടകളും * തൊക്കമ്പിളികൊണ്ടുമൂടിയൊര
ന്തോളവും എത്രയുംമനോഹരമെന്തൊരുഭാഗ്യംതവ * ഇങ്ങനെപറഞ്ഞിരി
ക്കുന്നനേരംവേഗാലിങ്ങുവന്നുരചെയ്താരഞ്ചാറുദാസീജനം * തമ്പു
രാനയച്ചിഹവന്നുഞങ്ങളെല്ലാം തമ്പുരാട്ടിയെയങ്ങുകൊണ്ടുപോയീടാൻ
തന്നെ * ഒട്ടുമേവൈകീടാതെയന്തോളംകരേറുക പട്ടുകൾപുതപ്പാനുംതന്നെ
യച്ചിതുനാഥൻ * ഇന്നുസന്ധ്യയ്ക്കുമുമ്പുമന്ദിരംപുക്കീടുവാൻ നന്നുപോൽ
നേരമെന്നുതമ്പുരാനരുൾചെയ്തു * അസ്തമിച്ചത്താഴത്തിനൊന്നിച്ചുവേണ
മെന്നവസ്ഥവെച്ചിരിക്കുന്നുദേവിമാരിരുവരും * എന്നതുകേട്ടുഞാനുംവ്യാ
കുലംപൂണ്ടുനിന്നുവന്നിതുബന്ധുക്കളുംതാതനുംജനനിയും * ഭർത്തൃശാസനം
കേൾപ്പാനെന്തിനുമടിക്കുന്നു ഭർത്തൃമന്ദിരേമുദാപോകനീസുലോചനേ! * ഭ
ർത്തൃശുശ്രൂഷയല്ലോഭാര്യമാൎക്കുള്ളധർമ്മംഭർത്താവിശേഷിച്ചുകാണിതാമസം
വേണ്ടാ * വല്ലഭൻവിളിക്കുമ്പോളപ്പോഴേസമീപത്തു ചെല്ലാത്തതരുണീ
നാംശോകിയായ്ചതിയഞ്ഞു * ജന്മങ്ങൾവേണ്ടിവരുമെന്നതുമറിഞ്ഞാലും
സമ്മതികളായുള്ളസജ്ജനങ്ങൾചൊല്ലുന്നേവം * പോകനീയെന്നുനിർ
ബന്ധിച്ചിതുബന്ധുജനം അകവേപറഞ്ഞനുവദിച്ചാരെന്നേവേണ്ടു * യാ
ത്രയുംചൊല്ലിപ്പുറപ്പെട്ടിതുഞാനുംമുദാ തത്രനിന്നന്തോളത്തിലേറിഞാൻമടി
യാതെ * അതഃപരംബന്ധുക്കളുമൊക്കവേപുറപ്പെട്ടു സ്വച്ഛന്ദംപതിഗൃ
ഹംപ്രാപിച്ചേനന്നുതന്നെ * കണ്ടുഞാൻപതിഗൃഹേദീപ്തമാംസുവർണ്ണത്തെ
ക്കൊണ്ടുള്ളപാത്രങ്ങളുംകട്ടിലുംകോളാമ്പിയും * ചന്ദനദ്രുമങ്ങളെക്കൊണ്ടു
ത്തൂണുകൾചുറ്റുംചന്ദനപ്പൂങ്കാവുകൾചന്ദ്രികാമുറ്റങ്ങളും * നിർമ്മലസ്ഫ
ടികങ്ങൾകൊണ്ടുടൻപടുത്തോരുവെണ്മയിൽക്കുളങ്ങളും കേളികാഗേഹങ്ങ
ളും * നാളികേരാദികളുംനീരാഴിക്കെട്ടുകളും നീളവേരത്നങ്ങളുംപാരാതെ ക
ണ്ടുകണ്ടു * ചെന്നുഞാനകംപുക്കുദാസിമാരോടുകൂടിഅന്തോളംതന്നിൽനിന്ന
ങ്ങിറങ്ങിവിളക്കുന്നേരം * ആലയംതന്നിൽനിന്നുചാലവേപുറപ്പെട്ടു * സ്വ
ർണ്ണഭൂഷണമണിഞ്ഞെത്രയുംവിളങ്ങുന്നോ രണ്ണോജാക്ഷിമാരനുജത്തിമാരി
രുവരും * വന്നുടനെൻ്റെകാൽക്കൽവന്ദനംചെയ്തുനിന്നു നന്നായിപ്പൂണ
ന്നുഞാനാശീർവാദവുംചെയ്തേൻ * സ്നാനവുംചെയ്തുപിന്നെഭോജനംമഹാ

ഘോഷം മാനിനിഞാനംപുനരാനന്ദിച്ചിരുന്നുടൻ * അന്താഴംകഴി
ഞ്ഞുഞാൻഭർത്തൃമന്ദിരേചെന്നു മെത്തമേലിരുത്തിനാനെന്നെയങ്ങെന്റെ
കാന്തൻ * എന്നുടെസമീപത്തുവന്നിരുന്നെന്റെനാഥൻ നന്നായിപ്പുണ
ന്നുടൻ നാണവുംശമിപ്പിച്ചു * ധന്യയാംഗുണികയുമന്യയാംകാശീശ
ന്റെ കന്യകയുമെന്റെപാദശുശ്രൂഷചെയ്തീടിനാൾ * ഭണ്ഡാരംസൂക്ഷി
ക്കുന്നമന്ത്രിയെവിളിച്ചുടൻ ഭർത്താവങ്ങുരചെയ്തുഭാര്യമാർകേൾക്കെത്ത
ന്നെ * സർവ്വാർത്ഥങ്ങൾദിവ്യശ്രേണികൾക്കെല്ലാമെന്റെ പൂർവ്വപത്നിയാ
മിവൾനാഥയെന്നറിഞ്ഞാലും * അപരസ്ത്രീയാൽമമദത്തമാം വിത്തം
പിന്നെ കാശിരാജനാൽദത്തമായതുംകൊടുക്കനീ * നമ്മുടെധനങ്ങൾ
ക്കിന്നീശ്വരിയിവൾതന്നെ മന്മതമെന്നുകാന്തൻകല്പിച്ചോരനന്തരം * ദ്ര
വ്യങ്ങളെല്ലാമിനിമേലിവൾതാനധികാരി നിർവ്യാജമതുഞാനും രക്ഷിച്ചുമേ
വീടിനേൻ * അപ്രിയംചെയ്തോരെന്നോടിപ്രകാരമേവം മൽപ്രിയൻക
ല്പിക്കയാൽനാണമായിനിക്കുള്ളിൽ * ഇങ്ങനെബഹുകാലംസുഖിച്ചുവാ
ണീടിനേനങ്ങനെവസിക്കുന്നകാലമങ്ങൊരുദിനം * തൽക്ഷണംമരിച്ചു
ഞാനന്തകാലയമ്പുക്കേ നാക്ഷികൾകൊണ്ടുനമ്മെസൂക്ഷിച്ചുനോക്കിയവൻ
* പാരാതെനരകത്തിലാക്കുവാൻകല്പിച്ചവൻ ക്രൂരമാം നരകത്തിലാക്കിനാ
ർഭടന്മാരും * നീറിനമനസ്സോടെഘോരമാംനരകത്തിൽ നൂറുസഹസ്രംവ
ർഷംദുഃഖിച്ചേനെന്നേ വേണ്ടു * അങ്ങനെകഴിഞ്ഞൊരുപാപശേഷത്താലി
പ്പോളിങ്ങനെ ചിങ്ങപ്പുഴുവായിഞാൻതീർന്നുബാലേ! * എത്രനാളെയുണ്ടു
വൃക്ഷം തന്നുടെപൊത്തിൽകിടന്നാതൽപുണ്ടുഴലുന്നു ഹന്തഞാൻസന്ധ്യാ
ബലീ! * ഭർത്തൃചിത്തത്തെഹരിച്ചീടിനതരുണിമാ ർക്കിതഥമാപത്തെന്നു
ള്ളതെല്ലാംസംഗ്രഹിക്കണം * ഭർത്താവിനൊരുനാളുമപ്രിയംവരുത്താതെ ക
ർത്താവാമതുംഗുരുവായതുമിവനെന്നു * ചിത്തത്തിലുറച്ചുകൊണ്ടെത്രയും
ശുശ്രൂഷിച്ചാ ലുത്തമംസുരലോകംപ്രാപിക്കുംപതിവ്രതാ * കാഷ്ഠീലപറ
ഞ്ഞതുകേട്ടുഞാൻവിരിഞ്ചജേ! കാട്ടിസ്സൌമുഖ്യംഞാനും ചോദിച്ചുകനി
വോടേ * എന്തുകൊണ്ടിനിനിന്റെപാപങ്ങളൊഴിഞ്ഞീടും എന്തുഞാ
നുപകാരം ചെയ്യേണ്ടുനിനക്കെടോ! * എന്നതുകേട്ടുപറഞ്ഞീടിനാൾകാ
ഷ്ഠീലയും എന്നുടെദുരിതങ്ങൾതീരുവാൻപാരംദണ്ഡം * ഭൂമിയുംധന
ങ്ങളുംതന്നതുകൊണ്ടുമിന്നു മാമകംപാപംനശിച്ചീടുകയില്ലബാലേ! *
നിന്നുടെമനസ്സലിഞ്ഞെന്നാകിലിന്നുതന്നെ എന്നുടെഗതിവരുമാറതുമുര
ചെയ്യാം * മാഘമാസത്തിനുള്ളമാഹാത്മ്യംകേട്ടാലുംനീ മോഘമല്ലൊരു
ജാതികൾക്കുമീമാഘസ്നാനം * മാഘമാസത്തിൽമൂന്നുകൂട്ടമാംദുരിതങ്ങൾ
ലാഘവംവരുമെന്നുദീരണംചെയ്തീടുന്നു * ഭൂതവുംഭവിഷ്യത്തുംവത്തമാന
വുംമൂന്നു പാതകപ്രകാരങ്ങൾമാഘസ്നാനത്താൽതീരും *ദുഷ്കൃതികൾക്കു
മാഘസ്നാനവുംകഴിവരാ നിഷ്കൃതിദുരിതങ്ങൾക്കായതുതന്നെമതി * ദേ
വകളുടെതേജസ്സൊക്കവേമാഘമാസേ കേവലംജലംതന്നിലാകുന്നു വരാന
നേ! * ഗംഗയുംയമുനയുംകാവേരിഗോദാവരി തുംഗഭദ്രയുംദിവ്യവാഹിനീ
നിജപൂർണ്ണാ * ആയതുലഭിക്കാഞ്ഞാലന്യവാരികൾപോരും തോയക്കൂപ

ത്തിൽനിന്നുകോരിയാലത്തുംമതി * ഉഷ്ണതോയത്തെക്കൊണ്ടുസ്നാനമകാല
മാകാ വിഷ്ണുപൂജാദികൾക്കയോഗ്യമല്ലെന്നസ്നാനം * മിത്രനുദിക്കാതെ
തീൎത്ഥതോയങ്ങൾക്കേതും ശുദ്ധിയില്ലതുമൂലമുദിച്ചേകുളിക്കാവൂ * ദുൎല്ലഭം
ജലമെങ്കിൽ കുംഭത്തിൽകോരിവച്ചാൽ മെല്ലവെകാററുമേററാൽഗംഗയ്ക്കുതു
ല്യംജലം * ഭൂതലേമാഘസ്നാനംകൊണ്ടുടൻനശിക്കാത്ത പാതകമില്ലെന്ന
റിഞ്ഞീടുകമഹാഭാഗേ! * ശക്തരല്ലാത്തവൎക്കെല്ലാംമൂന്നുദിവസംസ്നാനംവേണം ചക്രമ
ങ്ങവസാനേമുഷ്ടാന്നംപ്രധാനവും * അച്യുതസ്വരൂപനാംഭാസ്കരാനമസ്കാ
രം സച്ചിദാനന്ദാകാര! സന്തോഷിച്ചരുളേണം * ഇത്ഥമങ്ങുറപ്പിച്ചുദമ്പ
തിമാരെപ്പൂജിച്ചുത്തമദാനംതുകൎമവസ്ത്രസാധനങ്ങളും * ഔദനത്തിലംഗു
ളംമോദകങ്ങളുംദാനം വേദിയന്മാൎക്കുചെയ്തുപുണ്യത്തെലഭിക്കണം * മൂന്നു
കൂറെള്ളുഗുളം നാലിലൊന്നുതുംകൂട്ടി നന്നായിച്ചുമലൎജ്ജിതകംചേൎത്തുകൊ
ണ്ടു * മുപ്പതുവത്സൻദാനംചെയ്യണംവിപ്രന്മാൎക്ക് മുപ്പതാംദിവസത്തിലി
ങ്ങനെയൊരുവിധി * അഭ്യംഗസ്നാനമാഘേനിന്ദിതംനൃപാത്മജേ! സഭ്യ
ന്മാരുടെമതംസാധുവെന്നറികനീ * ഭാസ്കര ഭഗവാനേ നിന്തിരുവടിയുടെ
ഭാസ്സിനെജ്ജലംതന്നിൽസംക്രമിപ്പിച്ചീടണം * ദേവദേവദിവാകരാതാവക
പ്രഭകൊണ്ടു പാവനീഭൂതംജലംപാതകപ്രണാശനം * എന്നുടെമാഘസ്നാ
നംപൂൎണ്ണമാക്കണംഭവാനെന്നുടെദിവാകര നാഥദേവനമോസ്തുതേ * ഇ
ങ്ങനെചൊല്ലിസ്നാനംചെയ്യണംമാഘമാസ മംഗലംഫലമെന്നാൽബ്ര
ഹ്മത്തെപ്രവേശിക്കാം * മാഘമാസത്തിൽശുക്ലപക്ഷത്തിലേകാദശി മേ
ഘവൎണ്ണന്റെദിനംനോൽക്കണംവിശേഷിച്ചും * സൂൎയ്യവാരവുമന്നു തുട
ങ്ങിയെന്നാകിലോ ചാരുവായെന്നേവേണ്ടു സാരസേക്ഷണേബാലേ * മാ
ഘശുക്ലൈകാദശിപാപത്തെനശിപ്പിക്കും രാഘവൻപണ്ടുരക്ഷോവംശ
ത്തെയെന്നപോലെ * കഷ്ടകൎമ്മിയാംനൃപൻരാജ്യത്തെനശിപ്പിക്കും ദുഷ്ട
യാംകുടുംബിനികാന്തനെനശിപ്പിക്കും * ദുശ്ശീലൻസുതൻതന്റെവംശ
ത്തെനശിപ്പിക്കും കശ്മലാമാത്യൻതന്റെസ്വാമിയെനശിപ്പിക്കും * സൎവ്വ
ധിക്കാരിതന്റെസമ്പത്തുനശിപ്പിക്കും*ദുൎവ്വിനീതവാൻതന്റെമാനത്തെന
ശിപ്പിക്കും * സൎവ്വദാശാഠ്യംതന്റെമിത്രത്തെനശിപ്പിക്കും ക്രൂരനാമ
വന്തന്റെനാരിയെനശിപ്പിക്കും * ദത്തവഞ്ചനംധനംധൎമ്മത്തെനശിപ്പി
ക്കും വിത്തഗൎവ്വിതൻവിനയത്തേയുംനശിപ്പിക്കും * എന്നതുപോലെമാഘ
ശുക്ലയാമേകാദശി നമ്മുടെജന്മകോടിപാതകംനശിപ്പിക്കും * കാഞ്ചനം
കൊണ്ടുവരാഹാകൃതിനിൎമ്മിച്ചുടൻ താമ്രയാകുംഭംതന്നിൽവച്ചുതുവസ്ത്രം
കൊണ്ടു് * ഛാദനംചെയ്തുതാമ്രപാത്രത്തിൽവെച്ചുപിന്നെ സാദരംനവര
ത്നമായതിനുള്ളിലാക്കി * പത്മമിട്ടതിന്മദ്ധ്യേവച്ചുടൻപൂജിക്കണം പത്മ
നാഭനെഭൂദേവിയെയുമാവാഹിച്ചു * ദീപവുംവെച്ചുധൂപദീപാദികൊ
ണ്ടു ഭദ്രമാമപൂപാദിപായസനിവേദ്യവും * രാത്രിയിലുറങ്ങാതെനോററു
കൊണ്ടേകാദശ്യാം ധാത്രീദേവന്മാൎക്കുപിറേറന്നാൾദാനംചെയ്തു * ചാരു
ഭോജനംകൊണ്ടുതൃപ്തിയുംവരുത്തിത്താൻ പാരണചെയ്തീടണംപാപവിദി
നോദയേ * ഇങ്ങനെമഹാവ്രതമേകദാസാധിച്ചവ നെങ്ങുമേപുനൎജ്ജന്മ

മെന്നതുവേണ്ടീലല്ലോ * മുമ്പിലേജന്മംനിനക്കീവ്രതംസാധിക്കയാൽ സം
പ്രതിമഹാസമ്പത്തൊക്കവേസാധിച്ചീട്ടും * ചക്രവൎത്തിയാംനൃപന്തന്നുടെ
മഹിഷിയായ്ച്ചക്രപാണിയെസ്സേവിച്ചീട്ടവാൻകഴിവതും * നിന്നുടെപാ
ദത്തോടുസംഗമമുള്ളഭൂമി തന്നുടെയന്തൎഭാഗേനിക്ഷേപകുംഭമുണ്ടാം * പാ
ത്രത്തിൽനോക്കുന്നേരമന്നവുംപൂൎണ്ണമാകും ഗാത്രത്തിൽമാലിന്യവുമുണ്ടാകാ
സന്ധ്യാബലി * ഏതുയുംപ്രസിദ്ധനാംപുത്രനുമുണ്ടായ്‌വരും ക്ഷത്രിയാംഗനേ
നിൻെറമാഹാത്മ്യമനോഹരം * മാഘമാസമേകാദശിനോറ്റുള്ളപുണ്യ
ത്തിൽനിന്നേകമംശംനീമമനൽകുകമഹാഭാഗേ * അതുളവന്നാലെ
ൻെറസൽഗതിവരുംനിനക്കാതുകൊണ്ടുഹാനിയില്ലെടോസന്ധ്യാബലീ
* എന്നതുകേട്ടുഞാനുമത്രയുംമോദത്തോടെ പുണ്യത്തിൽനാലാലൊരുഭാഗ
ത്തെനൽകീടിനാൻ * അന്നേരംതന്നെകാഷ്ഠിലാകൃതിവെടിഞ്ഞവൾ ന
ന്നായിട്ടൊരുദിവ്യനാരീരൂപവുംപൂണ്ടാൾ * ദിവ്യമാംവിമാനത്തിലഞ്ജസാ
കരയേറി ദിവ്യന്മാർവന്നസ്തുതിച്ചീടിനഘോഷത്തോടെ * യാത്രയുംചൊ
ല്ലിസ്വൎഗ്ഗംപുക്കിതുമഹാദേവി പാത്രമായ്വന്നുഞാനുംസമ്പത്തിനതുമൂലം *
കാഷ്ഠിലോപാഖ്യാനത്തെകേൾപ്പിച്ചാൻദേവിതൻെറ ശാഠ്യങ്ങൾശമിക്ക
മെന്നാഗ്രഹിച്ചേവംചൊന്നേൻ *തന്നുടെഭൎത്താവിനോടപ്രിയംചൊല്ലീടി
നാൽ തന്നുടെമഹാപാപമിങ്ങനെവൈചിത്ര്യം * എന്നതുകൊണ്ടുനിൻെറ
കാന്തനോടേകാദശ്യാമന്നഭോജനം വരംവാഞ്ഛിച്ചീടൊലാബാലേ * ഇക്ക
ഥാമാഹാത്മ്യത്തെക്കേൾക്കകൊണ്ടവളുടെ കാൎക്കശ്യംകുറഞ്ഞിലതെല്ലുമെ
ന്നതേവേണ്ടു * ക്രൌൎയ്യമോടുരചെയ്താളഗ്രജസന്ധ്യാവലീ ധീരയായ്‌വ
സിക്കനീയെന്നുഞാൻപറയുന്നു * ശൌരിവാസരേഭുജിച്ചീട്ടുകനരേന്ദ്രന്നു ദു
രിതസങ്കടമെങ്കിലതതുവേണ്ടാതാനും * നന്ദനൻധൎമ്മാംഗദൻതന്നുടെശിരഃ
ഛേദംമന്നവൻചെയ്തീടണം നിന്നുടെമുമ്പിൽവെച്ചു * ഖഡ്ഗമാമസികൊ
ണ്ടുനന്ദനൻതൻെറഗളം ഖണ്ഡനംചെയ്തീടണംതാതനാംരുഗ്മാംഗദൻ*
പുണ്ഡരീകജൻനമ്മോടായതുരനാംവരം ദണ്ഡമില്ലെങ്കിൽവാങ്ങിക്കൊൾ
കയെന്നതുംചെയ്ക * പുത്രനെവധിക്കയോയിന്നിവൻഭുജിക്കയോ യുക്ത
മെന്നതുനീയുംകാന്തനുംനിരൂപിക്ക * ഇത്തരമവളുടെവജ്രതുല്യമാംവാക്കി
നുത്തരംപറയാതെനിന്നിതുസന്ധ്യാബലീ* നന്നെടോനിൻെറവാക്കുചേ
ൎച്ചയുള്ളതുതന്നെ നന്ദനവധമെല്ലതിനിക്കുംഹിതംതന്നെ * ശുക്രഭാഷി
തിപുരാണങ്ങളിൽകേട്ടീടുന്ന ശുക്ലപക്ഷൈകാദശീമാഹാത്മ്യംമഹാഫലം
* ധനത്തെത്യജിച്ചീടാം ധാന്യത്തെത്യജിച്ചീടാം സ്ഥാനത്തെത്യജി
ച്ചീടാംമാനത്തെത്യജിച്ചീടാം * അച്ഛനെത്യജിച്ചീടാമമ്മയെത്യജിച്ചീ
ടാം മിത്രത്തെത്യജിച്ചീടാം മാനത്തെത്യജിച്ചീടാം * ധൎമ്മത്തെത്യജി
ച്ചീടാം സത്യത്തെത്യജിച്ചീടാം കൃത്യത്തെത്യജിച്ചീടാം പതിയെത്യജിച്ചീ
ടാം * അഗ്നിയെത്യജിച്ചീടാം ദേഹവുംത്യജിച്ചീടാം ദേശവുംത്യജിച്ചീടാം
ധൈൎയ്യത്തെത്യജിച്ചീടാം * സ്ഥൈൎയ്യത്തെത്യജിച്ചീടാംസേവത്തെത്യജി
ച്ചീടാംസൎവ്വവുംത്യജിച്ചീടാം * തിങ്ങളിലിരണ്ടേകാദശ്യോപവാസവ്രതംഭം
ഗമാക്കരുതെന്നു ശുക്രമാമുനിമതം * പുത്രനെവധിച്ചീട്ടുംപുണ്യമാമേകാദ

ശിവ്രതംമുടങ്ങാതെസാധിക്കുംരുഗ്മാംഗദൻ പുത്രനിഗ്രഹംനിനക്കാഗ്രഹ
മെങ്കിൽബാലേ!തത്രമേവികല്പമില്ലെത്രയുംമോദംതന്നെ * ഇതഥമങ്ങുരചെ
യ്യുമെല്ലാവേസന്ധ്യാവലീ ചിത്തധൈൎയ്യവുംപൂണ്ടുഭൂപനോടുരചെയ്തു *
ധാതൃനന്ദിനിക്കൊരുസന്ദേഹമില്ലനാഥ! ധാതൃകല്പിതംവരംകിട്ടാതെവി
ടുകില്ല * ഇന്നുനീഭുജിക്കണമായതുഭണ്ഡമെങ്കി ലിന്നുനീയസികൊണ്ടുപു
ത്രനെവധിക്കണം * എന്നിവൾപറയുന്നമനാവ!മടിക്കാതെകൊന്നാലും
കുമാരനെക്ലേശമില്ലിനിക്കേതും * താതനെക്കാളുംക്ലേശംമാതാവിന്നേറും
വിഭോ! ജാതമാമപത്യത്തിലേതുമേകില്ലില്ലഹോ * ഗൎഭധാരണക്ലേശം
പത്തുമാസവുംപിന്നെ തൽപ്രസൂതിയിങ്കലേവേദനസന്താപവും അൎഭകെ
ന്മാരെവളൎത്തീടുകമഹാദുഃഖം ദുൎഭഗന്മാരായിടിലെത്രയുംമനസ്താപം
* ഇങ്ങനെയുള്ളദുഃഖമൊക്കെയുംസുഖന്തന്നെ തങ്ങൾപെററുള്ളപുത്ര
ൻപൂൎണ്ണനായ്ക്കാണുന്നോറും * അഛനിക്ലേശമൊന്നുപോലുമില്ലതുകൊ
ണ്ടു സ്വഛന്ദംലഘുസ്നേഹമാത്മജന്മാരിൽദൃഢം * ഇങ്ങനെയുള്ള
ഞാനുംപുത്രനെക്കൊലചെയ്വാൻ ഭംഗമെന്നിയേകണ്ടുസമ്മതംനൽകീ
ടിനേൻ * താദൃശംജനംതന്നെധൎമ്മത്തെനടത്തുവാനാദരാലാത്മാഗ്ര
പത്ന്യാത്മത്തെയുംത്യജിക്കുന്നു * തദ്ഗുണംഗുണമല്ലോധൈൎയ്യമെന്ന
റിഞ്ഞാലും ദ്വാദശീവ്രതംമുടക്കീടൊലാമഹാത്മാവേ! * പണ്ടൊരു
കപോതത്തെരക്ഷിപ്പാൻതന്റെമാംസംകൊണ്ടുപോയ്പരുന്തിന്നുനൽകി
നാൻശിബിനൃപൻ *ദീനനാംസൎപ്പത്തിനെരക്ഷിപ്പാനൊരുവിപ്രൻകാന
നേചെന്നുതന്റെദേഹത്തെക്കൊടുത്തുപോൽ * അക്ഷാംശരനെന്നുള്ളൊ
രുദേഹംതന്റെ യസ്ഥികൾകൊടുത്തൊരുദേഹത്തെരക്ഷിച്ചുപോൽ *
ധൎമ്മരക്ഷണംചെയ്വാൻഹേതുവാകയാലിന്നു മന്മകൻധൎമ്മാംഗദൻധന്യ
നായ്വന്നുവിഭോ! *കാലതാമസമരുതേതുമേമഹീപാല!ബാലനെവധിച്ചും
നീപാലനംചെയ്കവ്രതം * എന്നതുകേട്ടുപാരംഖിന്നനാംമഹീപാലൻത
ന്നുടെരമണിയോടിങ്ങനെപറഞ്ഞിതു * എന്നുടെമഹാമോഹംകാൺകനീ
സന്ധ്യാബലീ! എന്തുകാരണാൽമുന്നേമന്ദരേചെന്നുഞാനും * എന്തിനീ
ദുൎബ്ബുദ്ധിയെക്കണ്ടുഞാൻകാംക്ഷിച്ചതും എന്തിനുവരംനൽകിയെന്തിനു
കൊണ്ടുപോന്നു * എന്നുണ്ണിക്കുമാരനെക്കൊല്ലുവാൻതന്നെമുന്നം എന്നാ
ലിപ്രയത്നങ്ങളൊക്കവേചെയ്യപ്പെട്ടു * തന്നുടെമക്കളെന്നതെല്ലാൎക്കുമ
ല്ലോരല്ലോ എന്നതിൽവിശേഷിച്ചുമെന്നുടെധൎമ്മാംഗദൻ *മന്നിടത്തിനു
മാത്രമീശ്വരനിഹഞാനിന്നെന്നുടെമകൻ സപ്തദ്വീപങ്ങൾക്കധീശ്വരൻ
* അങ്ങനെമഹാത്മാവാമെന്നുടെകുമാരനെ എങ്ങനെവധിക്കേണ്ടുചിന്തി
ക്കസന്ധ്യാബലീ! * എങ്ങനെയേകാദശീവാസരേഭുജിക്കേണ്ടു എങ്ങനെ
സത്യത്തിന്റെഭംഗത്തെവരുത്തേണ്ടു * ഇങ്ങനെകനിവില്ലാതുള്ളൊരു
ദുൎബ്ബുദ്ധിയെ എങ്ങനെപറഞ്ഞുഞാൻബോധിപ്പിക്കയുംവേണ്ടു * ഇന്നി
യുമൊരുവാക്കുചോദിച്ചുമടങ്ങണം കന്നൽനേർമിഴിയാളേ!പോന്നാലുംസ
ന്ധ്യാബലി! * എന്നുരചെയ്തുനൃപൻകാന്തയോടൊരുമിച്ചുചെന്നുമോഹി
നിയോടുചോദിച്ചുരുഗ്മാംഗദൻ *മോഹിനിമഹാഭാഗേകാരുണ്യമുണ്ടാക

ണംമോഹംകൊണ്ടല്ലോനിന്നെസ്വീകരിച്ചിതുഞാനും * മോഘമാക്കീടൊ
ല്ലാനീയെന്നുടെയേകാദശീവ്രതംലോകനിന്ദിതംനിന്റെശീല മെന്തഹോക
ഷ്ടം! * പുത്രനെവധിക്കയുംവിഷ്ണുവാസരത്തിങ്കൽ ഭുക്തിചെയ്കയുംമഹാസ
ങ്കടംനമുക്കെടോ * എന്നുടെജീവത്യാഗമെങ്കിൽഞാനതുചെയ്യാം! സന്ന്യാ
സികണമെങ്കിലായതുംചെയ്യാമല്ലോ* അന്യകർമ്മങ്ങളതിൽ ക്രൂരമെങ്കിലും
ചെയ്യാമന്നഭോജനമിന്നുചെയ്കയില്ലെടോ! ശുഭേ!* എന്നുടെകുമാരനെനി
ഗ്രഹിക്കയുമില്ലപിന്നെയെന്തൊന്നാലുള്ള ചാൽകെടോ!വരാനനേ!* പുത്ര
നെവധിക്കകൊണ്ടെന്തൊരുഫലം നിനക്കത്രയല്ലേകാദശീഭംഗത്തെക്കൊ
ണ്ടുംതവ* ദോഷനാശമളുംനിന്റെദുഷ്ടസ്വഭാവത്തുംപിന്നെ ശാസനകേൾപ്പാൻ
നിന്റെനീചസ്വഭാവങ്ങളുംഞാനോ * നിൻപാദാംബുജങ്ങളിൽഞാനിതാവ
ഴിപോലെകുമ്പിട്ടുവണങ്ങുന്നേൻകഞ്ജനേത്രയാളേ! * അംഗുലിത്രാണം
കൊണ്ടുശോഭിക്കുംകരങ്ങളെ ശിരസിൽകൂപ്പിക്കൊണ്ടുഭൃത്യഭാവേവീണീടുന്നേ
ൻ * പുത്രനെനമുക്കിന്നുഭിക്ഷയായ്ത്തരേണമേ മിത്രമായതുംമമ നീ
യല്ലോനിതംബിനീ! * ദുർല്ലഭമേകാദശിനാളുപവാസവ്രതം ദുർല്ലഭംധ
ർമ്മാംഗദതുല്യനാംതനയനും * ശുഭേ!മനുഷ്യർക്കുഭാഗ്യമില്ലാതെയായാൽദുർ
ല്ലഭംവസ്ത്രപ്രതിഗ്രഹംചെയ്യും* ദുർല്ലഭംഗംഗാസ്നാനം ദുർല്ലഭംതത്വ
ജ്ഞാനം ദുർല്ലഭംവിശുദ്ധമാംവംശത്തിൽസംഭവം * ദുർല്ലഭം ഗു
ണമുള്ളഭാര്യയോടുള്ളസംഗം ദുർല്ലഭംധനാഗമംദുർല്ലഭംമാനപ്രദം *ദുർ
ല്ലഭംപർവ്വങ്ങളിൽചെന്നുതീർത്ഥസ്നാനം ദുർല്ലഭംമാഘസ്നാനംദുർല്ലഭം
ശാസ്ത്രജ്ഞാനം * ദുർല്ലഭംവിപ്രന്മാർക്കുകൃഷ്ണഗോവിന്ദനാമംദുർല്ലഭംവ്യാധി
കളെബോധിച്ചുചികിത്സിതം * ദുർല്ലഭംകൃത്യാകൃത്യജ്ഞാനമെന്നറിഞ്ഞാ
ലും * എന്നതില്പരംമഹാദുർല്ലഭമേകാദശി എന്നുടെനിയമത്തെനി
ഷ്ഫലമാക്കീടൊല്ലാ * എന്നുടെശിരസ്സറുത്താശുഞാൻദാനംചെയ്യാം എ
ന്നാലുമിതുരണ്ടുമെന്നോടുകഥിക്കൊലാ * ജന്മസാഫല്യംവന്നുവാർദ്ധക്യമ
തുംവന്നുധർമ്മവുമനുഷ്ഠിച്ചുരാജ്യംപരിരക്ഷിച്ചുഞാൻ * ശത്രുമണ്ഡലത്തെയും
ശസ്ത്രത്താൽവധിച്ചുഞാൻ പുത്രനുമുണ്ടായ്വന്നുപൂർണ്ണമായെന്റെകൃത്യം* സാം
പ്രതംമരണത്തിനേതുമേഖേദമില്ല സംപ്രമോദമേജാതം സംഭ്രമന്നമുക്കില്ല
* സന്തതിഘാതമാകുംപുത്രമാരണത്തിനാലെന്തൊരുലാഭംനിനക്കംബുജ
വാസാത്മജേ! * എന്നതുകേട്ടുമുദാമോഹിനിപറഞ്ഞിതുനിന്നുടെകുമാര
നെക്കൊല്ലുവാൻചൊന്നിതോഞാൻ * ഇന്നുനീയേകാദശീപവാസമുപേക്ഷി
ക്കേണംഎന്നതേനമുക്കൊരുനിർബന്ധമുള്ളുനൃപാ! * നിന്നുടെവ്രതത്തി
ന്റെഭംഗത്തെവരുത്തുവാൻ വന്നതാണിരിക്കുന്നു താതന്റെനിയോഗ
ത്താൽ * എന്നതുകേട്ടുവേഗംവന്നിതുധർമ്മാംഗദൻ തന്നുടെഖഡ്ഗമുറ
തന്നിൽനിന്നൂരീടിനാൻ * തന്നെരക്ഷിപ്പാനായിട്ടുഗർഭത്തെസൂക്ഷിക്കുന്നു
തങ്ങടെഭാര്യാപുത്രന്മാർക്കെന്നൽകീടുന്നു * ആത്മസങ്കടങ്ങളിൽപാലനം
ചെയ്യാനല്ലോ ആത്മജന്മാരെഘോരമൊട്ടുണ്ടാവുള്ളക്കുന്നു* ആത്മാർത്ഥംപുത്ര
നെയുംസംഹരിച്ചീടാമെന്നാണാത്മജന്മാരായുള്ള വിദ്വാന്മാർചൊ
ല്ലീടുന്നു * സൽഗുണാംബുധേ!മമത്യാഗംപുണ്യാർത്ഥമായാൽ സൽഗതി

വരുമിനിക്കെന്നാത്തുസുഖമല്ലോ * സത്യവാക്കിന്നു ഭംഗം കൂടാതെ സാധിക്കയാൽ കൃത്യലോപവും ഭവാനില്ലിങ്ങനെയൊരു സുഖം * കണ്ണിതം കൂടാതെള്ളൂ ഖഡ്ഗത്തെക്കൊണ്ടു നമ്മെ കണ്ടാതെ ച്ഛേദിച്ചാലും കാരുണ്യനിധേ! ഭവാൻ ദല * പെററു കർത്താക്കന്മാർക്കു വേണ്ടി സ്ത്രീക്കളോടു ഏററു വെട്ടീട്ടു പാകുന്നില്ലയോ പണ്ടിജ്ജനം * അച്ഛനെ വേണ്ടിച്ചിലരമ്മയ്ക്കു വേണ്ടിച്ചിലർ സ്വച്ഛന്ദം തന്നെ ചിലർ ഗോവിനു വേണ്ടിച്ചിലർ * വിപ്രനു വേണ്ടിച്ചിലർ ദേവനു വേണ്ടിച്ചിലർ ക്ഷിപ്രമേ മരിക്കുന്നു ധന്യരാം പുരുഷന്മാർ * അവർക്കെല്ലാമിപ്പോൾ കീർത്തിനാം മഹാലോകം കേവല വിക്രമം കൊണ്ടു കൈക്കലായല്ലോ താതാ! * എന്നുടെ ശിരച്ഛേദം ചെയ്തു തങ്ങളെന്നാംപോൾ താതന്റെ സത്യം രക്ഷിച്ചീടണം മടിയാതെ * സത്യരക്ഷണം കൊണ്ടു വിഷ്ണുലോകത്തെ താതാ സത്യയം കൂടാതെ കണ്ടെങ്ങ സാമ്പ്രാപിച്ചീടും * അച്ഛനവേണ്ടി പ്രാണത്യാഗത്തിലിരിക്കമിന്നു പുത്രന്റെ ലോകപ്രാപിക്കാമസംശയം * ഇങ്ങനെ കുമാരന്റെ വാക്കുകൾ കേട്ടു നൃപൻ ഭംഗിയിൽ പ്രസന്നമാം പുത്രന്റെ മുഖത്തെയും * രുക്ഷതയേറീട്ടു സമ്മോഹിനീമുഖത്തേയും വീക്ഷണം ചെയ്താനു ചിന്തിച്ചു രുഗ്മാംഗദൻ * ധീരനാം സന്ധ്യാവലിക്കില്ലൊരു ലക്ഷ്യം ക്രൂരയാം മോഹിനിക്കു കാരുണ്യമുള്ളമില്ല * സത്യത്തെ രക്ഷിപ്പാനായെന്നുടെ കുമാരനു മൃത്യുതാൻ വരുത്തുക വേണ്ടിവന്നിതു നൂനം * ഇത്തരമോരോതരം ചിന്തിച്ചു രുഗ്മാംഗദനെത്രയും വിഷണ്ണനായ് നിന്നീടുന്നതു കണ്ടു * മോഹിനി നൃപനോടുരചെയ്തു മഹാമതേ സാഹസം ചെയ്തീടൊല്ലാ പുത്രനെ വധിക്കൊല്ലാ * ഓദനം ഭുജിക്കനീയേതുമേ മടിയാതെ ഖേദമില്ലതു ചെയ്താലാർക്കുമേ രുഗ്മാംഗദ! * ഇങ്ങനെ വിരോധിച്ചു നിൽക്കവേ തന്നെ ഭൂപൻ മങ്ങിനോരാവശതയോടെ വാളുമങ്ങെടുത്തുടൻ * ദക്ഷിണകരം കൊണ്ടു ഖഡ്ഗത്തെ വഹിച്ചു കൊണ്ടക്ഷിതോയത്തിൽ കുളിച്ചീടിനാൻ മഹീപതി * പൂർണ്ണചന്ദ്രനെപ്പോലെ പുത്രന്റെ മുഖാംബുജം സ്വർണ്ണകുണ്ഡലങ്ങളും പൂർണ്ണമാം പ്രകാശവും * ഈക്ഷണം ചെയ്തനേരം ഭൂപന്റെ കയ്യിൽനിന്നു തൽക്ഷണം പതിച്ചിതു തീക്ഷ്ണമാം കൃപാണവും * ഭൂപനും മോഹാലസ്യം പ്രാപിച്ചു ഭൂമൌവീണു ഭാവവൈവർണ്യത്തോടെ പിന്നെയുമെഴുനീററു * ഖഡ്ഗമങ്ങെടുത്തിതു പിന്നെയും മഹീപതി നിർഗ്ഗമിച്ചിതു ബാഷ്പതോയങ്ങളോടന്നേരം * പിന്നെയും കരത്തിൽനിന്നായുധം താഴെ വീണു പിന്നെയുമെടുക്കയുമെന്തൊരു കഷ്ടം കഷ്ടം! * ഹാ സുത! മഹാഭാഗ! ഹാ സുത! മഹീവീര! ഹാ സുത! മനോഹര! ഹാ സുത! സുലോചന! * എങ്ങിനെ നിന്റെ ഗളച്ഛേദനം ചെയ്തിട്ടിങ്ങനെ ഹരിദിനത്തിലോദനം ഭുജിക്കേണ്ടു * ഇങ്ങനെ വളരെ വിധം ഖേദിക്കും ജനകനോടങ്ങുരചെയ്തീടിനാൻ ധീരനാം ധർമ്മാംഗദൻ * എന്തഹോ താത! മോഹമെന്തിനായിതു ഭവാനെന്തിന്നു സന്ദേഹിച്ചു നിൽക്കുന്നു മഹാമതേ! * ഉന്നതനിന്നു മുഖപ്പോതെമിക്കെല്ലും ഹരിദിനവ്രതം കൊള്ളാമെനിക്കിപ്പോളൊന്നാകിലാകാ * സ്വാമി ഭംഗം വരുത്തീട്ടു വാമനികൊണ്ടൊരായുധമെടുക്കവേ വയ്യായ്കക്കുടിക്കുള്ളതെന്തേവിപ്പാനയ്യോ നില്ലൂ ഞാൻ നിന്റെ സത്യം രക്ഷിപ്പാൻ പ്രാണത്യാഗം ചെയ്തുതിന്നൊരുമ്പെട്ടേൻ എന്നെ നീ വധിച്ചാലും പിന്നെ നീ ഭുജിച്ചാലും അന്യഥാ

വന്നവതോഞാനിഹജീവിക്കുമ്പോൾ ഇങ്ങനെധൎമ്മാംഗദൻവാക്കുകൾകേട്ട
നേരംഅങ്ങനെതന്നെനൃപൻപുത്രനെവധിപ്പാനായ് * സമ്മതനായിത
ന്റെചിത്തമങ്ങുറച്ചപ്പോൾഅംബരംതന്നിൽവന്നുനിറഞ്ഞുവിമാനവുംസി
ദ്ധചാരണന്മാരുംയക്ഷഗന്ധൎവ്വന്മാരും സാദ്ധ്യകിന്നരന്മാരുമശ്വിനീദേവ
ന്മാരും*ഇന്ദ്രനുംസുരന്മാരും ചന്ദ്രഭാസ്കരന്മാരുംസാന്ദ്രമാംവൃഷത്തിന്റെമദ്ധ്യ
ഭാഗമേദേവൻശംഖചക്രവുംഗദാഖഡ്ഗനന്ദകങ്ങളുംപങ്കജമിവധരിച്ചീ
ടിനനാരായണൻ*ലക്ഷ്മിയുംഭൂദേവിയുമൊന്നിച്ചുമുകിൽവൎണ്ണൻ പക്ഷിരാ
ജാരൂഢനായ്തൽക്ഷണമെഴുന്നള്ളി * ഭക്തനാംരുഗ്മാംഗദന്തന്നുടെവിശ്വാ
സവും ശക്തനാംധൎമ്മാംഗദൻതന്നുടെധൈൎയ്യങ്ങളും * സാധ്വിയാംസ
ന്ധ്യാവലിതന്നുടെ ഗുണങ്ങളും ഭക്തവത്സലൻദേവൻകണ്ടു മോദിച്ചുനി
ന്നാൻ * അയതുംനരന്തന്റെപുത്രനെക്കൊന്നീടുവാ നായുധമെടുത്തിള
ക്കീടിനാൻരുഗ്മാംഗദൻ * പുത്രനെക്കൊലചെയ്യാൻനിശ്ചയിച്ചിതുധീ
രൻ തത്രനിന്നുംചെയ്താനഞ്ജലിബന്ധത്തോടെ * വിഷ്ണുദേവനെന്നിയെ
മറെറാരുദൈവത്തെഞാൻ വിശ്വസിച്ചിട്ടില്ലെന്നുവിശ്വത്തിലെല്ലാം ശ്രു
തം * ധൎമ്മത്തിലേകാദശിധൎമ്മമെന്നല്ലാതൊരു ധൎമ്മവുമറിഞ്ഞതില്ലേതു
മേജഗല്പതേ! * സത്യത്തെലംഘിപ്പാനുംശക്തനല്ലായ്കകൊണ്ടു പുത്രനെവ
ധിക്കുന്നേനത്രഞാൻനാരായണ! * വിശ്വനായക! വിഷ്ണോ!വൈകുണ്ഠ!
ജഗല്പതേ! സച്ചിദാനന്ദമൂൎത്തേ!രക്ഷിച്ചുകൊള്ളേണമേ! *മോഹിനീദേവി
തന്നിലുണ്ടായമോഹത്താലീ സ്സാഹസംവന്നുകൂടി മോഹനാശന!വിഷ്ണോ!
* നിന്മഹാമായാബന്ധമൊക്കവേജഗല്പതേ! നിന്മാഹാത്മ്യത്താൽതീൎത്തു
രക്ഷിച്ചീടണംവിഭോ! * നമ്മുടെയേകാദശീധൎമ്മത്തെക്കൊണ്ടുദേവൻ
ചിന്മയൻജഗന്മയൻനിൎമ്മലൻനിരഞ്ജനൻ * ജന്മനാശാദിഹീനൻ ധ
ൎമ്മസ്ഥാപനകരൻ കല്മഷംതീൎത്തുരക്ഷിച്ചീടുവാൻവന്ദിക്കുന്നേൻ * വി
ശ്വനായകനമോവിശ്വപാലകനമോ സച്ചിദാനന്ദസ്വരൂപായതേനമോ
നമഃ * ഇത്തരംധ്യാനിച്ചുറച്ചീടിനാൻരുഗ്മാംഗദൻസത്വരംകുമാരന്റെ
കണ്ഠത്തിൽ വെട്ടീടുവാൻ * തൽക്ഷണമുയൎത്തിനഖഡ്ഗത്തെപ്രയോഗി
ക്കും ദക്ഷിണഹസ്തത്തെനാരായണൻപിടിച്ചുടൻ * പക്ഷിരാജാധിരൂ
ഢൻപാൎശ്വതോവിളങ്ങുന്നലക്ഷ്മിയുംധരിത്രിയുംപ്രത്യക്ഷീകരിച്ചിതു *
മൂൎത്തിമത്തുക്കളായശംഖചക്രാദികളും പാൎത്ഥിവേന്ദ്രന്റെമുമ്പിൽകാണാ
യിമുനികളും * നാരദൻസനൽക്കുമാരാദിയാംമഹത്തുക്കൾ മാരുതൻധനേ
ശനുമഗ്നിയുംവരുണനും * വാസവൻവസുക്കളും വാനവർകുലങ്ങളും
വ്യാസനുമെന്നുവേണ്ടാദിവ്യന്മാരനവധി * സൽക്കിരീടവുംരത്നകു
ണ്ഡലങ്ങളുംനല്ല ഫുല്ലപത്മങ്ങൾപോലെദീൎഘലോചനങ്ങളും *
കൌസ്തുഭശ്രീവത്സവുംഹാരങ്ങൾവനമാലാ വിസ്തൃതംഹരിമണി
ശ്യാമളവക്ഷസ്ഥലം * സ്ഥൂലദീൎഘങ്ങൾനാലുതൃക്കൈകൾകട
കങ്ങൾ ലോലകങ്കണങ്ങളുംശംഖചക്രാദികളും * പീതമാമുടയാടകാ
ഞ്ചികൾകടിസൂത്രം പാദപങ്കജങ്ങളിൽമഞ്ജുമഞ്ജീരദ്വയം * ഇങ്ങ
നെമനോഹരം വൈഷ്ണവസ്വരൂപത്തെ ഭംഗിയിൽകണ്ടുവണങ്ങീടി

നാൻരുഗ്മാംഗദൻ* പുത്രനുംസന്ധ്യാവലിദേവിയുംപ്രസാദിച്ചു നേത്ര
പീയൂഷതൃപ്പാദാന്തികേവണങ്ങിനാർ *ധന്യനാംരുഗ്മാംഗദൻതന്നത്താൻ
മറന്നുകൊണ്ടന്യമൊന്നറിയാതെനാഥനെസ്തുതിചെയ്തു *ശ്രീപതേജഗൽ
പതേമാധവ! ദയാനിധേ! ശ്രീപാദാംബുജംവന്ദേനാഥഹേനമോസ്തുതേ
* സ്ഥാവരങ്ങളുംപിന്നെജംഗമങ്ങളുംരണ്ടു ഭാവമായുള്ളോനായുള്ളവസ്തുക്ക
ളെല്ലാംഭവാൻ * നിഷ്കളബ്രഹ്മസ്വരൂപാമൃതംനിരഞ്ജനം നിഷ്കളങ്കമാം
ദേവസഞ്ചയംസനാതനം * നിഷ്ക്രിയംനിരാധാരംനിർമ്മലംനിരാമയം
പുഷ്കലംപുരാതനംപൂർണ്ണമാനന്ദംഭവാൻ * സംഗവർജ്ജിതൻഭവാൻസച്ചി
ദാനന്ദവിഷ്ണോ! തുംഗനാഗഗംഭീരപുണ്യദാകൃതേ!ഹരേ * ഏകനാംഭവാൻ
മായാദേവിയെയക്ഷികൊണ്ടാ ലോകനംചെയ്യുന്നോരാലോകങ്ങൾപതി
നാലും * ബ്രഹ്മാദിപിപീലികാപര്യന്തംപ്രകാശിക്കും ബ്രഹ്മാണ്ഡങ്ങളും
ബഹുവെവ്വേറെകാണായ്വരും * എള്ളിലെത്തൈലംപോലെനിന്തിരുവടി
യുടെ ഉള്ളിലെരജോഗുണമെന്നല്ലോചൊല്ലീടുന്നു * ചിന്തിച്ചാൽവിരി
ഞ്ചനെന്നുള്ളൊരുമൂർത്തിഭേദം സന്തതംതമോഗുണംരുദ്രനെന്നറിയുന്നേൻ
* കോമളശുദ്ധസത്വംനിന്തിരുവടിതാനും നിഷ്കളബ്രഹ്മംപരംനിർമ്മ
ലംനിരന്തരം മഹ്യമേകുകവരംസൽഗതിപ്രദംശുഭം * മന്മനോരംഗംവി
ളങ്ങീടുവാൻപ്രസാദിക്ക കല്മഷമാകുംതമോരാശിക്കുദിവാകരാ!* മീനവി
ഗ്രഹംധരിച്ചുഗ്രനാം ഹയഗ്രീവദാനവേന്ദ്രനെക്കൊന്നു വേദത്തെവീണ്ടു
ഭവാൻ * കമഠരൂപംധരിച്ചംബുധൌ നിമഗ്നമാംവന്മലപൊങ്ങിച്ചതും
നിന്തിരുവടിയല്ലോ * കോലരൂപിയായ്ചെന്നുഭൂമിദേവിയെവീണ്ടു ലീല
യാവിഹരിച്ചുനൃസിംഹവേഷംപൂണ്ടു * ദുഷ്ടനാംഹിരണ്യനെദാരണംചെ
യ്തു ഭവാൻ * വാമനാകാരംപൂണ്ടുസ്വർഗ്ഗവുംപാതാളവും ഭൂമിയുമളന്നു
മേടിച്ചതുഭവാനല്ലോ * ജാമദഗ്ന്യനായ്പിന്നെക്ഷത്രിയകുലമെല്ലാംനാമശേ
ഷമുമാക്കിത്തീർത്തതുഭവാനല്ലോ * ജാനകീപതിശ്രീമദ്രാമരൂപനാംഭവാ
ൻ ഭാനുവംശത്തിൽദാശരഥിയായ്പിറന്നതും * പംക്തികണ്ഠനെക്കൊലചെ
യ്തുപോൽപരാക്രമി പംക്തിപാവനക്ഷോണിക്കേകിവല്ലഭൻഭവാൻ *സീരി
യായതുംഭവാൻകൃഷ്ണനായതുംഭവാൻ ദ്വാരകതന്നിൽസ്വൈരംവാണതുംഭ
വാനല്ലോ * ചക്രമായിട്ടുചെന്നുബൌദ്ധമണ്ഡലമെല്ലാംനിഗ്രഹിച്ചതുമി
നിക്കാലാവസാനത്തിങ്കൽ * കല്കിരൂപിയായ്ഖഡ്ഗപാണിയായ്വന്നു
മേലി ലൊക്കവേസമാപ്തിയാക്കുന്നതുംഭവാനല്ലോ * ഇങ്ങനെദശാവതാ
രങ്ങളുംഭൂയോഭൂയോ ഭംഗമെന്നിയേഭവാനാവർത്തിക്കുന്നവിഭോ! * പങ്കജേ
ക്ഷണ! വന്ദേവാഞ്ഛിതപ്രദവന്ദേനിങ്കഴലിണനിത്യംസ്മരിക്കായ്വരേണമേ
* ഇത്തരംപലതരമെത്രയുംഭക്തിയോടെ ചിത്തമേകാഗ്രമായിനിന്നുടൻ
രുഗ്മാംഗദൻ * പാണികൾകൂപ്പിസ്തുതിച്ചീടിനനേരംതന്റെപാണികൾ
പിടിച്ചുരുൾചെയ്തിതുജനാർദ്ദനൻ * ഭൂപതേരുഗ്മാംഗദാ!നിങ്കൽഞാൻ
പ്രസാദിച്ചേൻ ശോഭനംനിന്റെഭക്തിവിശ്വാസംവിനീതിയും * നമ്മു
ടെദിനങ്ങളിൽനിദ്രയുമശനവും വെണ്മയിൽവെടിഞ്ഞുനീദാഹ്യയുംതഥൈ
ജനം * നമ്മുടെപാദാർച്ചനംചെയ്തുകൊണ്ടിനിമേലിൽ നമ്മുടെസാരൂപ്യ

മാമാനന്ദംപ്രാപിക്കനീ * ധാർമ്മികധർമ്മാംഗദ!ശോഭനേസന്ധ്യാവലീ!
നിർമ്മലംമമസ്ഥാനംനിങ്ങൾക്കവകാശംസദാ * പരസോഹരുഗ്മാംഗദാ!നി
ങ്ങളെല്ലാരുമിപ്പോൾ മത്സമന്മാരായ്വന്നു ഭക്തിനിമിത്തമായ് * നിങ്ങളും
ഞാനുമൊരുഭേദമില്ലാതെവന്നുനിങ്ങൾക്കമിനിവാസം വൈകുണ്ഠസ്ഥാനേ
ള്ളും * പോകനാംരുഗ്മാംഗദാനമ്മുടെലോകംതന്നിൽ ലോകപാലക
ന്മാരേ! പോന്നാലുംവിരവോടെ * നിങ്ങടെരാജ്യങ്ങളിലുള്ളമാനുഷന്മാരും
നിങ്ങടെപൌരന്മാരുംമന്ത്രിപുംഗവന്മാരും * ഭൃത്യമാർശേഷവുംദാസിമാർ
ദാസന്മാരും സുഹൃത്തുംവംശജാ!നിങ്ങളോടൊന്നിച്ചുപോന്നീടണം * വൈന
തേയനെൻറപ്പൃഷ്ഠേപാരടൻകേറുക മാനവാധീശഭാര്യാപുത്രനോ
ടും *വിഷ്ണുദേവനേവംകല്പിച്ചശേഷംതദാ വിഷ്ണുതുല്യന്മാരായിതന്നേര
മവർകളും * പീതാംബരമണിഞ്ഞുംശംഖചക്രഗദാപത്മം സ്വർണ്ണശാർങ്ഗ
വുംവരാഭയംകൃപാണവും * മീനകുണ്ഡലങ്ങളുംകൌസ്തുഭശ്രീവത്സവും
പീനമാംകിരീടവുംപീതമാംദുകൂലവും * ഇങ്ങനെരുഗ്മാംഗദൻതന്നുടെ
രൂപംതദാഭംഗിയിൽചതുർഭുജാകാരമായ്ശോഭിച്ചിതു* കേവലംചതുർഭുജ
ന്മാരായിഭൂവാസികൾ മുഖ്യമാമേകാദശീമാഹാത്മ്യത്തിൻമൂലം * തൽപു
രംതന്നിലുള്ളജീവജന്തുക്കളെല്ലാം പത്മനാഭൻറരൂപംധരിച്ചുപുറപ്പെട്ടു
* വിഷ്ണുദേവൻതൻറവൃന്ദവുമൊരുമിച്ചു വിഷ്ണുലോകത്തെക്കെതി
ച്ചാകാശമാർഗ്ഗത്തൂടെ * ശംഖനാദവുംഭേരിനാദവുംസുരാംഗനാസംഘങ്ങ
ളൊരുമിച്ചുനൃത്തവുംഗാനങ്ങളും * നാരദമുനീന്ദ്രൻവീണയിൽസ്തുതികളും
ഗന്ധർവ്വസംഘങ്ങളുമിന്ദ്രനുംവിരിഞ്ചനും * ദേവകൾസമൂഹവുംചന്ദ്രാ
സൂര്യന്മാരും ചന്ദ്രചൂഡനുംഭൂതജാലവുംവന്നുകൂടി * മുമ്പിലങ്ങകമ്പടിയാ
യിട്ടുപുറപ്പെട്ടു മുപ്പത്തുമുക്കോടിയുംജൃംഭിച്ചഘോഷത്തോടെ * വൈകുണ്ഠ
ലോകത്തേക്കുഗമിച്ചാരതിദ്രുതം മുററുമങ്ങയോദ്ധ്യയിൽമോഹിനിതാനല്ലാ
തെമറെറാരുപിപീലികാമാത്രവുമില്ലാതായി *എല്ലാരുംഗമിക്കുമ്പോളെത്ര
യുംഖേദത്തോടെ വല്ലാതെയുഴലുന്നമോഹിനീദേവിയോടും* ആരുമേയുരിയാ
ടാതാകുംവണ്ണംകൊണ്ടു ഘോരമാൻഗേഹമേതുമേകല്പിച്ചീലാ *അതുമി
ല്ലാത്തദിക്കിൽപേടിച്ചുവിറച്ചുടൻപാരമല്ലലുംപൂണ്ടുമോഹിനിമേവീടിനാ
ൾ * ഗൌരവത്തോടെവിഷ്ണുദേവവൃന്ദങ്ങളും ക്ഷീരവാരിധിമദ്ധ്യംപ്രാ
പിച്ചുരഭസമേ *ശ്വേതമാംദ്വീപംതന്നിൽതന്നുടെനികേതനേ പീതമാം
മഹാമണിമന്ദിരംപ്രവേശിച്ചു * ഗരുഡസ്കന്ധംതന്നിൽനിന്നുടനിറങ്ങി
യങ്ങുശ്രദ്ധനായിഫണിമെത്തമേൽനാരായണൻ * കാല്ക്കലുംതലയ്ക്കലുംഭൂ
മിയുംശ്രീദേവിയും അരികമോടിരിക്കവേഞ്ഞാസന്താപമുള്ളിൽകൊണ്ടു * വി
ഷ്ണുസാരൂപ്യംലഭിച്ചീടിനാർരുഗ്മാംഗദൻവിഷ്ണുദേവൻറപാർശ്വവർത്തി
ച്ചുനിന്നീടിനാൻ * ഇപ്രകാരമേതന്നിൽസുതൻധർമ്മാംഗദൻ സുപ്ര
മോദമോടുവണ്ണംസേവിച്ചുവസിച്ചിതു * ശിഷ്ടരാംപൌരന്മാരാംമന്ത്രിശ്രേ
ണികൾവിഷ്ണുരൂപികൾഹരിയുടെസന്നിധൌമേവീടിനാർ സുപ്രസന്നമാം
വണ്ണംവിഷ്ണുപാദാബ്ജംസദാ സുപ്രമോദമാംവണ്ണംസേവിച്ചുവാണീടി
നാർ * ഇങ്ങനെഋതുധ്വജപുത്രനാംരുഗ്മാംഗദൻ തിങ്ങിനഭക്തിയോടെ

വിഷ്ണുവാസരംതോറും * പുത്രമിത്രാദിപ്രജാവൃന്ദത്തോടൊരുമിച്ചുഗോത്രപാ
രമ്പൎയ്യങ്ങളെല്ലാക്കാവേശുദ്ധമാക്കി * പത്മനാഭന്റെലോകംപ്രാപിച്ചുവി
ളങ്ങിനാൻ പത്മനാഭാകാരത്തെപ്രാപിച്ചുസാന്ദ്രാനന്ദം * ഈവണ്ണമേകാദ
ശീമാഹാത്മ്യംഗ്രഹിച്ചു കൊണ്ടാദരാലേകാദശിതോറുംകൊള്ളേണംനാങ്ങ
ൾ * മുററുമങ്ങേകാദശീധൎമ്മത്തെപ്പോലെവ്വേറെ മററൊരുധൎമ്മമില്ലവൈകു
ണ്ഠം പ്രവേശിപ്പാൻ * വിത്തൈശ്വൎയ്യംയശസ്സിനുംസന്തതിലഭിപ്പാനും ശത്രുസം
ഹാരത്തിനുംക്ഷേമസൌഭാഗ്യത്തിനും * നല്ലൊരുമെട്ടുംമംഗല്യത്തിനും
മോക്ഷത്തിനും വല്ലതുമുക്കൊകാദശ്യുപവാസവ്രതം * ഉണ്ണുന്നതുമുറങ്ങുക
തംഗനാസംഗമത്തെപ്പിന്നെയും താംബൂലവുംവൎജ്ജിച്ചുതോറേറണം * ദ
ണ്ഡമില്ലൊരുവക്കമിവ്രതം സാധിപ്പതിനെണ്ണമില്ലതിനുടെപുണ്യമെന്നറി
ഞ്ഞാലും * ഇത്ഥമങ്ങരുചെയ്യുംസൂതനോടാശ്രു മുനിസത്തമന്മാരാമവർപി
ന്നെയുംചോദ്യംചെയ്തു * വിശ്രുതൻരുഗ്മാംഗദൻവിഷ്ണുസായൂജ്യത്തോടെ
വിഷ്ണുലോകത്തെപ്രാപിച്ചീടിനദശാന്തരേ * സാകേതപുരംതന്നിലേകയാ
യ് വസിച്ചോരുലോകേശാത്മജയായമോഹിനിയെങ്ങുപോയി? * അക്ക
ഥാശേഷംകഥിച്ചീടുകസൂതതപോധനാ കേട്ടീടുവാനാഗ്രഹംഞങ്ങൾ
ക്കുള്ളിൽ * എന്നതുകേട്ടുസൂതൻപിന്നെയുമുരചെയ്തു മഹാപ്രാജ്ഞന്മാരേ!
കേട്ടാലുംകേൾപ്പിക്കാംഞാൻ * രുഗ്മഭൂഷണൻ വിധിപാലന്റെപുത്രമോഹി
തൻ രുഗ്മമാലയോടുംപ്രഗത്ഭരോടെപരിമഗ്നനായ് * അയിരംകാതമനാ
ധരശിങ്കൽനിന്നുപൊങ്ങി സായമാംകാലേതദാ സാകേതംപ്രവേശിച്ചാൻ *
അന്നേരംപുരമതുശൂന്യമായ്ക്കണ്ടുമുനിതന്നുടെ ദിവ്യദൃഷ്ടികൊണ്ടറിഞ്ഞിതു
വാൎത്ത * ഇന്ദ്രാദിദേവന്മാരുംബ്രഹ്മദേവനും ചെയ്തോരിന്ദ്രജാലംകൊണ്ടിതു
സംഗതിവന്നുവധം * അതതുധരിച്ചുടൻകോപിച്ചുജലജാതൻ അതതാ
ക്ഷിയെഭസ്മമാക്കുവാനൊരുമ്പെട്ടു * താപസൻജലജാതൻകോപിച്ചങ്ങുര
ൾചെയ്തു ശാപവഹ്നിയിൽസുരന്മാരെയുംദഹിക്കുന്നേൻ * എന്നതുകേട്ടുഭ
യപ്പെട്ടിതുസുരന്മാരും വന്നുടൻപുരോഭാഗേപ്രത്യക്ഷന്മാരായ്നിന്നു * ദുഷ്ട
യാമിവളുടെപക്ഷത്തിൽനിന്നീടുന്ന ദുഷ്ടരെല്ലാമിന്നുഭസ്മമാക്കുന്നേനാ
ഹം * ദേവദൈത്യാദികളിലേവനെന്നാലും കടലേവെന്നിന്നുവിളിപ്പവർമോ
വമുണ്ടിനിക്കിപ്പോൾ * മോഹിനിക്കനുകൂലംചെയ്തവന്മാരാപാപിമോഹി
നി ചെയ്തപാപമായവൻകൈക്കൊള്ളേണം * നില്ലെടീദുരാചാരമോഹി
നി! മഹാമൂഢേ! നിന്നുടെകൌടില്യംഞാനാക്കവേബോധിക്കുന്നേൻ *
അസ്മദ്രാജന്റെവംശംമുടിക്കാൻവന്നനിന്നെ ഭസ്മമാക്കാതെയയച്ചീടുമോ
ജലജാതൻ * രുഗ്മഭൂഷണന്തന്റെവിഷ്ണുവാസരവ്രതം വിഘ്നമാക്കുവാൻ
മോഹിച്ചെന്തെല്ലാംപറഞ്ഞു നീ * മുഗ്ദ്ധനാംകുമാരനെക്കൊല്ലുവാൻ
ചൊന്നജിഹ്വഭസ്മമാക്കാഞ്ഞാലെന്റെവീൎയ്യംകൊണ്ടെന്തുഫലം? വെള്ള
ത്തിൽമുങ്ങിക്കിടന്നെപ്പൊഴും പ്രാണായാമമുള്ളതിൽശുദ്ധിയോടെചെയ്യു
ന്നജലജാതൻ * ശുദ്ധമന്ത്രത്തെജ്ജപിച്ചുഭസ്മതളിച്ചപ്പോൾ വാരിബിന്ദു
ക്കൾതന്നെവഹ്നിയായ്ജ്വലിച്ചുടൻ * ബാലിശാക്ഷിയെച്ചുട്ടുനുഭഹിച്ചുള്ള
ന്നിതു സാഹസമതുതന്നിങ്ങനെകോപിക്കൊല്ലാമോഹിനീദേഹംദഹിച്ചു

ടൊലാമഹാമതേ! * ദേവസിദ്ധന്മാരേവമാകാശേഘോഷിക്കുമ്പോൾ പാവകൻകൃശാംഗിയെഭസ്മശേഷവുമാക്കി * കണ്ടുനില്ക്കുന്നദേവവൃന്ദങ്ങളെല്ലാമപ്പോൾ മണ്ടിനാർഭയപ്പെട്ടുവാനവലോകത്തേക്കു * മോഹിനിയുടെ ജീവൻസ്വർഗ്ഗത്തെപ്രവേശിച്ചു ഗേഹദ്വാരത്തുചെന്നുനിൽക്കുമ്പോൾ ദേവദൂതൻ * ഇങ്ങോട്ടുകടക്കാതെ ദുർഗ്ഗേദുരാചാരേ! ഞങ്ങൾക്കുകുററമുണ്ടാംതമ്പുരാനറിയുമ്പോൾ * വിഷ്ണുഭക്തന്മാരോടുവിപ്രിയംചെയ്തനിന്നെ ജിഷ്ണുലോകത്തിലിരുത്തീടുമോമഹാപാപേ! * ഘോരമാംനരകത്തിൽചെന്നുനീപതിച്ചാലും ക്രൂരകർമ്മത്തെചെയ്തകാരണംമഹാമൂഢേ! * ഇത്തരംപറഞ്ഞുടൻതാഡനംചെയ്തീടിനാർ ശക്തനാംദേവേന്ദ്രൻെറദൂതന്മാരവളെയും * നാരകസ്ഥാനങ്ങളിൽച്ചെന്നപ്പോൾതത്രമേവും ധീരരാമധികാരിവീരന്മാരുരചെയ്തു * ഇക്കാലംനരകത്തിലാരുമേവരാറില്ല ധിക്കാരംകാട്ടീടിനനീവന്നുകേറാതെ * കല്പനക്കൂടാതാരെന്നാകിലുംവന്നീടുകിൽ കെല്പോടുപുറത്താക്കിത്താഡനംചെയ്യുംഞങ്ങൾ * എന്നുള്ള വാക്കുകേട്ടുപേടിച്ചുമണ്ടീടിനാൾ ചെന്നിതുപാതാളത്തിലിരിപ്പാൻ മോഹത്തോടെ*പാതാളേവസിക്കുന്നപന്നഗപ്രവരന്മാർപാതകംചെയ്തനീയെന്തിങ്ങോട്ടുവന്നുമൂഢേ! * ഇട്ടിക്കിൽനിന്നുദൂരെപ്പോയില്ലെന്നാകിൽനിന്നെ മർദ്ദിക്കുംനിന്നെവിഷജ്വാലയാൽമഹാപാപേ * ഇത്തരമവരുടെവാക്കുകൾകേട്ടുഭീത്യാ സത്വരംചെന്നുഗംഗാസ്നാനവുംചെയ്തീടിനാൾ * ഗംഗയുമരുൾചെയ്തുവിഷ്ണുദ്രോഹിണീനിൻെറ സംഗത്താലിനിക്കുമുണ്ടായ്വരുംമഹാപാപം * എന്നെനീയിനിസ്പർശിച്ചീടൊലാനടന്നാലും എന്നതുകേട്ടുപോന്നുവാനവർപുരംപുക്കാർ * പഞ്ചഭൂതങ്ങൾകൂടിപ്പിണ്ഡിതാകൃതിയായി സഞ്ചരിക്കുന്നശക്തിരൂപിണിവിരിഞ്ചജാ * ഇന്ദ്രലോകത്തുതന്നെചിക്കെന്നുചെന്നുനിന്നു ഇന്ദ്രാദിയാമമരവർഗ്ഗത്തോടുരചെയ്താൾ * വാനവശ്രേഷ്ഠന്മാരേ!നിങ്ങളെല്ലാരുംകൂടി ഭാനുനന്ദനൻ തൻെറസ്ഥാനത്തെവരുത്തുവാൻ * ചെന്നുടൻവിരിഞ്ചനെസേവിച്ചുരുഗ്മാംഗദൻ തന്നുടെവ്രതഭംഗംചെയ്യുവാനെന്നെത്തീർത്തു * ഞാനതുനേരെന്നോർത്തുചെന്നുടൻവ്രതഭംഗംമാനിച്ചു വരുത്തുവാനാകുന്നവേലചെയ്താൾഅതയതുഫലിച്ചില്ലാമാമുനിശ്രേഷ്ഠനെൻെറ കായത്തെദ്ദഹിപ്പിച്ചുകണ്ടാലുംമഹാപാപം*സാരമാമേകാദശീധർമ്മത്തെബാധിക്കയാൽ ആരുമേയെന്നെക്കൈക്കൊള്ളാതെയായ്വന്നുകഷ്ടം! * നിങ്ങളെല്ലാരുംകൂടിച്ചതിച്ചുവല്ലോനമ്മെ എങ്ങനെവേണ്ടതെന്നേതുമേയറിഞ്ഞീലാ * വിപ്രശാപത്താലുണ്ടാംവാതരോഗത്താലുണ്ടാം സർപ്പദംശത്താലുണ്ടാംവജ്രപാതത്താലുണ്ടാം* വ്രീളകൊണ്ടുണ്ടാംപശുകുത്തീട്ടുമുണ്ടാംമൃതി സ്പഷ്ടമേജലത്തിൽമുങ്ങീട്ടുമുണ്ടാകുംമൃതി * ഇങ്ങനെമരിച്ചവർപിന്നത്തെജന്മങ്ങളിൽ ഗംഗയിൽസ്നാനംചെയ്താൽശുദ്ധമാമെന്നുകേൾപ്പൂ * ഗംഗയിൽകുളിച്ചുഞാനായതുകൊണ്ടും മമമംഗലംഭവിച്ചീലമാധവദ്രോഹംമൂലം * ദേവനായകന്മാരെനിങ്ങളെത്തന്നെവന്നു സേവിച്ചേനഹം നിങ്ങൾ[illegible]ചെയ്യേണം * [illegible]ച്ചനാംവിരിഞ്ചനുമൊന്നുമേക

ല്പിച്ചീവാ സ്വച്ഛന്ദമദ്ദേഹത്തെച്ചെണ്ടകൊട്ടിച്ചനിങ്ങൾ * ചിത്ര
ഗുപ്തനും ധൎമ്മരാജനും വന്നുമുന്നം തത്രനിന്നു സാഹിച്ചു നമ്മെയും സൃഷ്ടി
ച്ചിച്ചു * ചിത്രഗുപ്താദികൾ നാമെണ്ണമേകാൺമാനില്ല കത്രപോയവരി
പ്പോൾമേവുന്നു സുരന്മാരെ * നാഥൻവന്നു ഭ്രമിക്കുന്നതുംകണ്ടുഞാനം
നേല്ലവട്ടമെന്നു ശങ്കിച്ചുനടേതന്നെ * സോദരിയാകുമെന്നു ചൊല്ലുതിക്ക
യില്ലന്നുഞാൻ സാദരം നിരൂപിച്ചുപോയിതെൻ ദുർബോധത്താൽ * പി
ല്ലായുംകൂടിയൊരുമാൎഗ്ഗത്തെവിചാരിച്ചു നല്ലായഗതി മുക്കണ്ണനാകിയ
രേണമെ * പിന്നതുകേട്ടുസുരശ്രേഷ്ഠന്മാരൊരുമിച്ചു ചെന്നുടൻ വിരിഞ്ച
നോടിക്കഥബോധിപ്പിച്ചു * പിന്നെ ഋഷിരിഞ്ചനാംകൂടവെപുറപ്പെട്ടു മുപ്പ
ത്തുമൂന്നുകോടിദേവവൎഗ്ഗങ്ങളോടും * മാമുനിജലജാതൻവാണരുളുന്നദിക്കി
ൽ കാമിനിയോടുംകൂടിച്ചെന്നിതുമോദത്തോടെ * ഭദ്രത്വരാമുനിശ്രേ
ഷ്ഠനെപ്രണമിച്ചു ഭദ്രാംവണ്ണംപറഞ്ഞിതീയമർത്ത്യന്മാർ * ധൎമ്മിയാം
രുഗ്മാംഗദൻതന്നുടെവ്രതംകൊണ്ടു ധൎമ്മരജൻറപുരംശൂന്യമായ്വരിക
യാൽ * സങ്കടമറിയിച്ചുഞങ്ങളുംകൂടാതന്നും പങ്കജേ തദ ഭേദപ്പെട്ടപരിഭ
വദിനംമൂന്നു * ഇജ്ജഗത്രയം സൃഷ്ടിബ്രഹ്മദേവനാമല്ലോ നിർണ്ണയം
സ്ത്രീയോടെക്കനായിവൾ നിൎമ്മിപ്പിച്ചിതു * മോഹിനിയെന്നുപേരുംകൊടുത്തു
വിട്ടവൻ മോഹനാംഗിയാമിവൾ ഭൂപനെവശത്താക്കി * ഏകമാമേകാ
ദശിധൎമ്മത്തെമുടക്കയാൽ നാകംനരകങ്ങളിലെയ്തുസാദ്ധ്യമായതുമില്ലാ * വൈ
കാതെരുഗ്മാംഗദൻതന്നുടെരാജ്യത്തോടെ വൈകുണ്ഠംപ്രവേശിച്ചുവാഴുന്നു
യഥാസുഖം * നിന്തിരുവടിയുടെകോപമാമഗ്നിതന്നിൽ വെന്തുപോകില്ലേ
യല്ലോമോഹിനിയുടെദേഹം * ഭൂതലേഖേത്തമാളികൾ പിണ്ഡരൂപിണിയാ
വൾ ഭൂതലേപാതാളേമറെറന്തരിക്ഷാദിലോകെ * വിളവേടനന്നിവളെയു
യുംഭേദിച്ചിതു ലളനമില്ലെന്നല്ലതാഢനംകൂടെക്കൂടെ * അതുമെന്തെകൈ
ക്കൊള്ളാഞ്ഞു ഞങ്ങളെവന്നുകണ്ടാൽ തിരുമിക്ലേശമെന്നുമോഹേന ചരി
ക്കുന്നു * നിന്തിരുവടിയുടെകാരുണ്യമുണ്ടെന്നാകിൽ സന്ധിക്കാമെന്നുമോ
ഹംഞങ്ങൾക്കുമുണ്ടുതാനം * കോപത്തെവെടിഞ്ഞിനിയാത്രനന്ദിനിയുടെ
താപത്തെശമിപ്പിച്ചീടേണമേമഹാമുനേ * ഖണ്ഡിതന്മാരെപ്പിന്നെദഹി
പ്പിച്ചീടാംയശഃ പണ്ഡിതന്മാർക്കുഗുണമല്ലിതുമഹാമുനേ! * ബ്രഹ്മരുദ്രാദി
മഹാഭാഗന്മാരിവരെല്ലാം ബ്രാഹ്മണോത്തമ!ഭവാനോടിതുയാചിക്കുന്നു *
അഞ്ജലികൂപ്പീടുന്നുവന്ദ്യന്മാരിവരെല്ലാം ജംഗമങ്ങളെക്കൊണ്ടുകേവലംമ
ഹീതലേ * സർവ്വദാനവന്മാരെക്കൊണ്ടിഹപാതാളവും ഗീഷ്പതിവൃന്ദത്തെ
ക്കൊണ്ടന്തരീക്ഷവുംപൂർണ്ണം * സ്വൎഗ്ഗലോകവുംനല്ലപുണ്യശീലന്മാരുടെ
വർഗ്ഗത്തെക്കൊണ്ടുംഭൂതവൃന്ദാദികളാലുംതൂർണ്ണംമോഹിനിക്കിരിപ്പതിനേകാന്ത
സ്ഥാനമെങ്ങും ശോഭനമായിക്കാണുന്നില്ലല്ലോബുധന്മാരേ! * പിന്നതുകേ
ട്ടുമുദാമോഹിനിയോടുചൊന്നാ രിന്ദ്രനുംവിരിഞ്ചനുംരുദ്രനുംസുരന്മാരും *
മറ്റാരുമില്ലാത്തൊരുദിക്കിൽനിവസിക്കണം മുറ്റുമിങ്ങനെമുനിപുംഗവൻ
തന്റെമതം * മോഹിനിയുരചെയ്താളങ്ങിനെതന്നെകൊള്ളാം ഈവഹിതം
നമുക്കമിന്നങ്ങനെതന്നേദൃഢം * നിങ്ങൾക്കുസുകൃതികളുണ്ടായാൽസുഖം

വന്നവരങ്ങൾക്കവരേണ്ടതുസാധിച്ചവഴിപോലെ * പാപികളില്ലായ്കയാല
ന്തകന്തന്റെമനസ്താപങ്ങൾശമിക്കുന്നില്ലായതിനെന്തുവേണ്ടു* അന്തക
ൻതന്റെകാൎയ്യംസാധിപ്പാനല്ലോതാനംചന്തമോടെന്നെനിൎമ്മിച്ചു
സുരന്മാരേ * ചിത്രഗുപ്തന്റെപത്രവ്യാപാരംതുടങ്ങണം മിത്രപുത്രന്റെലോ
കംപൂൎണ്ണമാകയുംവേണം * പാപികളുണ്ടാകാതെപൂൎണ്ണമാകയുമില്ല പാപ
ങ്ങളൊന്നൊഴിമാമുനികല്പിക്കണം * ഞാൻതന്നെനപാപങ്ങൾക്കൊത്തുവാ
കയുംവേണംതാൻതന്നെവിചാരിച്ചുമാമുനികഥിക്കണം * അങ്ങനെനാരദ
മിക്കമുക്കതന്നീടുകിൽ ഇങ്ങനെനമുക്കിതുസമ്മതംസുരന്മാരേ * ചെല്ലി
നാർസുരന്മാരംമോഹിനീനിന്റെമോഹം നല്ലതില്ലതല്ലകൊള്ളുവാനു
മാൎഗ്ഗം *മുഖ്യമാമേകാദശിധൎമ്മത്തിനുള്ളഫലം സൌഖ്യമല്ലോധരി
ത്രിയിൽഹിതമല്ല * അങ്ങനെനിനക്കാരുമാനവുംചെയ്യുയില്ല ഭോ ത
ൻദുരാഗ്രഹംമോഹിനീമഹാമൂഢേ! * ഉത്തമമുരചെയ്യുമോഹിനിസുന്ദ
രേ! യുക്തമായതുചൊല്ലാനെന്തിനുമടിക്കുന്നു * അതിഃത്ര്യാദയാൽപൂൎവം
പൂൎവപക്ഷത്തിന്റെയും ഭേദമുണ്ടായാലതുനോല്ക്കതന്നെതുമതം * നിന്ദി
തദശമിസംബന്ധമെന്നല്ലോപൂൎവമന്നവൻരുഗ്മാംഗദൻകല്പിച്ചുസുന്ദ
രേ! തദ്ദിനേനോൽക്കുന്നോൎക്കുംഭവിക്കുന്നതഥ്യമേതന്നിട്ടവിൻവദന
ന്മാരെനിങ്ങൾ * എന്നതുകേട്ടസുരന്മാരുമങ്ങനെചെയ്യുന്നതിതുസുലോ
ചനേ!തന്നീടാംനിനക്കതു * മുററുമീദശമിസംബന്ധമുള്ളേകാദശിനോ
റ്റുമുള്ളഫലമെല്ലാംനിങ്കലായ്വമെടോ * സന്തതിവിനാശവുംപാപവുമ
തിൻഫലം സന്തതംദശമിനാൾനോൽക്കുന്നജനങ്ങൾക്കും * തൽഫലം
നിനക്കാകുംകാലന്റെമനോരഥം തൽബലംകൊണ്ടുസാധിച്ചീടുമെന്നറി
ഞ്ഞാലും * ചിത്രഗുപ്തനുംനല്ലനൈപുണ്യമാൎന്നുമേവിൽ പത്രലേഖനത്തി
നുപാത്രമായ്ഭവിച്ചീടും * കാലമന്ദിരത്തിന്റെമാൎഗ്ഗവുംതുറന്നീടും കാല
നാമസംവേണ്ടപോയാലുംവരാനരേ! * ഇങ്ങനെസുരന്മാരുംമാമുനിശ്രേഷ്ഠ
ന്മാരും തങ്ങളിൽവിചാരിച്ചുതൽഫലംനൽകീടിനാർ * സൂൎയ്യനന്ദിച്ചു
സൂൎയ്യോദയത്തിനുമുമ്പേ ജാതമാംദശമിപുഷ്കരത്തിൽനീവാണീടുക * പ്രേത
രാജന്റെകാൎയ്യപൂരണംചെയ്തീടുകപ്രീതരാംതങ്ങൾനിനക്കിതുതന്നുവ
രം* ഈവണ്ണംപ്രദത്തമാംസ്ഥാനത്തെലഭിച്ചവൻ ജീവശക്തിയായുള്ളമോ
ഹിനീദേവിമുദാ * അന്തകപ്രസാദംവരുത്തിദശമിതന്നന്ത്യഭാഗത്തിൽചെ
ന്നമേവിച്ചുവാണീടിനാൾ * കാലനുംതന്റെകാൎയ്യസാധിച്ചുപുനരപ്പോൾ
കാലനുംമുദാകൈലാസേഗമിച്ചിതു * വിസ്മയംരുഗ്മാംഗദക്ഷ്മാപാലൻ
തന്റെഭാഗ്യം വിസ്മയംധൎമ്മാംഗദൻവിസ്മയംസന്ധ്യാവലീ * ഇത്തരംപ്ര
ശംസിച്ചുനാന്മുഖൻതാനുംതന്റെ സത്യലോകത്തെപ്രാപിച്ചാനങ്ങുമാടേ
വാണു * ഇന്ദ്രനുംസുരന്മാരും സിദ്ധചാരണന്മാരും ഇന്ദ്രലോകത്തെപ്രാപി
ച്ചീടിനാരാസ്ഥയോടെ * മാമുനിജലജാതൻവാരിധിയിൽപ്രവേശിച്ചു കാമ
ദംപ്രാണായാമംതുടങ്ങിവിഷ്ണുഭക്തൻ * ഇങ്ങനെയേകാദശിമാഹാത്മ്യംമു
നികളേ!മംഗലംമഹാവ്രതംപുണ്യവൎദ്ധനംശുഭം* ഇക്കഥമാഹാത്മ്യത്തെ
ക്കേൾക്കയുംകഥിക്കയും ദുഃഖനാശനംപരംപാവനംമോക്ഷപ്രദം * സന്ത

തിവാഞ്ഛരിക്കുന്നോൎക്കാനന്ദം ലഭിച്ചീടും സന്താനാൎത്ഥികൾക്കു സന്താനങ്ങളും ലഭിച്ചീടും * വിദ്യയെ മോഹിച്ചവർ വിദ്യയെ പ്രാപിച്ചീടും ഐശ്വൎയ്യകാംക്ഷികൾ കാംക്ഷിച്ചീടുന്നോൎക്കതും വരും * ധൎമ്മാൎത്ഥകാമമോക്ഷങ്ങളാകിന നാലു ഫലം ധൎമ്മത്തെ ലഭിച്ചീടുമിക്കഥ കേൾക്കുന്നോൎക്കും നിത്യം പുണ്യമുടയൊരേകാദശിയുടെ മാഹാത്മ്യത്തെ കൃത്യശേഷമായ്പഠിച്ചീടുന്ന മൎത്ത്യന്മാൎക്കും പിതൃക്കളെല്ലാമെപ്പോഴും വരും ഹരിനാമത്തെ ശ്രീനിവാസന്റെ പദം ചേരും ന്നു കൊള്ളാം *

ഇതി ഏകാദശിമാഹാത്മ്യം സമാപ്തം.

കേരള സാഹിത്യ
അക്കാദമി

പുതിയ പുസ്തകങ്ങൾ.

ശ്രീമഹാഭാഗവതസാരാമൃതം കേരളഭാഷാഗദ്യം. ഒ-ക്ക ണ. 12

ശ്രീമഹാ കമ്പരാമായണം കേരളഭാഷാഗദ്യം. ഒ-ക്ക ക. 1 ണ. 4

പട്ടണത്തുപിള്ളയാരുടെ തിരുപ്പാട്ടുകൾമലയാളവ്യാഖ്യാനസഹിതം ഒ-ക്ക ണ. 12

ശ്രീരാമകൃഷ്ണചരിതാമൃതം ൨-ാംഭാഗം (ഉപദേശകഥകൾ) ണ 8

ടി 3-ാംഭാഗം (തത്വോപദേശങ്ങൾ) പടത്തോടുകൂടിയതു്. ണ. 12

ടി 4-ാംഭാഗം(സംഭാഷണങ്ങൾ) പടത്തോടുകൂടിയതു്. ണ. 8

ടി 5-ാംഭാഗം(സംഭാഷണങ്ങൾ) പടത്തോടുകൂടിയതു്. ണ. 8

ടി 6-ാംഭാഗം(സംഭാഷണങ്ങൾ) പടത്തോടുകൂടിയതു്. ണ. 8

ശ്രീവിവേകാനന്ദസ്വാമികളുടെ ഭക്തിയോഗം (പടത്തോടുകൂടിയതു്) ഒ-ക്ക ണ. 12

ടി) കർമ്മയോഗം(പടത്തോടുകൂടിയ ഒ-ക്ക ണ. 12

പതഞ്ജലീയയോഗസൂത്രത്തോടുകൂടിയ രാജയോഗം ഒ-ക്ക് ക. 1 ണ 8

യോഗശിഖോപനിഷത്തുംഅമൃതബിന്ദൂപനിഷത്തും ഭാഷാർത്ഥസഹിതം ഒ-ക്ക ണ 4

ഉത്തരഗീത ഒ-ക്ക ണ 4

ശ്രീമഹാഭക്തവിജയംഒന്നാംഭാഗം ഒ-ക്ക ക. 1 ണ. 4

ടി രണ്ടാംഭാഗം ക. 1 ണ. 4

നാരായണീയംസാരാർത്ഥബോധിനിപ്പുന്നവ്യാഖ്യാനത്തോടുകൂടിയതു്. ഒ-ക്ക് ക. 1.

മാഘമഹാകാവ്യം സവ്യാഖ്യാനം ആദ്യത്തെ ൨ സർഗ്ഗങ്ങൾ. വ്യാഖ്യാതാ—ബ്രഹ്മശ്രീ സാംബശിവശാസ്ത്രികൾ. വില ക. 1 ണ. 8

ഷഡ്പഞ്ചാശികഗ്രന്ഥാർത്ഥപ്രകാശിക എന്നമലയാളവ്യാഖ്യാനത്തോടുകൂടിയതു്. വില ണ. 6

മല്ലേശ്വരപ്രണീതമായ ഫലദീപിക— ഭാവാർത്ഥചിന്താമണി എന്നമലയാളവ്യാഖ്യാനസഹിതം ഒരു ഒന്നാംതരം ജ്യോതിഷഗ്രന്ഥം ഒ-ക്ക ക. 1 ണ. 8

ജാതകാലങ്കാരം -ടി ണ. 8

ജ്യോതിഷസാരസംഗ്രഹം ണ. 6

ശ്രീവേദവ്യാസപ്രണീതമായ സ്വപ്നശാസ്ത്രം പുസ്തകം ഒ-ക്ക ണ. 4

മർമ്മചികിത്സ ഭാഷ വില ണ. 3

കാലവിധാനം ഭാവാർത്ഥചന്ദ്രിക എന്ന മലയാളവ്യാഖ്യാനത്തോടുകൂടിയതു് വില ക. 1

മനുഷ്യാലയ നിർമ്മാണത്തിൽ സുലളിതവും സുപ്രസിദ്ധവുമായ വാസ്തുവിദ്യ വ്യാഖ്യാനത്തോടുകൂടിയതു്. വില ണ. 8

ശില്പവിദ്യാഭൂഷണം വ്യാഖ്യാനത്തോടുകൂടിയതു്. വില ണ. 2

നളപാചകചിന്താരത്നം. ണ 8

ഇംഗ്ലീഷ് ചികിത്സാരത്നം ണ 12

രാധ—ആഖ്യാനരീതിയിലുള്ള മലയാളത്തിലെ ഒന്നാമത്തെനോവൽ ക. 1 ണ. 4

ഇന്ദുലേഖ (നോവൽ)

ശാരദ (നോവൽ) ക. ചന്തുമേനോൻ— ക. 1 ണ. 10

എന്നു്, എസ്. റ്റി. റെഡ്യാർ, ആൻഡ് സൺസ്.

വി. വി. പ്രസ്സ്—കൊല്ലം തിരുവിതാംകൂർ.